തിരുവാലി ഗ്രാമപഞ്ചായത്ത്



ഒൻപതാം പദ്ധതി

തിരുവാലി ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# തിരുവാലി ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ

(ഭരണസമിതി അംഗീകരിച്ചത്)



1996 നവംബർ 28


മലപ്പുറം ജില്ല
തിരുവാലി

# തിരുവാലി ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



കെ. സുലോചന
(പ്രസിഡണ്ട്)



പി. ശാരദ
(വൈസ് പ്രസിഡണ്ട്)



കെ. സുകുമാരൻ
(സ്റ്റാൻറിംഗ് കമ്മറ്റി)
ചെയർമാൻ)

*മെമ്പർമാർ:*

കെ. അലവിക്കുട്ടി
കെ. മമ്മു
സി. കെ. മുരളീധരൻ
എ. കോമളവല്ലി
കെ മുഹമ്മദലി എന്ന കുഞ്ഞാൻ
സി. കെ. ജയദേവ്
ടി. നാരായണി

## എഡിറ്റർ:

എം. കെ. പ്രഭാകരൻ മാസ്റ്റർ

## എഡിറ്റോറിയൽ സ്റ്റാഫ്

- കെ. സുലോചന
- കെ. സുകുമാരൻ
- പി. എസ്. മുരളീധരൻ
- കെ. പി. ചന്ദ്രംഗദൻ
- പി. വിശ്വനാഥൻ മാസ്റ്റർ
- വി. രാമചന്ദ്രൻ
- ജയാ ശശിധരൻ

## കവർ:

ദയാനന്ദൻ, മലപ്പുറം

അച്ചടി: ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്

➡ 1. ആമുഖം...........................

➡ 2. പഞ്ചായത്ത് പൊതുവിവരണം.........................

➡ 3. സാമൂഹിക– സാംസ്കാരിക ചരിത്രം

➡ സാമൂഹിക – സാമ്പത്തിക മേഖലകൾ.

➡ 4–1 കൃഷിയും ജലസേചനവും......................

➡ 4–2 മൃഗസംരക്ഷണം....................................

➡ 4–3 വ്യവസായം......................................

➡ 4–4 വിദ്യാഭ്യാസം.......................................

➡ 4–5 കുടിവെള്ളവും, പൊതുജനാരോഗ്യവും

➡ 4–6 ഗതാഗതം, ഊർജം, വാർത്താവിനിമയം.

➡ 4–7 പാർപ്പിടവും, സാമൂഹ്യക്ഷേമവും..........

➡ 4–8 സംസ്കാരം, കായികം.........................

➡ 4–9 വനിതാക്ഷേമം..........................

➡ 4–10 സഹകരണം..........................

➡ 4–11 പട്ടികജാതി– പട്ടികവർഗ്ഗക്ഷേമം.......

➡ 4–12 വിഭവസമാഹരണം............................

➡ ഉപസംഹാരം

ത്തുന്നു. കേരളത്തിലെ
നംചെയ്യുന്നതിന് കഴി
ിയേക്കും. 1977
പാട്ട് വൈദ്യുതി
ഇ. അതേ
ദവിൽ

പങ്കിടുന്ന ഈ ധനസഹായ
ടിരൂപ കേരളത്തിനു ലഭിച്ചേക്കും.
ചന. പദ്ധതികൾക്ക് ആയിരം
പ്രത്യേകം നീക്കിവെച്ചിട്ടുണ്ട്. ഈ
ത്തിന് പുതുതായി വിഹിതം ലഭി

# ജനകീയാസൂത്രണം: ജില്ലാ
# പരിശീലനം സപ്തംബ

കോഴിക്കോട്, ആഗസ്ത് 24: ജന
യാസൂത്രണം സംബന്ധിച്ച ജി
പരിശീലന പരിപാടി അഞ്ച്
ളിൽ സപ്തംബർ മൂന്ന്
സപ്തംബർ രണ്ടാംവു
പ്രാദേശിക തലങ്ങ
പൂർത്തിയാക്കണ
പ്ലാനിങ്ങ് ബ
രിച്ചാണ്
കമ്മിറ്റ

# ജനകീയാസൂത്രണം കേന്ദ്രം മാതൃകയാക്കിയേക്കും

...ർ, സി എം ടി അബൂബക്കർ, എൻ കണ്ണൻ, എ മുഹമ്മദ്മാ
സ്റ്റർ, സി മുഹമ്മദ്, എൻ കണ്ണൻ, എ മുഹമ്മദ്കുഞ്ഞി, വി ചന്ദ്രവല്ലി.
...പി ഖദീജ, എം സി മുഹമ്മദ്കുഞ്ഞി, വി ചന്ദ്രവല്ലി.
കോഴിക്കോട്: ടി പി കുഞ്ഞിക്കണ്ണൻ (നാമനിർദ്ദേശം), കോഴിക്കോട്
കോർപ്പറേഷൻ കൗൺസിലർമാരായ തോട്ടത്തിൽ രവീന്ദ്രൻ, പി സൗദാമി
നി, വടകര മുനിസിപ്പൽ കൗൺസിലർ കെ ശങ്കരക്കുറുപ്പ്, ജില്ലാപഞ്ചായ
ത്ത് അംഗങ്ങളായ എം ദാസൻ, കടമേരി ബാലകൃഷ്ണൻ, പി ആർ പത്മനാ
ഭൻ അടിയോടി, വി ആർ വിജയരാഘവൻമാസ്റ്റർ, വി കെ പ്രസന്ന, മാധവി
അമ്മ നാരായണൻനായർ, ഇ രാജൻമാസ്റ്റർ, എം സി മായിൻഹാജി, വി
കെ സി മുഹമ്മദ്കോയ.




# മുഖ്യമന്ത്രി ജനങ്ങളോടൊപ്പം ...

യും മുഖ്യ
സമ്മേനാൻ
ധർ എന്നിവരും
പഞ്ചവൽസരപദ്ധതിയും
നതിൽ കേന്ദ്രത്തിനും
വൻസംഭാവനയായിരിക്കും
സിപി നായർ, സംസ്ഥാന
ൻ ഡോ. ഐ എസ് ഗു
രിധരൻ നമ്പൂതിരിപ്പാട്
ദാചാരി, ആസൂ
സൂത്രണ ബോ



# ആമുഖം

ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചിട്ട് അരനൂറ്റാണ്ടായി. നാം ഇതുവരെ 8 പഞ്ചവത്സര പദ്ധതികളും 3 വാർഷിക പദ്ധതികളും പിന്നിട്ടു. എന്നാൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിൽ "ജനാധിപത്യം" ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു. അധികാരം ജനങ്ങളിലേക്ക് എന്ന ആശയം ഏട്ടിലെ പശുവായി നിലനിന്നതിനാൽ അധികാരം ഭരണാധികാരികളുടെ കൈപിടിയിൽ തന്നെ ഒതുങ്ങിനിന്നു. ആസൂത്രണം ഭരണതലത്തിൽനിന്നും ജനങ്ങളുടെ കൈകളിലേക്ക് ഒരു ഔദാര്യം എന്നവണ്ണം വെച്ചുനീട്ടുകയായിരുന്നു. അതായത് രാജ്യത്തെ എല്ലാ കാര്യങ്ങളെക്കുറിച്ചും തീരുമാനങ്ങൾ എടുത്തിരുന്നതും നടപ്പാക്കിയിരുന്നതും ഭരണത്തിൻെറ തലപ്പത്തിരുന്നവർ തന്നെ. ജനാധിപത്യത്തിൻെറ മുഖ്യകണ്ണിയായ ജനങ്ങൾക്ക് അതിൽ യാതൊരു പങ്കും ഇല്ലായിരുന്നു. 8 പഞ്ചവത്സരപദ്ധതികളിൽ കുറേ നേട്ടങ്ങൾ ഉണ്ടായിരുന്നിട്ടും പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും വന്ന വൈകല്യങ്ങൾ പദ്ധതിലക്ഷ്യം പൂർണ്ണമായും നിറവേറ്റാൻ കഴിയാതെപോയി. വികസനവും ജനകീയ പുനഃസംവിധാനവും കുറ്റിയിൽകെട്ടിയിട്ട പശുവിനെപ്പോലെ നിന്നേടത്തു തന്നെ നിന്ന് വട്ടംകറങ്ങി.

ഇനിയെങ്കിലും ഇതിനൊരു മാറ്റം അനിവാര്യമാണെന്ന് കണ്ടുകൊണ്ടാണ് കേരളസർക്കാർ 9-ാം പഞ്ചവത്സര പദ്ധതി, ജനകീയ പദ്ധതിയായി പ്രഖ്യാപിരിച്ചിരിക്കുന്നത്. ജനകീയ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ബഹുജനപങ്കാളിത്തത്തോടെ ശരിയായ ആസൂത്രണംവഴി പദ്ധതി നടപ്പിലാക്കുക എന്ന ലക്ഷ്യമാണ് ഇതിനുള്ളത്. നാടിൻെറ വികസനത്തിന് സാധാരണക്കാരൻെറ ആവശ്യങ്ങൾ മനസ്സിലാക്കി ജനകീയ പുനഃസംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് സർകാർ. നിലവിലുള്ള ആസൂത്രണ പ്രക്രിയയിൽ നിന്നും വിഭിന്നമായി പദ്ധതികളുടെയും വികസന പ്രവർത്തനങ്ങളുടെയും കാര്യത്തിൽ അവ നടപ്പാക്കുന്നതിൽ ആരോഗ്യകരമായ പങ്കുവഹിക്കാനും സാധാരണക്കാരനെ പങ്കാളിയാക്കിക്കൊണ്ടുള്ള ഒന്നാണിത്. അതുകൊണ്ട് തന്നെയാണ് ഇതിനെ "ജനകീയാസൂത്രണ പദ്ധതി" എന്ന് നാമകരണം ചെയ്തിരിക്കുന്നത്. അതെ, 9-ാം പഞ്ചവത്സരപദ്ധതി ജനകീയപദ്ധതിയായി കേരളസർകാർ പ്രഖ്യാപിച്ചിരിക്കുന്നു.

ആസൂത്രണത്തിലും നാടിന്റെ വികസന പ്രവർത്തനങ്ങളിലും ജാതി മതഭേദമന്യെ ജനങ്ങളുടെ തുല്യപങ്കാളിത്തം ഉറപ്പുവരുത്താൻ ഈ പ്രസ്ഥാനത്തിന് കഴിയുമെന്നതിൽ സംശയമില്ല. എന്തുകൊണ്ടും ഇത് കേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരിക്കും. അധികാരത്തോടൊപ്പം ...തിയാവശ്യത്തിനുള്ള സമ്പത്തും ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ എല്ലാവിഭാഗം ആളുകളുടെയും ത...ര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്നതിൽ ശങ്കിക്കേണ്ടതില്ല. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളും ജനങ്ങളും ഇ...അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധികൾക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് ഉറപ്പാണ്.

ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാനുള്ള പ്രാഥമിക പ്രവർത്തനത്തിലാണ് ഇപ്പോൾ. തിരുവാലി ഗ്രാമപഞ്ചായത്തിലും ജനകീയാസൂത്രണ പ്രവർത്തനങ്ങൾ തകൃതിയിൽ നടന്നുകൊണ്ടുരിക്കുന്നു. 19.9.96 ന് പഞ്ചായത്ത്തലത്തിൽ ചേർന്ന യോഗമാണ് ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്ക് തിരുവാലി പഞ്ചായത്തിൽ നാന്ദികുറിച്ചത്. ഇതിനെ തുടർന്ന് 21.9.1996 ന് എൽ ആർ പി മാർക്ക് പഞ്ചായത്ത്തല പരിശീലനം നൽകി. തുടർന്ന് മുഴുവൻ വാർഡുകളിലും ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിന് വേണ്ടി സംഘാടകസമിതി രൂപീകരണയോഗങ്ങൾ നടന്നു. ഗ്രാമസഭകളിൽ ജനങ്ങളെ പങ്കെടുപ്പിക്കുന്നതിന് മുഴുവൻ വീടുകളിലും കയറിയിറങ്ങി ബോധവല്ക്കരണ സ്ക്വാഡ് പ്രവർത്തനങ്ങൾ നടന്നു.
28.9.1996 ന് 5,10 വാർഡുകളിലെ ഗ്രാമസഭകൾ ചേർന്നതോടുകൂടി പഞ്ചായത്തിലെ ഗ്രാമസഭകൾക്ക് തുടക്കം കുറിച്ചു. 29.9.96 ന് 1, 2, 3 വാർഡുകളിലും 2.10.96 ന് 4, 6, 7, 8, 9 എന്നീ വാർഡുകളിലും ഗ്രാമസഭകൾ ചേർന്നു. ശരാശരി 250 പേർ ഓരോ ഗ്രാമസഭയിലും പങ്കെടുത്തിട്ടുണ്ട്. സ്ത്രീകളുടെ പങ്കാളിത്തം 35 ശതമാനത്തോളം വരും.

ഗ്രാമസഭയോടുകൂടി ജനകീയ ആസൂത്രണ പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് ചൂടും ശുഷ്കാന്തിയും കൈവന്നു. ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണവും ദ്വിതീയ സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണവും വളരെ ചിട്ടയോടുകൂടി നടന്നു. വാർഡ്തല സമിതിയുടെ കീഴിൽ സ്ക്വാഡുകൾ രൂപീകരിക്കുകയും വീട്വീടാന്തരം കയറിയിറങ്ങി പ്രാഥമിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും ചെയ്തു..

പഞ്ചായത്ത്തലത്തിൽ എൽ ആർ പി മാർക്കുള്ള 2-ാം ഘട്ട പരിശീലനം 2.11.96 ന് നടന്നു. ഈ കേമ്പിൽവെച്ച് ഭാവി പ്രവർത്തനങ്ങൾ തീരുമാനിച്ചു. 4.11.96, 5.11.96 എന്നീ ദിവസങ്ങളിൽ പഠന പര്യടനം നടത്തി. പഞ്ചായത്ത് പ്രസിഡണ്ട് ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ഡി ആർ പിമാർ, എൽ ആർ പിമാർ, മറ്റ് പ്രവർത്തകർ എന്നിവരുൾപ്പെട്ട രണ്ട് സംഘങ്ങളാണ് ഈ പ്രവർത്തനം നടത്തിയത്. നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതി, ജലാശയങ്ങൾ, നീരൊഴുക്ക്, കൃഷിരീതി, ഭൂവിനിയോഗം, മണ്ണിന്റെ തരം, വിളകൾ തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞ ഈ പരിപാടി അത്യന്തം ആവേശകരമായിരുന്നു. ഒരു സംഘം പഞ്ചായത്തിന്റെ കിഴക്കേ അറ്റത്തുള്ള ആനാംപാറ കോളനി മുതൽ പടിഞ്ഞാറെ അറ്റത്തുള്ള ചക്കരക്കാട്ട്കുന്നുവരെയും രണ്ടാമത്തെ സംഘം തെക്കുഭാഗത്ത് പാലക്കോട്ട് നിന്നും വടക്ക് ചമ്മരംവരെയുമാണ് പര്യടനം നടത്തിയത്. ഈ പര്യടനത്തോടൊപ്പം നമ്മുടെ പഞ്ചായത്തിന്റെ സാമൂഹിക രാഷ്ട്രീയ ചരിത്രം മനസ്സിലാക്കുന്നതിനുവേണ്ടി കാരണവന്മാരിൽ നിന്ന് വാമൊഴി വാങ്ങി ശേഖരണവും നടത്തി.

ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള വികസന പ്രവർത്തനങ്ങളുടെ തുടക്കം എന്ന നിലയിൽ നവംബർ 1 ന് പുനരർപ്പണദിനം എല്ലാ വാർഡുകളിലും ആചരിച്ചു.

മേൽസൂചിപ്പിച്ച പ്രവർത്തനങ്ങളിൽ നിന്നും ആത്മവിശ്വാസവും ആവേശവും ഉൾക്കൊണ്ടുകൊണ്ട് വികസനരേഖയുടെ കരട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 6.11.96 ന് ആരംഭിച്ചു. 'ഒന്നും ശരിയാവില്ല' എന്ന നിരാശാബോധം കൈവിട്ട് എല്ലാ പ്രതിസന്ധികളെയും അതിജീവിക്കാം എന്ന പ്രത്യാശയിൽ നിന്നും കിട്ടിയ കരുത്ത് ശരാശരി 24 പേർ 12 ദിവസത്തോളം കഠിന പ്രയത്നം ചെയ്തക്ക്പഞ്ചായത്ത് വികസനരേഖ തയ്യാറാക്കാൻ പ്രചോദനമായത്.

പഴയകാല പ്രവർത്തകരുടെ പ്രവർത്തനങ്ങളിൽ നിന്നും ലഭിച്ച അറിവും അവരിൽനിന്നുള്ള പ്രചോദനവും ഈ രേഖ തയ്യാറാക്കുന്നതിന് ഞങ്ങളെ വളരെയധികം സഹായിച്ചിട്ടുണ്ട്. ഭാവിയിലും ഇവരുടെ അറിവും ജനകീയശക്തിയും പുത്തൻ തലമുറയുടെ സന്നദ്ധമനോഭാവവും സഹകരണവും പൂർണ്ണമായ അർത്ഥത്തിൽ സമന്വയിപ്പിച്ചുകൊണ്ട് ജനകീയ ആസൂത്രണ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ ആഴത്തിലും അർത്ഥത്തിലും വിജയിപ്പിക്കാൻ കഴിയുമെന്ന ഉത്തമവിശ്വാസത്തോടെ ഈ വികസനരേഖ ചർച്ചക്കായി സമർപ്പിക്കുന്നു.

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | – | തിരുവാലി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | – | തിരുവാലി |
| ബ്ലോക്ക് പഞ്ചായത്ത് | – | വണ്ടൂർ |
| താലൂക്ക് | – | നിലമ്പൂർ |
| അസംബ്ലി മണ്ഡലം | – | വണ്ടൂർ |
| വിസ്തീർണ്ണം | – | 33.83 ച. കി. മീ. |
| അതിരുകൾ | – | വടക്ക്: മമ്പാട്, എടവണ്ണ പഞ്ചായത്തുകൾ<br>കിഴക്ക്: വണ്ടൂർ പഞ്ചായത്ത്<br>തെക്ക്: പോരൂർ, തൃക്കലങ്ങോട് പഞ്ചായത്തുകൾ<br>പടിഞ്ഞാറ്: എടവണ്ണ, തൃക്കലങ്ങോട് പഞ്ചായത്തുകൾ |
| ജനസംഖ്യ | – | 19,937 (സെൻസസ് 1991) |
| പുരുഷൻ | – | 9,580 |
| സ്ത്രീ | – | 10,357 |
| ജനസാന്ദ്രത | – | 589 |
| അക്ഷരാഭ്യാസമുള്ളവർ | – | 14,496 |
| വാർഡുകൾ | – | 10 |
| പ്രസിഡണ്ട് | – | കെ. സുലോചന |
| വൈസ് പ്രസിഡണ്ട് | – | പി. ശാരദ |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | – | കെ. സുകുമാരൻ |



# സാമൂഹിക സാംസ്കാരിക ചരിത്രം

ഭൂമിശാസ്ത്രപരമായി പരിശോധിക്കുമ്പോൾ തിരുവാലി ഗ്രാമപഞ്ചായത്ത്, അതിന്റെ മദ്ധ്യഭാഗത്തു കൂടി ഒഴുകുന്ന നാല് കി.മീറ്ററിലധികം നീളവും ശരാശരി പന്ത്രണ്ട്മീറ്റർ വീതിയുമുള്ള 'ചെളിത്തോടി'നാൽ വേർതിരിക്കപ്പെട്ടുകിടക്കുന്നു. പഞ്ചായത്തിലെ ഏക ജലസ്രോതസ്സും ഈ തോടുതന്നെ മേഖലകളാക്കി തിരിക്കുമ്പോൾ തോടിന്റെ കിഴക്കൻ മേഖലയെന്നും പടിഞ്ഞാറൻ മേഖലയെന്നും വിവക്ഷിക്കാം. 'നടുവത്ത്', 'പുന്നപ്പാല' പ്രദേശങ്ങൾ കിഴക്കൻ മേഖലലയിലും, തിരുവാലി, കുളക്കാട്ടിരി, പത്തിരിയാൽ പ്രദേശങ്ങൾ പടിഞ്ഞാറൻ മേഖലയിലും കിടക്കുന്നു. എടവണ്ണ, മമ്പാട്, വണ്ടൂർ, പോരൂർ, തൃക്കലങ്ങോട് എന്നീ പഞ്ചായത്തുകൾ തിരുവാലി പഞ്ചായത്തിന്റെ അതിരുകൾ പങ്കിടുന്നു.

1963-വരെ 'പുന്നപ്പാല' 'തിരുവാലി' എന്നീ രണ്ട് അംശങ്ങളായിരുന്ന ഭൂവിഭാഗങ്ങൾ വില്ലേജ് പുന:സംഘടനയിൽ തിരുവാലി വില്ലേജായി രൂപംപ്രാപിച്ചു. ഈ പഞ്ചായത്തിലെ സ്ഥലനാമങ്ങളുമായി ബന്ധപ്പെടുത്തി ചില നാട്ടറിവുകൾ പഴയ കാരണവന്മാരിൽ നിന്നും ലഭിച്ചത് ഈ റിപ്പോർട്ടിൽ ഉൾപെടുത്തുന്നത് അപ്രസക്തമാകുകയില്ലെന്ന് കരുതുന്നു. കിഴക്കൻ മേഖലയിലെ വൻകിട ജന്മിയും ഭൂവുടമയുമായിരുന്ന 'നടുവത്തുമന' യുടെ പേരുമായി ബന്ധപ്പെട്ടാണ് പുന്നപ്പാല അംശത്തിന്റെ ആസ്ഥാനമായിരുന്ന 'ചടങ്ങാംകുളം' നടുവത്തായി മാറിയത്.

'പുന്നപ്പാല' സ്ഥലനാമത്തെപ്പറ്റി ഇന്നിവിടെ സ്ഥിതിചെയ്യുന്ന ശിവക്ഷേത്രവുമായി ബന്ധപ്പെടുത്തി ഒരു കഥ ജനങ്ങളുടെ ഇടയിൽ ഉണ്ട് ഒരു കാലത്ത് കേവലം വനമായിരുന്ന ഈ ഭാഗത്ത് ഒരു ഹരിജൻ സ്ത്രീ തന്റെ അരിവാൾ ഒരു കല്ലിൽ മൂർച്ചകൂട്ടിയ സമയം ചില അത്ഭുതങ്ങൾ സംഭവിച്ചു എന്നും ഈ സ്ത്രീ ഇക്കാര്യം ജന്മികുടുംബത്തെ അറിയിക്കുകയും പരിശോധനയിൽ അത് കേവലം ഒരു കല്ല് അല്ല എന്നും ശിവലിംഗമായിരുന്നു എന്നും ഈ ശിവലിംഗം 'പുന്ന'-'പാല' എന്നീ രണ്ടു വൃക്ഷങ്ങൾക്കിടയിലായിരുന്നതിനാൽ ക്രമേണ അവിടെ രൂപം കൊണ്ട് ക്ഷേത്രത്തിന് 'പുന്നപ്പാല' ശിവക്ഷേത്രം എന്ന പേരുണ്ടായി എന്നുമാണ് കഥ.

പടിഞ്ഞാറൽ മേഖലയിലെ തിരുവാലി പ്രദേശത്തെപ്പറ്റിയും, ഇന്നിവിടെയുള്ള ശിവക്ഷേത്രവുമായി ബന്ധപ്പെടുത്തി ഒരു കഥയുണ്ട്. വാനര രാജാവായ ബാലിയാണ് ഈ ക്ഷേത്രത്തിലെ ശിവലിംഗം പ്രതിഷ്ഠിച്ചതെന്നും അങ്ങനെ ബാലിയോടുള്ള ആദരസൂചകമായി 'തിരു-ബാലി' എന്ന പേരുണ്ടാവുകയും ക്രമേണ അത് 'തിരുവാലി' ആയെന്നും ആണ് കഥ.

ഇന്നത്തെ പത്തിരിയാലിൽ പാതവക്കത്ത് ഉണ്ടായിരുന്ന വലിയ ആൽമരത്തണലിൽ ഇരുന്ന് ഒരു മുസ്ലിം സ്ത്രീ പത്തിരി ഉണ്ടാക്കി വഴിയാത്രക്കാർക്ക് വിറ്റു ഉപജീവനം കഴിച്ചിരുന്നു എന്നും അങ്ങനെ ഈ പ്രമദശത്തിന് 'പത്തിരിയാൽ' എന്ന പേരുണ്ടായി എന്നും പറയപ്പെടുന്നു.

ദേശീയ സ്വാതന്ത്ര്യ സമരത്തിൽ എളിയപങ്കെങ്കിലും വഹിക്കുവാൻ ഈ ഗ്രാമത്തിന് സാധിച്ചിട്ടുണ്ട്. എന്നുള്ളത് അഭിമാനാർഹമാണ്. 1930-32 കാലഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ കോഴിക്കോട് കടപ്പുറത്ത് നടന്ന ഉപ്പു സത്യാഗ്രഹത്തിലും നിയമലംഘന പ്രസ്താനത്തിലും പങ്കെടുത്ത കറുത്തേടത്ത് രാമപണിക്കർ ഈ ഗ്രാമത്തിലായിരുന്നു.

സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൻെറ ഭാഗമായി ഇദ്ദേഹം 'കല്ലച്ചിൽ' അടിച്ച പത്രം കാളികാവുമുതൽ കരിക്കാട്ടുവരെ ആരുമറിയാതെ രാത്രിയിൽ ഒട്ടിച്ച് പ്രസിദ്ധപ്പെടുത്തി തൻെറ രാജ്യസ്നേഹം പ്രകടിപ്പിച്ചു. തുടർന്ന് ഈ ഒളിപ്രവർത്തനം ബ്രിട്ടീഷ് പൊലീസിനാൽ പിടിക്കപ്പെടുകയും, മർദ്ദനമേറ്റ് ജീവച്ഛവമായി ഏറെക്കാലം നരകയാതന അനുഭവിച്ച് ഈ സ്വാതന്ത്ര്യസമരസേനാനി അന്ത്യശ്വാസം വലിക്കുകയാണുണ്ടായത്.

ഖിലാഫത്ത് സമരകാലത്ത് നമ്പൂതിരിമനകളെ രക്ഷിക്കുവാൻ കാവൽക്കാരായി പ്രവർത്തിച്ചത് 'വടക്കെത്തൊടി' ചേക്കമ്മദും കൂട്ടരുമായിരുന്നു. ഈ മതസൗഹാർദ്ദം തിരുവാലിയുടെ മതസൗഹാർദത്തിൻെറ അടിത്തറയാണ്. ഇന്നത്തെ കോഴിപ്പറമ്പിൻെറ തെക്കുഭാഗത്തുള്ള 'പടുപ്പൻകുന്ന്' 'പൂരാണിക്കാട്' ഭാഗങ്ങളിൽ ഇംഗ്ലീഷ്പട്ടാളം ഗറില്ലാപരിശീലനത്തിന് എത്തിയിരുന്നു. ദിവസം മുഴുവൻ അണമുറിയാതെ പട്ടാളവണ്ടികൾ ഓടിയിരുന്നുവത്രെ! ഗറില്ലാ പരിശീലനത്തിനെത്തിയ പട്ടാളക്കാർ കുട്ടികൾക്ക് ടിന്നിലടച്ച മത്സ്യം എറിഞ്ഞു കൊടുത്തിരുന്നു എന്ന് പറയപ്പെടുന്നു. സ്ത്രീകൾ പുറത്തിറങ്ങാൻ ഭയപ്പെട്ടിരുന്നത്രെ പട്ടാളക്കാരുടെ കണ്ണിൽപെട്ടാൽ അപകടകരമായിരുന്നു എന്നതുകാണ്ട് അവരെ എതിർക്കാൻ ഇതൊരു കാരണമായിമാറി. 'തിരുവാലി' 'കുളക്കാട്ടിരി' ഭാഗങ്ങളിലും ഇത്തരം കേമ്പുകൾ നടന്നിട്ടുണ്ട്.

ആനുകാലിക രാഷ്ട്രീയ പ്രശ്നങ്ങൾ രണ്ടാം ലോമഹായുദ്ധകാലത്ത് കലാരൂപങ്ങളിലൂടെ സാമാന്യജനങ്ങളിലേക്ക് ഇറക്കികൊണ്ടുവന്ന അന്നത്തെ സാംസ്കാരിക പ്രവർത്തനം മാതൃകാപരമായിരുന്നു. മഹായുദ്ധത്തിൽ ജപ്പാൻെറ മുന്നേറ്റത്തിനെതിരെ ഒരു കൈകൊട്ടിക്കളിപ്പാട്ടിൻെറ വരികൾ നോക്കൂ...

"തുണിതരും ജപ്പാൻ വന്നാൽ
ജപ്പാനല്ലൂ നാട്ടാരേ
ആ തുണി ജപ്പാൻകാരേ
ചുടുവാൻ പട്ടടയായികരുതിക്കോ.
എണ്ണതരും ജപ്പാൻ വന്നാൽ
ജപ്പാനല്ലൂ നാട്ടാരേ
പൊണ്ണാ നിൻെറ തല സൂക്ഷിച്ചേ
ജപ്പാനെപ്പറ്റിപ്പറയാവൂ
അരിതരും ജപ്പാൻ വന്നാൽ
ജപ്പാൻ നൽകും നാട്ടാരെ

യുദ്ധകാലത്ത് പുരുഷന്മാരെല്ലാം നിർബന്ധ പട്ടാളസേവനത്തിന് പോയതും, ഭക്ഷ്യക്ഷാമത്തെ വിഷയമാക്കകൊണ്ടും

"ഓണമാണമല്ലാ വരുന്നതയ്യോ
നാണം മറക്കുവാനെന്തുചെയ്യും?
ഓണപ്പുടവ തരാറുള്ളോരേട്ടനും
ആണാകമൂലം പടക്കുപോയി....
ആണാകമൂലം പടക്കുപോയി..." തുടങ്ങിയ വരികൾ

ആ കാലഘട്ടത്തിലെ ആനുകാലിക രാഷ്ട്രീയ വിഷയങ്ങളിൽ ആളുകൾക്കുണ്ടായിരുന്ന താൽപര്യത്തിനുദാഹരണങ്ങളാണ്.

സാമദുായായിക പരിഷ്കരണത്തിൻെറപേരിൽ നമ്പൂതിരി സമുദായങ്ങൾക്കിടയിൽ പുന്നപ്പാലാ പ്രദേശത്ത് രൂപംകൊണ്ട വിപ്ലവമാണ് പഞ്ചായത്തിലെ ഇതരഭാഗങ്ങളിലെ പുരോഗമന ആശയങ്ങൾക്ക് വിത്തുപാകിയതെന്ന് പറയാം. നമ്പൂതിരി സമുദായങ്ങളിൽപ്പെട്ട ചിലരിൽ ദേശീയ സാമൂഹ്യ സമരങ്ങളുടെ ഫലമായി പുരോഗമന ആശയങ്ങൾ രൂപപ്പെടുവാൻ തുടങ്ങി. സമുദായത്തിൽ അന്നു നിലവിലിരുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ മറ്റു പല ദിക്കിലും നടന്നുവന്നിരുന്ന യോഗങ്ങളിലും പ്രകടനങ്ങളിലും പങ്കുകൊള്ളുകയും അത്തരം പ്രവർത്തനങ്ങൾ ഈ ഭാഗത്തും നടത്തുകയും ചെയ്തു. ഉദാഹരണം നമ്പൂതിരി സമുദായത്തിൽ അന്നു നിലവിലിരുന്ന വിവാഹ സമ്പ്രദായത്തെ വെല്ലുവിളിച്ചുകൊണ്ട് "അരിപ്പുറത്തുമനക്കൽ" പരേതനായ ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാടിൻെറയും ദാമോദരൻ നമ്പൂതിരിപ്പാടിൻെറയും വിവാഹങ്ങൾ അന്നത്തെ ആചാരമനുസരിച്ച് 'ജേഷ്ഠൻ 'ജാതി വിവാഹം' കഴിക്കാതെ അനുജൻ വിവാഹം കഴിക്കുന്നത് ആചാര വിരുദ്ധമായിരുന്നു. ഈ അനാചാരത്തിനെതിരായി മേൽനമ്പൂതിരിപ്പാടന്മാർ സ്വജാതിയിൽ നിന്ന് വിവാഹം കഴിക്കുകയും ഈ സംഭവം ഈ ഭാഗത്ത് കോളിളക്കം സൃഷ്ടിക്കുകയും ചെയ്തിരുന്നു. ഈ ആശയത്തെ എതിർത്ത യാഥാസ്ഥിതിക വിഭാഗം ഇതിൽ പ്രതിഷേധിച്ച് 'കൊടശ്ശീരി' ഭാഗത്തേക്ക് മാറിത്താമസിച്ചതായും പറയപ്പെടുന്നു. ഇതിനോടനുബന്ധിച്ചാണ് 'അരിപ്പുറത്തു'മനക്കൽ വെച്ച് വി ടി ഭട്ടതിരിപ്പാടിൻെറ 'അടുക്കളയിൽനിന്നും അരങ്ങത്തേക്ക്' എന്ന പ്രഹസനം (നാടകം) അരങ്ങേറിയത്. ഈ സംഗതി ഒരു സമുദായത്തെ സംബന്ധിക്കുന്ന സംഭവമാണെങ്കിലും പുന്നപ്പാലഭാഗത്തും തുടർന്ന് പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലേക്കും വ്യാപിച്ച പുരോഗമന ആശയങ്ങൾക്ക് നാന്ദി കുറിച്ചു. തുടർന്ന് പുന്നപ്പാല കലാസമിതിക്കു വേണ്ടി കേശവ്ജി എഴുതിയഭിനയിച്ച "അതാണ് മാതൃക" എന്ന നാടകത്തിന് കരിക്കാടുവെച്ച്അവതരണത്തിൽ രണ്ടാം സ്ഥാന

വും ഏറ്റവും നല്ല നടനുള്ള സമ്മാനവും ലഭിക്കുകയുണ്ടായി. ഈ നാടകത്തിന്റെ പ്രമേയവും സാമൂഹ്യപരിഷ്കരണത്തിൽ ഊന്നികൊണ്ടുള്ളതായിരുന്നു.

ഓങ്ങല്ലൂരിൽ വെച്ചു നടന്ന യോഗക്ഷേമ സഭയുടെ വാർഷിക യോഗത്തിൽ ഇ എം എസ്സിന്റെ "നമ്പൂതിരിയെ മനുഷ്യനാക്കുക" എന്ന അധ്യക്ഷപ്രസംഗം അവിടുത്തെ ഉൽപ്പതിഷ്ണക്കളായ നമ്പൂതിരിമാരെ ആവേശം കൊള്ളിച്ചിട്ടുണ്ട്. സമുദായ പരിഷ്കരണങ്ങളോടു കൂടിതന്നെ രാഷ്ട്രീയമായി ചിന്തിക്കുവാനും തുടങ്ങി. അത്തരം ചിന്തകളെ ശരിയായ രീതിയിൽ വളർത്തുവാനും രാഷ്ട്രീയമായും സാമൂഹികമായുമുള്ള പ്രവർത്തനങ്ങളെ കൂട്ടിയിണക്കി പ്രവർത്തിപഥത്തിൽ കൊണ്ടു വരാനും പല രാഷ്ട്രീയ പ്രവർത്തകരുമായുള്ള ബന്ധം വളരെ സഹായകരമായിരുന്നു. ഇക്കൂട്ടത്തിൽ പെടുന്നവരാണ് സർവശ്രീ ടി കുഞ്ഞുണ്ണി, പി എൻ നമ്പൂതിരിപ്പാട്, കെ പി കെ നമ്പൂതിരി (കേശവജി) കെ പി ദാമോദരൻ നമ്പൂതിരി, കുഞ്ഞൻ എന്നിവർ. കോൺഗ്രസ് പ്രവർത്തനത്തിൽകൂടി കമ്യൂണിസ്റ്റ് പ്രവർത്തകനായിമാറിയ ശ്രീ പി എം കൃഷ്ണമേനോൻ, ഇവരിൽ ഉൾപ്പെടുന്നു. ഡോ. ഉസ്മാൻ, കെ വി ഇസ്ഹാക്ക്, എന്നിവർ ഈ പഞ്ചായത്തിൽ ഉൾപ്പെട്ടവരല്ലെങ്കിലും ഈ പഞ്ചായത്തിനെ പുരോഗമന രാഷ്ട്രീയത്തിലേക്ക് നയിക്കുന്നതിന് ഗണ്യമായ പങ്കു വഹിച്ചവരാണ്.

പാതിരിശ്ശേരി മന കേന്ദ്രമാക്കി പി എൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആരംഭിച്ച വായനശാല, കലാസമിതി തുടങ്ങിയ സാംസ്കാരിക പ്രവർത്തനങ്ങൾ, രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായത് ചരിത്രത്തിന്റെ വഴിത്തിരിവ് ആയിരുന്നു.

പാവപ്പെട്ട പാട്ടകുടിയാന്മാരുടെ നരകയാതനക്കറുതിവരുത്താനായി കർഷകപ്രസ്ഥാനത്തിന്റെ സജീവസാന്നിധ്യവും, കുഞ്ഞാലി, കുഞ്ഞുണ്ണി, അനന്തൻ, ഇ എൻ, കെ പി, കേശവ്ജി, കുട്ടൻനായർ, വടക്കേതിൽ രാമൻ ചെട്ടിയാർ, പരിപാടി കൃഷ്ണൻ, പുറ്റേങ്ങോട്ടിൽ കൃഷ്ണൻ നായർ, കുഴിക്കാടൻരായിൻ തുടങ്ങിയ നേതാക്കളുടെ ഒഴിവിലും തെളിവിലുമുള്ള നീണ്ടകാലത്തെ പ്രവർത്തനം തിരുവാലിയെ പുരോഗമന ചിന്താഗതിയിലേക്ക് തിരിച്ചുവിട്ടു. കൂടാതെ ഈ പ്രദേശത്തുകാരല്ലാത്ത പല രാഷ്ട്രീയ നേതാക്കളും പിന്നീട് കേരളരാഷ്ട്രീയത്തിൽ ഉയർന്നുവന്നവരുമായ ശങ്കരവാര്യർ കോട്ടക്കൽ, കെ എ കേരളീയൻ, തമ്പാൻ (ശാമുണ്ണികുട്ടിനായർ, മഞ്ചേരി) മലബാർ ഡിസ്ട്രിക് ബോർഡ് വൈസ് പ്രസിഡണ്ടായിരുന്ന മൂസ്സാൻകുട്ടിമാസ്റ്റർ, ടി സി നാരായണൻ നമ്പ്യാർ എന്നിവർ ഒളിവിൽ താമസിച്ച് ഈ പഞ്ചായത്തിനെ പുരോഗമന രാഷ്ട്രീയടത്തിലേക്ക് തിരിച്ചു വിടുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്.

ക്ഷേത്രപ്രവേശനത്തിനും ഹരിജനങ്ങളുടെ അവകാശത്തിനും വേണ്ടി നടത്തിയ പോരാട്ടങ്ങൾ കുടിയൊഴിപ്പിക്കലിനും പാട്ടബാക്കിക്കും എതിരായ സമരത്തിന്റെ മുന്നേറ്റങ്ങൾ ഇവയിലെല്ലാമുള്ള വനിതാപങ്കാളിത്തം സമീപ പ്രദേശങ്ങൾ അത്ഭുതത്തോടെ നോക്കികണ്ടിരുന്നു. സപ്തതി കഴിഞ്ഞ പടവെട്ടി കല്യാണിയമ്മ, മാമ്പയിൽ കല്യാണി അമ്മ, വി ടി ഉമാദേവി അന്തർജനം. എന്നിവർ സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിച്ചിരുന്ന വനിതകളാണ്.. കൂടാതെ ഇന്ത്യൻ നാഷണൽ കോൺഗ്രസിനുവേണ്ടി ജാഥ നയിച്ചവരിൽ പ്രധാനിയാണ് 65 പിന്നിട്ട പാറോലിൽ പാർവതിഅമ്മ.

1964-ൽ അധികാരമേറ്റ ആദ്യത്തെ പഞ്ചായത്ത് ഭരണസമിതിയിലെ വനിതാ മെമ്പറായിരുന്നു വി ടി ഉമാദേവി അന്തർജനം. സഹകരണ രംഗത്ത് വനിതകൾക്കുണ്ടായിരുന്ന പങ്ക് വിളിച്ചോതുന്ന ഒരു സംഭവമായിരുന്നു അറുപതുകളുടെ ആദ്യത്തിൽ വണ്ടൂർ എൻ ഇ എസ് ബ്ലോക്ക്, ഖാദിബോർഡ് എന്നിവയുടെ സഹായത്തോടുകൂടി പുന്നപ്പാലയിൽ പ്രവർത്തിച്ചുവരുന്ന കൈത്തറി സൊസൈറ്റി. കുറെ സ്ത്രീകൾക്ക് തൊഴിൽ നൽകാൻ ഇതുമൂലം സാധിച്ചിരുന്നു.

പുന്നപ്പാലയിൽ "പഷ്ണിപ്പുര" എന്ന സ്ഥലത്ത് മാമ്പയിൽ രാമൻനായർ എന്നൊരാൾ നടത്തിവന്നിരുന്ന കുടിപ്പള്ളിക്കൂടമാണ് ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തിന് നാന്ദി കുറിച്ചത്. ഇതിനൊരു നൂറ്റാണ്ടിലധികം പഴക്കം അവകാശപ്പെടാം. ഇതിനുശേഷമാണ് തിരുവാലി, ചടങ്ങാംകുളം, പുന്നപ്പാല, എറിയാട് എന്നീ സ്കൂളുകൾ നിലവിൽ വന്നത്.

പാരമ്പര്യ ചികിത്സാരംഗത്ത് (ആയുർവേദം) ഒരു നൂറ്റാണ്ടിന്റെ പൈതൃകം ഈ ഗ്രാമത്തിന് അവകാശപ്പെടാം. "തായംകോട്" വൈദ്യന്മാർ എന്ന പേരിലറിയപ്പെടുന്ന 'നെല്ലിക്കാട്ടു തൊടി' വേല സമുദായകുടുംബത്തിലെ പിൻതലമുറക്കാർ ഇന്നും പല താവഴിയായി ഈ പഞ്ചായത്തിൽ താമസിച്ചുവരുന്നു. സർവ ശ്രീ. പങ്ങോടവൈദ്യർ, ഞാഞ്ഞൻവൈദ്യർ, വേലുവൈദ്യർ, തെയ്യൻ വൈദ്യർ തിരുവാലി എന്നിവർ ഈ ശൃംഖലയിലെ കരുത്തുറ്റ കണ്ണികളായിരുന്നു. ഒറ്റമൂലി പ്രയോഗത്താൽ ഏതു സന്നിപാതജ്വരത്തെയും മണിക്കൂറുകൾക്കുള്ളിൽ ഭേദമാക്കാൻ ശ്രീ. പങ്ങോടൻ വൈദ്യർക്കുള്ള നൈപുണ്യം ഇന്നും ഈ പ്രദേശങ്ങളിൽ സ്മരിക്കുന്നു. അതുപോലെ, ഈ കുടുംബത്തിൽ പെട്ട ചില വൈദ്യൻമാർ ആനവൈദ്യത്തിൽ പ്രത്യേക കഴിവുള്ളവരായിരുന്നു. പഞ്ചായത്തിൽ മാത്രമല്ല ഈ ജില്ലക്ക് പുറത്തുനിന്നു

പോലും പലരും ആന ചികിത്സക്കായി ബന്ധപ്പെട്ട് തായംകോട് പ്രദേശത്ത് വരുക പതിവായിരുന്നു. നെല്ലക്കാട്ടുതൊടി വേലുവൈദ്യർ ഇതിൽ മുൻപന്തിയിൽ നിൽക്കുന്നു.

കായിക വിദ്യാഭ്യാസ രംഗത്ത് ഇന്നത്തെ സർക്കസ് കലയുടെ ആദ്യരൂപമായ കരണം മറിച്ചിലുകളും വളയങ്ങളിലൂടെ തങ്ങളുടെ മെയ്യഭ്യാസം പ്രകടമാക്കിയും കാണികളെ രസിപ്പിച്ചിരുന്ന കാട്ടുമുണ്ട ഗുരുക്കന്മാർ (മുസ്ലിം സമുദായം) ഈ പഞ്ചായത്തിന് അവകാശപ്പെടുന്ന ഒരു പ്രത്യേകതയാണ്.

ഗ്രാമപ്രദേശങ്ങളിൽ അപ്പപ്പോഴുണ്ടാവുന്ന സിവിലും ക്രിമിനലുമായിട്ടുള്ള കേസുകൾ, അംശം അധികാരിയുടെ (ഗ്രാമ മുൻസിഫ്, ഗ്രാമ മജിസ്ട്രേറ്റ്) കീഴിലുള്ള ഗ്രാമകോടതികളിൽ തീർപ്പാക്കിയിരുന്ന സമ്പ്രദായവും പഞ്ചായത്തിൻെറ പ്രത്യേകതതന്നെ. ഈ കോടതികളിൽ വാദിച്ചിരുന്ന "പാറവക്കിലന്മാർ" ഇതിൽ പ്രധാനിയായിരുന്നു ശ്രീ. ഒ പി ഗോപാലൻനായർ.

ഇതുവരെ വിവരിച്ച ഈ ഗ്രാമപഞ്ചായത്തിൻെറ സാമൂഹിക സാംസ്കാരിക ചരിത്രം ക്രോഡീകരിക്കുമ്പോൾ-

1. സവർണ ഹിന്ദു സമുദായത്തിൽ (നമ്പൂതിരി) 1930 -കളിൽ ഉണ്ടായ സാമുദായിക പരിഷ്കരണ പ്രസ്ഥാനവും.

2. ഭൂ സ്വത്തിൻെറ 90 ശതമാനവും കൈവശം വെച്ചിരുന്ന ജന്മിനാടുവാഴികളുടെ അടിച്ചമർത്തലിനെതിരായി ബഹുഭൂരിപക്ഷം വരുന്ന കർഷക-കർഷകത്തൊഴിലാളികളുടെ ഭൂമിയിലെ സ്ഥിരം അവകാശത്തിനും പാട്ടബാക്കിക്കുമെതിരായ സമരപോരാട്ടങ്ങളും.

3. പുരോഗമന കലാ സാംസ്കാരിക രംഗത്ത് ണ്ടായ വളർച്ചയും ഈ ഗ്രാമത്തെ സ്വാഭാവികമായും ഇടതുപക്ഷ ചായ്വുള്ളതാക്കി തീർത്തു. എന്നതാണ് വസ്തുത. അതുകൊണ്ടു തന്നെ ഈ പഞ്ചായത്തിൽ നിലവിൽ വന്ന 4 ഭരണസമിതികളും ഇടതുപക്ഷത്തിന് മുൻതൂക്കമുള്ളതായിരുന്നു.

1964മുതലുള്ള ഓരോ ഭരണസമിതിയും ചുവടെ ചേർക്കുന്നു. 1964-ജനുവരി ഒന്നിന് അധികാരമേറ്റ സർവ ശ്രീ. പി സി നാരായണൻ നമ്പൂതിരിപ്പാട് പ്രസിഡണ്ടും, കട്ടേക്കോടൻ ഉണ്ണിപ്പോക്കർ വൈസ്പ്രസിഡണ്ടുമായ ഭരണസമിതിയിലെ മറ്റംഗങ്ങൾ ഇവരാണ്. സർവശ്രീ -: പി കെ മാനവ വിക്രമൻ രാജ. (2) കെ പി മാധവൻനായർ (3) പി മാധവൻ നായർ (4) എൻ വാസുദേവൻ (5) വി ടി ഉമാദേവി അന്തർജനം (6) ഇട്ട്യാത്തൻമാസ്റ്റർ (പ. സംവരണം)

1979-ൽ അധികാരത്തിൽ വന്ന രണ്ടാം പഞ്ചായത്ത് ഭരണസമിതിയുടെ പ്രസിഡണ്ട് സർവശ്രീ:- കെ പി ദാമോദരൻ നമ്പൂതിരിയും, വൈസ് പ്രസിഡണ്ട് പന്നിക്കോട്ട് കെ എം രാധാകൃഷ്ണനുമായിരുന്നു.

ഭരണസമിതി അംഗങ്ങൾ. സർവശ്രീ:- (1) കെ ബാലകൃഷ്ണൻ നായർ (2) കളത്തിൽ കൃഷ്ണൻ (3) എൻ എം ഋഷികേശൻ നമ്പൂതിരിപ്പാട് (4) മുല്ലപ്പള്ളിപോക്കർ (5) ഇ. കിളിയൻ (6)ശ്രീമതി കെ പി ദേവകിയമ്മ.

1988-ൽ അധികാരത്തിൽ വന്ന 3-ാം ഭരണ സമിതിയിൽ ശ്രീമാൻ എം കെ പ്രഭാകരൻ മാസ്റ്റർ പ്രസിഡണ്ടും ശ്രീ എൻ സേതുമാധവൻ വൈസ് പ്രസിഡണ്ടുമായിരുന്നു. സർവശ്രീ:- (1) പി വിശ്വനാഥൻമാസ്റ്റർ (2) കെ പി ചന്ദ്രാംഗതൻ (3) കെ പി വേലു (5) പി അബ്ദുള്ള (6) ശ്രീമതി പി ടി ജോളിക്കുട്ടി (7) ശ്രീമതി പി വത്സല, പി ബാലകൃഷ്ണൻ എന്നിവർ ഭരണസമിതി അംഗങ്ങളായിരുന്നു.

1995 ഒക്ടോബർ 2-ാം തീയതി അധികാരത്തിൽ വന്നതും ഇപ്പോൾ നിലവിലുള്ളതുമായ നാലാം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയിൽ ശ്രീമതി കെ സുലോചന പ്രസിഡണ്ടും, കുമാരി. പി ശാരദ വൈസ് പ്രസിഡണ്ടും ശ്രീ കെ സുകുമാരൻ സ്റ്റാൻറിഗ് കമ്മിറ്റി ചെയർമാനുമാണ്. ഭരണസമിതി അംഗങ്ങൾ.

(1) സർവശ്രീ:- കെ അലവികുട്ടി (2) കെ മമ്മു (3) സി കെ മുരളീധരൻ (4) എം കോമളവല്ലി (5) കെ മുഹമ്മദാലി എന്ന കുഞ്ഞാൻ (6) സി കെ ജയ്ദേവ് (7) ശ്രീമതി ടി നാരായണി എന്നിവരാണ്.

ഇന്ത്യൻ രാഷ്ട്രീയത്തിൽ വിപ്ലവകരമായ പല മാറ്റങ്ങൾക്കും സാക്ഷ്യം വഹിച്ച ഈ കൊച്ചുകേരളം ആസൂത്രണ രംഗത്തും അതിൻെറ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തികൊണ്ടുള്ള മഹത് സംരഭത്തിന് 1996 ഓഗസ്ത് 17 (1172 ചിങ്ങം 1)ന് തുടക്കം കുറിച്ചിരിക്കുകയാണ്. അതാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി. ഗ്രാമഗ്രാമാന്തരങ്ങളിലെ മുക്കിലും മൂലയിലുമുള്ള വികസനപ്രവർത്തനങ്ങൾ ഇന്ദ്രപ്രസ്ഥത്തിൽ നിന്നും അനന്തപുരിയിൽ നിന്നും ഏതാനും ഉദ്യോഗസ്ഥ വൃന്ദങ്ങൾ രൂപം കൊടുത്തുകൊണ്ടിരുന്ന അശാസ്ത്രീയവും അപ്രായോഗികവുമായ ശൈലിയിൽ മാറ്റം വരുത്തി. അധികാരം ജനങ്ങളിലേക്ക് എന്ന തത്വം മുറുകെപിടിച്ചുകൊണ്ട് കേരളത്തിൻെറ മുഖച്ഛായ മാറ്റുന്ന ഈ മഹത്യജ്ഞത്തിൽ നമ്മുടെ കൊച്ചു കൊച്ചു ഗ്രാമപഞ്ചായത്തും അതിൻെറ ആശയാഭിലാഷങ്ങൾക്ക് ഈ വികസന റിപ്പോർട്ടിലൂടെ രൂപം കൊടുത്തിരിക്കുകയാണ്.



# 4-1 കൃഷിയും ജലസേചനവും

തിരുവാലി ഒരു കാർഷിക ഗ്രാമമാണ്. ഒമ്പത് കുന്നിൻ പ്രദേശങ്ങളും താഴ്‌വരകളിലുള്ള നെൽവയലുകളും സമതല പ്രദേശങ്ങളും അടങ്ങിയതാണ് നമ്മുടെ പഞ്ചായത്തിലെ ഭൂപ്രദേശം. മുഖ്യ കൃഷിയിനങ്ങൾ നെല്ല്, റബ്ബർ, കശുമാവ്, തെങ്ങ്, കവുങ്ങ് എന്നിവയും ഇടവിളകളായി പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ മുതലായവയും കൃഷിചെയ്യപ്പെടുന്നുണ്ട്.

നമ്മുടെ പഞ്ചായത്ത് കാർഷിക ഭൂപ്രകൃതി അനുസരിച്ച് ശീതോഷ്ണമേഖലയാണ്. ഭൂപ്രദേശത്തിന്റെ നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി സമുദ്ര നിരപ്പിൽ നിന്നും ഏറ്റവും കൂടിയ ഉയരം 250 മീറ്റർ ഉയർച്ചയുള്ള മുണ്ടമലക്കുന്നാണ്. കൂടാതെ ആനാംപാറ, കൂറ്റൻപാറ, മണിമലക്കുന്ന്, കല്ലുമല, ഒടുമ്പാറക്കുന്ന്, പാലമല, ആനക്കാംകുന്ന്, ആക്കലകുന്ന് എന്നീ ഉയർന്ന പ്രദേശങ്ങളും പെടുന്നു.

20 മീറ്ററിനു താഴെയുള്ള പ്രദേശങ്ങളായി വയലുകളും സമതലപ്രദേശങ്ങളും ഉണ്ട്.

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളും പൊതുവെ ഇടക്കിടക്ക് കുന്നുകളും സമതലങ്ങളും ആയിട്ടുള്ള പ്രദേശങ്ങളാണ് പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് പ്രദേശമായ മൂർക്കൻ കുണ്ടിൽ നിന്നും വടക്കു കിഴക്ക് പ്രദേശമായ കടായ്ക്കോട്, ആനാംപാറക്കുന്നിലേക്ക് 10 കി.മീ നീളമുണ്ട്. പഞ്ചായത്തിന്റെ മധ്യഭാഗത്ത് തെക്കുവടക്കായി പ്രധാനപ്പെട്ട ഒരു തോടൊഴുകുന്നു. ഇതിനെ തെക്കുഭാഗത്ത് ഒലിക്കൽ തോടെന്നും മധ്യഭാഗത്ത് ചെള്ളിത്തോടെന്നും വടക്കുഭാഗത്തെത്തുമ്പോൾ കോട്ടോലത്തോടെന്നും പറയുന്നു. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലൂടെ പോകുന്ന വണ്ടൂർ-നിലമ്പൂർ റോഡിന്റെ പടിഞ്ഞാറുഭാഗ പ്രദേശങ്ങളിലെ നീരൊഴുക്ക് ഈ തോടിനെ ലക്ഷ്യമാക്കി പടിഞ്ഞാറോട്ടും ഈ തോടിന്റെ പടിഞ്ഞാറുഭാഗത്തുള്ള പത്തിരിയാലിന്റെ പടിഞ്ഞാറും , വടക്കുപടിഞ്ഞാറും മേഖല ഒഴികെ ബാക്കി പ്രദേശങ്ങളിലെ നീരൊഴുക്ക് ഈ തോടിനെ ലക്ഷ്യമാക്കി കിഴക്കോട്ടും ഒഴുകുന്നു. വണ്ടൂർ-നിലമ്പൂർ റോഡിന്റെ കിഴക്കുഭാഗ പ്രദേശങ്ങളിലെ വെള്ളം വടക്കു-കിഴക്കു ലക്ഷ്യമാക്കി പഞ്ചായത്തിന്റെ അതിർത്തിയായ കാപ്പിൽ തോടിലേക്കും പത്തിരിയാലിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിലെ വെള്ളം പാണ്ടിയാട് തോടിലേക്കും ഒഴുകുന്നു.

പഞ്ചായത്തിൽ ഏകദേശം 3383 ഹെക്ടർ സ്ഥലമുണ്ട്. ചെമ്മണ്ണാണ് ഭൂരിഭാഗവും കാണപ്പെടുന്നത്. നടുവത്ത് കടമ്പത്ത് പാടം, എറിയാട് പ്രദേശം, തായം കോട്, വട്ടപറമ്പ്, തങ്കായം, ആക്കലകുന്ന്, എന്നീ പ്രദേശങ്ങളിൽ മണൽ കലർന്ന വയലുകളും കുട്ടികുന്ന്, പുറ്റുമുണ്ണ്, നടുവത്ത് ഞാർക്കോവിൽ പ്രദേശം, ചക്കരാട്ടുകുന്നിലെ ചില പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ചളിവയലുകളുമാണ്. പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. മിക്ക തോടുകളും കുളങ്ങളും വേനൽക്കാലങ്ങളിൽ വറ്റുന്നവയാണ്.

ഗ്രാമങ്ങളിൽ നിന്ന് വിട്ട് പട്ടണ പ്രദേശങ്ങളിൽ താമസിക്കുക എന്ന മനുഷ്യന്റെ അടങ്ങാത്ത ആഗ്രഹവും, നെൽകൃഷി ലാഭകരമല്ലാത്തതും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഇതര തൊഴിലുകളിൽ ഏർപ്പെടുന്നതിന് കാരണമായിത്തീർന്നു. കൃഷിഭൂമി

ണ്ണിട്ടു നികത്തി വീടുവെക്കുന്നതിനും വാഴ, തെങ്ങ്, കവുങ്ങ് എന്നീ കൃഷികളിലേക്ക് നീങ്ങുന്നതിനും ഇത് ആളുകളെ പ്രേരിപ്പിച്ചു. കാർഷികവൃത്തിയോടു വന്ന ഈ സമീപനത്തിന്റെ ഭാഗമായി പറമ്പിൽ കൃഷിചെയ്തിരുന്ന ഇടവിളകളു ടെ ഉൽപാദനത്തിലും ഗണ്യമായ കുറവ് വരാൻ തുടങ്ങി. ഭക്ഷ്യോൽപാദന രംഗത്ത് കുറവ് വന്നതിനോടൊപ്പം കൃഷിയു മായി ബന്ധപ്പെട്ടുകൊണ്ട് കുളങ്ങളും തോടുകളും സംരക്ഷിച്ച് പോന്നിരുന്ന സ്ഥിതിക്ക് മാറ്റമുണ്ടായി. ഇപ്പോഴുള്ള പല തോടുകളും കുളങ്ങളും മണ്ണിടിഞ്ഞ് തൂർന്ന് കൊണ്ടിരിക്കുന്നത് കാണാവുന്നതാണ്.

മുൻകാലങ്ങളിൽ വറുതിയിലാണെങ്കിലും വിളയിറക്കുന്നതും വിളവെടുപ്പ് നടത്തുന്നതും ഒരു ഉത്സവമായിട്ടാണ് ആളുകൾ നടത്തി വന്നിരുന്നത്. ഇതോടനുബന്ധിച്ച് അർത്ഥപൂർണ്ണമായ നാടൻ ഗ്രാമീണ ഗാനങ്ങളും തേക്കുപാട്ടുകളും നിലനിന്നിരുന്നു. കാർഷിക വൃത്തിയിൽ സംഭവിച്ച മാറ്റങ്ങൾക്കും പുരോഗതികൾക്കുമൊപ്പം ഇത്തരം ഗാനങ്ങളുടെയും കലാരൂപങ്ങളുടെയും അപചയവും ഉണ്ടായി. അവയെല്ലാം ഏറെക്കുറെ അപ്രത്യക്ഷമായെന്ന് പറയാം. എങ്കിലും നമ്മുടെ പഞ്ചായത്തിൽ ചില ഭാഗങ്ങളിൽ ഈ ഗാനങ്ങൾ ഇന്നും നിലവിലുണ്ട്. അത്തരത്തിലൊരു അർത്ഥസമ്പുഷ്ടമായ ഗാനമിതാ–

"തച്ചോളി വീട്ടിലെ കുഞ്ഞോതാനേ
രണ്ടേലും തെണ്ടി നടക്ക്ണോര്
രണ്ടേലും തെണ്ടി നടക്കല്ലേ
ഒന്ന്ണ്ട് കേക്കണേ പെറ്റോരമ്മേ

ഇന്നെന്താ വേണ്ടെ കുഞ്ഞോതാനേ
ഒന്ന്ണ്ടോ കേക്ക്ണേ ചങ്ങായ്മാരെ
ഇങ്ങനെ തന്നെ നടന്നാ മത്യോ?
വീട്ട്ക്ക് അകത്തൊരാള്മില്ല്യെ

ആലുതണലൊടി പോവണ്ടെ
ഒന്ന്ണ്ടേ കേക്ക്ണേ പെറ്റോരമ്മേ
ഇവിട്ക്ക് അടുത്തവയ് ആരുടെ വീടാ
തച്ചോളി വീട്ടിലെ മാതുക്കുട്ടി

ഒളൊരു വീടാ അടുത്ത വീട്
കേറിച്ചെന്ന് വീട്ട്ക്ക് എന്തിനു വന്നതയ്യാ
എന്നെ തെരഞ്ഞ് വന്നത് ഞാനേ....

പഞ്ചായത്തിലെ ഭൂരിഭാഗം ഭൂവുടമകളും നാമമാത്രമായ ഭൂമി കൈവശമുള്ളവരാണ്. ഇതുസംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

പട്ടിക I

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 1837 |
| 2 | ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ | 972 |
| 3 | രണ്ട് ഹെക്ടറിനു ലമുകളിൽ | 677 |

[ അവലംബം: – കൃഷിഭവൻ രേഖ]

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിന്റേത് 0.82 ഹെക്ടറാണ്. ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തിയിരുന്നത്. കൂടാതെ തോടുകളും കുളങ്ങളും പരസ്പരധാരണയോടെ ചിറ കെട്ടി സംരക്ഷിച്ചും കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും വൻകിട ജന്മിമാരായിരുന്നു. വെള്ളിമുറ്റം സാമൂതിരി, പുന്നശ്ശേരി നമ്പി, അരിപ്പുറത്ത് മന, കല്യാണസൗധം, നടുവത്ത് മന, പടിഞ്ഞാറെപ്പാട്ട് വാരിയം, പന്നിക്കോട് തറവാട് എന്നിവയായിരുന്നു അവയിൽ പ്രമുഖം.

ആകെ ഭൂമിയുടെ 23.2 ശതമാനവും നെൽകൃഷിയാണ്. സവിശേഷതകൾ കൂടിയ നാടൻ വിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. ആര്യൻ, തവളക്കണ്ണൻ, എണ്ണപ്പട്ട, മുണ്ടകൻ, ഓണാട്ടൻ, ചീരവിതുകൾ തുടങ്ങിയ വിത്തിനങ്ങൾ ജൈവവളം ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നു. കൃഷിഭവനുകളുശട പ്രവർത്തനം ആരംഭിച്ചതോടുകൂടി പുതിയ ഇനം വിത്തുകൾ കർഷകർ ഉപയോഗിക്കുവാനും രാസവളങ്ങളുടെ പ്രയോഗവും തുടർന്ന് പമ്പുസെറ്റുകൾ ഉപയോഗിക്കുന്നതിനും ആരംഭിച്ചു.

പഞ്ചായത്തിൽ നെൽവയലുകളാണ് കൂടുതൽ എങ്കിലും റബ്ബറാണ് ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത്. ആദ്യകാലത്ത് 80% വൻകിട കർഷകരും 20% ചെറുകിട കർഷകരും ആയിരുന്നു ഈ കൃഷിയിൽ ഏർപ്പെട്ടിരുന്നത്. എന്നാൽ ലമറ്റു കൃഷികൾ ലാഭകരമല്ലാത്തതിനാലും ഒരു നിത്യവരുമാനം എന്ന നിലയിലും ചെറുകിട കർഷകർ ഈ രംഗമത്തേക്ക് കടന്നുവരികയും റബ്ബർബോർഡ് മുഖേനയുള്ള പ്രോത്സാഹനവും കൂടി ആയപ്പോൾ റബ്ബർകൃഷിയുടെ 80% ഉല്പാദനവും ചെറുകിട കർഷകരാവുകയും 1/2 ഏക്കർ തൊട്ട് 2-3 ഏക്കർ വരെ ഭൂമിയുള്ളവർ ഇന്ന് റബ്ബർകൃഷിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിലുണ്ട്.

കൃഷിയുടെ രണ്ടാംസ്ഥാനം കശുമാവിൽ കൃഷിക്കാണ്. കാര്യമായ പരിചരണം ഈ കൃഷിക്ക് ലഭിക്കുന്നില്ല. 400ഓളം ഹെക്ടർ കശുമാവിൻകൃഷി ഇവിടെയുണ്ട്. വൻതോതിൽ ചൂഷണം ഈ രംഗത്ത് അനുഭവപ്പെടുന്നു. കർഷകർക്ക് വിളയുടെ യഥാർത്ഥവില ലഭിക്കാത്ത അവസ്ഥയുണ്ട്.

320 ഹെക്ടറോളം സ്ഥലത്ത് തെങ്ങ് കൃഷിയുണ്ട്. ഇടക്കാലത്ത് തെങ്ങുകൃഷിയിൽ നിന്നും കർഷകർ വിട്ടുനിന്നിരുന്നു. എന്നാൽ വയലുകളിലും മറ്റും ഇന്ന് തെങ്ങ് കൃഷി യഥേഷ്ടം വ്യാപിക്കുന്നുണ്ട്.

പട്ടിക II

| നമ്പർ. | വിനിയോഗം | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1 | മിശ്രിതവിളകൾ | 231 | 0.068 |
| 2. | തെങ്ങ് | 320 | 0.094 |
| 3. | റബ്ബർ | 600 | 0.17 |
| 4. | കശുമാവ് | 400 | 0.11 |
| 5 | മിശ്രിതമരങ്ങൾ | 127 | 0.037 |
| 6 | വാഴ | 200 | 0.59 |
| 7 | മരച്ചീനി | 200 | 0.59 |
| 8 | കുരുമുളക് | 40 | 0.011 |
| 9 | കൃഷിക്ക് യോജിച്ച തരിശുഭൂമി | 253 | 0.074 |

[ അവലംബം: - കൃഷിഭവൻ രേഖ ]

പഞ്ചായത്തിന്റെ ആകെ വിസ്തൃതി 3383 ഹെക്ടറാണ്. ആകെ വിസ്തൃതിയുടെ ഭൂരിഭാഗപ്രദേശങ്ങളും ലാറ്ററൈറ്റ് സ്വഭാവമുള്ളതാണ്. തായംകോട്ടെ ചില പ്രദേശങ്ങൾ, ചക്കരാട്ടുകുന്ന് പ്രദേശം, - വരണ്ടതായി കാണുന്നു. പഞ്ചായത്തിലെ മണ്ണിന്റെ ഘടന ലഭ്യമായവ ചുവടെ ചേർക്കുന്നു.

പട്ടിക III

മണ്ണിന്റെ ഘടന

| നമ്പർ | മണ്ണ് | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1 | ലാറ്ററേറ്റ് | 44 | 0.13 |
| 2 | ചെമ്മണ്ണ് | 642.6 | 0.19 |
| 3 | മണൽ കലർന്ന നിലം | 75 | 0.022 |

[ അവലംബം:- പഠനപര്യടനം]

## നെൽകൃഷി

നമ്മുടെ പഞ്ചായത്തിൽ ഗ്രൂപ്പ്ഫാമിംഗ് അടിസ്ഥാനത്തിൽ സമിതികൾ നിലവിൽ ഉണ്ടെങ്കിലും കൂട്ടായ അടിസ്ഥാനത്തിൽ കൃഷി നടത്തുന്നത് പരിമിതമാണ്. വിത്ത്, മെഷിനറികൾ മുതലായവ യഥേഷ്ടം ലഭിക്കാത്ത അവസ്ഥയുണ്ട്. നെൽകൃഷിയെ സംബന്ധിച്ച വിവരങ്ങൾ പട്ടികരൂപത്തിൽ ചുവടെ ചേർക്കുന്നു.

പട്ടിക IV – നെൽകൃഷി

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | നെല്ല്-ഒന്നാംവിള | 400 |
| 2 | നെല്ല്-രണ്ടാംവിള | 375 |
| 3 | നെല്ല്-മൂന്നാംവിള | 10 |

[ അവലംബം: കൃഷിഭവൻ രേഖ ]

നെൽകൃഷിയുടെ ശരാശരി ഉത്പാദനം നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 2000 കി.ഗ്രാമും സങ്കരയിനം നെല്ലിനങ്ങൾക്ക് ഹെക്ടറിന് 3400 കി.ഗ്രാമും ലഭിക്കുന്നുണ്ട്. കൃഷിഭവനുകളിലൂടെ വിതരണം ചെയ്യുന്ന വിത്തിനങ്ങൾ ജ്യോതി, പവിഴം, ചുവന്ന ത്രിവേണി, ജയ, ആതിര എന്നിങ്ങനെയാണ്. നെൽകൃഷിക്കുശേഷം പലപ്പോഴും വയലുകൾ തരിശാക്കിയിടുകയാണെങ്കിലും ചില സ്ഥലങ്ങളിൽ പച്ചക്കറികൃഷി നടത്തുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ നെൽവയലുകൾ മണ്ണിട്ട് നികത്തുന്നതും മറ്റ് കൃഷികളിലേക്ക് ഈ സ്ഥലങ്ങളെ വ്യാപിപ്പിക്കുന്നതുമായ പ്രവണത പൊതുവെ കുറവാണ്.

## പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പാടശേഖരസമിതികൾ പല സ്ഥലങ്ങളിലും നിലവിൽ ഉണ്ടെങ്കിലും പലതിന്റെയും പ്രവർത്തനം കാര്യക്ഷമമായ രീതിയിലല്ല.

പാടശേഖരസമിതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക V

പാടശേഖരസമിതികളും മറ്റു വിവരങ്ങളും

| നമ്പർ. | പാടശേഖരത്തിന്റെ പേർ | വിസ്തീർണ്ണം (ഹെക്ടർ) | അംഗങ്ങളുടെ എണ്ണം | സ്ഥാപിത വർഷം |
|---|---|---|---|---|
| | തായംകോട് പാടശേഖരസമിതി (2 എണ്ണം) | 55 | 88 | 1990–'91<br>1993–'94 |
| | കോട്ടോല പാടശേഖരം | 25 | 38 | 1990–'91 |
| | വാളോർങ്ങൽ പാടശേഖരം | 18.004 | 44 | 1989–'90 |
| | പുന്നപ്പാല പാടശേഖരം | 40 | 69 | 1989–'90 |
| | കാർങ്ങല്ലൂർ പാടശേഖരം | 20 | 32 | 1990–'91 |
| | കൂരിയൽ പാടശേഖരം | 13 | 15 | 1990–'91 |
| | കക്കുന്ന് പാടശേഖരം | 23 | 36 | 1990–'91 |
| | ചേലക്കോട് പാടശേഖരം | 15 | 26 | 1990–'91 |
| | പുത്തൻപൊയിൽ-പൈങ്കുളങ്ങര പാടശേഖരം | 20 | 35 | 1994–'95 |
| | പത്തിരിയാൽ പാടശേഖരം | 30 | 68 | 1995–'96 |
| | മണ്ണൂക്കരപാടശേഖരം | 30 | 79 | 1995–'96 |

[ അവലംബം: കൃഷിഭവൻ രേഖ]

പാടശേഖരങ്ങൾക്ക് കൃഷിഭവൻ മുഖേന ഒരു ട്രില്ലർ നാല് ട്രാക്റ്ററുകൾ എന്നിവയാണ് കാർഷിക യന്ത്രോപകരണങ്ങളായി നൽകിയിട്ടുള്ളത്.

കേരവികസനസമിതി:- പഞ്ചായത്തിൽ കൃഷിഭവൻ മുഖേന പ്രവൃത്തിക്കുന്ന 200ൽ ഏറെ അംഗങ്ങളുള്ള കേരവികസന സമിതി നിലവിൽ ഉണ്ട്. ഇതിൻെറ പ്രവർത്തനം തെറ്റില്ലാത്ത രീതിയിൽ നടക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൻ മുഴുവൻ മേഖലയിലും ശരിയായ രീതിയിൽ പ്രവർത്തനം എത്തിക്കുന്നതിനായി വാർഡുതലത്തിൽ കേരവികസന സമിതികൾ രൂപീകരിക്കേണ്ടതുണ്ട്.

## കാർഷികവായ്പ

രണ്ട് സഹകരണസ്ഥാപനങ്ങളടക്കം 3 ബാങ്കുകളാണ് പഞ്ചായത്തിൻെറ പരിധിയിൽ വരുന്നത്. കൃഷിക്കുവേണ്ടി അനുവദിക്കുന്ന വായ്പകൾ യഥാവിധി വിനിയോഗിക്കുന്നില്ല എന്നാണ് പൊതു അഭിപ്രായം. മേൽസൂചിപ്പിച്ച ബാങ്കുകൾക്കു പുറമെ കാർഷിക വികസനബാങ്കുകളിൽ നിന്നും സഹായം ലഭ്യമാണ്. കാർഷികാവശ്യങ്ങൾക്ക് അനുവദിക്കപ്പെട്ട ബാങ്ക് വായ്പകളുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക VI

ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരങ്ങൾ

| നമ്പർ. | ബാങ്ക് | 1995-96 (ഉറുപ്പിക) |
|---|---|---|
| 1 | തിരുവാലി സർവ്വീസ് സഹകരണബാങ്ക് | 21,78,386 |
| 2 | പുന്നപ്പാല സർവ്വീസ് സഹകരണബാങ്ക് | 12,01,275 |
| 3 | സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് | 6000000 |

## തോടുകൾ

പഞ്ചായത്തിൽ ആകെയുള്ള തോടുകൾ 51 ഏക്കറോളം വരും. 4 സ്ഥലങ്ങളിൽ തോടുകളിൽ ചീർപ്പുകൾ ഉണ്ട്. ഇവനാ കൃഷിക്കുപയോഗിക്കുന്നതിനാണ്.

## കുളങ്ങൾ

വലുതും ചെറുതുമായി 110 കുളങ്ങൾ ഉണ്ട്. ഭൂരിഭാഗവും യഥാവിധി സംരക്ഷിക്കപ്പെടുന്നില്ല. പല കുളങ്ങളിലും വേനൽക്കാലത്ത് വെള്ളം വറ്റുന്നു.

പ്രധാന കുളങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

പട്ടിക VII

| നമ്പർ | കുളത്തിൻെറ പേര് | വാർഡ് | സ്ഥലം |
|---|---|---|---|
| 1 | അമ്പലക്കുളം | 1 | തിരുവാലി |
| 2 | പുൽകോട്ടുകുളം | 1 | തോടായം |
| 3 | കാർങ്ങല്ലൂർ കുളം | 2 | കാർങ്ങല്ലൂർ |
| 4 | ചോലക്കുളം | 2 | വെള്ളിമിറ്റം |
| 5 | വാപ്പാരിക്കുളം | 3 | പത്തിരിയാൽ |

| | | | |
|---|---|---|---|
| 6 | ചെറുകോട് കുളം | 3 | പത്തിരിയാൽ |
| 7 | കട്ടെക്കാട് കുളം | 3 | കട്ടെക്കാട് |
| 8 | മാടശ്ശേരി കുളം | 3 | മാടശ്ശേരി |
| 9 | വലിയ കുളം | 4 | പത്തിരിയാൽ |
| 10 | വാക്കേൽകുളം | 4 | കുന്നത്ത് |
| 11 | തങ്കായംകുളം | 4 | തങ്കായം |
| 12 | കോഴിപ്പറമ്പ് കുളം | 5 | കോഴിപ്പറമ്പ് |
| 13 | കൈതയിൽ കുളം | 5 | കൈതയിൽ |
| 14 | വെട്ടിക്കോട്ട് കുളം | 5 | എളേടത്ത് |
| 15 | അമ്പലക്കുളം | 5 | പുന്നപ്പാല |
| 16 | തച്ചങ്ങോട്ടുകുളം | 6 | പുന്നപ്പാല |
| 17 | പെണ്ണക്കോട്ട്കുളം | 6 | ചേരിക്കുന്ന് |
| 18 | പുത്തൻകുളം | 7 | പുത്തൻപൊയിൽ |
| 19 | കണ്ണൻകുളം | 7 | വാളോർങ്ങൽ |
| 20 | പാപ്പാർകുളം | 7 | എറിയാട് |
| 21 | വലിയകുളം | 7 | കുരിയാടംപൊയിൽ |
| 22 | മഠത്തിൽകുളം | 8 | തായങ്കോട് |
| 23 | മഞ്ഞക്കുഴികുളം | 8 | മഞ്ഞക്കുഴി |
| 24 | അമ്പലക്കുളം | 9 | നടുവത്ത് |
| 25 | ചേന്ദംകുളങ്ങരകുളം | 9 | ചേന്ദംകുളങ്ങര |
| 26 | പാറക്കുളം | 9 | തായംകോട് |
| 27 | കാലിക്കുളം | 10 | പന്തക്കളം |
| 28 | ഞാറകോവിൽകുളം | 10 | പന്തക്കളം |
| 29 | വേങ്ങാർകുളം | 10 | കടായ്ക്കോട് |

പട്ടിക VII
ജലവുമായി ബന്ധപ്പെട്ട വിവരങ്ങൾ

| നമ്പർ | ആസ്തികൾ | വിസ്തീർണ്ണം |
|---|---|---|
| 1 | തോട് | 51.632 ഏക്കർ |
| 2 | കുളം | 110 എണ്ണം |
| 3 | കുഴൽകിണർ | 7 എണ്ണം |



## കൃഷിഭവൻ

1987ലാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽവന്നത്. തികച്ചും കാർഷികമേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷകളോടെ ആരംഭിക്കപ്പെട്ട കൃഷിഭവൻെറ പ്രവർത്തനം പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും എത്തുന്നില്ല. രണ്ട് അസിസ്റ്റൻറുമാരും ഉള്ള കൃഷിഭവൻെറ പ്രവർത്തനം പൂർണ്ണമായും കർഷകർക്ക് ലഭിക്കേണ്ടതാണ്.

1987 ൽ പ്രവർത്തനം ആരംഭിച്ച കൃഷിഭവൻ ഭൂരിപക്ഷം കൃഷിക്കാർക്കും എത്തിപ്പെടുവാൻ പ്രായസമുള്ള സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. നൂറിലേറെ കുളങ്ങളും അനവധി ചെറുതോടുകളും ഉണ്ടെങ്കിലും ഒന്നും തന്നെ വേണ്ടവിധത്തിൽ സംരക്ഷിക്കപ്പെടുന്നില്ല. ശാസ്ത്രീയമായ വളപ്രയോഗം നടത്തുന്നതിനും പ്രത്യല്പാദന ശേഷിയുള്ള വിത്തുകൾ ഉപയോഗിച്ച് ഉല്പാദനം വർധിപ്പിക്കുന്നതിനും ആവശ്യമായ മണ്ണുപരിശോധന കാലാകാലങ്ങളിൽ നടക്കുന്നില്ല. ചില സ്ഥലങ്ങളിൽ കൂട്ടുകൃഷി സമ്പ്രദായം നിലവിലുണ്ടെങ്കിലും പ്രായോഗികതലത്തിൽ ശരിയായി പ്രവർത്തിക്കാത്തതിനാൽ വിവിധ കീടനാശിനീകരണത്തിനും മറ്റ് കൃഷി ചെലവുകളും വേണ്ടവിധത്തിൽ ലാഭിക്കുവാൻ സാധിക്കുന്നില്ല.

വിളകളുടെ സംഭരണവും സംസ്കരണവും യഥാവിധി നടത്താനുള്ള സംവിധാനമില്ല. കൃഷയിടങ്ങളിലേക്കുള്ള ഗതാഗത സൗകര്യക്കുറവ് അനുഭവപ്പെടുന്നു. കാർഷിക അനുബന്ധ വ്യവസായങ്ങളുടെ അഭാവംമൂലം തൊഴിൽ സാധ്യത കുറവാണ്-ഉല്പാദന വിളകളുടെ വിപണനകാര്യത്തിൽ ഇടനിലക്കാരുടെ ചൂഷണം അനുഭവപ്പെടുന്നു.

ഹ്രസ്വകാല വിളകളിൽ നിന്നും ദീർഘകാല വിളകളിലേക്ക് കർഷകർ നീങ്ങുന്നതുമൂലം നെൽക്കൃഷിയിലുള്ള വിളകൾ കുറയുന്ന അവസ്ഥനിലനിൽക്കുന്നു. കാർഷികവിളകൾക്ക് വിലയിലെ അസ്ഥിരതമൂലം കർഷകർക്ക് കൃഷിയിൽ താൽപര്യം കുറയാൻ ഇടയാകുന്നു.കൃഷിഭൂമിയുടെ തുണ്ടുവല്ക്കരണം കാരണം ശരിയായ രീതിയിലുള്ള കൃഷിരീതികൾക്ക് വിഷമം നേരിടുന്നതോടൊപ്പം ചെലവുകൾ വർധിക്കാനും ഇടയാകുന്നു.

ജൈവവള പ്രയോഗത്തിലെ കുറവുകാരണം രാസവള പ്രയോഗത്തിൻെറ ആധിക്യം കാരണവും മണ്ണിൻെറ തനിമ നഷ്ടപ്പെടുന്നു. രോഗപ്രതിരോധ ശേഷിയുള്ള നാടൻ വിത്തിനങ്ങൾ അപ്രത്യക്ഷമാവുന്നു. പുതിയ വിത്ത് ഇനങ്ങൾക്ക് രോഗപ്രതിരോധശേഷി കുറവുമാണ്.

കാർഷിക വികസന സമിതികൾ വാർഡ് തലങ്ങളിൽ നിലവിലില്ലാത്തതിനാൽ കാർഷിക രംഗത്തെ ബോധവല്ക്കരണം തീരേ കുറവാണ്. പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ ഫലമായി കൃഷി മാന്യമായ തൊഴിൽ അല്ല എന്ന ധാരണ യുവജനങ്ങളിൽ നിലനിൽക്കുന്നു.

പുതിയ റോഡുകൾ മൂലവും ഭൂമി നികത്തൽ, തോട്ടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കാതിരിക്കൽ മുതലായ കാരണങ്ങൾകൊണ്ടും വെള്ളം കെട്ടിനിൽക്കൽ വരൾച്ച മുതലായവ അനുഭവപ്പെടുന്നു. അമിത രാസവസ്തു പ്രയോഗം, കീടനാശിനികളുടെ പ്രയോഗം എന്നിവ മൂലം കൃഷിക്ക് ഉപകാരികളായ മണ്ണിര, മറ്റ് ചെറുജീവികൾ എന്നിവ പാടെ നശിക്കുന്നു. ജൈവവള പ്രയോഗത്തിനാവശ്യമായ പച്ചിലകളുടെ അഭാവം കൃഷിവിളകളെ സാരമായി ബാധിക്കുന്നു. നെല്ലുല്പാദനത്തിലെ കുറവുകാരണം വൈക്കോൽക്ഷാമം നേരിടുന്നതിനാൽ മൃഗപരിപാലനത്തെ ബാധിക്കുന്നു.

ജൈവവളത്തിനാവശ്യമായ പച്ചിലവളത്തിൻെറ ദൗർലഭ്യത കൂടുന്നു.

## ജലസേചനം-പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ചെള്ളിത്തോട്, കാപ്പിൽതോട്, ഒലിക്കൽതോട്, കോട്ടാലതോട് എന്നീ സ്ഥലങ്ങളിൽ ബണ്ടുകൾ ഉണ്ടെങ്കിലും കൃഷിക്കുവേണ്ടത്ര ഉപകാരപ്പെടുന്നില്ല. ബണ്ടുകളുടെ ചോർച്ച സൈഡ് ഭിത്തികളുടെ ഉയരക്കുറവ്, കനാൽ സൗകര്യമില്ലായ്മ എന്നിവ കാരണങ്ങളാകുന്നു.

ഇരുപതിലധികം പ്രധാന കുളങ്ങൾ ഉണ്ടെങ്കിലും ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടാത്തതിനാൽ ജലസേചനത്തിന് കാര്യമായി ഉപയോഗം ലഭിക്കുന്നില്ല. ജലസേചനത്തിനാവശ്യമായ വൈദ്യുതി ആവശ്യാനുസരണം ലഭിക്കാത്ത അവസ്ഥയും നിലവിലുണ്ട്.

വീട്ടുവളപ്പിലെ കിണറുകൾ ഉപയോഗിച്ച് പച്ചക്കറി കൃഷി പോലുള്ള കൃഷികൾ നടത്താൻ പറ്റുന്ന സ്ഥലങ്ങളിൽപോലും വേണ്ടത്ര കൃഷി നടത്തപ്പെടുന്നില്ല.

പഞ്ചായത്തിലെ ജലസ്റോതസ്സുകൾ ചെറുതോടുകളും കുളങ്ങളും കിണറുകളും അടങ്ങിയതാണ്. തൊട്ടുകിടക്കുന്ന വണ്ടൂർ, എടവണ്ണ, മമ്പാട് എന്നീ പഞ്ചായത്തുകളുമായി ബന്ധപ്പെടുത്തി ജലപദ്ധതികൾ നിലവിലില്ല.

ജലസേചന വകുപ്പിൻെറയും വൈദ്യുതി വകുപ്പിൻെറയും കൃഷിഭവൻെറയും ബാങ്കുകളുടെയും കൂട്ടായ്മ ഇല്ലാത്തതുകൊണ്ട് ദോഷങ്ങൾ ഏറെയുണ്ട്.

## കൃഷി-പരിഹാര മാർഗങ്ങൾ

കൃഷിഭവൻ തിരുവാലി സെൻററിൽ നിന്നും വളരെ ഉള്ളോട്ട് മാറിയാണ് സ്ഥിതി ചെയ്യുന്നത്. ഇത് തിരുവാലി അങ്ങാടിയിലേക്ക് മാറ്റി സ്ഥാപിണ്ടേതാണ്.

മണ്ണിടിഞ്ഞ് തൂർന്നുകൊണ്ടിരിക്കുന്ന കുളങ്ങൾ സൈഡ് കെട്ടി സംരക്ഷിക്കുകയും നീർച്ചാലുകൾ നിർമിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്തുകയും വേണം.

കൃഷിഭവൻ മുഖേനയുള്ള മണ്ണ് പരിശോധന കാലാകാലങ്ങളിൽ ശരിയായ രീതിയിൽ പരിശോധിക്കുന്നത് ഉറപ്പ് വരുത്തണം.

കൂട്ടുകൃഷി സമ്പ്രദായത്തിൻെറ ഗുണഫലങ്ങൾ കർഷകരിൽ എത്തിക്കുന്നതിന് കൃഷഭവനുകൾ മുഖേനയും പാടശേഖര സമിതികൾ മുഖേനയും ബോധവല്ക്കരണം നടത്തുകയും കൂട്ടുകൃഷി സമ്പ്രദായം നിർബന്ധമാക്കുകയും പാടശേഖര സമിതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ സമിതികൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

രാസവള പ്രയോഗവും കീടനാശിനി പ്രയോഗവും അശാസ്ത്രീയമായ രീതിയിൽ പ്രയോഗിക്കുന്നത് തടയുന്നതിനോടൊപ്പം ജൈവവള പ്രയോഗവും നാടൻ കീടനിയന്ത്രണ മാർഗങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പച്ചക്കറികളും മറ്റ് കാർഷിക വിളകളുടെയും വിപണനത്തിന് പഞ്ചായത്ത്തലത്തിൽ വിപണനകേന്ദ്രം സ്ഥാപിച്ചാൽ ഇടത്തരക്കാരുടെ ചൂഷണം ഒഴിവാക്കാവുന്നതാണ്.

പാടശേഖരങ്ങളിലേക്കും മറ്റ് കൃഷിയിടങ്ങളിലേക്കും ഗതാഗത സൗകര്യം സുഗമമാക്കേണ്ടതുണ്ട്. കൊപ്രസംസ്കരണം, കാലിത്തീറ്റ നിർമ്മാണം, കയർ ഉല്പന്ന നിർമ്മാണം തുടങ്ങിയ കാർഷികേതര അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്.

നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വളം, വിത്ത്, കീടനാശിനികൾ, മറ്റ് യന്ത്രസാമഗ്രികൾ എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും അതോടൊപ്പം പാടശേഖര സമിതി, കാർഷിക വികസന സമിതി എന്നിവയുടെ പ്രാവർത്തനം സജീവമാക്കേണ്ടതുമാണ്.

കാർഷിക വിളകൾക്ക് തറവില നിശ്ചയിക്കുകയും പഞ്ചായത്ത്തലത്തിൽ വിപണനം നടത്തി വിലയിൽ കൃത്യത നിലനിർത്തുകയും വേണം.

കൃഷഭൂമി തുണ്ടുവല്ക്കരിക്കപ്പെട്ടതിനാൽ കൃഷിപ്പണിക്ക് ഇപ്പോൾ നിലവിലുള്ള അനാവശ്യചെലവ് ഒഴിവാക്കുന്നതിന് കൂട്ടുകൃഷി സമ്പ്രദായം നിർബന്ധമാക്കുകയും വിപുലീകരിക്കുകയും വേണം.

രാസവളങ്ങളുടെയും കീടനാശിനികളുടെയും വില വർദ്ധനവ് പരിഹരിക്കേണ്ടതാണ്.

കാർഷികവൃത്തിയിൽ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് ബോധവല്ക്കരണം നടത്തുന്നതിനും പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും കാർഷിക വികസന സമിതികൾ രൂപീകരിക്കുക.

യുവജനങ്ങളിൽ കൃഷിയോട് താൽപര്യം വർദ്ധിപ്പിക്കുന്നതിനും "കൃഷി ഒരു മാന്യമായ തൊഴിൽ" എന്ന നിലയിൽ വളർത്തിക്കൊണ്ടുവരുന്നതിനും സ്കൂൾതലം തൊട്ട് കൃഷി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

കൃഷിഭൂമി മണ്ണിട്ട് നികത്തുന്നതും അശാസ്ത്രീയമായ രീതിയിൽ റോഡുകൾ നിർമ്മിക്കുന്നതും കർശനമായ നിയമംമൂലം തടയേണ്ടതാണ്.

കൃഷിക്ക് ഉപകാരികളായ മണ്ണിര, മറ്റ് ചെറുജീവികൾ എന്നിയെ സംരക്ഷിക്കുന്നതിന് രാസവളപ്രയോഗവും കീടനാശിനികളുടെ ഉപയോഗവും കുറക്കേണ്ടതാണ്.

പച്ചിലവള പ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിഭൂമിയുടെ അതിരുകളിൽ ശീമക്കൊന്ന, മറ്റ് കുറ്റിച്ചെടികൾ എന്നിവ വളർത്തുകയും കൃഷിക്ക് മുമ്പായി വയലുകളിൽ ഡെയിഞ്ച മുതലായ ചെടികൾ വിതക്കുകയും ചെയ്യുക.

ഒരുപ്പൂകിൽ നിലവും ഇരുപ്പൂൽ നിലവും എല്ലാ വിളകളും എടുക്കുന്നതിന് സംവിധാനമുണ്ടാക്കി വിളവ് വർധിപ്പിക്കാവുന്നതാണ്.

പാടശേഖരങ്ങൾക്കരികിലുള്ള തോടുകൾ, കുളങ്ങൾ, കൈത്തോടുകൾ മുതലായ സംരക്ഷണ ഭിത്തികെട്ടി മഴക്കാലങ്ങളിൽ കൃഷിഭൂമിയിലേക്ക് വെള്ളം, മണൽ, ചരൽ എന്നിവ അടിച്ചു കയറുന്നത് തടയേണ്ടതാണ്.

ഗുണമേന്മയുള്ള വിത്തിനിങ്ങൾ ശേഖരിച്ച് ജൈവവളത്തിന് മുൻതൂക്കം നൽകി പച്ചക്കറി കൃഷി പഞ്ചായത്തിൽ വ്യാപിപ്പിക്കേണ്ടതാണ്.

കർഷകത്തൊഴിലാളികൾ, നിർമ്മാണ മേഖലകൾ പോലുള്ള മറ്റ് മേഖലകളിലേക്ക് മാറുന്നതുമൂലം കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറയുന്നു. ഇത് പരിഹരിക്കുന്നതിന് ഉഴവ്, നടീൽ, കൊയ്ത്ത്, മെതി എന്നീ രംഗങ്ങളിൽ യന്ത്രവല്ക്കരണം നടത്തുന്നത് അഭികാമ്യമാണ്.

### ജലസേചനം-പരിഹാര നിർദേശങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ചെള്ളിത്തോട്, കാപ്പിൽ തോട്, ഒലിക്കൽതോട്, കോട്ടലതോട് എന്നിവിടങ്ങളിൽ നിലവിലുള്ള ബണ്ടുകൾ വശങ്ങൾ ഉയർത്തി സംരക്ഷിക്കുകവഴി കൂടുതൽ ജലം ശേഖരിക്കുന്നതിനോടൊപ്പം ചോർച്ച തടയുകയും ചെയ്യേണ്ടതാണ്.

ഭൂമിയിലെ ജലവിതാനത്തിൻെറ തോത് ഉയർത്തുന്നതിനുവേണ്ടി തോടുകളിൽ ബണ്ടുകൾ നിർമ്മിക്കേണ്ടതാണ്. മുങ്ങത്തോടിൽ കൊരവത്തോട് ഭാഗത്തും ചെക്കു ഡാമുകൾ നിർമ്മിക്കുകയും കോട്ടാല നിലവിലുള്ള ബണ്ട് ക്രോസ്വെ കം ബ്രിഡ്ജ് ആക്കിമാറ്റുകയും ചെയ്താൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം കുടിവെള്ള പ്രശ്നവും പരിഹരിക്കാവുന്നതാണ്.

കൃഷിക്കാവശ്യമായ വൈദ്യുതി ആവശ്യാനു... ണം ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതോ... ടൊപ്പം സൗജന്യമാക്കുകയും വേണം. സോളാർ പാ... കൾ ഉപയോഗപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൽ സമഗ്രപച്ചക്കറി ഉല്പാദന പ... നടപ്പിലാക്കുക വഴി അടുക്കളതോട്ടങ്ങൾ വ്യാപകമാ... ന്നതിന് പ്രാദേശികതലത്തിൽ കാർഷിക വികസന സ... തികൾ രൂപീകരിച്ച് വിത്ത്, വളം, കീടനാശി എന്നിവ സ... ജന്യമായി നൽകുകയും ചെയ്യേണ്ടതാണ്. കൂടാതെ വീ... മ്മമാർക്ക് തുടർച്ചയായ ശാസ്ത്രീയ വളപ്രയോഗം കീ... നാശിനി പ്രയോഗം എന്നിവയിൽ പഞ്ചായത്ത്തലത്തിൽ പരിശീലനം നൽകി പ്രവർത്തനം മെച്ചപ്പെടുത്തണം.

നമ്മുടെ പഞ്ചായത്തിലെ പ്രധാനജലസ്റോതസ്സു... കൾ, ചെറുതോടുകൾ, കളങ്ങൾ എന്നിവയാണ്. ഇവകൊടുമാത്രം പഞ്ചായത്തിൻെറ കുടിവെള്ള പ്രശ്... വും ജലസേചനാവശ്യങ്ങളും വൾദ്ധിപ്പിക്കുവാൻ സാധ്യ... മല്ല. അതിനാൽ തൊട്ടുകിടക്കുന്ന എടവണ്ണ, മമ്പാട്, വണ്ടൂർ എന്നീ പഞ്ചായത്തുകളുമായി ബന്ധപ്പെടുത്തി വൻജല പദ്ധതികൾ അടിയന്തരമായി ഏർപ്പെടുത്തേണ്ടതാണ്.

ജലസേചന വകുപ്പിൻെറയും വൈദ്യുതി വകുപ്പി... ൻെറയും ബാങ്കുകളുടെയും പ്രവർത്തനം ഏകോപിപ്പി... ച്ച് പദ്ധതികളിൽ വരുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

### മണ്ണൊലിപ്പ്

കരഭൂമികളിൽ നിന്നും വെള്ളം ഒലിച്ചിറങ്ങി മേൽമ... ണ്ണ് നഷ്ടപ്പെടാതിരിക്കാൻ ഭൂമി തട്ടുകളായി തിരിക്കുക... യും വരമ്പുകളിൽ ഇഞ്ചിപ്പുല്ല്, രാമച്ചം മുതലായ പുൽവ... ളകൾ വെച്ചുപിടിപ്പിക്കുക.

കുന്നിൻ പ്രദേശങ്ങൾ കയ്യാലകൾകെട്ടി സംരക്ഷി... ക്കുകയും അതിരുകളിൽ വൃക്ഷങ്ങൾവെച്ച് പിടിപ്പി... ക്കുക എന്നിവ ചെയ്താൽ മണ്ണൊലിപ്പ് ഒരു പരിധിവരെ തടയാവുന്നതാണ്. ഇതുവഴി കൃഷഭൂമി തൂർന്ന് നിക... ത്തുന്നതും തടയാവുന്നതാണ്.



കൃഷിവകുപ്പ്
കൃഷി
കർഷകൻ
ജലസേചന വകുപ്പ്
കർഷകതൊഴിലാളികൾ
വൻകിട പദ്ധതികൾ
ചെറുകിട പദ്ധതികൾ
കവുങ്ങ് അടക്ക
തെങ്ങ് നാളികേരം
എള്ള്
റബ്ബർ
കശുവണ്ടി
കുരുമുളക്
നെല്ല്
വാഴ
പച്ചക്കറി
മധുരക്കിഴങ്ങ്
കപ്പ
ചേന
ചേമ്പ്
പഴങ്ങൾ
തേൻ
പാൽ
സംഭരണം
സംസ്കരണം
ഇൻഡസ്ട്രീസ്
വറവ്
വാഴനാരുല്പന്നം
കായത്തോട്
വറവ്
കപ്പത്തോട്
കാലിത്തീറ്റ
സംഭരണം
സംസ്കരണം
വനിത
സംഭരണം - സംസ്കരണ - വിപണന സൊസൈറ്റി
നാരങ്ങ
മാങ്ങ
നെല്ലിക്ക
പച്ചമുളക്
കൈപ്പ
വനിതാ സഹകരണസംഘം
പയർ
ചക്ക
കായ
പഴങ്ങൾ
കൂവ



# 4-2 മൃഗസംരക്ഷണം

നമ്മുടെ പഞ്ചായത്തിൽ മൃഗപരിപാലന രംഗത്ത് കഴിഞ്ഞ രണ്ടുമൂന്ന് ദശാബ്ദക്കാലത്തിനിടക്ക് വന്നിട്ടുള്ള മാറ്റങ്ങൾ അനവധിയാണ്. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട മാറ്റം അത്യുദ്പാദന ശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും തുടർന്ന് ഉൽപാദനത്തിലും ഉദ്പാദനക്ഷമതയിലും ഉണ്ടായ വർദ്ധനവുമാണ്. ഒപ്പം നാടൻ ഇനങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്തു.

ആട്, പശു എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. ആദ്യകാലങ്ങളിൽ ഒരു കോഴിയെങ്കിലും ഇല്ലാതിരുന്ന വീടുകൾ കുറവായിരുന്നു. ഇന്ന് 50 ശതമാനം വീടുകളിൽ മാത്രമേ കോഴികളെ വളർത്തുന്നുള്ളൂ. ചില വീടുകളിൽ മുയലുകളെയും വളർത്തുന്നു. വാണിജ്യാടിസ്ഥാനത്തിൽ കോഴികളെ വളർത്തുന്ന കുടുംബങ്ങൾ വിരളമാണ്.

പഞ്ചായത്തിൽ 60 ശതമാനത്തിലേറെ പശുക്കൾ സങ്കരയിനത്തിൽ പെട്ടതാണ്.1996 സാമൂഹ്യ സാമ്പത്തിക സർവെ പ്രകാരം പ്രതിദിനം 1200 ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നുണ്ട്. ഉൽപാദിപ്പിക്കുന്ന പാൽ ഭൂരിഭാഗവും വിറ്റഴിക്കുന്നത് ക്ഷീര വികസന സംഘങ്ങൾ മുഖേനയാണ്. കാലിത്തീറ്റയുടെ വിലവർദ്ധനവ്, തീറ്റപുല്ലിന്റെയും വൈക്കോലിന്റെയും ലഭ്യതക്കുറവ് എന്നിവ കാലിവളർത്തലിനെ പൊതുവിൽ നിരുത്സാഹപ്പെടുത്തുന്നുണ്ട്.

പഞ്ചായത്തിൽ 4 ക്ഷീര വികസന സംഘങ്ങൾ ഉണ്ട്.

പട്ടിക-1

| നമ്പർ | സംഘത്തിന്റെ പേര് | മെമ്പർമാരുടെ എണ്ണം | പ്രതി ദിനം ഉത്പാദിപ്പിക്കുന്ന പാൽ |
|---|---|---|---|
| 1 | ക്ഷീരോത്പാദന സഹകരണ സംഘം (പത്തിരിയാൽ) | 128 | 98 ലിറ്റർ |
| 2 | ക്ഷീരോൽപാദന സഹകരണ സംഘം (കരിഞ്ചിരിയാൽ) | 230 | 259 ലിറ്റർ |
| 3 | ക്ഷീരോൽപാദന സഹകരണസംഘം (പുന്നപ്പാല) | 124 | 210ലിറ്റർ |
| 4 | ക്ഷീരോത്പാദന സഹകരണ സംഘം (തായങ്കോട്) | 176 | 225ലിറ്റർ |

(അവലംബം:- ദ്വിതീയ വിവര ശേഖരണം)

IRDPപോലുള്ള ധനസഹായങ്ങൾ വഴിയും ക്ഷീര വികസന സഹകരണ സംഘങ്ങൾ വഴിയും ക്ഷീരകർഷക രംഗത്ത് വൻ മാറ്റമുണ്ടാക്കുവാനും കർഷകർക്ക് ആശ്വാസം നൽകുവാനും സാധിച്ചുവെങ്കിലും ഉൽപാദന ചെലവിനനുസരിച്ചുള്ള വരുമാനം ക്ഷീര കർഷകർക്ക് ലഭിക്കുന്നില്ല. മാർക്കറ്റ് വിലയുടെ 75-80 ശതമാനം മാത്രമാണ് പാലിന് ക്ഷീര സംഘടനകൾ മുഖേന പലപ്പോഴും ലഭിക്കുന്നത്.

1996 മാർച്ച് 27 മുതൽ ഒരു മൃഗാശുപത്രി പ്രവർത്തനമാരംഭിച്ചു. വണ്ടൂർ മൊബെൽ ഹോസ്പിറ്റലിലെ ഡോക്ടർമാർക്കാണ് ഈ ആശുപത്രിയുടെ അധികച്ചുമതല. ഈ ആശുപത്രിയിൽ ഒരു ഡോക്ടറെ നിയമിക്കേണ്ടതുണ്ട്. മൃഗാശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണ്. തിരുവാലി സെൻററിൽ നിന്നും മാറിയാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്. സൗകര്യങ്ങളും വളരെ അപര്യാപ്തമാണ്. ആവശ്യമായ മരുന്നുകളും ക്രിത്രിമ ബീജസങ്കലനം നടത്തുന്നതിനുള്ള സൗകര്യവും "ട്രെവിസും" ഫർണീച്ചറുകളും ഒന്നും തന്നെയില്ലാത്ത അവസ്ഥയിലാണി സ്ഥാപനം. അപര്യാപ്തതകൾ ഏറെയുള്ള ഗോസംവർദ്ധന ഉപ കേന്ദ്രവും തിരുവാലി തോടായത്തിൽ പ്രവർത്തിച്ചുവരുന്നു.

പ്രാഥമിക മേഖലയിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ അനുസ്യൂതമായ വികസനമുണ്ടായിട്ടുണ്ട്.

ഇന്നത്തെ അവസ്ഥ പട്ടികാരൂപത്തിൽ---

### പട്ടിക-2
### വളർത്തുമൃഗങ്ങളും പക്ഷികളും

| നമ്പർ | മൃഗങ്ങളുടെ/ പക്ഷികളുടെ ഇനം | എണ്ണം |
|---|---|---|
| 1 | പശു/ എരുമ | 1340 |
| 2 | കാള/ പോത്ത് | 134 |
| 3 | ആട് | 955 |
| 4 | കോഴി/ താറാവ് | 9557 |

പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ 1 മുതൽ 5 വരെ വാർഡുകളിലെ കന്നുകാലികൾക്ക് രോഗം വന്നാൽ തിരുവാലിയിലെ മൃഗാശുപത്രിയെയും 6 മുതൽ 10വരെ വാഡുകളിലെ കന്നുകാലികൾക്ക് രോഗം വന്നാൽ തൊട്ടുകിടക്കുന്ന പഞ്ചായത്തിലെ വണ്ടൂർ മൃഗാശുപത്രിയെയുമാണ് ആശ്രയിക്കുന്നത്.

കന്നുകാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം മുതലായവയുമാണ്. രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും കർഷകരിൽ ഒരു പരിധവരെ ബോധവൽക്കരണം നടത്തുന്നതിന് മൃഗാശുപത്രികളുടെയും ക്ഷീരവികസന സഹകരണ സംഘങ്ങളുടെയും പ്രവർത്തനം മൂലം സാധിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

ഇപ്പോഴുള്ള മൃഗാശുപത്രി സൗകര്യപ്രദമായ സ്ഥലത്തല്ല. കൃത്രിമ ബീജസങ്കലനത്തിന് യാതൊരു സൗകര്യവും സംവിധാനവും ഇല്ല. ക്ഷീരോത്പാദനസഹകരണ സംഘങ്ങൾ മുഖേന ശേഖരിക്കുന്ന പാൽ പഞ്ചായത്തിൽ തന്നെ ചില്ലിങ്ങ് പ്ലാൻറ് ഇല്ലാത്തതിനാൽ പാൽ സംഭരിച്ചയുടൻ വിപണനം ചെയ്യേണ്ടതായിട്ടു വരുന്നു.

തീറ്റപ്പുൽകൃഷി തീരെ കുറവാണ്. അതിനാൽ ക്ഷീര കർഷകർക്ക് അധികച്ചെലവിൽ തീറ്റപ്പുല്ലും കാലിത്തീറ്റയും വാങ്ങിക്കേണ്ടിവരുന്നു.

ഉഴവുകാളകൾ പഞ്ചായത്തിൽ തീരെ കുറവാണ്. ട്രാക്ടർ ഉപയോഗിക്കുന്നതിനാണ് കർഷകർക്ക് താത്പര്യം. ചെറിയശതമാനം ആളുകൾ ആടുകളെ വളർത്തുന്നു. പാലുത്പാദനം കുറവാണ്. ആടുകളെ മാംസാവശ്യത്തിനാണ് വളർത്തുന്നത്. ഭൂരിഭാഗം കുടുംബങ്ങളിലും കോഴികളെ വളർത്തുന്നുണ്ടെങ്കിലും 75 ശതമാനവും നാടൻ കോഴികളാണ്.

20 മുതൽ 25 ശതമാനം വരെ ഭവനങ്ങളിൽ വളർത്തുനായ്ക്കൾ ഉണ്ട്. പേ വിഷബാധക്കെതിരെ കുത്തിവെപ്പ് നടത്താത്തവയാണധികവും. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ ഒരു സ്ഥിരം ശല്യമാണ്. പഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ മുയലുകളെ വളർത്തുന്നില്ല.

ഏതാനും വീടുകളിൽ തേനീച്ചവളർത്തൽ ഉണ്ട്. തേനീച്ച കൃഷിക്കാരെ [BeeKeeping]പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. തേനീച്ചകൾക്ക് രോഗം തടയുന്നതിനും ഉൽപാദിപ്പിക്കുന്ന തേൻ വിറ്റഴിക്കാനും മതിയായ വില ഉറപ്പുവരു

ത്താനും കഴിഞ്ഞിട്ടില്ല. ഇപ്പോൾ നിലവിലുള്ള പദ്ധതികൾ
1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.
2. പേവിഷ നിയന്ത്രണ പദ്ധതി.
3. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി.
4. കാലിരോഗ നിയന്ത്രണം.
5. കന്നുകാലി വികസനത്തിനുള്ള മൃഗ സംരക്ഷണസേവനങ്ങൾ.
6. ആടുവളർത്തൽ പദ്ധതി.
7. കോഴിവളർത്തൽ പദ്ധതി.
8. വികസനവും, പരിശീലനവും, വിജ്ഞാനവ്യപനവും.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി കൊണ്ടുദ്ദേശിക്കുന്നത് ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി. പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറക്കുക. ആദ്യപ്രസവം 30-ാം മാസത്തിൽ സാദ്ധ്യമാക്കുക, ഇൻഷൂറൻസ് പരിരക്ഷ നൽകുക എന്നിവയാണ്.

## നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ

1. രോഗപ്രതിരോധത്തിനുള്ള മരുന്നുകളുടെ ദൗർലഭ്യം.

2. അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനും വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിനും ബന്ധപ്പെട്ടവർ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.

1. നിലവിലുള്ള ആശുപത്രി തിരുവാലി അങ്ങാടിയിൽ തന്നെ പ്രവർത്തിക്കാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ആശുപത്രിയിലേക്കാവശ്യമായ ഫർണിച്ചറുകൾക്കും മരുന്നിനും ഉപകരണങ്ങൾക്കും വേണ്ട സംവിധാനം ഏർപ്പെടുത്തുക. വാക്സിനും മരുന്നുകളും സൂക്ഷിക്കുവാൻ ഒരു റഫ്രിജറേറ്റർ ആശുപത്രിക്ക് ലഭിക്കേണ്ടതുണ്ട്.

2. പഞ്ചായത്തിൽ സംഭരിക്കുന്ന പാൽ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഒരു മിൽക്ക് ചില്ലിംഗ് പ്ലാൻറ് ആരംഭിക്കേണ്ടതാണ്.

3. വൻതോതിൽ പ്രോത്സാഹനം നൽകി തീറ്റപുൽ കൃഷി വിപുലീകരിക്കുക. കാലിത്തീറ്റയുടെ ഉയർന്ന വില പശുവളർത്തലിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു. കാലിത്തീറ്റയുടെ വിൽപ്പന നികുതി ഒഴിവാക്കുകയും സബ്സിഡി നിരക്കിൽ റേഷൻകടകൾ മുഖേന കർഷകർക്ക് നൽകുക.

4. വീട്ടമ്മമാർക്കും മറ്റും വരുമാനമാർഗമായി കോഴിവളർത്തൽ സഹകരണസംഘം രൂപീകരിക്കുക. കോഴിയും കോഴിത്തീറ്റയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.

5. മൃഗസംരക്ഷണമേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ധനസഹായം എത്തിക്കുകയും അതു വഴി ദരിദ്രജനങ്ങളുടെ വിശിഷ്യാ പട്ടികജാതിക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ ഈ മേഖലയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.

6. തൊഴിൽ രഹിതരായ സ്ത്രീകളെ മൃഗസംരക്ഷണത്തിൽ ആഭിമുഖ്യമുള്ളവരാക്കുക.

7. പഞ്ചായത്തിലെ ലൈസൻസില്ലാത്ത (പേ വിഷബാധക്കെതിരെ കുത്തിവെപ്പ് എടുത്തിട്ടില്ലാത്തതും ഉടമസ്ഥരില്ലാത്തതുമായ) നായ്ക്കളെ നശിപ്പിക്കുക.

8."മലബാറി' ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ പഞ്ചായത്തിൽ പ്രജനന ആടുവളർത്തൽ യൂനിറ്റ് സ്ഥാപിക്കുക.

9. കോഴിവളർത്തൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനായി പഞ്ചായത്തിൽ "എഗ്ഗർ നേഴ്സറി" പദ്ധതികൾ വ്യാപകമാക്കുകയും "ഹാച്ചറി" യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

10. പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 'ഒരു വീട്ടിൽ ഒരു പശു" പദ്ധതി, മിനി ഡയറി യൂണിറ്റുകൾ എന്നിവ നടപ്പാക്കുക.

11. സ്കൂൾ കുട്ടികളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂളുകളിൽ "പൗൾട്രി ക്ലബ്ബുകൾ" ആവിഷ്കരിക്കുക.

12. ആടുവളർത്തൽ വിപുലപ്പെടുത്തുന്നതിനു വേണ്ടി 20-30 കർഷകരെ ഉൾപ്പെടുത്തികൊണ്ടുള്ള ചെറുകിട ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക

13. പേ വിഷബാധാ നിയന്ത്രണത്തിന് പഞ്ചായത്ത് തലത്തിൽ പ്രവർത്തകസമിതി രൂപീകരിക്കുകയും വാർഡ് തല സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്യുക. വളർത്തുനായ്ക്കളുടെ കണക്കെടുപ്പ് നടത്തുകയും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക. വളർത്തുനായ്ക്കളെ പ്രതിരോധകുത്തിവെപ്പിന് വിധേയമാക്കുക. തെരുവ് നായ്ക്കളെ തെരഞ്ഞുപിടിച്ച് നശിപ്പിക്കുകയും അതോടൊപ്പം ഭക്ഷണാവശിഷ്ടങ്ങളും ചപ്പുചവറുകളും തെരുവിൽ വലിച്ചെറിയുന്നത് ഒഴിവാക്കുകയും വേണം. കൂടാതെ പേവിഷബാധക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുക.

14. കാലിത്തീറ്റയുടെ കുറഞ്ഞ ചിലവിലുള്ള ലഭ്യതലാക്കാക്കി, സഹകരണാടിസ്ഥാനത്തിൽ ചെറിയ കാലിത്തീറ്റനിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച് മിൽക്ക് സൊസൈറ്റി മുഖേന വിപണനം നടത്തേണ്ടതാണ്.



# 4-3 വ്യവസായം

വ്യാവസായികമായി തിരുവാലി പഞ്ചായത്ത് വളരെ പിന്നോക്കാവസ്ഥയിലാണ്. സ്വകാര്യമേഖലയിലും സഹകരണ മേഖലയിലുമായി ചുരുക്കം ചില വ്യവസായ യൂനിറ്റുകൾ ഒഴികെ പൊതുമേഖലയിൽ ചെറുതും വലതുമായി ഒരു വ്യവസായവും നിലവിലില്ല.

ചില പരമ്പരാഗത-കുടിൽ വ്യവസായങ്ങളും കാണപ്പെടുന്നു. പഞ്ചായത്തിൻെറ ഈ വ്യാവസായിക പിന്നോക്കാവസ്ഥക്ക് പ്രധാന കാരണം വൈദ്യുതിയുടെ ദൗർലഭ്യവും സാമ്പത്തികമായ ശേഷികുറവുമാണ്. ഈ അവസ്ഥ തരണം ചെയ്ത് മുന്നോട്ടുപോകണമെങ്കിൽ പഞ്ചായത്തിൽ നിലവിലുള്ള ഇന്നത്തെ അവസ്ഥ, നേരിടുന്ന പ്രശ്നങ്ങൾ വിവിധ തുറകളിൽ നിന്നും നിർദ്ദേശിക്കപ്പെട്ട പരിഹാര നിർദേശങ്ങൾ എന്നിവ കണക്കിലെടുക്കേണ്ടതാണ്.

## ഇന്നത്തെ അവസ്ഥ

പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ മൂന്ന് ഇടത്തരം വ്യവസായ സ്ഥാപനങ്ങളും അമ്പതോളം ചെറുകിട വ്യവസായ യൂനിറ്റുകളും ഉണ്ട്. നൂറോളം പരമ്പരാഗത കുടിൽവ്യവസായങ്ങളും നിലവിലുണ്ട്.

നമ്മുടെ പഞ്ചായത്തിൽ വിവിധ വ്യവസായമേഖലകളിലായി 1666 തൊഴിലാളികൾ ഉണ്ടെന്നാണ് കണക്ക് ഇതിൽ 651 സ്ത്രീത്തൊഴിലാളികളാണ്. സ്ത്രീകൾ പ്രധാനമായും ബേഗ് നിർമാണം, ബുക്ക് ബൈൻറിങ്ങ്, റെഡിമെയ്ഡ് വസ്ത്രനിർമാണം, കൈത്തറി നെയ്ത്ത്, നൂൽ നൂൽപ്പ്, ഇഷ്ടിക നിർമാണം, കയറ്പിരി, പായ നെയ്ത്ത്, കൊട്ട-മുറം-പരമ്പ് നിർമാണം, പപ്പടനിർമാണം എന്നീ മേഖലകളിലാണ് ജോലി ചെയ്യുന്നത്. പഞ്ചായത്തിൽ മുൻ കാലങ്ങളിൽ പ്രധാനമായും നിലനിന്നിരുന്ന പരമ്പരാഗത കൈതൊഴിലുകളിൽ പപ്പടനിർമാണം മാത്രമാണ് പുരോഗതി കൈവരിച്ചിട്ടുള്ളത്.

കാർഷിക വൃത്തിയോടുള്ള ആഭിമുഖ്യം കുറഞ്ഞതോടുകൂടി കുട്ട, മുറം, പരമ്പ്, വല്ലം, കുണ്ടം കുട, തൊപ്പിക്കുട മുതലായ പരമ്പരാഗത തൊഴിലുകൾ കുറഞ്ഞു.

നിലവിലുള്ള വ്യവസായിക യൂനിറ്റുകളിൽ ഭൂരിഭാഗവും സാമ്പത്തിക പരാധീനതയിലും നഷ്ടത്തിലുമാണ്. പഞ്ചായത്തിലുള്ള രണ്ട് സഹകരണ വ്യവസായ സ്ഥാപനങ്ങളും നഷ്ടത്തിലാണ്. വൈദ്യുതിയുടെ ലഭ്യത കുറവും വോൾട്ടേജ് ക്ഷാമവും ഈ മേഖലയുടെ തീരാശാപങ്ങളാണ്.

പട്ടിക-1
നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള വ്യവസായയൂനിറ്റുകൾ

| ക്രമനമ്പർ | ഇടത്തരം വ്യവസായങ്ങൾ (നിലവിലുള്ളത്) |
|---|---|
| 1 | വയനാട് റസിൻഡ് - കോഴിപ്പറമ്പ് |
| 2 | നിലമ്പൂർ ലാറ്റക്സ് - ചെമ്മരം |
| 3 | എല്ലുപൊടി നിർമാണയൂനിറ്റ്- ചെമ്മരം |

പട്ടിക-2 ചെറുകിട വ്യവസായങ്ങൾ നിലവിലുള്ളത്

| നമ്പർ | പേര് ഇനം തിരിച്ച് | എണ്ണം |
|---|---|---|
| 1 | ഇഷ്ടിക കമ്പനികൾ | 3 |
| 2 | ഹോളോ ബ്രിക്സ് | 1 |
| 3 | റെഡിമെയ്ഡ് യൂണിററുകൾ | 5 |
| 4 | തടിമിൽ | 4 |
| 5 | കൊപ്ര | 2 |
| 6 | റൈസ്മിൽ | 10 |
| 7 | പ്രിൻറിങ്ങ് പ്രസ് | 4 |
| 8 | ആയൂർവേദ മരുന്നുനിർമാണം | 5 |
| 9 | ഇൻറസ്ട്രിയൽ യൂനിറ്റ് | 4 |
| 10 | കോൺക്രീറ്റ് ഫർണിച്ചർ യൂനിറ്റ് | 1 |
| 11 | മിറർ നിർമാണ യൂനിറ്റ് | 1 |
| 12 | ബേക്കറി | 1 |
| 13 | കോൺക്രീറ്റ് ഇഷ്ടിക | 2 |
| 14 | ബാരൽ റീ കണ്ടിഷൻ യൂനിറ്റ് | 1 |
| 15 | റിപ്പർ സ്വിച്ച് ബോർഡ് | 1 |

പട്ടിക-3 പരമ്പരാഗത-കുടിൽവ്യവസായങ്ങൾ

| | | |
|---|---|---|
| 1 | ചെങ്കല്ല്വെട്ട് യൂനിറ്റുകൾ | 26 |
| 2 | കരിങ്കൽ ക്വാറി | 3 |
| 3 | നെയ്ത്ത് | 4 |
| 4 | കരിങ്കൽ മെറ്റൽ നിർമാണം | 4 |
| 5 | ഇരുമ്പുപണി | 14 |
| 6 | സ്വർണ്ണപ്പണി | 13 |
| 7 | ഉറി നിർമാണം | 1 |
| 8 | പുൽപായ നിർമ്മാണം | 1 |
| 9 | കയർപിരി കേന്ദ്രം | 2 |
| 10 | പപ്പടനിർമാണം | 4 |
| 11 | പായ നെയ്ത്ത് | 8 |
| 12 | കൊട്ട-മുറം നെയ്ത്ത് | 4 |

പട്ടിക-4 സഹകരണ മേഖലയിലെ വ്യവസായങ്ങൾ

| | | |
|---|---|---|
| 1 | ഓട്ടുകമ്പനികൾ | 1 |
| 2 | കൈത്തറി | 1 |
| 3 | റക്സിൻ-റെഡിമൈഡ് | 1 |

പട്ടിക-5 പരമ്പരാഗത മേഖലയിലെ ഭാഗികമായി യന്ത്രം ഉപയോഗിക്കുന്ന വ്യവസായങ്ങൾ

| | | |
|---|---|---|
| 1 | കല്ലുവെട്ട് യൂനിറ്റ് | 10 |
| 2 | മരം ഫർണിച്ചർ | 2 |
| 3 | കരിങ്കൽ ക്വാറി | 2 |

പട്ടിക-6 വിവിധ മേഖലകളിലെ കൂലി നിരക്ക്

| നമ്പർ | ഇനം | പുരു. | സ്ത്രീ |
|---|---|---|---|
| 1. | തടിവ്യവസായം | 125 | 50 |
| 2. | കയർ | 50 | 25 |
| 3. | ബേക്കറി | 50 | 25 |
| 4. | കല്ലുവെട്ട് | 100 | 75 |
| 5. | റെഡിമെയ്ഡ് | 50 | 35 |
| 6. | ഓയിൽമിൽ<br>റൈസ്മിൽ | 50 | 35 |
| 7. | നിർമ്മാണ തൊഴിൽ | 125 | 75 |
| 8. | ആഭരണ നിർമ്മാണം | 100 | – |
| 9. | സോഡ | 50 | -- |
| 10. | എഞ്ചിനീയറിങ്ങ് | 125 | -- |
| 11. | പപ്പടം | 50 | 25 |
| 12. | കൈത്തറി | 50 | 30 |
| 13. | ലാറ്റക്സ് | 45 | 45 |
| 14. | ഇഷ്ടിക | 50 | 40 |
| 15. | പുൽപായ | 50 | 25 |
| 16. | കളിമണ്ണ് | 50 | 25 |
| 17. | കൊപ്ര | 50 | 25 |
| 18. | ബാരൽ റീ കണ്ടീഷൻ | 50 | -- |
| 19. | സെയിൽസ് മെൻ | 50 | 25 |
| 20. | സൈക്കിൾ റിപ്പയർ | 50 | -- |
| 21. | കോൺക്രീറ്റ് ഫർണിച്ചർ | 75 | 50 |
| 22. | കരിങ്കൽപ്പണി | 125 | 75 |
| 23. | ഗ്ലാസ് ഫാക്ടറി | 75 | -- |
| 24. | മത്സ്യവിതരണം | 50 | -- |
| 25. | പാൽ – പത്രം | 50 | -- |

കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുന്നതിനുള്ള സൗകര്യകുറവും അസംസ്കൃതവസ്തുക്കളുടെ അമിതവിലയും ലഭ്യതകുറവും ഉൽപന്നങ്ങളുടെ വിപണനത്തിനുള്ള അസൗകര്യവും ഇതിന് കാരണമാണ്.

പഞ്ചായത്തിൽ ചിലയിടങ്ങളിൽ ചൈനാക്ലേ നിക്ഷേപവും കളിമണ്ണും കാണപ്പെടുന്നു. റബ്ബർതടി ലഭിക്കാൻ ഏറെ സൗകര്യം ഉണ്ട്. കൂടാതെ കരിങ്കൽ-ചെങ്കൽ നിക്ഷേപവും ഉണ്ട്.

## നേരിടുന്ന പ്രശ്നങ്ങൾ

വ്യവസായരംഗം വൈദ്യുതിയുടെയും ഗതാഗതസൗകര്യത്തിൻെറയും അഭാവത്തിൽ പ്രതിസന്ധി നേരിടുന്നു.

പഞ്ചായത്തിൽ സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഓട്ടുകമ്പനി, കൈത്തറി നെയ്ത്ത് സംഘവും നൂൽനൂൽപ്പ് കേന്ദ്രവും സാമ്പത്തികമായി പ്രതിസന്ധി നേരിടുന്നു. കൈത്തറി മേഖലയിൽ തൊഴിലാളികൾക്ക് പണിശാലയുടെ അഭാവവും അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യത ഉൽപാദന ഉപകരണങ്ങൾ വാങ്ങാനുള്ള സാമ്പത്തികശേഷിക്കുറവ്, ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള അസൗകര്യം എന്നിവ പ്രശ്നങ്ങളാണ്.

പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായമില്ലായ്മ, പരിശീലനകേന്ദ്രത്തിൻെറ അഭാവം, ഉൽപാദനോപകരണങ്ങൾ, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവയുടെ വിലവർധന എന്നിവ ഈ മേഖലയുടെ പുരോഗതിയെ ബാധിക്കുന്നു.

മുഖ്യ വിളയായ നാളികേരം വ്യാവസായികാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. ചകിരി അടിസ്ഥാനമാക്കിയുള്ള വ്യവസായവും കുറവാണ്.

സംരംഭകത്വ പരിശീലനത്തിൻെറ അഭാവം, മൂലധനത്തിൻെറ അപര്യാപ്തത, ദേശസാൽകൃത ബേങ്കിൻെറ അഭാവം, കൂലിനിരക്കിലുള്ള വർദ്ധന, ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള അസൗകര്യം എന്നിവ പ്രശ്നങ്ങളാണ്.

കൂടാതെ വ്യവസായമേഖലയുടെ ആധുനികവൽക്കരണവും കമ്പോളവൽക്കരണവും വായ്പകൾ ലഭിക്കുന്നതിനുള്ള താമസം, ശാസ്ത്രീയമായ ബോധവൽക്കണത്തിൻെറ അഭാവം എന്നിവയും പ്രശ്നങ്ങളാണ്.

വ്യവസായവകുപ്പിൻെറയും അനുബന്ധ ബോർഡുകളുടെയും നയവൈകല്യം, വിൽപനനികുതി വകുപ്പിൻെറ ഇടപെടലുകൾ ഉണ്ടാകുമോ എന്ന ഭയം എന്നിവയും പ്രശ്നങ്ങളാണ്.

## പരിഹാരനിർദ്ദേശങ്ങൾ

1) പഞ്ചായത്തിൻെറ പുറംപോക്ക് സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

2) സഹകരണ മേഖലയിൽ ഒരു കൊപ്രസംഭരണ - സംസ്കരണ യൂനിറ്റ് സ്ഥാപിക്കുക. ഇതുവഴി നാളികേര കൃഷിക്കാർക്ക് പ്രയോജനമാവുകയും പത്ത് പേർക്ക് സ്ഥിരം തൊഴിൽ ലഭിക്കുകയും ചെയ്യും.

3) സോപ്പ് നിർമ്മാണയൂനിറ്റുകൾ സഹകരാടിസ്ഥനത്തിൽ സ്ഥാപിക്കുക.

4) DWCRA പ്രകാരം പേപ്പർ കവർ യൂനിറ്റുകൾ സ്ഥാപിക്കുക.

5) കശുമാമ്പഴത്തിൽനിന്നും നാളികേരവെള്ളത്തിൽ നിന്നും വിനാഗിരി, സ്ക്വാഷുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള യൂനിറ്റുകൾ ആരംഭിക്കണം.

6) ചകിരി ഉപയോഗിച്ച് കയർഉൽപന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂനിറ്റ്.

7) ഫർണിച്ചർ വ്യവസായ യൂനിറ്റ്, വെൽഡിംഗ് യൂനിറ്റ് എന്നിവ ആരംഭിക്കാം.

8) റബ്ബർപാൽ അടിസ്ഥാനമാക്കിയുള്ള വ്യവസായയൂനിറ്റുകൾ.

9) സഹകരണാടിസ്ഥാനത്തിൽ പരമ്പരാഗത വ്യവസായ വികസന സൊസൈറ്റി രൂപീകരിച്ച് കുട്ട, മുറം, പരമ്പ് മുതലായവ ഉൽപാദിപ്പിക്കുന്നതിന് അസംസ്കൃത വസ്തുക്കൾ എത്തിക്കുകയും ഉൽപങ്ങളുടെ വിപണനത്തിൽ സഹായിക്കുകയും ചെയ്യുക.

10) കാലിത്തീറ്റ നിർമ്മാണഫാക്ടറി സ്ഥാപിക്കുക.

11) കാർഷികോൽപന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള ചിപ്സ് നിർമ്മാണം, അവിൽ, അച്ചാറ്, സ്ക്വാഷ്, ജാം, കറിപൗഡറുകൾ എന്നിവയുടെ നിർമ്മാണയൂനിറ്റുകൾ ആരംഭിക്കുക.

12) ബുക്ക് ബൈൻറിംഗ്, ബേഗ് നിർമ്മാണം, ചെരിപ്പ് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

13) തീപ്പെട്ടിനിർമ്മാണം, പരമ്പരാഗത വ്യവസായങ്ങളായ പായനെയ്ത്ത്, പപ്പടനിർമ്മാണം മുതലായ യൂനിറ്റുകൾ ആരംഭിക്കാം.

14) സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സഹകരണ ഭവനനിർമ്മാണ യൂനിറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക. ഇതിനാവശ്യമായ കരിങ്കല്ല്, ചെങ്കല്ല് എന്നിവ ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ നിലവിലുള്ള കരങ്കൽ - ചെങ്കൽ ക്വാറികൾ ഏറ്റെടുക്കാം. കൂടാതെ കെട്ടിടങ്ങൾക്കാവശ്യമായ ഫർണിച്ചറുകൾ, ഇഷ്ടിക, ഓട്, ഫ്ളോർ ടൈൽസ്, ഹുരുഡീസ് എന്നിവ പഞ്ചായത്തിൽ തന്നെ ഉള്ള വ്യവസായ യൂനിറ്റുകളിൽനിന്നും ലഭ്യമാക്കാം.

15) പഞ്ചായത്തിലേക്കാവശ്യമായ ജൈവവളങ്ങൾ ലഭ്യമാക്കുന്നതിന് ജൈവവള-എല്ല്പൊടി നിർമ്മാണ യൂനിറ്റ് സഹകരാടിസ്ഥാനത്തിൽ ആരംഭിക്കുക.

16) സിമൻറ് ഇഷ്ടിക, ഹോളോബ്രിക്സ്, സിമൻറ് ഫർണിച്ചർ മുതലായ യൂനിറ്റുകളാരംഭിക്കുക.

17) അലൂമിനിയപാത്ര നിർമ്മാണം, ഇരുമ്പുപണിശാലകൾ മുതലായവും കളിമൺ വ്യവസാങ്ങളായ ഓട്, ഇഷ്ടിക, ഹുരുഡീസ്, കളിമൺപാത്രങ്ങൾ, പൂച്ചട്ടികൾ എന്നിവ നിർമ്മിക്കുന്ന യൂനിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കുക.

18) ഇലക്ട്രോണിക്ക് വ്യവസായങ്ങൾ, അസംബ്ലിങ് യൂനിറ്റുകൾ എന്നിവ ആരംഭിക്കുക.

19) കോഴിവളർത്തൽ യൂനിറ്റ്, ക്ഷീരവ്യവസായ യൂനിറ്റുകൾ എന്നിവ ആരംഭിക്കുക.

20) പഞ്ചായത്തിൽ ഒരു കശുഅണ്ടി വ്യവസായം എന്നിവയും ആരംഭിക്കുക.

21) വനിതകൾക്കായി ഒരു പ്രിൻറിംഗ് പ്രസ്സ് സ്ഥാപിക്കുക.

22) ചൈനാ ക്ലേ ഉപയോഗിച്ചുള്ള ഒരു വ്യവസായ യൂനിറ്റ് ആരംഭിക്കുക.

പഞ്ചായത്തിലെ വ്യാവസായിക പുരോഗതി വിലയിരുത്തുന്നതിനും പോരായ്മകൾ നികത്തുന്നതിനുമുള്ള സാങ്കേതികവിദഗ്ദ്ധരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ഒരു 'മാർഗനിർദേശക സമിതി' രൂപീകരിച്ച് സ്വയംതൊഴിൽ സംരംഭകർക്കും മറ്റു വ്യവസായ സംരംഭകർക്കും ആവശ്യമായ പരിശീലനം നൽകുക, വിപണനമേഖലയെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുക, ഉൽപാദനമേഖല സംപുഷ്ടമാക്കുക തുടങ്ങിയവ ചെയ്യുക.

## പരിശീലനം

വ്യവസായ സംരംഭകത്വ പരിശീലനനം പഞ്ചായത്ത് തലത്തിൽ നൽകുക. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തമായ മാർഗനിർദ്ദേശങ്ങളും പരിശീലനങ്ങളും സാമ്പത്തികസഹായവും എത്തിക്കുക. ഇതിനായി ബേങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും വേണം.

## വിപണനസാദ്ധ്യതകൾ

പഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കുക, മാർക്കറ്റിംഗ് സൊസൈറ്റികൾ സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ ആരംഭിക്കുക, റബ്ബർ ഉൽപാദക സംഘങ്ങൾ രൂപകീരിക്കുക, ഉപഭോക്തൃ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

മുകളിൽ പരാമർശിച്ച തരത്തിലുള്ള വ്യവസായിക സ്ഥിതിയാണ് പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ളത്. ഇത് കാണിക്കുന്നത് നമ്മുടെ പഞ്ചായത്തിൽ ചെറുകിട -പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതാണ് അഭികാമ്യം. ഇതിനായി പഞ്ചായത്ത് ഭരണസമിതിയുടെയും മറ്റ് സാങ്കേതികവിദഗ്ദ്ധരുടെയും അതിലുപരി ജനങ്ങളുടെയും സജീവപങ്കാളിത്തത്തോടെയുള്ള പ്രവർത്തനമാണ് നമുക്കാവശ്യം.



# 4-4 വിദ്യാഭ്യാസം

മലപ്പുറം ജില്ലയുടെ ഏകദേശം മദ്ധ്യ ഭാഗത്തായി മഞ്ചേരി മുനിസിപ്പാലിറ്റിയിൽ നിന്ന് 10 കിലോ മീറ്ററോളം അകലെയായി മഞ്ചേരി-കാളികാവ് റോഡിന്റെ ഇരുവശത്തുമായി സ്ഥിതി ചെയ്യുന്ന ഒരു ഏറനാടൻ കാർഷിക ഗ്രാമമാണ് തിരുവാലി.

1906 ൽ പെൺകുട്ടികൾക്കു മാത്രമായി തുടങ്ങിയ സ്കൂളാണ് (ഇപ്പോഴത്തെ ഗവർമെണ്ട് എൽ പി സ്കൂൾ) നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം. ശ്രീ. കണ്ടര്നായർ ആയിരുന്നു പ്രഥമ പ്രധാനാധ്യപകൻ. തോടായത്തെ പുതുക്കോട് കുളത്തിന് സമീപം ഒരു ഓലഷെഡിലാണ് ഇത് ആദ്യം പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് മാത്രമായും ഒരു സ്ഥാപനം ഉണ്ടായിരുന്നു. പിന്നീട് ഈ വിദ്യാലയം മലബാർ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുക്കുകയും തിരുവാലി ബോർഡ് എലിമെൻററി സ്കൂൾ എന്ന പേരിൽ അറിയപ്പെടുകയും 1951 ൽ ഒരു യു പി സ്കൂളായി (ഹയർ എലിമെൻററി) അപ്ഗ്രേഡ് ചെയ്യുകയുമാണുണ്ടായത്. നാട്ടുകാരുടെ ശ്രമഫലമായി ഈ സ്ഥാപനം 1957 ൽ ഹൈസ്കൂളായി ഉയർത്തുകയും എൽ പി വിഭാഗം തിരുവാലി ഗവർമെണ്ട് എൽ പി സ്കൂൾ എന്ന പേരിൽ വേർപെടുത്തുകയും ചെയ്തു.

പിന്നീട് സ്ഥാപിക്കപ്പെട്ട ചടങ്ങാംകുളം ഗവർമെണ്ട് എൽ പി സ്കൂൾ (1908) പുന്നപ്പാല എ എൽ പി സ്കൂൾ (1925) എറിയാട് യു പി സ്കൂൾ (1957) എ എം എൽ പി സ്കൂൾ തിരുവാലി ........ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളും പഞ്ചായത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിലെ നാഴികക്കല്ലുകളാണ്. 1951-52 കാലഘട്ടത്തിൽ മലബാർ ബോർഡ് സ്ഥാപിച്ച കാടായിക്കോട് ഏകാധ്യാപക വിദ്യാലയം, സ്ഥലവും കെട്ടിടവും സൗജന്യമായി ലഭ്യമാകാത്തതിനാൽ പിൻവലിക്കപ്പെടുകയും പിന്നീട് 1978-79 കാലഘട്ടത്തിൽ വീണ്ടും ഒരു സ്വകാര്യ മാനേജ്മെൻറിന് കീഴിൽ പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു. പിന്നീട് പ്രസ്തുത സ്കൂൾ പ്രകൃതിക്ഷോഭത്താൽ തകരുകയും പുനർനിർമ്മിക്കാൻ മാനേജ്മെൻറ് തയ്യാറാകാതിരിക്കുകയും ചെയ്തതിനാൽ അംഗീകാരം പിൻവലിക്കപ്പെട്ടു.

ഇസ്ലാംമത വിദ്യാഭ്യാസത്തിനായി പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ പതിനേഴോളം മദ്രസകൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും പിന്നോക്ക, പട്ടികജാതി വിഭാഗങ്ങളിൽപെടുന്നവരാണ്. സ്വാതന്ത്ര്യ ലബ്ധിവരെ ഈ വിഭാഗങ്ങളിലെ ഭൂരിഭാഗത്തിനും വിദ്യാഭ്യാസം അന്യമായിരുന്നു. സ്വാതന്ത്ര്യാനന്തരം ഇവരിൽ സാമ്പത്തികശേഷി മുൻപന്തിയിൽ നിൽക്കുന്ന കുറെപ്പേർ വിദ്യാഭ്യാസ സമ്പന്നരായിട്ടുണ്ട്. എങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബഹുഭൂരിപക്ഷത്തിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടാനായിട്ടില്ല എന്നത് ഒരു വസ്തുത മാത്രമാണ്.

1957 ൽ സ്ഥാപിക്കപ്പെട്ട തിരുവാലി ഗവർമെണ്ട് ഹൈസ്കൂൾ ആണ് ഇന്നും ഈ പഞ്ചായത്തിലെ അയ്യായിരത്തോളം വരുന്ന വിദ്യാർത്ഥികളുടെ ഏക അവലംബം. ശ്രീ. ദേവസ്യമാസ്റ്റർ ആയിരുന്നു ഈ സ്കൂളിലെ ആദ്യ ഹെഡ്മാ

[illegible]ൽ. ഈ വിദ്യാലയത്തിനുവേണ്ടി ഏഴേക്കർ സ്ഥലം സൗജന്യമായി ലഭ്യമാക്കാനും സ്കൂൾ സ്ഥാപിക്കാനും [illegible] പ്രയത്നിച്ച ശ്രീ. പന്നിക്കോട്ട് കരുണാകരമേ[illegible]യുടെ വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയ[illegible] അർപ്പിച്ച വ്യക്തിയാണ്. അതേപോലെ [illegible] വോലയുധക്കുറുപ്പ്, എം അച്യുതൻനാ[illegible], യശുദാസൻമാസ്റ്റർ, എം ജി നമ്പ്യാർ എന്നിവരുടെ ഈ രംഗത്തുള്ള „ സേവനങ്ങളും സ്മരിക്കപ്പെടേണ്ടതാണ്.

അറുപതുകളിലും എഴുപതുകളുടെ ആരംഭത്തിലും ഉയർന്ന വിജയശതമാനം (80%-92%) നേടിയിരുന്ന ഈ ഹൈസ്കൂളിൽ ഇന്നത്തെ വിജയശതമാനം 25-30 ൽ എത്തിനിൽക്കുന്നു. ആ കാലത്ത് പഠിച്ചിരുന്ന 400 വിദ്യാർത്ഥികൾക്കുള്ള അതേ സ്ഥലസൗകര്യത്തിലാണ് ഇന്ന് 1800 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നത്. കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്തത കാരണം 1978 മുതൽ തുടർന്ന് വരുന്ന [illegible]ൽ സമ്പ്രദായവും ഭൂരിപക്ഷം രക്ഷിതാക്കളിലും കാണുന്ന അലംഭാവവും ഈ ശോചനീയാവസ്ഥയുടെ ആക്കംകൂട്ടുന്നു. ഒട്ടേറെ ഗവർമെണ്ടുകൾ മാറി മാറി ഭരിച്ചിട്ടും കെട്ടിടത്തിൻെറ കാര്യത്തിലും വികസന കാര്യത്തിലും ഈ വിദ്യാലയം ഇന്നും ഏറെ അവഗണന പേറുന്നു. [illegible] മുറികളുള്ള ഒരു പുതിയ കെട്ടിടത്തിന് എസ്റ്റിമേറ്റ് അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും സാങ്കേതിക തടസ്സങ്ങളുടെ കടമ്പ ഇനിയും കടക്കാനായിട്ടില്ല. 1994-95 ൽ ഐ എച്ച് ആർ ഡിയുടെ ആഭിമുഖ്യത്തിൽ പൊതുജന പങ്കാളിത്തത്തോടെ ഹൈസ്കൂൾ വിദ്യാർഥികൾക്ക് കമ്പ്യൂട്ടർ പഠന സൗകര്യം ഏർപ്പെടുത്തി നിലവിലുള്ള [illegible] ക്ലാസ് മുറികൾ ഇതിനായി മാറ്റിവെക്കണ്ടി വന്നത് കെട്ടിട ദൗർലഭ്യം ഒന്നുകൂടി രൂക്ഷമായിട്ടുണ്ട്.

വിദ്യാഭ്യാസത്തെക്കുറിച്ച് ജനങ്ങളിൽ ശരിയായ ഒരു ലക്ഷ്യബോധം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. കേവലം പരീക്ഷാ വിഷയത്തിൽ ഊന്നുന്ന ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്ന് ഈ പഞ്ചായത്തും വിമുക്തമല്ല. [illegible]കളെയും ട്യൂട്ടോറിയലുകളെയും ആശ്രയിക്കാനുള്ള പ്രവണത വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ഏറിവരികയാണ്.

[illegible]ത് അംഗൻവാടികൾ ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഇവയിൽ മിക്കവയും ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നിലാണ്. [illegible] അംബേദ്കർ കോളനിയിൽ പ്രവർത്തിക്കുന്ന ഒരു പ്രീ-പ്രൈമറി സ്കൂൾ ഒഴികെ സർക്കാർ മേഖലയിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം പഞ്ചായത്തിലൊരിടത്തും ഇല്ല.

ജില്ലയുടെ വിദ്യാഭ്യാസ പുരോഗതിക്ക് ഗണ്യമായ സംഭാവന ചെയ്ത ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസത്തിനോ സാങ്കേതിക വിദ്യാഭ്യാസത്തിനോ അനുയോജ്യമായ ഒരൊറ്റ സ്ഥാപനംപോലും ഇല്ല എന്നത് ഏറെ ദുഃഖകരമാണ്. പഞ്ചായത്തിൻെറ വരുമാനം വർധിപ്പിക്കുന്നതിൽ വലിയൊരു പങ്ക് വഹിക്കുമായിരുന്ന തൊഴിലില്ലാത്ത യുവജനങ്ങളുടെ കർമ്മശേഷി പാഴായിപോകുന്നതിനും ഇത് ഇടവരുത്തിയിട്ടുണ്ട്.

പത്തിരിയാൽ, പുന്നപ്പാല, നടുവത്ത് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നതും അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് പുതിയ വെളിച്ചം പകർന്നതുമായ വായനശാലകളിൽ പത്തിരിയാൽ വായനശാലയുടെ ഇന്നത്തെ പ്രവർത്തനം ഏറെക്കുറെ നിർജീവമാണ്. സംസ്ഥാന ലൈബ്രറി കൗൺസിലിൻെറ നിർദേശപ്രകാരം പുന്നപ്പാല ജനതാ വായനശാലയിൽ പ്രവർത്തിക്കുന്ന ഗ്രാമീണ വിജ്ഞാന വികസനകേന്ദ്രം ലൈബ്രറികളെ വീടുകളിലെത്തയിക്കുന്നതിൽ മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവെക്കുന്നത്. ഇൻഫർമേഷൻ സെൻറർ എന്ന നിലയിലും ഈ വായനശാലയുടെ സേവനം സ്തുത്യർഹമാണ്. കലാ-സാംസ്കാരിക രംഗത്ത് ദീർഘമായ ഒരു പാരമ്പര്യം തന്നെ ഈ സ്ഥാപനത്തിന് അവകാശപ്പെടാൻ കഴിയും.

എന്നാൽ സാക്ഷരതാ പ്രവർത്തന രംഗത്ത് മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞ ഈ പഞ്ചായത്തിൽ തുടർ വിദ്യാഭ്യാസം നൽകാനുള്ള പദ്ധതി ഇനിയും ലക്ഷ്യം കണ്ടിട്ടില്ല എന്നതാണ് സത്യം.

മികച്ച വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് വർഷംതോറും കേഷ് അവാർഡുകൾ നൽകിവരുന്നു. 1995-96 ൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അമ്പത് മികച്ച വിദ്യാർത്ഥികൾക്ക് വയനാട് റിസിൻസ് എന്ന സ്ഥാപനത്തിൻെറ സ്പോൺസർഷിപ്പോടെ പഞ്ചായത്ത് കേഷ് അവാർഡുകൾ നൽകുകയുണ്ടായി. പുന്നപ്പാല സ്കൂളിലെ രാധാമണി എൻേറവ്മെൻറ്, ഹൈസ്കൂളിലെ ദശവത്സരാഘോഷ എൻേറവ്മെൻറ് തുടങ്ങിയ സ്കോളർഷിപ്പുകളും വിദ്യാഭ്യാസ പ്രോത്സാഹന രംഗത്ത് എടുത്തു പറയത്തക്കതാണ്.

കലാകായിക രംഗങ്ങളിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ച മികച്ച വിദ്യാർഥികൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവരുടെ കഴിവുകളെ സമഗ്രമായി വികസിപ്പിക്കുന്നതിന് അനുയോജ്യമായ പരിശീലന സൗകര്യങ്ങളോ സാഹചര്യങ്ങളൊന്നും നിലവിലില്ല.

വിദ്യാഭ്യാസരംഗത്ത് സാമാന്യം ഭേദപ്പെട്ട ഒരു ചരിത്രം പഞ്ചായത്തിന് അവകാശപ്പെടാനുണ്ടെങ്കിലും ഇനിയും ഏറെ ദൂരം മുന്നോട്ട് പോകേണ്ടതുണ്ട്.

## വിദ്യാഭ്യാസം-വർത്തമാനകാലം

നമ്മുടെ പഞ്ചായത്തിൽ ഒരു ഹൈസ്കൂളും (ഗവർമെണ്ട്) ഒരു യു പി സ്കൂളും (എയ്ഡഡ്) നാല് എൽ പി സ്കൂളുകളും (ഗവ-2, എയ്ഡഡ് 2) അടക്കം ആറ് വിദ്യാലയങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. എന്നാൽ തരികുളം, കൊളക്കാട്ടിരി, തായംകോട്, ചാത്തക്കാട്, പൊട്ടാലുങ്ങൽ, പൈങ്കുളങ്ങര എന്നീ പ്രദേശങ്ങളിലെ പിഞ്ചുകുഞ്ഞുങ്ങൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി 3 കിലോമീറ്ററിലധികം നടക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. 4267 വിദ്യാർത്ഥികളും (എൽ പി-1576, യു പി -1749, ഹൈസ്കൂൾ-942) 126 അധ്യാപകരും അടങ്ങുന്ന പഞ്ചായത്തിലെ വിദ്യാഭ്യാസ ശൃംഖല നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

പട്ടിക-1, പഞ്ചായത്തിലെ അധ്യാപകരും വിദ്യാർഥികളും

| ക്രമ നമ്പർ | സ്കൂൾ | മാനേജ് മെൻറ് | വിദ്യാർഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 1 | ജി.എൽ.പി.സ്കൂൾ ചടങ്ങാംകുളം | ഗവർമെണ്ട് | 199 | 176 | 375 | 2 | 8 | 10 |
| 2 | എ.എൽ.പി.സ്കൂൾ പുന്നപ്പാല | എയ്ഡഡ് | 177 | 177 | 354 | 8 | 3 | 11 |
| 3 | ജി.എൽ.പി.എസ്. തിരുവാലി | ഗവർമെണ്ട് | 225 | 225 | 450 | 3 | 10 | 13 |
| 4 | എ.എം.എൽ.പി. സ്കൂൾ തിരുവാലി | എയ്ഡഡ് | 221 | 176 | 397 | 3 | 5 | 8 |
| 5 | എ.യു.പി. സ്കൂൾ എറിയാട് | എയ്ഡഡ് | 538 | 390 | 928 | 22 | 7 | 29 |
| 6 | ജി.എച്ച്.എസ്. തിരുവാലി യു.പി. | ഗവർമെണ്ട് | 415 | 406 | 821 | | | |
| | എച്ച്.എസ്. | | 468 | 474 | 942 | 26 | 29 | 55 |
| | ആകെ | | 883 | 880 | 1763 | | | |
| | ആകെ | | 2243 | 2024 | 4267 | 64 | 62 | 126 |

അവലംബം:- സെക്കൻററി ഡാറ്റ

## ജി എൽ പി സ്കൂൾ, ചടങ്ങാംകുളം

രണ്ടേക്രയോളം സ്ഥലമുള്ള ഈ സ്കൂഴിന് വിശാലമായ കളിസ്ഥലവും സൗകര്യപ്രദമായ കെട്ടിടങ്ങളും ഉണ്ട്. എന്നാൽ മൂത്രപ്പുര, കുടിവെള്ളം, വൈദ്യുതി, ഫർണീച്ചർ എന്നിവയുടെ അപര്യാപ്തത നിലനിൽക്കുന്നു. 5-ാം ക്ലാസുവരെ പ്രവർത്തിക്കുന്ന ഈ വിദ്യാലയം കാര്യമായ സാമ്പത്തികവിഭവം , സമാഹരണം കൂടാതെ തന്നെ യു പി സ്കൂളായി ഉയർത്താവുന്നതാണ്. ലൈബ്രറി, ലബോറട്ടറി, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ എന്നീ കാര്യങ്ങളിലും അപര്യാപതത നിലനിൽക്കുന്നു. വിദ്യാഭ്യാസ നിലവാരം താരതമ്യേന മെച്ചപ്പെട്ടതാണെന്നാണ് ഗ്രാമസഭയുടെ അഭിപ്രായം. ഡി പി ഇ പി പ്രകാരം ഈ വിദ്യാലയത്തിന് രണ്ട് ക്ലാസ് മുറികൾ അനുവദിച്ചിട്ടുണ്ട്.

## എ എൽ പി സ്കൂൾ, പുന്നപ്പാല

ഒരു ഹെക്ടർ സ്ഥലം സ്വന്തമായുള്ള 5-ാം ക്ലാസുവരെ പ്രവർത്തിക്കുന്ന വിദ്യാലയമാണിത്. കളിസ്ഥലം നിർമ്മിക്കുന്നിന് വേണ്ടി മാറ്റിവെച്ചിട്ടുള്ള സ്ഥലം നന്നാക്കിയെടുത്താൽ രണ്ടേക്രയോളം വിസ്തീർണ്ണമുള്ള വിശാലമായ ഒരു കളിസ്ഥലം നിർമ്മിക്കാൻ സാധിക്കും. എന്നാൽ കുടിവെള്ളം, പാചകമുറി, ഫർണീച്ചർ എന്നീ കാര്യങ്ങൾ അപര്യാപ്തമാണ്. മൂത്രപ്പുര പേരിനുണ്ടെങ്കിലും മുഴുവൻ വിദ്യാർത്ഥികളുടെയും ആവശ്യത്തിന് പര്യാപ്തമല്ല. ഈ പ്രദേശത്തെ വിദ്യാർഥികൾക്ക് അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിന് മൂന്നുകിലോ മീറ്ററിലധികം നടന്നുപോകേണ്ടിവരുന്നു. കോട്ടക്കുന്ന്, കരിമ്പരുതി, പൈകുളങ്ങര, കാരകുന്ന്, ചേരിക്കുന്ന്, മിമ്പാട്ടുകുന്ന് തുടങ്ങി ധാരാളം ഹരിജൻ കോളനികളിലെ വിദ്യാർഥികൾക്കുള്ള ഏക ആശ്രയമാണ് ഈ സ്കൂൾ. ഈ സ്കൂൾ യു പി സ്കൂളായി അപ്ഗ്രേഡ് ചെയ്യാനുള്ള മുഴുവൻ ചെലവും മാനേജ്മെൻറ് വഹിക്കുന്നതാണ്.

## ജി എൽ പി സ്കൂൾ-തിരുവാലി

കുടിവെള്ളം, വൈദ്യുതി, ലൈബ്രറി, പാചകമുറി, സ്റ്റാഫ്റൂം, ഫർണീച്ചർ, ലബോറട്ടറി, ദൃശ്രാവ്യ ഉപകരണങ്ങൾ, ബ്ലാക്ക്ബോർഡ്, ചുറ്റുമതിൽ എന്നിവയിലുള്ള അപര്യാപ്തതകളാണ് ഈ സ്കൂളിന്ന് പ്രധാനമായും അനുഭവപ്പെടുത്ത്. 152 ഹരിജൻ വിദ്യാർഥികൾ പഠിക്കുന്ന ഈ സ്കൂളിൽ വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം ഉയർത്തുന്നിന് രക്ഷിതാക്കളുടെ ബോധവല്ക്കരം തികച്ചും അനിവാര്യമാണ്.

ഈ സ്കുളിനോടനുബന്ധിച്ച് ഒരു ഗവർമെണ്ട് മോഡൽ പ്രീ-പ്രൈമറി സ്കൂൾ ആരംഭിക്കുക എന്നത് ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രധാന ആവശ്യമാണ്.

## എ എം എൽ പി സ്കൂൾ, തിരുവാലി

ഈ സ്കൂൾ യു പി സ്കൂളായി ഉയർത്തുക എന്നുള്ളതാണ് തദ്ദേശവാസികളുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം വിഭവ സമാഹരണം മാനേജ്മെൻറ് വഹിക്കുമെന്നതിനാൽ പഞ്ചായത്തിന് സാമ്പത്തിക ബാധ്യത വരുന്നില്ല. വൈദ്യുതി, ഫർണീച്ചർ എന്നിവയിലുള്ള കുറവ് നിലനിൽക്കുന്നു. മൂത്രപ്പുര പേരിനുണ്ടെങ്കിലും കുട്ടികളുടെ ആവശ്യത്തിന് തികയുന്നില്ല. ചുറ്റുമതിൽ ഇല്ലെന്നതും മെയിൻറോഡിന് സമീപമുള്ള ഈ സ്കൂൾ നേരിടുന്ന ഒരു പ്രശ്നമാണ്.

## എ യു പി സ്കൂൾ-എറിയാട്

ആയിരത്തോളം വിദ്യാഥികൾ പഠിക്കുന്ന ഈ സ്കൂൾ പഞ്ചായത്തിലെ ഏക യു പി സ്കൂൾ ആണ്. ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കുക എന്നുള്ളത് ഈ പ്രദേശത്തെ രക്ഷിതാക്കളുടെ ദീർഘകാലത്തെ ആവശ്യമാണ്. രണ്ടേക്കർ സ്ഥലം സ്വന്തമായി ഉണ്ടെങ്കിലും ഒരു കളി സ്ഥലത്തിൻെറ അഭാവം ഈ സ്കൂളിലെ വിദ്യാർഥികളുടെ കായിക വികസനത്തിന് ഒരു പ്രധാന പ്രതിബന്ധമാണ്. കളിസ്ഥല നിർമ്മാണത്തിനാവശ്യമായ മനുഷ്യാദ്ധ്വാനം നൽകാൻ തദ്ദേശവാസികൾ തയ്യാറാണ്. ഇനിയും രണ്ട് ക്ലാസ് മുറികൾ ഈ സ്കൂളിന് ആവശ്യമാണ്. മൂത്രപ്പുര ഉണ്ടെങ്കിലും മുഴുവൻ കുട്ടികളുടെയും ഉപയോഗത്തിന് പര്യാപ്തമല്ല. ഫർണീച്ചറിൻെറ അഭാവവും ഈ സ്കൂൾ നേരിടുന്ന ഒരു പ്രശ്നമാണ്.

## ജി എച്ച് എസ് -തിരുവാലി

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ഈ സ്കൂൾ നേരിടുന്ന പ്രശ്നങ്ങൾ ഒട്ടനവധിയാണ്. കഴിഞ്ഞ രണ്ട് ദശകങ്ങളായി ഈ സ്കൂളിലെ എസ് എസ് എൽ സി വിജയശതമാനം വളരെ പിറകോട്ടുപോയിരിക്കുകയാണ്. കെട്ടിടത്തിൻെറ അപര്യാപ്തതമൂലം ഏർപ്പെടുത്തേണ്ടിവന്ന സെഷണൽ സമ്പ്രദായം ഇതിനൊരു പ്രധാനകാരണമാണ്. 38 ഡിവിഷനുകൾ പ്രവർത്തിക്കുന്ന ഈ സ്കൂളിൽ 19 ക്ലാസുമുറികൾ മാത്രമാണുള്ളത്. അതിൽതന്നെ 2 റൂമുകൾ കമ്പ്യൂട്ടർ പഠനത്തിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. 1800-ഓളം വിദ്യാർഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിന് പര്യാപ്തമായ മൂത്രപ്പുര, ഫർണിച്ചർ എന്നിവ ഇവയും ലഭ്യമായിട്ടില്ല. ഗ്രൗണ്ട് നിരപ്പാക്കൽ, ചുറ്റുമതിൽ പൂർത്തിയാക്കൽ കുടിവെള്ള സൗകര്യം വിപുലീകരിക്കൽ എന്നിവ അടിയന്തിര ആവശ്യങ്ങളാണ് ഈ സ്കൂളിനെ ബചത് സ്കൂളായി പ്രഖ്യാപിച്ചിട്ടുണ്ട്.

1957-ൽ ഹൈസ്കൂൾ ആയി ഉയർത്തിയ ഈ സ്ഥാപനത്തിൽ നിന്നും വിജയിച്ചുപോകുന്ന വിദ്യാർഥികൾക്ക് ഉപരിപഠനത്തിന് 15 കി. മീറ്ററിലധികം ദൂരമുള്ള സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. അതിനാൽ ഈ ഹൈസ്കൂൾ സയൻസ് ഗ്രൂപ്പുള്ള ഹയർക്കെണ്ടറി സ്കൂളായി ഉയർത്തേണ്ടതാണ്.

സെഷണൽ സമ്പ്രദായം അവസാനിപ്പിക്കുന്നതിനുവേണ്ടി സമർപ്പിച്ച 30 മുറികളുള്ള ഒരു കെട്ടിടത്തിൻെറ എസ്റ്റിമേറ്റ് പാസാക്കിയിട്ടുണ്ടെങ്കിലും മറ്റ് അനുമതികൾ ഇനിയും ലഭിച്ചിട്ടില്ല. ഈ സ്കൂളിലുള്ള സ്റ്റേജിൻെറ ഇരുവശത്തുമുള്ള ക്ലാസ് മുറികൾ പണിപൂർത്തീകരിച്ചാൽ ഹയർ സെക്കണ്ടറി ക്ലാസുകൾക്ക് സ്ഥലം കണ്ടെത്താവുന്നതാണ്. ബഹുഭൂരിപക്ഷം വിദ്യാർഥികളും നിർധന കുടുംബങ്ങളിൽനിന്നുവരായതിനാൽ പഠന ഉപകരണങ്ങൾ, യൂണിഫോമുകൾ എന്നിവ നേരിടുന്നതിന് പല കുട്ടികൾക്കും പ്രയാസം നേരിടുന്നു. ഇതും വിദ്യാഭ്യാസ നിലവാരത്തകർച്ചക്ക് കാരണമാണ്.

## പൊതുപ്രശ്നങ്ങൾ

വിദ്യാഭ്യാസ നിലവാരത്തകർച്ച സംസ്ഥാനത്തിലെന്ന പോലെ നമ്മുടെ പഞ്ചായത്തിലെയും വിദ്യാലയങ്ങൾ നേരിടുന്ന പ്രശ്നമാണ്.

പട്ടിക 2:- അക്കാദമിക് നിലവാരം

| സ്കൂളിൻെറ പേര് | ക്ലാസ് | ആകെ കുട്ടികൾ | കുട്ടികളുടെ പൊതുനിലവാരം | | | | |
|---|---|---|---|---|---|---|---|
| | | | 30% താഴെ മാർക്ക് നേടുന്നവർ | 30%-40% മാർക്ക് നേടിയവർ | 40%-50% മാർക്ക് നേടിയവർ | 50%-60% മാർക്ക് നേടിയവർ | 60% ത്തിൽ കൂടുതൽ മാർക്ക് നേടിയവർ |
| എ.എൽ.പി.സ്കൂൾ പുന്നപ്പാല | 3 | 71 | 21 | 15 | 10 | 14 | 11 |
| | 4 | 75 | 24 | 28 | 5 | 5 | 13 |
| | 5 | 71 | 15 | 34 | 7 | 4 | 11 |
| ജി.എൽ.പി. സ്കൂൾ തിരുവാലി | 3 | 107 | 39 | 24 | 22 | 20 | 2 |
| | 4 | 118 | 44 | 24 | 11 | 30 | 9 |
| ജി.എൽ.പി. സ്കൂൾ ചടങ്ങാംകുളം | 3 | 79 | – | 10 | 40 | 15 | 14 |
| | 4 | 72 | 5 | 15 | 30 | 12 | 10 |
| | 5 | 85 | 8 | 16 | 35 | 20 | 6 |

| | | | | | | | |
|---|---|---|---|---|---|---|---|
| എ.എം.എൽ.പി. സ്കൂൾ, തിരുവാലി | 3 | 81 | 56 | 11 | 8 | - | 6 |
| | 4 | 106 | 65 | 15 | 12 | 8 | 6 |
| എ.യു.പി.സ്കൂൾ എറിയാട് | 3 | 74 | 20 | 32 | 8 | 6 | 8 |
| | 4 | 110 | 44 | 30 | 20 | 11 | 5 |
| | 5 | 131 | 58 | 39 | 22 | 12 | - |
| | 6 | 196 | 86 | 58 | 36 | 12 | 4 |
| | 7 | 215 | 95 | 55 | 30 | 22 | 13 |
| ജി.എച്ച്.എസ്. തിരുവാലി | 5 | 261 | 157 | 52 | 26 | 16 | 10 |
| | 6 | 269 | 162 | 54 | 27 | 13 | 13 |
| | 7 | 291 | 174 | 58 | 29 | 15 | 15 |
| | 8 | 354 | 213 | 53 | 42 | 28 | 18 |
| | 9 | 338 | 202 | 51 | 51 | 17 | 17 |
| | 10 | 250 | 149 | 45 | 30 | 13 | 13 |

അവലംബം:- സ്കൂൾരേഖ ഒന്നാംപാദ പരീക്ഷ - 1996

സമൂഹത്തിന് വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടില്ല. ധനസമ്പാദനമാണ് വിദ്യാഭ്യാസത്തെക്കാൾ പ്രധാനം എന്നൊരു നല്ലൊരു വിഭാഗം വിശ്വസിക്കുന്നു. തൊഴിൽ നേടുക എന്നതുമാത്രമാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം എന്ന് സമൂഹം പൊതുവവെ വിശ്വസിക്കുന്നു.

അദ്ധ്യാപകരുടെ താല്പര്യമില്ലായ്മ, പഴഞ്ചൻ ബോധന രീതികൾ എന്നിവ കുട്ടികളിൽ ക്ലാസ് മുറികളിലെ പഠനപ്രവർത്തനങ്ങളോട് താല്പര്യം കുറയ്ക്കുന്നു. പാഠ്യപദ്ധതിയുടെ ഉള്ളടക്കവും അധ്യയന വർഷത്തിൻെറ ആരംഭത്തിൽ ടെക്സ് ബുക്ക് ലഭിക്കാത്തതും അധ്യാപക നിയമനങ്ങൾ നടത്താത്തതും വിദ്യാഭ്യാസ നിലവാരം പുറകോട്ടുപോവുന്നതിൽ ഒരു പ്രധാന കാരണമാണ്. പ്രൈമറി തലം തൊട്ട് അടിസ്ഥാനപരമായ കാര്യങ്ങൾ ഉറപ്പിച്ചതിനുശേഷമേ ഉയർന്ന ക്ലാസിലേക്ക് ക്ലാസ് കയറ്റം ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

ഗൾഫ് പണത്തിൻെറ സ്വാധീനം വിദ്യാർഥികളുടെ ശ്രദ്ധ മറ്റു പല പ്രവർത്തനങ്ങളിലേക്ക് തിരിക്കുന്നു. വ്യാപകമായി വരുന്ന കമ്പോള സംസ്കാരവും വിദ്യാഭ്യാസ നിലവാരത്തകർച്ചക്ക് ആക്കം കൂട്ടുന്നു.

പൊതുവെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന യുവജനങ്ങളുടെ കർമ്മശേഷി ഉപയോഗപ്പെടുത്തുന്നതിന് കൃഷി, വ്യവസായം എന്നീ മേഖലകളുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലന സ്ഥാപനങ്ങളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല.

## പെൺകുട്ടികളുടെ വിദ്യാഭ്യാസനിലവാരം

പൊതുവെ സംസ്ഥാന വിജയശതമാനവുമായി ബന്ധപ്പെടുത്തുമ്പോൾ പഞ്ചായത്തിലെ വിജയശതമാനം വളരെ പിറകിലാണ്. പഞ്ചായത്തിലെ 4267 വിദ്യാർഥികളിൽ പകുതിയോളം വരുന്ന പെൺകുട്ടികൾ നിലവാരത്തിൻെറ കാര്യത്തിൽ ആൺകുട്ടികളെ അപേക്ഷിച്ച് പിന്നിലാണ് എന്ന് പറയാൻ കഴിയുകയില്ല. കഴിഞ്ഞ 3 വർഷങ്ങളിലെ എസ്. എസ്. എൽ. സി. പരീക്ഷയിൽ പെൺകുട്ടികളുടെ പ്രകടനം താഴെ കൊടുക്കുന്നു.

പട്ടി-3 (വിദ്യാഭ്യാസം)

| | പെൺകുട്ടികൾ | | | ആൺകുട്ടികൾ | | |
|---|---|---|---|---|---|---|
| വർഷം | പരീക്ഷക്കിരുന്നത് | വിജയികൾ | ശതമാനം | പരീക്ഷക്കിരുന്നത് | വിജയികൾ | ശതമാനം |
| 1993-94 | 115 | 30 | 26 | 122 | 39 | 32 |
| 94-95 | 96 | 22 | 23 | 53 | 17 | 20 |
| 95-96 | 105 | 31 | 30 | 115 | 30 | 26 |

## പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളുട വിദ്യാഭ്യാസനിലവാരം

പൊതുവെ പല പട്ടികജാതി-പട്ടികവർഗ കുടുംബങ്ങളിലും പഠനത്തിന് അനുയോജ്യമായ സാഹചര്യം ഇല്ല എന്ന കാര്യം ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ സർക്കാരിൽനിന്നുള്ള പല സഹായങ്ങളും (നിലവാരം ഉയർത്തുന്നതിനുള്ള സ്പെഷ്യൽ കോച്ചിങ്ങ് ക്ലാസുകൾ പോലെയുള്ള പരിപാടികൾ) പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. കഴിഞ്ഞ മൂന്നുവർഷങ്ങളായി പട്ടികജാതി-വിദ്യാർഥികളുടെ എസ് എസ് എൽ സി വിജയശതമാനം ഒരു പഠനത്തിനായി താഴെ കൊടുക്കുന്നു.

* പഞ്ചായത്തിൽ സെൻസസ് റിപ്പോർട്ട് പ്രകാരം പട്ടികവർഗ്ഗക്കാരായ രണ്ടുപേർ മാത്രമെയുള്ളു.

പട്ടിക-4 (വിദ്യാഭ്യാസം)

| | പരീക്ഷക്കിരുന്നവർ | | ജയിച്ചവർ | | വിജയശതമാനം | |
|---|---|---|---|---|---|---|
| വർഷം | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1993-94 | 31 | 17 | 5 | 1 | 16% | 6% |
| 1994-95 | 23 | 15 | 2 | 2 | 9% | 13% |
| 1995-96 | 35 | 15 | 6 | 5 | 17% | 33% |

## സ്കോളർഷിപ്പുകൾ

പഞ്ചായത്തിൽ ഇപ്പോൾ നൽകിവരുന്ന മെരിറ്റ് സ്കോളർഷിപ്പുകളുടെ എണ്ണം വളരെ പരിമിതമാണ്. ഇത് ഇരട്ടിയായി വർധിപ്പിക്കേണ്ടതാണ്. കൂടാതെ ഇപ്പോൾ നൽകിവരുന്ന ലപ്സംഗ്രാൻറ്, മുസ്ലിം പെൺകുട്ടികൾക്കുള്ള സ്കകോളർഷിപ്പ്, വികലാംഗ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പും വർധിപ്പിക്കേണ്ടതുണ്ട്.

## ഗ്രാമസഭകളിൽ ഉയർന്ന മറ്റ് ആവശ്യങ്ങൾ

തരികുളം, കുളക്കാട്ടിരി, തായംകോട്, ചാത്തക്കാട്, പൈങ്കുളങ്ങര, പൊട്ടാലുങ്ങൽ എന്നീ സ്ഥലങ്ങളിൽ പ്രൈമറി സ്കൂളുകൾ സ്ഥാപിക്കണം. ഷാരത്ത്കുന്നിലൊഴികെ പഞ്ചായത്തിലെവിടെയും സർക്കാർ പ്രീപ്രൈമറി വിദ്യാലയങ്ങളില്ല. എല്ലാ വാർഡുകളിലും സർക്കാർ പ്രീമൈറി വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടതാണ്.

## കായിക വിദ്യാഭ്യാസം

പഞ്ചായത്തിലെ വിദ്യാർഥികൾക്ക് കായികരംഗത്ത് കഴിവുകൾ വർധിപ്പിക്കുന്നതിനും പരിശീലനം നേടുന്നതിനും ഇന്നുള്ള സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. തിരുവാലി ഗവ. ഹൈസ്കൂളിനും ചടങ്ങാംകുളം എൽ പി സ്കൂളിനും മാത്രമേ ഉപയോഗയോഗ്യമായ കളിസ്ഥലങ്ങൾ ഉള്ളൂ.

## സാങ്കേതിക വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിലെ കുട്ടികൾക്ക് സാങ്കേതിക വിദ്യാഭ്യാസം ലഭിക്കുന്നതിന് പെരിന്തൽമണ്ണ പോളിടെക്നിക്ക്, അരീക്കോട് ഗവ. ഐ. ടി. ഐ. എന്നീ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. നിർധന കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് ഇവിടങ്ങളിൽ പോയി സാങ്കേതിക വിദ്യാഭ്യാസം നേടുന്നതിന് വളരെയധികം പ്രയാസം നേരിടുന്നു.

## പ്രശ്നപരിഹാരങ്ങൾ-സാദ്ധ്യതകൾ

പഞ്ചായത്ത് തലത്തിൽ ചെയ്യാവുന്ന ചില പ്രവർത്തനങ്ങളാണ് താഴെ ചേർക്കുന്നത്.

| സ്കൂളിന്റെ പേര് | ജി.എൽ.പി. സ്കൂൾ ചടങ്ങാംകുളം | ജി.എൽ.പി. സ്കൂൾ തിരുവാലി | എ.എൽ.പി. സ്കൂൾ പുന്നപ്പാല | എ.എം.എൽ.പി. സ്കൂൾ തിരുവാലി | എ.യു.പി.സ്കൂൾ എറിയാട് | ജി.എച്ച്. സ്കൂൾ തിരുവാലി |
|---|---|---|---|---|---|---|
| ആകെ ഡിവിഷന്റെ എണ്ണം | 10 | 12 | 10 | 9 | 21 | 38 |
| കെട്ടിടങ്ങൾ എണ്ണം: സ്ഥിരം | 2 | 3 | 4 | 3 | 5 | 5 |
| അർദ്ധസ്ഥിരം | – | – | 1 | – | 1 | – |
| താൽക്കാലികം | – | – | – | – | – | – |
| ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | 2 | 2 | 2 | ഇല്ല | 2 | 30 |
| ഇനി ആവശ്യമുള്ള കെട്ടിടം/ മുറികൾ നിർമിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| നിലവിലുള്ള മൂത്രപുരയുടെ എണ്ണം | 1 | 1 | 2 | 2 | 1 | 1 |
| മൂത്രപുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | 10 | 4 | 6 | 3 | 10 | 4 |
| ഇനി ആവശ്യമുള്ളതിന്റെ എണ്ണം | 1 | 1 | 1 | 1 | 1 | 4 |
| നിലവിലുള്ള കക്കൂസിന്റെ എണ്ണം | 1 | 1 | – | ഇല്ല | 1 | – |
| ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | – | – | – | ഇല്ല | – | – |
| കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല – കിണർ പൈപ്പ് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| വൈദ്യുതീകരണം ഉണ്ട്/ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| പാചകമുറി | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| സ്റ്റാഫ് റൂം | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| നിലവിലുള്ള ഫർണീച്ചറുകൾ മതിയാകും/ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| ഇനി ആവശ്യമായവയുടെ എണ്ണം: ഡസ്ക് | 32 | 40 | – | 30 | – | 250 |
| ബഞ്ച് | 50 | 20 | – | 30 | – | 250 |
| മേശ | 4 | 4 | – | 5 | – | 25 |
| കസേര | 4 | 6 | – | 7 | – | 25 |
| ഓഫീസ് ഫർണീച്ചർ | ഷെൽഫ്-2 | ഷെൽഫ്-3 | റാക്ക്-2, ഷെൽഫ്-2 | ഷെൽഫ്-2 റാക്ക്-2 | ഷെൽഫ്-1 | അലമാര-2 |

മാനേജ്മെൻറ് സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് പഞ്ചായത്ത് സമിതി മാനേജ്മെൻറിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. അപ്ഗ്രേഡ് ചെയ്യണം എന്ന് നിർദേശം വന്ന എയ്ഡഡ് സ്കൂളുകളിലെ മാനേജർമാർ അതിനുവേണ്ട സാമ്പത്തിക ചിലവ് വഹിക്കാൻ തയ്യാറാണ്.

ഗവർമെണ്ട് സ്കൂളുകളിലെ പി.ടി.എ, മാതൃസമിതി എന്നിവ ശക്തമാക്കി ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ ശ്രമിക്കാവുന്നതാണ്. ചടങ്ങാംകളും എൽ.പി. സ്കൂളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് തൊട്ടടുത്തുള്ള കുഴൽകിണർ പ്രയോജനപ്പെടുത്താവുന്നതാണ്. പുന്നപ്പാല സ്കൂളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തൊട്ടടുത്തുള്ള പഞ്ചായത്ത് കിണർ ഒന്നുകൂടി താഴ്ത്തി പ്രയോജനപ്പെടുത്താവുന്നതാണ്. തിരുവാലി ഹൈസ്കൂളിൽ നിലവിലുള്ള ശുദ്ധജല വിതരണസംവിധാനം വിപുലീകരിച്ചാൽ ജി.എൽ.പി. സ്കൂൾ തിരുവാലിയുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്. ഈ സ്കൂളിനോടനുബന്ധിച്ച് ഒരു ഗവർമെണ്ട് പ്രീപ്രൈമറി സ്കൂൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

എ. എൽ. പി. എസ്. പുന്നപ്പാല, എ. യു. പി. എസ്. എറിയാട് എന്നീ സ്കൂളുകളിൽ നിലവിലുള്ള കളിസ്ഥലങ്ങൾ നാട്ടുകാരുടെ കൂടി സഹകരണത്തോടെ ഉപയോഗയോഗ്യമാക്കാവുന്നതാണ്.

തിരുവാലി ഹൈസ്കൂളിലെ സെഷണൽ സമ്പ്രദായം നിർത്തലാക്കാൻ നിർദ്ദേശിക്കപ്പെട്ട എസ്റ്റിമേറ്റ് അംഗീകരിച്ച കെട്ടിടം യാഥാർഥ്യമാക്കാൻ പി. ടി. എ., പഞ്ചായത്ത് സമിതി, സ്ഥലം എം.എൽ.എ. എന്നിവരുടെ കൂട്ടായ നേതൃത്വത്തിൽ ഒരു തീവ്രശ്രമം അനിവാര്യമാണ്.

## പൊതുപ്രശ്നങ്ങൾ-പരിഹാരസാദ്ധ്യതകൾ

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു വിദ്യാഭ്യാസമിതി രൂപീകരിക്കാവുന്നതാണ്. ഇതിന് കീഴിൽ വാർഡുതല സമിതികളും രൂപീകരിക്കണം. ഈ സമിതികൾക്ക് ഏറ്റെടുക്കാവുന്ന ചില പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

മുഴുവൻ ക്ലാസുകളിലും ക്ലാസ് പി.ടി.എ. രൂപീകരിക്കണം. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കേണ്ടതാണ്. ഒന്ന്, രണ്ട് ക്ലാസുകളിലെ വിദ്യാർഥികളെ ഉദ്ദേശിച്ചുകൊണ്ട് ഇത്തരം പഠനയാത്രകൾ നടത്തുമ്പോൾ അവരുടെ രക്ഷിതാക്കളെ കൂടെ ഉൾപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും. രക്ഷിതാക്കളും വിദ്യാഭ്യാസസ്ഥാപനവും തമ്മിലുള്ള ബന്ധം ശക്തമാക്കാൻ ഇത് സഹായിക്കും.

പ്രൈമറി തലത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ ചെറുഗ്രൂപ്പുകളാക്കി സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ സൗകര്യപ്രദമായ സ്ഥലത്തു വെച്ച് ക്ലാസുകൾ നടത്താവുന്നതും ആണ്. പഞ്ചായത്തുകളോ ക്ലബുകളോ ഇവർക്ക് ഓണറേറിയം നൽകുന്നത് അഭികാമ്യം ആണ്. ഹൈസ്കൂൾ തലത്തിലും ഈ പ്രവർത്തനം നടത്താവുന്നതാണ്. എസ് എസ് എൽ സി വിജയ ശതമാനം ഉയർത്തുന്നതിന് സ്വീകരിക്കാവുന്ന ഒരു മാർഗം ഇനി ചേർക്കുന്നു. ജനുവരി 25-നകം പാഠഭാഗങ്ങൾ പഠിപ്പിച്ചുതീർക്കുക. പിന്നീടുള്ള ദിവസങ്ങളിൽ ക്ലാസിലെ മിടുക്കന്മാരായ കുട്ടികളുടെ നേതൃത്വത്തിൽ ചെറുഗ്രൂപ്പുകൾ രൂപീകരിക്കുക, സമയബന്ധിതമായി റിവിഷൻ നടത്തുക. സ്കൂളുകളിലെ മരത്തണലുകളും മറ്റും ഇതിനായി പ്രയോജനപ്പെടുത്താം. ഈ പ്രവർത്തനങ്ങളിലേർപ്പെടുന്ന സന്നദ്ധപ്രവർത്തകർക്ക് പഞ്ചായത്ത്തലത്തിൽ പരിശീലനവും ദിശാബോധവും നൽകേണ്ടതാണ്.

ദേശീയ അവധിദിനങ്ങൾ ഒഴികെയുള്ള അവധിദിവസങ്ങളുടെ എണ്ണം കുറക്കേണ്ടതാണ്. ദേശീയ പ്രാധാന്യമുള്ള അവധികൾ കേവലം അവധിദിവസങ്ങളാക്കാതെ

ആ ദിനത്തിൻെറ പ്രാധാന്യവുമായി ബന്ധപ്പെടുത്തി സൃഷ്ടി പരമായ പ്രവർത്തനം നടത്തുന്നതിനുള്ള അവസരമാക്കണം (ആഗസ്ത് 15- പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ നേരിട്ട് സന്ദർശിച്ച് നാടിനെ മനസ്സിലാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിക്കുക. അതുവഴി ദേശീയബോധം വളർത്തുക).

വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ ബോധ്യമുണ്ടാകത്തക്കരീതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക. നിലവിലുള്ള പാഠ്യപദ്ധതി കഴിയുന്നത്ര ജീവിതഗന്ധിയാക്കി മാറ്റാനുള്ള ശില്പശാലകൾ സംഘടിപ്പിക്കുക. സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ദിശാബോധം നൽകുന്നതിനും അനുയോജ്യമായ മോണിറ്ററിങ്ങ് സെൽ രൂപികരിക്കുക.

പ്രൈമറി അധ്യാപകർക്ക് പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് അനുയോജ്യമായ ശില്പശാലകൾ നടത്തുക. പഠനോപകരണങ്ങൾ നിർമിക്കുന്നതിനും പുതിയ ബോധനരീതികൾ സ്വീകരിക്കുന്നതിനും വിവിധ വിഷയങ്ങളിലെ സംശയം ദൂരീകരിക്കുന്നതിനും ഈ ശില്പശാലകൾ പ്രയോജനപ്പെടുത്തണം.

നിർധനരായ വിദ്യാർഥികൾക്ക് അധ്യയനത്തോടൊപ്പം കൈത്തൊഴിലുകളിലൂടെ പണം സ്വരൂപിക്കുവാനും അതുവഴി അവരുടെ അക്കാദമിക് ആവശ്യങ്ങൾ നിറവേറ്റാനും പദ്ധതികളാവിഷ്കരിക്കുക. (ബുക്ക് ബൈൻറിങ്ങ്, പേപ്പർ കവർ യൂനിന്റ്, കൗതുക വസ്തു നിർമാണം, മെഴുകുതിരി നിർമാണം, ചോക്ക് നിർമാണം തുടങ്ങിയവ).

ക്ലാസ് പി. ടി. എ.യുടെ ആഭിമുഖ്യത്തിൽ മിനി ബേങ്കിങ്ങ് സൗകര്യം ഏർപ്പെടുത്തുക. രക്ഷിതാക്കളിൽ നിന്ന് പണം സ്വരൂപിക്കയും അതുപയോഗിച്ച് കുറഞ്ഞ നിരക്കിൽ യൂണിഫോം, കുട, പഠനോപകരണങ്ങൾ എന്നിവ വർഷാരംഭത്തിൽ തന്നെ ലഭ്യമാക്കുക, ഇതിൻെറ കണക്കുകൾ ക്ലാസ് പി.ടി.എ. ചെയർമാനും ക്ലാസ് ടീച്ചറും സംയുക്തമായി കൈകാര്യം ചെയ്യണം.

പെൺകുട്ടികൾ പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾ എന്നിവരുടെ വിദ്യാഭ്യാസ നിലവാരത്തിൽ നിലവിലുള്ള പിന്നോക്കാവസ്ഥ മാറ്റേണ്ടതിനെക്കുറിച്ചുള്ള ആവശ്യബോധം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സെമിനാറുകൾ കലാജാഥകൾ എന്നിവ സംഘടിപ്പിക്കുക. സന്നദ്ധസംഘടനകളുടെയോ, വ്യക്തികളുടെയോ സഹകരണത്തോടെ കൂടുതൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്താൻ ശ്രദ്ധചെലുത്തണം.

റിട്ടയർചെയ്ത കായികാദ്ധ്യാപകരെയും മാറ്റ് കായിക താരങ്ങളെയും ക്ലബുകളെയും ഉപയോഗപ്പെടുത്തി കായിക പരിശീലനം ഫലപ്രദമാക്കാൻ ശ്രദ്ധിക്കണം.

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ശക്തമാക്കണം, യു.പി., ഹൈസ്കൂൾ വിദ്യാർഥികൾക്ക് ക്ലാസ് തലത്തിൽ സാഹിത്യസമാജം എൽ.പി. വിദ്യാർഥികൾക്ക് മാസത്തിലൊരിക്കൽ ബാലസഭ എന്നിവ നടത്തണം. സയൻസ് ക്ലബ്, മാത്തമാറ്റിക്സ് ക്ലബ്, ഗ്രീൻക്ലബ് തുടങ്ങിയവ രൂപീകരിക്കണം. മേല്പറഞ്ഞ എല്ലാ പ്രവർത്തനങ്ങളിലും രക്ഷാകർത്താക്കളെ കൂടി പങ്കെടുപ്പിക്കുക. പഞ്ചായത്ത്തലത്തിൽ എല്ലാ സ്കൂളുകളെയും പങ്കെടുപ്പിച്ചുകൊണ്ട് കയ്യെഴുത്തുമാസിക ആരംഭിക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ വിദ്യാർഥികളിലും അധ്യാപകരിലും രക്ഷിതാക്കളിലും സ്കൂൾ പ്രവർത്തനങ്ങളിൽ താല്പര്യം ജനിപ്പിക്കാൻ സഹായകമാകും.

സർക്കാർ തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കൂടി സൂചിപ്പിക്കുന്നു. നിലവിലുള്ള സിലബസ് ലഘൂകരിക്കുകയും ഉള്ള പാഠങ്ങൾ നിത്യജീവിതവുമായി ബന്ധമുള്ളതാക്കുകയും ചെയ്യുക. ഓരോ ക്ലാസിലും വിദ്യാർഥികൾ നേടേണ്ട പ്രാപ്തികൾ നേടിയതിനുശേഷം മാത്രമാണ് ക്ലാസ് കയറ്റം ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തുക, ഒന്ന്, രണ്ട് ക്ലാസുകളിൽ അധ്യാപക വിദ്യാർഥികൾ 1:25 ആക്കുക. അധ്യാപകർക്ക് ക്രമമായി പുനഃപരിശീലനം നൽകുക. സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ ടെക്സ്റ്റ്ബുക്കുകൾ സ്കൂളുകളിലെത്തിക്കുവാനും അധ്യാപകനിയമനം പൂർത്തികരിക്കുവാനും ആവശ്യമായ സമ്മർദം ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ പഞ്ചായത്ത് ചെലുത്തണം. അധ്യാപകരിൽ അർപ്പണബോധം ഉളവാക്കുന്നതിന് അധ്യാപക സംഘടനകൾ അനുയോജ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്. പഞ്ചായത്തിൽ ഐ. ടി. ഐ. പോളിടെക്നിക്ക്, പാരാമെഡിക്കൽ തുടങ്ങിയ വിദ്യാഭ്യാസ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

പഞ്ചായത്ത് ഭരണസമിതിയും വിദ്യാഭ്യാസസമിതിയും പി. ടി. എ.കളും ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തിൻെറ ഭാവി ഐശ്വര്യപൂർണമാക്കാൻ കഴിയും.



# 4-5 കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യസമൃദ്ധമായ സമൂഹത്തിന് "ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം" എന്നിവ അടിസ്ഥാന ഘടകമാണ്. തിരുവാലി പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ശുദ്ധജലത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. 5-ാം വാഡിൽ ചാത്തക്കാട്ട് പ്രദേശത്ത് 8 പൊതു ടാപ്പുകളുള്ള ഒരു ശുദ്ധജലവിതരണ സംവിധാനമേ പഞ്ചായത്തിൽ ഒരു പദ്ധതി എന്ന നിലയിൽ ഉള്ളൂ. കിണറുകളിലെ ജലലഭ്യത കാലവർഷത്തിൻെറ ഏറ്റക്കുറച്ചിൽ അനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. പഞ്ചായത്തിലെ ഏകദേശം 30% കിണറുകളിലും 1 മാസം മുതൽ 6 മാസംവരെ ജലക്ഷാമം അനുഭവിക്കുന്നു. ചുരുക്കം വീടുകളിലെങ്കിലും വയലോരങ്ങളിലെ ശുചിത്വരഹിതമായ കുഴികളെയും നീർച്ചാലുകളെയും ആശ്രയിച്ചാണ് കഴിയുന്നത്.

ശുദ്ധജല സ്രോതസ്സുകൾ
പട്ടിക - 1

| കിണറുകൾ: സ്വകാര്യ കിണറുകൾ | കിണറുകൾ: പൊതുകിണറുകൾ – ഉപയോഗം | കിണറുകൾ: പൊതുകിണറുകൾ – ഉപയോഗശൂന്യം | കുഴൽകിണറുകൾ: വെള്ളം ഉള്ളത് | കുഴൽകിണറുകൾ: വെള്ളം ഇല്ലാത്തത് | ആകെ കിണറുകൾ |
|---|---|---|---|---|---|
| 2698 | 20 | 28 | 7 | 7 | 2760 |

അവലംബം: പൊതുകിണർ, കുഴൽകിണർ - പഞ്ചായത്ത് റജിസ്റ്റർ,
സ്വകാര്യകിണർ - സാമൂഹ്യ സാമ്പത്തിക സർവ്വെ - 1996

## പട്ടിക - 2
## KWA പദ്ധതി

| സ്ഥലം വാഡ് | സ്രോതസ്സ് | പൊതുടാപ്പുകൾ | സ്വകാര്യ കണക്ഷൻ | ലഭ്യമാവുന്ന മൊത്തം വീടുകൾ |
|---|---|---|---|---|
| ചാത്തക്കാട് വാഡ് 5 | കുഴൽ കിണർ | 8 | ഇല്ല | 50-ഓളം വീടുകൾ |

അവലംബം: പഞ്ചായത്ത് രജിസ്റ്റർ

തിരുവാലി പഞ്ചായത്തിൽ 1995-96 വർഷത്തിൽ 615 പേർക്ക് ജലജന്യരോഗങ്ങൾ ഉണ്ടായി. പഞ്ചായത്തിൽ മുഴുവൻ പേർക്കും കുടിവെള്ളം കുറ്റമറ്റ രീതിയിൽ വിതരണംചെയ്യാൻ ഉള്ള സംവിധാനം ഉണ്ടെങ്കിൽ വയറിളക്കം പോലുള്ള ജലജന്യരോഗങ്ങൾ ഇല്ലാതാക്കൻ കഴിയുന്നതാണ്.

വിശേഷാൽ ഗ്രാമസഭകളിൽനിന്നുയർന്നുവന്നതും പഞ്ചായത്ത്തലത്തിൽ പൊതുവെ ബാധകമായതുമായ പ്രശ്നങ്ങളും നിർദേശിക്കുന്ന പരിഹാരമാർഗങ്ങളും വിശകലനത്തിനായി പട്ടികയിൽ കൊടുക്കുന്നു.

# കുടിവെള്ള ക്ഷാമബാധിതപ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

1-ാം വാഡ്: ചീനിപടിയിൽ നിലവിൽ കേടുവന്നുകിടക്കുന്ന കുഴൽകിണർ നന്നാക്കി ആ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

2-ാം വാഡ്: താന്നിക്കുന്ന് പ്രദേശത്ത് ഒരു പൊതുകിണർ കുഴിച്ച് ആ ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം. കാർങ്ങല്ലൂർ ആർ.പി. കൃഷ്ണൻ എന്നയാളുടെ ചോലക്കുളം ഉപയോഗിച്ചുകൊണ്ട് ഒരു മിനി വാട്ടർ സപ്ലൈ പദ്ധതി നടപ്പിലാക്കി ഇവിടുത്തെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കാവുന്നതാണ്.

3-ാം വാഡ്: ചക്കരക്കാട്കുന്ന് പ്രദേശം കരിമ്പാറയായതിനാൽ മുഴുവൻ വീടുകളും അകലെയുള്ള പാടശേഖരത്തുള്ള കിണറുകളെയാണ് ആശ്രയിക്കുന്നത്. പുഴയം കിണർപാടത്തോ, ചൂലിപ്പുറം കരിന്താർ പാടത്തോ, കിണർ കുഴിച്ച് മിനി വാട്ടർസ്കീം ആരംഭിച്ചാൽ ചക്കരക്കാട്ടുകുന്ന്, ചക്കുംകണ്ടി കോളനി പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. മാടശ്ശേരി കോളനിയിലും പ്രശ്നം സമാനമാണ്. അയൽപാടത്ത് കിണർ കുഴിച്ച് മിനി വാട്ടർസപ്ലൈ സ്കീം നടപ്പാക്കിയാൽ മൂർഖൻ കുണ്ട് മാടശ്ശേരി ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

4-ാം വാഡ്: വാക്കേക്കുളത്തോടനുബന്ധിച്ച് ഒരു കിണർ കുഴിച്ച് മിനി വാട്ടർ സ്കീം ഉണ്ടാക്കി കുന്നത്ത് കോളനിയിലെ കുടിവെള്ളക്ഷാമരം പരിഹരിക്കാം. നിലവിൽ ചാത്തക്കാട് 8 ടാപ്പുകളുള്ള കേരള വാട്ടർഅതോറിറ്റിയുടെ വാട്ടർ സ്കീം ഉണ്ട്. ഇത് തങ്കായം ഭാഗത്തെ കുഴൽകിണർകൂടി ഉപയോഗിച്ച് ചാത്തക്കാട്-തങ്കായം ഭാഗത്തേക്ക് കുടിവെള്ളം കിട്ടത്തക്ക രീതിയിൽ വിപുലീകരിച്ച പദ്ധതിയാക്കി മാറ്റാൻഉള്ള നടപടികൾ ഉണ്ടായാൽ തങ്കായം -ചാത്തക്കാട്- പഴയ പഞ്ചായത്തുപടിവരെയുള്ള ഭാഗത്തെ കൂടുതൽ പ്രദേശങ്ങളിൽകൂടി ഉപകാരപ്രദമാക്കാവുന്നതാണ്. മേലങ്ങാടി മിനി വാട്ടർസ്കിം നടപ്പിലാക്കണം.

5-ാം വാഡ്: പൊതു കിണറുകൾ കുഴിച്ച് കൂളിക്കുന്ന് 4 സെൻറ് കോളനി, കൈതയിൽ കോളനി, കോട്ടക്കുന്ന് കോളനി എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. കൈതയിൽ കോളനിയിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി മോട്ടോർ ഉപയോഗിച്ച് വെള്ളംപമ്പ്ചെയ്ത് പൈപ്പ്ലൈൻ ഇട്ടാൽ കൈതയിൽ കോളനി പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളപ്രശ്നം പരിഹരിക്കപ്പെടും. കുണ്ടംതോട്ടിൽ ഒരു കിണർ കുഴിച്ച് കാരിക്കുന്ന് എന്ന തൊട്ടടുത്ത സ്ഥലത്തിൽ ടാങ്ക് കെട്ടി പൈപ്പ്ലൈൻ ഇട്ട് ജലവിതരണസൗകര്യം ഉണ്ടാക്കിയാൽ എളേടത്ത്കുന്ന്, ചാത്തക്കാട്, കുന്നക്കാട് എന്നീ കോളനികളിലും കോഴിപറമ്പ്, പൊട്ടാലകുന്ന് പ്രദേശത്തും കുടിവെള്ളക്ഷാമം പരിഹരിക്കാം. ഇത് ഒരു മിനി വാട്ടർസപ്ലൈ സ്കീം എന്ന നിലയിൽത്തന്നെ പ്ലാൻചെയ്ത് നടപ്പാക്കാവുന്നതാണ്.

6-ാം വാഡ്: ചേരിക്കുന്ന് നിലവിലുള്ള കിണർ റിപ്പയർചെയ്ത് താല്ക്കാലികമായി വെള്ളക്ഷാമം പരിഹരിക്കാം. ചേരിക്കുന്ന് കേന്ദ്രീകരിച്ച് ഒരു മിനി വാട്ടർസപ്ലൈ സ്കീം കുടിവെള്ളക്ഷാമ പരിഹാരത്തിനുവേണ്ടി നിർദ്ദേശിക്കുന്നു. ഇതിനുള്ള സ്ഥലം ഓഫർ ചെയ്തിട്ടുണ്ട്.

7-ാം വാഡ്: കൂരിയാടം പൊയിലിൽ വലിയ കുളത്തിനടുത്ത് വലിയ കിണർ കുഴിച്ച് കൂരിയാടംപൊയിൽ-തൊണ്ടിയിൽ അറബി കോളേജ് പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. ഇതിനായി ഒരു മിനി വാട്ടർ സപ്ലൈസ്കീം നിർദ്ദേശിക്കുന്നു. അതുപോലെ കണ്ണംകുളം കേന്ദ്രീകരിച്ച് മിനി വാട്ടർസപ്ലൈ സ്കീം.

8-ാം വാഡ്: തായംകോട് പടിഞ്ഞാറെ കോളനിയിൽ പൊതുകിണർ കുഴിച്ച് ഈ പ്രദേശത്തെ കോളനിവാസികളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാം. ഇതിന് വേണ്ട സ്ഥലം താന്നിക്കാടൻ ചാത്തൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. പടകാളി കരിമ്പനച്ചേരി പ്രദേശത്ത് വാട്ടർടാങ്ക് സ്ഥാപിക്കണം. ഇതിനുള്ള സ്ഥലം വാഗ്ദാനംചെയ്തിട്ടുണ്ട്. 40% മനുഷ്യാധ്വാനമായി നൽകാൻ തിരുമാനിച്ചിട്ടുണ്ട്. വട്ടക്കളരി ഹെൽത്ത്സെൻററിന് സമീപം ഒരു പൊതുകിണർകുഴിച്ച് ആ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

9-ാം വാഡ്: പടകാളിപറമ്പ്, തായംകോട് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വിഷ്ണുക്ഷേത്രത്തിന്സമീപം അമ്പലക്കുളത്തിനടുത്ത് കിണർ കുഴിച്ച് വാട്ടർടേങ്ക് സ്ഥാപിച്ച് മിനി വാട്ടർസപ്ലൈ സ്കീം നടപ്പാക്കണം. 15 സെൻറ് വിസ്തൃതിയുള്ള സ്വകാര്യകുളം മേൽസംരംഭത്തിനുവേണ്ടി ഉപയോഗിക്കാം.

10-ാം വാഡ്: കുഴൽകിണർ സ്ഥാപിച്ച് മൂച്ചിക്കൽ രാജീവ് ദശലക്ഷം വീട്പ്രദേശം, ആനാംപാറ കോളനി, എ.കെ.ജി നഗർ എന്നീ സ്ഥലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. ശാശ്വത പരിഹാരം എന്ന നിലയിൽ മുണ്ടതോട്ടിൽ തിരുവമ്പാടി ഭാഗത്ത് ഒരു കിണർകുഴിച്ച് മിനി വാട്ടർസപ്ലൈ സ്കീം നിർദ്ദേശിക്കുന്നു.

## ചെറുകിട ശുദ്ധജല പദ്ധതികൾ

വിവിധ വാഡുകളിൽനിന്ന് വന്ന 12 മിനി വാട്ടർസപ്ലൈ സ്കീമുകളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇവക്കുപുറമെ നിർദ്ദേശിക്കപ്പെട്ട പൊതുകിണറുകളും പണിതീരുന്ന മുറയ്ക്ക് ശുദ്ധജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

### ''സമഗ്ര ശുദ്ധജലപദ്ധതി''

**വൻകിട പദ്ധതി:** തിരുവാലി പഞ്ചായത്തിന് ഏകദേശം മുഴുവൻ കുടിവെള്ളപ്രശ്നവും പരിഹരിക്കാനാവുന്ന ഒരു പദ്ധതിയാണ് ഇത്.

മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിധിയിൽപ്പെട്ടതും 84-85ൽ നിർദ്ദേശിച്ചതുമായ ഈ സമഗ്ര ശുദ്ധജലപദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ഇതുവരെയും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. (No. IPDM/DB-1371/84-85 dtd 27-1-95 of the Executive Engineer IPD Malappuram) ഈ പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിലെ ഇൻവെസ്റ്റിഗേഷൻ എത്രയും പെട്ടെന്ന് പൂർത്തിയാക്കുകയും പദ്ധതിപ്രവർത്തനം ത്വരിതപ്പെടുത്തുകയും ചെയ്യണം. ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കാൻ തിരുവാലി പഞ്ചായത്ത് ഭരണസമിതി പ്രത്യേക ശ്രദ്ധചെലുത്തണം.

# പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

- **ഉയർന്ന സ്ഥലങ്ങളിൽ നീർകുഴികൾ കുഴിച്ചും വരമ്പുകളിട്ടും മഴവെള്ളം സംഭരണം വർദ്ധിപ്പിച്ചാൽ മണ്ണിലെ ജലസാന്ദ്രത വർദ്ധിപ്പിക്കാനും കിണറിൽ ലഭിക്കുന്ന വെള്ളത്തിൻെറ അളവ് വർദ്ധിപ്പിക്കാനും കഴിയും.**
- **നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകളിടുക.**
- **മഴവെള്ളസംഭരണത്തിന് കുഴികളും പൊട്ടകിണറുകളും ഉപയോഗപ്പെടുത്തുക.**
- **ഇതിനുവേണ്ടി ബോധവൽക്കരണ പ്രവർത്തനം നടപ്പാക്കുക.**

## കുടിവെള്ളം പട്ടിക – 3

| വാഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1) | ചീനിപടിക്കൽ, ആക്കലകുന്ന് | ചീനിപടിക്കൽ കിണർ നന്നാക്കുക, ചാലിയാർ കുടിവെള്ള പദ്ധതി നടപ്പിലാക്കുക |
| 2) | ഇല്ലത്ത്കുന്ന്, താന്നിക്കുന്ന്, കാർങ്ങല്ലൂർ എന്നീ പ്രദേശങ്ങൾ | ഇല്ലത്തുകുന്ന്, കാർങ്ങല്ലൂർ, കുന്നുംപുറം കിണറുകൾ കാർങ്ങല്ലൂരിൽ താമസിക്കുന്ന ആർ പി കൃഷ്ണൻ എന്നയാളുടെ ചോലക്കുളം ഉപയോഗിച്ച് മിനി വാട്ടർ പദ്ധതി നടപ്പിലാക്കുക താന്നിക്കുന്നിൽ പൊതു കിണർ ഉണ്ടാക്കുക |
| 3) | ചക്കാരകാട്ട്കുന്ന്, മാടശ്ശേരി എന്നീ ഭൂമിക്ക് അടിയിൽ കരിമ്പാറകളുള്ള പ്രദേശം | മാടശ്ശേരിയിലും ചക്കരക്കാട്ട്കുന്നും മിനിവാട്ടർ സ്കീം നടപ്പിലാക്കുക, ചക്കുംകണ്ടി പ്രദേശത്ത് പൊതുകിണർ (കുഴൽകിണർ) ഉണ്ടാക്കുക |
| 4) | കുന്നത്ത്കോളനി, ആക്കലക്കുന്ന് "റ റോഡ്" താഴെ പത്തിരിയാൽ ചേലക്കുന്ന് | തങ്കയത്ത് കിണർ നന്നാക്കൽ മേലങ്ങാടി കുഴൽകിണർ. വാക്കേക്കുളത്തോടനുബന്ധിച്ച് ഒരു കിണർ കുഴിച്ച് മിനി വാട്ടർ സ്കീം നടപ്പാക്കുക, പഞ്ചായത്ത് ഓഫീസിനു സമീപമുള്ള കുഴൽകിണർ ജലലഭ്യമാക്കുക, മോട്ടോർ വെച്ച് പൈപ്പ് ലൈൻ ഇട്ട് ചേലക്കുന്ന് ഭാഗത്തെ ജലക്ഷാമം പരിഹരിക്കുക |
| 5) | കൂളിക്കുന്ന് 4 സെൻറ് സ്ഥലം കോളനി എളേടത്ത്കുന്ന് കോളനി, പാമ്പാടികുന്ന് കോളനി, ചാത്തക്കാട് കോളനി, കുന്നക്കാട് കോളനി, കോട്ടക്കുന്ന് കോളനി, കൈതയിൽ കോളനി (മുകൾഭാഗം) | കൂളിക്കുന്ന് 4 സെൻറ് കൈതയിൽ കോളനി, കോട്ടക്കുന്ന് എന്നീ പ്രദേശങ്ങളിൽ പൊതുകിണർ കുഴിക്കുക. കുണ്ടംതോട്ടിൽ ഒരു കിണർ കുഴിച്ച് കാരികുന്നിൽ ടാങ്കെട്ടി പൈപ്പ് ലൈൻ ഇട്ട് ജലം വിതരണംചെയ്ത് പാമ്പാടികുന്ന്, എളേടത്ത് കുന്ന്, ചാത്തക്കാട്, കുന്നക്കാട്, കോളനികളിലും കോഴിപറമ്പ് പൊട്ടാലകുന്ന് പ്രദേശത്തും കുടിവെള്ളക്ഷാമം പരിഹരിക്കണം |
| 6) | ചേരിക്കുന്ന്, വാരിയമ്പറ്റ, പാലക്കോട്, കാരകുന്ന് എന്നീ പ്രദേശങ്ങൾ | തങ്കായം കിണർ നന്നാക്കണം, പാലക്കോട് കോളനി കിണർ നന്നാക്കണം, ചേരിക്കുന്ന് നിലവിലുള്ള കിണർ റിപ്പേർ ചെയ്യുക, ചേരിക്കുന്ന് കേന്ദ്രീകരിച്ച് ചേരിക്കുന്ന് കോളനിയിൽ മിനി വാട്ടർ സ്കീം |
| 7) | കൂരിയാടം പൊയിൽ ഭൂമിക്കടിയിൽ പാറയുള്ള പ്രദേശം. കാരകുന്ന്, കള്ളംകുഴി എന്നീ പ്രദേശങ്ങൾ | കൂരിയാടംപൊയിലിൽ വലിയ കിണർ കുഴിച്ച് മിനി വാട്ടർ സ്കീം തുടങ്ങി അതിനടുത്തുള്ള പ്രദേശങ്ങളിലുംകൂടി കുടിവെള്ളക്ഷാമം പരിഹരിക്കാം. കണ്ണംകുളം കേന്ദ്രീകരിച്ച് മിനി വാട്ടർ സ്കീം. വാരിയംപറ്റ കിണർ വേണം. പുന്നപ്പാല സ്കൂൾ കിണർ നന്നാക്കണം |
| 8) | പടകാളി കരിമ്പനശ്ശേരി പ്രദേശം. കോട്ടോല തായംകോട് ഹരിജൻകോളനി വട്ടക്കളരി -ഐ.പി.പി. സബ്സെൻററിനു സമീപം | പടകാളി കരിമ്പനശ്ശേരി വാട്ടർടേങ്ക് സ്ഥാപിക്കുക. തായംകോട് കോളനിയിൽ നിലവിലുള്ള കുഴൽകിണർ അപര്യാപ്തമാണ്. വാട്ടർടേങ്ക് കെട്ടണം. വട്ടക്കളരി ഹെൽത്ത്സെൻററിന് സമീപം. പൊതുകിണർ സ്ഥാപിക്കുക |
| 9) | നടുവത്ത് സ്കൂൾ പരിസരം പടകാളിപറമ്പ്, തായംകോട് പ്രദേശം | 15 സെൻറ് വിസ്തൃതിയുള്ള സ്വകാര്യകുളം ഉപയോഗിച്ച് വാട്ടർടേങ്ക് സ്ഥാപിച്ച് മിനി വാട്ടർസ്കീം തുടങ്ങി പടകാളിപറമ്പ്, തായംകോട് പ്രദേശം എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം |
| 10 | മൂച്ചിക്കൽ രാജീവ് ദശലക്ഷംവിട് പ്രദേശം, ആനാംപാറ കോളനി, എ.കെ.ജി നഗർ (കടായിക്കോട്) | മൂച്ചിക്കൽ രാജീവ് ദശലക്ഷം വീട് പ്രദേശം, ആനാംപാറ കോളനി, എ.കെ.ജി നഗർ എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിക്കുക, ശാശ്വതപരിഹാരമെന്നനിലയിൽ മുണ്ടത്തോട്ടിൽ തിരുവമ്പാടി ഭാഗത്തായി കിണർ കുഴിച്ച് മിനി വാട്ടർ സ്കീം നിർദ്ദേശിക്കുന്നു |

# പരിസര മലിനീകരണം

വ്യക്തി കുടുംബത്തിനും കുടുംബം സമൂഹത്തിനും സമൂഹം രാഷ്ട്രത്തിനും ഏറ്റവും അനുഗുണമായത് സ്വീകരിക്കുക സാധ്യമായതെല്ലാം ചെയ്യുക എന്നുള്ളതാണ് പരിസര ശുചിത്വത്തിന്റെ അടിസ്ഥാനതത്വം.

പഞ്ചായത്തിൽ കൂടുതൽ കുടുംബങ്ങളും കാർഷികവൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. കൃഷി ലാഭകരമാക്കുന്നതിനുവേണ്ടി ക്രമാതീതമായി കീടനാശിനികളുടെ പ്രയോഗം നടന്നുകൊണ്ടിരിക്കുന്നു. കീടനാശിനികളുടെ പ്രയോഗം പൊതുജനാരോഗ്യത്തെ സാരമായിത്തന്നെ ബാധിക്കുന്നുണ്ട്. വേണ്ടത്ര മുൻകരുതലുകളില്ലായ്മയും ആവശ്യമായ ബോധവൽക്കരണമില്ലായ്മയുമാണിതിന് കാരണം. അശാസ്ത്രീയമായ കീടനാശിനികളുടെ പ്രയോഗം കർശനമായും നിരോധിക്കേണ്ടതാണ്. അടുത്ത കാലത്തായി മത്സ്യങ്ങളിൽ കണ്ടുവരുന്ന രോഗങ്ങൾ കീടനാശിനികളുടെ അമിത ഉപയോഗവുമായി ബന്ധപ്പെടുത്തി ഒരു ശാസ്ത്രീയഗവേഷണത്തിന് തയാറാവേണ്ടതാണ്. ഇവ പരിസരമലിനീകരണത്തിന്റെ പ്രത്യക്ഷ ഉദാഹരണമായി എടുക്കേണ്ടതാണ്.

വ്യവസായവൽക്കരണത്തിൽ പിന്നോക്കംനിൽക്കുന്ന പ്രദേശമായതിനാൽ അതുമൂലമുള്ള പരിസരമലിനീകരണം വളരെ കുറവാണെന്ന് പറയാം. എന്നാൽ 'അണ്ണാരക്കണ്ണനും തന്നാലായത്' എന്നനിലയിൽ നടുവത്ത്-ശാന്തിഗ്രാം ലാറ്റക്സ്, കോഴിപ്പറമ്പ് ലാറ്റക്സ്, ചെമ്മരം എല്ലുപൊടി കമ്പനി തുടങ്ങിയ വ്യവസായശാലകളിൽനിന്നും ഉണ്ടാവുന്ന പരിസരമലിനീകരണം തടയേണ്ടതും കാലാനുഗതമായി പരിശോധിക്കേണ്ടതും ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പവും തെരുവുവികസനത്തിന്റെയും ഫലമായി പൊതുനിരത്തുകളിൽ കുമിഞ്ഞുകൂടുന്ന ചപ്പുചവറുകളും മറ്റു അവശിഷ്ടങ്ങളും ക്രമാതീതമായി വർദ്ധിക്കുന്നതുകാരണം പൊതുജനാരോഗ്യത്തിന് ഹാനികരമായി ബാധിക്കുന്നതരത്തിൽ ദുർഗന്ധം വമിക്കുന്നതും ഈച്ച, കൊതുക്, എലി തുടങ്ങിയ ക്ഷുദ്രജീവികളുടെ പ്രജനനത്തിനും മാരകരോഗങ്ങളുടെ വ്യാപനത്തിനും സാധ്യതയേറുന്നു. ഇതിന് പരിഹാരമെന്നോണം ചപ്പുചവറുകളും മറ്റും ശേഖരിക്കുന്നതിന് വേയ്സ്റ്റ് ബിൻ സൗകര്യവും അവ നീക്കംചെയ്യുന്നതിനും നിരത്തുകൾ വൃത്തിയാക്കുന്നതിനും രണ്ട് വാഡുകൾക്ക് ഒരാൾ എന്ന തോതിൽ പഞ്ചായത്തിൽ അഞ്ച് ക്ലീനർമാരെ നിയമിക്കുകയും വേണമെന്ന ആവശ്യം വിശേഷാൽ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. തിരുവാലി, പത്തിരിയാൽ, നടുവത്ത് തുടങ്ങിയ അങ്ങാടികളിൽ ഡ്രെനേജ് സിസ്റ്റം ആരംഭിക്കേണ്ടതുമാണ്.

ദിനംപ്രതിയെന്നോണം ഭൂരിപക്ഷം ആളുകളും ഇന്ന് മത്സ്യമാംസാദി ഭക്ഷണങ്ങൾ ഉപയോഗിക്കുന്നവരാണ്. സ്വകാര്യ വ്യക്തികളുടെ തന്നിഷ്ടങ്ങൾക്കനുസരിച്ചാണ് സ്വകാര്യസ്ഥലങ്ങളിൽവെച്ച് ഇത്തരം സാധനങ്ങൾ ക്രയവിക്രയം ചെയ്യുന്നത്. അതുകൊണ്ടുതന്നെ അവയിൽനിന്നുണ്ടാവുന്ന അവശിഷ്ടങ്ങൾ പരിസരശുചിത്വത്തിന് ദോഷകരമായി ബാധിക്കുന്നു. ഇവയ്ക്ക് പരിഹാരമെന്നോണം പഞ്ചായത്ത്തലത്തിൽ കൂരിയാടംപൊയിൽ, തിരുവാലി, നടുവത്ത്, പത്തിരിയാൽ എന്നീ സ്ഥലങ്ങളിലായി നാല് അറവുശാലകൾ നിർമ്മിക്കേണ്ടതുണ്ട്. പരിശോധനയ്ക്ക് വിധേയമാക്കിയ മൃഗങ്ങളെ മാത്രമേ അറക്കുന്നുള്ളു എന്ന് ഉറപ്പുവരുത്തണം. തിരുവാലി, നടുവത്ത്, പൂളക്കൽ, കോഴിപ്പറമ്പ്, എറിയാട്, പത്തിരിയാൽ തുടങ്ങിയ സ്ഥലങ്ങളിൽ ശാസ്ത്രീയമായ മത്സ്യമാംസമാർക്കറ്റുകൾ തുടങ്ങിയ ആവശ്യങ്ങൾ വിവിധ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇതിനുവേണ്ടി നിർമിക്കുന്ന കെട്ടിടങ്ങളും മറ്റും വിഭവസമാഹരണത്തിനു മുതൽക്കൂട്ടാവുന്നതാണ്.

ഹോട്ടലുകൾ, ചായക്കടകൾ, ശീതളപാനീയ കടകൾ, ഉത്സവസ്ഥലങ്ങളിലെ ഭക്ഷണസ്റ്റാളുകൾ എന്നിവിടങ്ങളിൽ ആരോഗ്യവകുപ്പുദ്യോഗസ്ഥർ കർശനമായി പരിശോധന നടത്തണം. ഇത്തരം സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർ കാലാനുസൃതമായി മെഡിക്കൽ പരിശോധനക്ക് വിധേയമാവേണ്ടതും ഹെൽത്ത്കാർഡുകൾ സൂക്ഷിക്കേണ്ടതുമാണ്.

പ്രയോഗക്ഷമത നഷ്ടപ്പെട്ടതും കാലഹരണപ്പെട്ടതുമായ "മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്", "ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്" എന്നീ നിയമാവലികൾ കാലോചിതമായി പുതുക്കി കൂടുതൽ ഫലപ്രദമാക്കാനുതകുന്ന നിയമനിർമ്മാണങ്ങൾ നടപ്പിലാക്കേണ്ടതാണ്.

വീടുകളിൽനിന്നുമുണ്ടാവുന്ന ചപ്പുചവറുകൾ കമ്പോസ്റ്റുകുഴിയിൽ നിക്ഷേപിക്കാവുന്നതും അതുവഴി അടുക്കളതോട്ടങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള കമ്പോസ്റ്റ്‌വളം ഉണ്ടാക്കാവുന്നതുമാണ്.

## ശ്മശാനങ്ങൾ

പഞ്ചായത്തിൽ ചാത്തക്കാട്, കോട്ടക്കുന്ന് എന്നീ സ്ഥലങ്ങളിലായി രണ്ട് പൊതുശ്മശാനങ്ങളും വിവിധ ജാതിവഭാഗങ്ങൾക്കായി പതിനഞ്ചോളം ചെറുശ്മശാനങ്ങളും നിലവിലുണ്ട്. ഭൂപ്രകൃതിയുടെ പ്രത്യേകതയാലും നിലവിലുള്ളവതന്നെ രണ്ടെണ്ണമൊഴിച്ച് മറ്റുള്ളവയെല്ലാംതന്നെ ചില ജാതി-മതവിഭാഗങ്ങൾക്കായി പരിമിതപ്പെടുത്തിയതിനാലും തായംകോട്, നടുവത്ത്, പത്തിരിയാൽ എന്നിവിടങ്ങളിൽ പൊതു ശ്മശാനം നിർമ്മിക്കണമെന്ന ആവശ്യങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിന് മൊത്തമായി എല്ലാവിധ ആധുനിക സൗകര്യങ്ങളോടുംകൂടി വൈദ്യുതീകരിച്ച് പൊതു ശ്മശാനം (Electric Cremetorium) നിർമ്മിക്കലാണ് വർദ്ധിച്ചുവരുന്ന പ്രതിസന്ധി നേരിടുന്നതിനുള്ള ശാശ്വതമായ പരിഹാരം.

# കക്കൂസുകൾ

പരിസരമലിനീകരണത്തെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങളിൽ കുടിവെള്ളം കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഷയമാണ് സാനിറ്ററി കക്കൂസുകളുടെ അഭാവം. പഞ്ചായത്തിലെ 4101ഓളം വീടുകളിൽ 2658 വീടുകൾക്ക് മാത്രമേ സ്വന്തമായി കക്കൂസുകളുള്ളു. ആകെ കുടുംബങ്ങളിൽ 39.4%വും ഇന്നും തുറസ്സായ സ്ഥലങ്ങളാണ് മലവിസർജ്ജനത്തിനായി ഉപയോഗിക്കുന്നത്. ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെട്ട വിഷയവും ഇതുതന്നെയാണ്. എല്ലാ വീടുകൾക്കും സാനിറ്ററി കക്കൂസുകൾ എന്ന ലക്ഷ്യം പൂർത്തീകരിക്കേണ്ട സമയം ഇതിനകംതന്നെ അതിക്രമിച്ചുകഴിഞ്ഞു. ആയതിനാൽ 9-ാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ശുചീകരണപ്രശ്നമായി ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം കാണേണ്ടതുണ്ട്.

### പട്ടിക - 1 (കക്കൂസ്)

| വാഡുകൾ | കക്കൂസുകളുടെ വിവരം | | | |
|---|---|---|---|---|
| | സാനിറ്ററി കക്കൂസുകൾ | കുഴികക്കൂസുകൾ | കക്കൂസ് ഇല്ലാത്ത വീടുകൾ | ആകെ വീടുകൾ |
| I | 237 | 13 | 73 | 310 |
| II | 252 | 15 | 172 | 424 |
| III | 171 | 8 | 141 | 312 |
| IV | 297 | 15 | 212 | 509 |
| V | 272 | 26 | 203 | 475 |
| VI | 218 | 16 | 176 | 394 |
| VII | 229 | 21 | 97 | 326 |
| VIII | 321 | 10 | 148 | 469 |
| IX | 307 | 15 | 102 | 409 |
| X | 354 | 33 | 119 | 473 |
| ആകെ | 2658 | 172 | 1443 | 4101 |

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വെ 1996

വിരബാധ, വയറിളക്കരോഗങ്ങൾ, ടൈഫോയിഡ്, പിള്ളവാതം തുടങ്ങിയ ജലജന്യരോഗങ്ങൾക്കും വ്യാപനത്തിനും സാനിറ്ററി കക്കൂസുകളുടെ അഭാവം പ്രധാനകാരണമാണ്.

വിവിധ സ്കീമുകളിൽ പഞ്ചായത്ത് ബ്ലോക്ക്തലങ്ങളിൽനിന്നും അനുവദിക്കപ്പെടുന്ന ഹൗസിങ്ങ്ഗ്രാൻറുകളിൽ കക്കൂസ് നിർബന്ധമായും ഉൾപ്പെടുത്തുകയും നിർമ്മാണം ഉറപ്പുവരുത്തുകയും വേണം. പത്തിരിയാൽ, തിരുവാലി, പൂള ക്കൽ നടുവത്ത്, തിരുവാലി-സ്കൂൾപടി എന്നിവിടങ്ങളിൽ പൊതു കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കണം.

കോളനികളിൽ "ലാട്രിൻ കോംപ്ലക്സുകൾ" നിർമ്മിക്കാവുന്നതാണ്. ഓരോ വീടിനും ഒന്നെന്ന തോതിൽ ക്ലോസെറ്റ് സിസ്റ്റവും എന്നാൽ കോളനിയിലേക്കായി ഒറ്റ സെപ്റ്റിക് ടാങ്കും ഒന്നിലധികം ചുമരുകൾ ഒന്നുചേർന്നുള്ളതുമാണ് ലാട്രിൻ കോംപ്ലക്സുകൾ കൊണ്ടുദ്ദേശിക്കുന്നത്.

## പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉയർത്തുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ

പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ വർധിച്ചുവരുന്ന ഉപയോഗവും സംസ്കരണത്തിനു നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടു കളും ആധുനികയുഗത്തിന്റെ ഗുരുതരമായ പരിസ്ഥിതിപ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു. മഴവെള്ളം ഭൂമിയിലേക്ക് താഴുന്നതിന് തടസ്സം സൃഷ്ടിക്കുകയും മണ്ണിന്റെ ഫലഭൂയിഷ്ഠത നശിക്കുന്നതിന് കാരണമാവുകയുംചെയ്യും. ഇത്തരം പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ജൈവവിഘടനത്തിന് വിധേയമാകുന്നില്ല. അതുകൊണ്ടുതന്നെ ഇവയുടെ ഉപയോഗം മണ്ണിനെ കൃഷിക്ക് ഉപയോഗയോഗ്യമല്ലാതാക്കിത്തീർക്കുന്നു.

ജൈവവിഘടനത്തിനു വിധേയമാവുന്ന വസ്തുക്കൾകൊണ്ട് നിർമ്മിച്ച ബാഗുകൾ പ്ലാസ്റ്റിക്ബേഗുകൾക്ക് പകരമാ യി ലഭ്യമാക്കുക. പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പൂർണ്ണമായും പുനരുൽപ്പാദിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ജില്ലാതലത്തിലെങ്കി ലും ആസൂത്രണംചെയ്യണം.

## ചിലവുകുറഞ്ഞ സാനിറ്റി കക്കൂസ്

ഗ്രാമപഞ്ചായത്തും സി. ബി. എൻ. പി.യും സോഷ്യോ ഇക്കണോമിക് യൂനിറ്റുമായി സഹകരിച്ച് 3000 രൂപക്ക് ചിലവു കുറഞ്ഞ സാനിറ്ററി കക്കൂസ് എന്ന പദ്ധതി നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കുകയാണെങ്കിൽ പാവപ്പെട്ട കുടുംബങ്ങൾ ക്ക് മുഴുവനും കക്കൂസ് നിർമ്മിച്ചുകൊടുക്കാൻ കഴിയും. ഈ പദ്ധതിപ്രകാരം കക്കൂസ് ഒന്നിന് 750 രൂപ പഞ്ചായത്തും 500 രൂപ ഗുണഭോക്താവും വഹിച്ചാൽ ബാക്കി തുക (1750 രൂപ) സോഷ്യോ ഇക്കണോമിക് യൂനിറ്റ് നൽകും. ഗുണഭോക് താവിന്റെ വിഹിതമായ 500 രൂപ എടുക്കാൻ കഴിയാത്തവർക്ക് സി. ബി. എൻ. പി.യുടെ ത്രിഫ്റ്റ് സൊസൈറ്റിയിൽനിന്നും ലോൺ എടുക്കാവുന്നതാണ്.

ഈ പദ്ധതി വിജയിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ പഞ്ചായത്ത് എടുക്കുന്നതാണ്. അനുവദിക്കപ്പെടുന്ന തുക യിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

# ആരോഗ്യം

സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ ക്രിസ്ത്യൻമിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി കരുണാലയ ആശുപത്രി എന്ന ഒരു സ്ഥാപനം വണ്ടൂരിൽ പ്രവർത്തിച്ചിരുന്നു. ക്ഷയരോഗംപോലുള്ള മാരകമായ രോഗചികിത്സ-ഗൃഹസന്ദർശനം, കവലകൾ കേന്ദ്രീകരിച്ചുള്ള സന്ദർശനം മുതലായവവഴി രോഗികൾക്ക് ഇതിന്റെ സേവനം ലഭ്യമായിരുന്നു. 8 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്നതും 1964-ൽ സ്ഥാപിതവുമായ വണ്ടൂർ പ്രാഥമികആരോഗ്യകേന്ദ്രത്തെയും 14 കിലോമീറ്റർ ദൂര ത്ത് സ്ഥിതിചെയ്യുന്ന മാഞ്ചേരി ജില്ലാ ജനറൽ ആശുപത്രിയേയും ആണ് ഇവിടുത്തുകാർ ചികിത്സക്കായി ആശ്രയിച്ചിരുന്ന തും ഇപ്പോഴും ആശ്രയിക്കുന്നതും. തലമുറകളായി ജനങ്ങളെ സ്വാധീനിച്ചിരുന്ന അന്ധവിശ്വാസങ്ങൾ, മന്ത്രവാദം, ചരട്ജ പിച്ച് കെട്ടൽ, വഴിപാടുകൾ തുടങ്ങിയവയും ജനങ്ങൾ ചികിത്സാമാർഗ്ഗങ്ങളായി സ്വീകരിച്ചിരുന്നു.

ആധുനിക ചികിത്സാരംഗത്ത് 1972-ൽ തിരുവാലി പഞ്ചായത്തിലെ പൂളക്കൽ എന്ന സ്ഥലത്ത് പഞ്ചായത്തിലെ ഒരറ്റ ത്ത് ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിതമായി. അരീപ്പുറത്ത് മനയ്ക്കൽ നാരായണൻ നമ്പൂതിരിപ്പാടിന്റെ കെട്ടിട ത്തിൽ വടകയില്ലാതെ പ്രവർത്തനംതുടങ്ങുകയും പിന്നീട് ചുരുങ്ങിയ പ്രതിഫലത്തിന് സ്ഥലവും കെട്ടിടവും പ്രാഥമികാ രോഗ്യകേന്ദ്രത്തിനുവേണ്ടി ഏറ്റെടുക്കുകയും ചെയ്താണ് ഈ സ്ഥാപനം പ്രവർത്തനം തുടരുന്നത്. തിരുവാലി പഞ്ചായ ത്തിന്റെ ഒരറ്റത്ത് ഈ സ്ഥിതിചെയ്യുന്നു എന്നതുകൊണ്ടുതന്നെ പഞ്ചായത്തിലെ 15% ആളുകൾക്കുമാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുന്നുള്ളു.

ഇതിനുപുറമെ ഒരു ആയുർവേദ ഹോസ്പിറ്റൽ (10 കിടക്കളുള്ള സ്ഥാപനം) ഒരു ഹോമിയോ ഡിസ്പൻസറി എന്നീ രണ്ട് ചികിത്സാസ്ഥാപനങ്ങളും സ്വകാര്യമേഖലയിൽ 8 ആയുർവേദമരുന്നുകടകൾ ഉൾപ്പെടെ 13 പാരമ്പര്യ വൈദ്യചികി ത്സകന്മാരും ഏതാനും ചില ഒറ്റമൂലി ചികിത്സകരും ആരോഗ്യചികിത്സാരംഗത്തെ തിരുവാലി പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

പ്രമേഹം, രക്തസമ്മർദ്ദം, ചിക്കൺപോക്സ്, അഞ്ചാംപനി, വയറിളക്കരോഗങ്ങൾ, മഞ്ഞപ്പിത്തം, ക്ഷയരോഗം, കുഷ്ഠ രോഗം എന്നീ രോഗങ്ങൾ കാണപ്പെടുന്നു. കേൻസർരോഗവും സാധാരണമായിരിക്കുന്നു. മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്നവരിൽ ചിലർക്ക് മലമ്പനിരോഗം കാണപ്പെടുന്നുണ്ട്. ആയുർവ്വേദ ആശുപത്രിയിൽ വരുന്ന രോഗികളിൽ 45% വാത രോഗികളാണ്. 95-96 വർഷത്തിൽ തിരുവാലി പഞ്ചായത്തിൽ 76 മരണവും (അവലംബം പഞ്ചായത്ത് രജിസ്റ്റർ) 373 ജനനവും ഉണ്ടായി. (അവലംബം: പി.എച്ച്.സിയിലെ ഇ.സി. രജിസ്റ്റർ) ജനന നിരക്ക് 18.7ഉം, മരണനിരക്ക് 3.81ഉം ആണ്.

അവലംബം: ജനനം: പി.എച്ച്.സി - രജിസ്റ്റർ, മരണം: പഞ്ചായത്ത് രജിസ്റ്റർ.

തിരുവാലി പ്രൈമറി ഹെൽത്ത്സെൻററിൽ പ്രതിവർഷം ശരാശരി 9036 രോഗികളും ഗവ. ഹോമിയോ ഡിസ്പൻസറി യിൽ 1861 രോഗികളും ഗവ. ആയുർവേദ ആശുപത്രിയിൽ 91 ഇൻപേഷ്യൻറ് ഉൾപ്പെടെ 5937 രോഗികളും ചികിത്സക്കാ യി എത്തുന്നു.

ആവശ്യത്തിന് മരുന്നോ സൗകര്യങ്ങളോ തൃപ്തികരമായ സേവനമോ ഇവിടങ്ങളിൽ ലഭ്യമല്ലെന്നുള്ളത് ജനങ്ങ... രംഗത്ത് അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നമാണ്. ഈ വസ്തുതയിൽനിന്നും ചികിത്സാരംഗത്തെ സേവനസൗകര്യ... വർധിപ്പിക്കേണ്ടതിന്റെയും രോഗപ്രതിരോധപ്രവർത്തനങ്ങൾ, ബോധവൽക്കരണം എന്നിവയുടെയും പ്രാധാന്യം ... ലാക്കാവുന്നതേയുള്ളു.

കുടുംബക്ഷേമപ്രവർത്തനങ്ങൾ തിരുവാലി പഞ്ചായത്തിൽ വർഷങ്ങളായി നല്ല നിലയിൽ നടന്നുവരുന്നുണ്ട്. 95... വർഷത്തിൽ പഞ്ചായത്തിൽ 15-നും 44വയസ്സിനുംഇടയിൽ (ഭാര്യമാരുടെ പ്രായം) 3069 അർഹരായ ദമ്പതിമാ... ഇതിൽ കുടുംബാംസൂത്രണമാർഗ്ഗം സ്വീകരിച്ച ദമ്പതിമാർ ഒരു കുട്ടിയുള്ളത് 166ഉം, രണ്ട് കുട്ടികളുള്ളത് 679ഉം ര... കൂടുതൽ കുട്ടികളുള്ളത് 986ഉം, ആകെ 1831ഉം ആണ്. ദേശീയ ശരാശരിയിൽ ജനനനിരക്കിലും മരണനിരക്കിലും ... വാലി പഞ്ചായത്ത് 2000-ാമാണ്ടോടുകൂടിയുള്ള ലക്ഷ്യം നേടിക്കഴിഞ്ഞു. എന്നാൽ ജനന നിരക്കിൽ കേരളത്തെ അപേക്ഷി... ച്ച് കൂടുതലും മരണനിരക്ക് കുറവും ആണ്. ഇതിൽനിന്നെല്ലാം കുടുംബക്ഷേമപ്രവർത്തനം ഇനിയും ഊർജിതപ്പെടു... ണ്ടതുണ്ടെന്ന് മനസ്സിലാക്കാമല്ലോ.

(അർഹരായ ദമ്പതിമാർ, കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചവർ - അവലംബം: പി.എച്ച്.സി.യിലെ ഇ.സി. രജിസ്...

## സ്ഥാപനങ്ങളും സേവനങ്ങളും

തിരുവാലി പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ തഴെപറയുന്നവയാണ്:-

പ്രാഥമിക ആരോഗ്യകേന്ദ്രം -1
ആയുർവ്വേദ ആശുപത്രി -1
ഹോമിയോ ഡിസ്പൻസറി -1
ആരോഗ്യ ഉപകേന്ദ്രങ്ങൾ -5

ഇവയിലെല്ലാംകൂടി 31 ജീവനക്കാരാണുള്ളത്.

### • പട്ടിക - 1 • ആരോഗ്യം •

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന വർഷം | ഇനം | വാർഡ് | കെട്ടിടം സ്വന്തം /വാടക | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|
| (1) | ഗവ. ആയുർവേദ ആശുപത്രി | 1977 | ആയുർവേദം | 4 | സ്വന്തം (10 കിടക്കകൾ) | 8 |
| (2) | ഗവ. ഹോമിയോ ഡിസ്പൻസറി | 1991 | ഹോമിയോ | 5 | പഞ്ചായത്ത് വക കെട്ടിടം | 4 |
| (3) | പ്രാഥമികാരോഗ്യകേന്ദ്രം | 1972 | അലോപ്പതി | 6 | സ്വന്തം | 19* |
| (4) | കുടുംബക്ഷേമകേന്ദ്രം- പത്തിരിയാൽ | 1968-'69 | അലോപ്പതി | 3 | സ്വന്തം | 1/19 |
| (5) | ഐ.പി.പി. സബ്സെൻറർ തിരുവാലി (കാർങ്ങല്ലൂർ) | 1985-86 | അലോപ്പതി | 2 | സ്വന്തം | 1/19 |
| (6) | ഐ.പി.പി. സബ്സെൻറർ കോഴിപറമ്പ് | 1985-86 | അലോപ്പതി | 5 | സ്വന്തം | 1/19 |
| (7) | ഐ.പി.പി.സബ്സെൻറർ കോട്ടോല | 1985-86 | അലോപ്പതി | 8 | സ്വന്തം | 1/19 |
| (8) | ഐ.പി.പി. സബ്സെൻറർ നടുവത്ത് | 1985-86 | അലോപ്പതി | 9 | സ്വന്തം | 1/19 |

[ അവലംബം: ദ്വിതീയ വിവരശേഖരണം - 1996 - തിരുവാലി പഞ്ചായത്ത് ]

* പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ആകെ ജീവനക്കാർ - 19
ജെ. എച്ച്.ഐ-3, ജെ.പി.എച്ച്.എൻ-6,
എച്ച്.ഐ-1, എൽ.എച്ച്.ഐ-1 എന്നിവ ഫീൽഡ് ജീവനക്കാരാകുന്നു

തിരുവാലി പഞ്ചായത്തിലെ പ്രധാന ആരോഗ്യസ്ഥാപനങ്ങളുടെ സ്ഥാപനപരമായ പ്രശ്നങ്ങളും അവയ്ക്കുള്ള നിർദ്ദേശങ്ങളും പട്ടികരൂപത്തിൽ കൊടുക്കുന്നു.

പട്ടിക (ആരോഗ്യം) 2

| ക്ര.നം | സ്ഥാപനം | പ്രശ്നങ്ങൾ | പരിഹാരം - നിർദ്ദേശം |
|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യ കേന്ദ്രം, തിരുവാലി | ഈ സ്ഥാപനം പഞ്ചായത്തിൻെറ ഒരറ്റത്ത് ആയത്കാരണം 85% ആളുകൾക്കും സ്ഥാപനത്തിൻെറ പ്രയോജനം കിട്ടുന്നില്ല. ഒരു ഡോക്ടർ മാത്രമേ നിലവിലുള്ളൂ. കെട്ടിടം പഴഞ്ചനും പ്രാകൃതവുമാണ്. കോമ്പൗണ്ട് വാൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ ഇല്ല. ആരോഗ്യരംഗത്തെ സ്വകാര്യവൽക്കരണം കാരണം അവശ്യമരുന്നുകളുടെ ലഭ്യതയിൽ കുറവുവരുന്നു. | പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കും ആരോഗ്യസേവനം ലഭ്യമായ രീതിയിൽ തിരുവാലിയിൽ ഒരു കമ്യൂണിറ്റി ഹെൽത്ത് സെൻറർ സ്ഥാപിക്കുക. ഇതിനുവേണ്ട സ്ഥലം പഞ്ചായത്ത് പുറമ്പോക്ക് വക ലഭ്യമാണ്. നിലവിലുള്ള പി. എച്ച്. ഡി.യുടെ കെട്ടിടത്തിന് Upstair നിർമ്മിച്ച് പ്രയോജനപ്പെടുത്തി 10 കിടക്കളുള്ള ആശുപത്രിയായി വികസിപ്പിക്കുക. ഇതിനുവേണ്ടി ഓഫീസ് മുകൽഭാഗത്തേക്ക് മാറ്റി താഴത്തെ ഭാഗം കിടത്തി ചികിത്സക്കുവേണ്ടി ഉപയോഗിക്കാം. ഗർഭിണികളെ പരിശോധിക്കാനുള്ള സൗകര്യം ഉണ്ടാക്കുക. കൂടാതെ IP വിഭാഗരോഗികൾക്കാവശ്യമായ കക്കൂസുകൾ നിർമ്മിക്കുകയും ചെയ്യുക. പി. എച്ച്. സി.ക്ക് ഒരു കോമ്പൗണ്ട് വാളും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുക. അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടികൾ ഉണ്ടാക്കുക. ഡോക്ടർമാർ രണ്ടാകണം. സ്റ്റാഫ് നഴ്സിനെ നിയമിക്കുക. |
| 2 | ഗവ. ആയുർവേദ ഡിസ്പെൻസറി, തിരുവാലി | നിലമ്പൂർ താലൂക്കിൽ IP സൗകര്യമുള്ള ഏക സ്ഥാപനം. 10 കിടക്കകളുടെ സൗകര്യമേ ഉള്ളൂ. കിടത്തി ചികിത്സിക്കുന്നവർക്ക് വേണ്ട സൗകര്യം വളരെ അപര്യാപ്തമാണ്. ഡിസ്പെൻസറിക്ക് കോമ്പൗണ്ട്വാൾ, ജീവനക്കാർക്ക് താമസിക്കാനുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ്, കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ എന്നിവ ഇല്ല. മരുന്നില്ല. | പഞ്ചായത്ത് പുറമ്പോക്ക് വക സ്ഥലം ഉപയോഗപ്പെടുത്തി ആയുർവ്വേദ ആശുപത്രിക്ക്വേണ്ടി കൂടുതൽ കിടക്കകളുള്ള സ്ഥാപനമായി ഉയർത്തുക. നിലവിലുള്ള ആശുപത്രിയിൽ നടക്കാൻ കഴിയാത്ത രോഗികൾക്ക് അതാത് വാർഡിനോടനുബന്ധിച്ച് കക്കൂസ്, കുളിമുറി എന്നിവ ഉണ്ടാക്കുക. ഉഴിച്ചിലിനാവശ്യമായ സൗകര്യപ്രദമായ ഒരു മുറി ഉണ്ടാവണം. രോഗികളുടെ കൂടെ നിൽക്കുന്നവർക്ക് ഭക്ഷണം, ചൂടുവെള്ളം മുതലായവ തയ്യാറാക്കാൻ അടുക്കളയിൽ സൗകര്യം വിപുലപ്പെടുത്തുക. അടുക്കളയോടനുബന്ധിച്ച് വിറക് സൂക്ഷിക്കാനാവശ്യമായ സ്ഥലം ഉണ്ടാക്കുക. കോമ്പൗണ്ട്വാൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് തുടങ്ങിയവ നിർമ്മിക്കുക, ഹോസ്പിറ്റലിൽ വാട്ടർ സപ്ലൈ സംവിധാനം ഉണ്ടാക്കുക. |
| 3 | ഗവ. ഹോമിയോ ഡിസ്പൻസറി, തിരുവാലി | 1992 മുതൽ 7624 രോഗികൾ ഈ ഡിസ്പെൻസറിയിലെ ചികിത്സ ആശ്രയിച്ചുവരുന്നു. ഇവിടെ IP സൗകര്യം ഇല്ല. ഈ സ്ഥാപനത്തിന് കോമ്പൗണ്ട്വാൾ ഇല്ല. മരുന്നില്ല. വാട്ടർ സപ്ലൈ സ്കീം ഇല്ല. | ഹോമിയോ ഡിസ്പെൻസറി നിലവിൽ ലഭ്യമുള്ള സ്ഥലസൗകര്യം ഉപയോഗിച്ച് കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക. വെള്ളം സൗകര്യത്തിന് വേണ്ടി പമ്പിംഗ് (ഒരു ഓവർഹെഡ് ടാങ്ക് കെട്ടി) ആരംഭിക്കുക. സ്ഥാപനത്തിന് കോമ്പൗണ്ട്വാൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവി നിർമ്മിക്കുക. |

## ആരോഗ്യപ്രവർത്തനങ്ങളുടെ അവലോകനം

നിലവിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ കുറെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കുട്ടികൾക്ക് ആറ് മാരകരോഗങ്ങൾ വരാതിരിക്കാനുള്ള രോഗപ്രതിരോധ കുത്തിവെപ്പുകൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി തിരുവാലി പഞ്ചായത്തിലെ സ്കൂൾ കുട്ടികൾക്ക് ഇമ്മ്യൂണൈസേഷൻ തുടങ്ങിയവ നൽകുന്നുണ്ട്. പ്രൈമറി കുട്ടികൾക്കുവേണ്ടി പ്രത്യേകമായി ഒരു സ്കൂൾ ഹെൽത്ത് ചെക്ക്-അപ്പ് സ്കീം ഈ വർഷം മുതൽ ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യാ ഗവർമെണ്ട് നടത്തിവരുന്നുണ്ട്. ഈ പരിപാടി തിരുവാലി പഞ്ചായത്തിൽ ഈ വർഷം എല്ലാ പ്രൈമറി സ്കൂളുകളിലും നടപ്പാക്കുകയുണ്ടായി. ഇതോടനുബന്ധിച്ച് ഹെൽത്ത് കാർഡ് വിതരണവും നടന്നിട്ടുണ്ട്. ഇതിനുപുറമെ ദന്തചികിത്സാ കേമ്പുകൾ, ചർമ്മചികിത്സാ കേമ്പുകൾ, അമ്മമാർക്കുള്ള പഠനക്ലാസുകൾ, സ്കൂൾതല പഠനക്ലാസുകൾ, പട്ടികജാതികുട്ടികളുടെ ഹോസ്റ്റലുകളിൽ ന്യൂട്രീഷ്യൻ-ആരോഗ്യവിദ്യാഭ്യാസ ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നിലവിലുള്ള ഡിപ്പാർട്ടുമെന്റ് സ്കീമുകൾക്കനുസരിച്ച് ആരോഗ്യപ്രവർത്തകരുടെ പൂർണ്ണ സേവനത്തോടുകൂടി ലഭ്യമായിട്ടുണ്ട്.

ഇതിനുപുറമെ പഞ്ചായത്തിലെ 5 വയസ്സ്വരെയുള്ള മുഴുവൻ കുട്ടികൾക്കും 6 മാരകരോഗങ്ങളിൽനിന്നും രക്ഷിക്കുന്നതിന് (ടോട്ടൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം) സമ്പൂർണ്ണ രോഗപ്രതിരോധപരിപാടി തിരുവാലി പഞ്ചായത്തിൽ പ്രവർത്തിച്ചുവരികയാണ്. 1995 മുതൽ ആരോഗയവകുപ്പിന്റെ പോളിയോ നിർമ്മാർജനയജ്ഞം തിരുവാലി പഞ്ചായത്തിൽ പൂർണ്ണമായ തോതിൽ നടപ്പിലാക്കിവരുന്നു. ഈ രോഗപ്രതിരോധപ്രവർത്തനങ്ങൾ എല്ലാം പഞ്ചായത്ത്, സി. ബി. എൻ. പി., ഐ. സി. ഡി. എസ്. തുടങ്ങിയവയുടെ പൂർണ്ണസഹായ സഹകരണത്തോടെയാണ് നടപ്പാക്കിവരുന്നത്.

## പൊതുവായ പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശങ്ങളും

ആരോഗ്യമേഖലയിൽ നടക്കുന്ന പരിപാടികളെക്കുറിച്ചുള്ള അറിവില്ലായ്മയും ആരോഗ്യവിഷയങ്ങളെക്കുറിച്ചുള്ള വിദ്യാഭ്യാസത്തിന്റെ കുറവ് കാരണവുമുള്ള ബോധമില്ലായ്മയും നിലവിൽ നടക്കുന്ന ആരോഗ്യപ്രവർത്തനങ്ങളെ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങളുടെ ഭാഗത്തുനിന്ന് വീഴ്ചകൾ ഉണ്ടാവുന്നു. ഇതിന് പരിഹാരം എന്ന നിലയിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രക്ഷിതാക്കളെ പ്രത്യേകിച്ചും സ്ത്രീകളെ ബോധവാന്മാരാക്കേണ്ടതുണ്ട്.

പഞ്ചായത്ത് പ്രത്യേകം ശ്രദ്ധവെച്ച് വളരെ പ്രാധാന്യത്തോടുകൂടി 6 മാരകരോഗങ്ങൾക്കെതിരെയുള്ള രോഗപ്രതിരോധ കുത്തിവെപ്പ്, സാംക്രമിക രോഗപകർച്ച എന്നിവയിൽ വേണ്ട പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പുമായി സഹകരിച്ച് ജനകീയപങ്കാളിത്തത്തോടെ നടപ്പാക്കാൻ ശ്രമിക്കണം.

തിരുവാലി പഞ്ചായത്തിലെ അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ ചികിത്സാസ്ഥാപനങ്ങളിൽ ചികിത്സക്കായി എത്തുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ട മരുന്നുകളുടെ ലഭ്യത അപര്യാപ്തമാണ്. ഉദാഹരണമായി ഹോമിയോ ഡിസ്പെൻസറിയിൽ 1990-91 വർഷത്തിൽ 8358 രൂപയുടെ മരുന്ന് ലഭ്യമായപ്പോൾ 1991-92ൽ 196 രൂപയുടെ മരുന്ന് മാത്രമാണ് വിതരണത്തിന് ലഭ്യമായത്.

അതുകൊണ്ട് ഈ മൂന്ന് ചികിത്സാകേന്ദ്രങ്ങളിലും ആവശ്യമായ മരുന്നുകൾക്കും ലഭ്യമാക്കാൻ വേണ്ട സത്വരനടപടി ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നേതൃത്വം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു ആരോഗ്യ ഉപദേശകസമിതി രൂപീകരിക്കണം.

ഒരു തുടർപ്രക്രിയ എന്ന നിലയിൽ വാർഡ് അടിസ്ഥാനത്തിൽ വാർഡ് മെമ്പർമാരുടെ മുൻകയ്യോടെ ആരോഗ്യപ്രവർത്തകർ, അംഗൻവാടി വർക്കർമാർ, മറ്റു സന്നദ്ധ സംഘടനകൾ, സാമൂഹ്യപ്രവർത്തകർ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ സംഘടിപ്പിക്കണം. ഇതിനായി വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ ഒരു വാർഡ്കമ്മിറ്റി രൂപീകരിക്കണം. ഇതിലൂടെ എയ്ഡ്സ്, ഡെംഗ്യൂപനി, പ്ലേഗ്, എലിപ്പനി തുടങ്ങിയ രോഗങ്ങൾക്കും മറ്റു സാംക്രമികരോഗങ്ങൾക്കുമെതിരെ യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ ആരോഗ്യബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാം.

വിവിധ ഗ്രാമസഭാ റിപ്പോർട്ടുകളിൽ വ്യാപകമായി വന്ന ഒരു ആവശ്യം സബ്സെൻററുകളിലും അംഗൻവാടികളിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുക എന്നതാണ്. നിലവിൽ ഒരു ഡോക്ടർ ആണ് പ്രൈമറി ഹെൽത്ത് സെൻററിൽ ഉള്ളത്. ഇത് രണ്ട് ആക്കി ഡോക്ടറുടെ സേവനം ആഴ്ചയിൽ ഒരു പ്രാവശ്യം പഞ്ചായത്തിലെ എല്ലാ സബ്സെൻററുകളിലും അംഗൻവാടികളിലും ലഭ്യമാക്കാം. ഇതിനായി ഒരു സുസജ്ജമായ ടൂർ ടീം (നിലവിലു!ള്ള പാരാമെഡിക്കൽ സ്റ്റാഫിനെ ഉൾപ്പെടുത്തി) പ്ലാൻ ചെയ്യാവുന്നതാണ്. ഇതിനാവശ്യമായ ഒരു വാഹനം പ്രൈമറി ഹെൽത്ത് സെൻററിന് വേണ്ടി ഉണ്ടാവേണ്ടതുണ്ട്.

പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസേവനത്തിനായി വളരെ കാര്യക്ഷമമായ രീതിയിൽ ഒരു ആരോഗ്യപരിശോധനാ പദ്ധതി (Health Check-up Scheme) നടപ്പിലാക്കണം. ഇതിനായി വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന ഒരു പാനൽ സ്പെഷലിസ്റ്റ് ഡോക്ർമാരെ ഉൾപ്പെടുത്തി മൂന്ന് മാസത്തിൽ ഒരിക്കൽ ഒന്ന് എന്ന രീതിയിൽ സൗജന്യ മെഡിക്കൽ കേമ്പുകൾ സംഘടിപ്പിക്കണം.

പേപ്പട്ടിവിഷ ചികിത്സക്ക് വേണ്ട ആൻറിറാബിസ് വാക്സിൻ ഇന്ന് വലിയ തുക ചെലവാക്കിയാണ് ജനങ്ങൾക്ക് ലഭ്യമാവുന്നത്. ഇത് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പ്രൈമറി ഹെൽത്ത് സെൻറർ വഴി പട്ടികടി ഏറ്റാൽ ഉടനെ സൗജന്യമായി ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാകണം.

പ്രയോഗക്ഷമത നഷ്ടപ്പെട്ടതും കാലഹരണപ്പെട്ടതുമായ 'മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്', ട്രാവൻകൂർ

...പബ്ലിക് ഹെൽത്ത് ആക്ട് എന്നീ നിയമാവലി കാലോചിതമായി പുതുക്കി ആരോഗ്യരംഗത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ...മാക്കാനുതകുന്ന നിയമനിർമ്മാണങ്ങൾ ...ക്കേണ്ടതാണ്.

വർത്തമാനകാലത്ത് ഭയാനകമാംവിധം കൂടിവരുന്ന മരണങ്ങൾക്ക് പ്രധാനകാരണം വാഹനാപകടങ്ങളാണ്. രക്തം വാർന്ന് മരണം സംഭവിക്കുന്ന ഇത്തരം ...ങ്ങളിൽ തക്കസമയത്ത് രക്തദാനത്തിനുള്ള ...വിധാനം ഇല്ലായ്മ നാം അഭിമുഖീകരിക്കുന്ന ...പ്രശ്നമാണ്.

ആയതിന് പരിഹാരം എന്ന നിലയിൽ പഞ്ചായത്ത് ...ൽ ഒരു രക്തദാന സമിതി രൂപീകരിക്കാവുന്നതാണ്. രക്തദാനസമിതിയിൽ അംഗത്വം സ്വീകരിക്കുന്ന വ്യക്തികളിൽനിന്നും നിലവിലുള്ള ബ്ലഡ്ബേങ്കുകളിൽ മുൻകൂട്ടി രക്തം ദാനംചെയ്യാവുന്നതും അംഗങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ആവശ്യാനുസരണം ബ്ലഡ്ബേങ്കുകളിൽനിന്നും രക്തം ലഭിക്കുന്നതിന് തിരിച്ചറിയൽ കാർഡ് സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

നേത്രദാനത്തിന് തയ്യാറാകുന്ന ആളുകളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് നടപ്പാക്കുന്നത് ഈ രംഗത്ത് നടത്തുന്ന വലിയ ഒരു മനുഷ്യസ്നേഹ പ്രവർത്തനമായിരിക്കും.

പഞ്ചായത്തിലെ സബ്സെൻററുകളിലേക്കുള്ള വൈദ്യുതി, കുടിവെള്ളം, ഫോൺകണക്ഷൻ മുതലായ പ്രശ്നങ്ങളിൽ പരിഹാരം ഉണ്ടാവണം.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സെക്ഷനുകളിൽ പഞ്ചായത്ത് സഹായത്തോടെ ഓഫീസ് സൗകര്യം ഏർപ്പെടുത്തുകയും ആവശ്യമായ രജിസ്റ്ററുകൾക്കും ഫയലുകൾക്കും വേണ്ട സാമ്പത്തികസഹായങ്ങൾ ഉണ്ടാവുകയും വേണം.

ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന ഗവർമെണ്ട് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കുന്നത് സ്വാഗതാർഹമാണെന്ന് ഗ്രാമസഭാ റിപ്പോർട്ട് വ്യക്തമാക്കുന്നു.

## ആരോഗ്യം പട്ടിക – 3

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ച സ്ഥിതിവിശേഷവും

| സ്ഥാപനങ്ങൾ | | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | |
| ഇല്ല | ആയുർ വേദ ക്ലിനിക്ക് – | പഞ്ചായത്തിൻെറ ഹൃദയഭാഗത്ത് തിരുവാലിയിൽ സി. എച്ച്ശശശശ. സി. സ്ഥാപിച്ചാൽ സേവനം ലഭ്യമാകും. ഫീൽഡ് ജീവനക്കാരുടെ സേവനം മാത്രമേയുള്ളൂ. | തിരുവാലിയിൽ സി. എച്ച്. സി. ആരംഭിക്കണം. ഫീൽഡ് ജീവനക്കാരുടെ പ്രവർത്തനം മെച്ചപ്പെടുത്തം. |
| ഐ.പി.പി. സബ് സെൻറർ ...കാങ്ങല്ലൂർ | ഇംഗ്ലീഷ് മെഡിക്കൽ ഷാപ്പ് | സബ്സെൻററിൻെറ ഏരിയ വിശാലമായ ഫീൽഡ് ആയതുകൊണ്ട് പ്രവർത്തനം തൃപ്തികരമല്ല. ബോധവൽക്കരണ ക്ലാസുകൾ നടക്കാറില്ല. ജനസമ്പർക്കമില്ല. രോഗപ്രതിരോധ കുത്തിവെപ്പ് നടക്കാറുണ്ട്. | ഒന്നാം വാർഡ് കൂടി ഉൾപ്പെടുത്തി ഇല്ലത്ത് കുന്ന് ഒരു സബ്സെൻറർ ആരംഭിക്കണം. ബോധവൽക്കരണ ക്ലാസുകൾ നടക്കണം. നിർദ്ദേശിക്കപ്പെട്ട സി. എച്ച്. സി.ക്ക് രണ്ടാം വാർഡിലുള്ള പുറമ്പോക്ക് സ്ഥലം ഉപയോഗപ്പെടുത്തുക. |
| കുടുംബ ക്ഷേമ കേന്ദ്രം, പത്തിരിയാൽ | ആയുർ വേദ ക്ലിനിക്ക് – 2 | രോഗപ്രതിരോധ കുത്തിവെപ്പ് സബ്സെൻററിൽ നടക്കാറില്ല. 5–ാം വാർഡ് വരെ നീണ്ടുകിടക്കുന്ന വിശാലമായ ഏരിയ. കുടുംബക്ഷേമകേന്ദ്രത്തിൻെറ പ്രവർത്തനം തൃപ്തികരമല്ല. കെട്ടിടം പൊളിഞ്ഞ് തകരാറായത് കാരണം പ്രവർത്തനം ദൂരെയുള്ള അംഗനവാടിയിൽ വെച്ചാണ്. അംഗനവാടിയിൽ വെച്ചാണ് രോഗപ്രതിരോധ കുത്തിവെപ്പ്. | നിലവിലുള്ള കെട്ടിടം പൂർണ്ണമായും പുതുക്കി പണിയണം. കോമ്പൗണ്ട്വാൾ, കക്കൂസ് മുതലായവ പണിയണം. രോഗപ്രതിരോധ കുത്തിവെപ്പ് കൂടുതൽ കാര്യക്ഷമമാക്കുക. |

| | | | | |
|---|---|---|---|---|
| 4 | ഗവ. ആയുർ വ്വേദ ഡിസ് പൻസറി- തിരുവാലി | ആയുർ വേദ ക്ലിനിക്ക്- 2 | പത്തിരിയാൽ സബ്ബ്സെൻറർ സേവനം ഈ വാർഡിലേക്ക്കൂടി ലഭ്യമാക്കാൻ സംവിധാനം വേണം. ഇപ്പോൾ ഉള്ള സേവനം തൃപ്തികരമല്ല. ആരോഗ്യബോധവൽക്കരണ ക്ലാസുകൾ നടക്കാറില്ല. | തങ്കായം ഭാഗത്ത് ഒരു സബ്ബ്സെൻറർ സ്ഥാപിക്കണം. ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ സംഘടിപ്പിക്കണം. ആയുർവ്വേദ ഡിസ്പെൻസറി കൂടുതൽ കിടക്കകളുള്ളതായുള്ള വിപുലീകരണം |
| 5 | (1) ഐ.പി.പി. സബ്ബ് സെൻറർ (2) ഹോമിയോ ഡിസ്പെൻസറി | ഇല്ല | ആരോഗ്യ ചർച്ചാക്ലാസുകൾ പരിമിതം. രോഗ പ്രതിരോധകുത്തിവെപ്പ് നടക്കാറുണ്ട്. | പ്രൈമറി ഹെൽത്ത് സെൻററിൻെറ വിപുലീകരണം. ആരോഗ്യസെമിനാറുകൾ, ബോധവൽക്കരണക്ലാസുകൾ എന്നിവ സംഘടിപ്പിക്കണം. ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുക. |
| 6 | പ്രാഥമിക ആരോഗ്യ ധകന്ദ്രം | ആയുർവ്വേദ ക്ലിനിക്ക്- 2 | ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ പഞ്ചായത്തിലെ 15% ജനങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളൂ. | നിലവിലുള്ള കെട്ടിടം ആരോഗ്യകേന്ദ്രത്തിൻെറ പരിഷ്കരിച്ച് ഐ പി സൗകര്യം ഏർപ്പെടുത്താവുന്നതാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഫോൺസൗകര്യം ഉണ്ടാക്കുക. |
| 7. | ഇല്ല | ഇല്ല | പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ സേവനം- ഉപയോഗപ്പെടുത്തുന്നു | നിലവിലുള്ള പ്രാഥമികകേന്ദ്രത്തിൻെറ കെട്ടിടം, പരിഷ്കരിച്ച് കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കുക. രക്തദാനത്തിലെ ആശങ്കകൾ ദുരീകരിക്കുക. രക്തദാനത്തിന് സാമ്പത്തികസഹായം നൽകുക. അംഗൻവാടിയിൽ ആഴ്ചയിലൊരിക്കൽ ഡോക്ടർമാരുടെ സേവനം- സന്ദർശനം ഉണ്ടാക്കുക. |
| 8. | ഐ.പി.പി. സബ്ബ്സെൻറർ കോട്ടോല | ഇല്ല | രോഗപ്രതിരോധ കുത്തിവെയ്പ്പ് നടക്കുന്നുണ്ട്. കുടിവെള്ളവും വൈദ്യുതിയും ഇല്ല. ഗതാഗതസൗകര്യം അപര്യാപ്തം. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ കുറവ്. | രോഗപ്രതിരോധ കുത്തിവെപ്പ് കൂടുതൽ കാര്യക്ഷമമായി നടത്തുക. നിലവിലുള്ള കുഴൽകിണറുകൾ നന്നാക്കുക. വൈദ്യുതി ലഭ്യമാക്കുക. ഗതാഗത സൗകര്യത്തിനായി എറിയാട്- പടകാളി പറമ്പ്- കോട്ടോല റോഡ് ശരിയാക്കുക. ആരോഗ്യ ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുക. |
| 9. | ഐ.പി.പി. സബ്ബ് സെൻറർ, നടുവത്ത് | പാരമ്പര്യ ചികിത്സ, ക്ലിനിക്ക്- 3 | ആരോഗ്യക്ലാസുകളുടെ അപര്യാപ്തത. രോഗപ്രതിരോധകുത്തിവെപ്പ് നടക്കുന്നുണ്ട്. | ആരോഗ്യ പഠനക്ലാസ് സംഘടിപ്പിക്കുക. രോഗപ്രതിരോധകുത്തിവെപ്പ് ഒന്നുകൂടി മെച്ചപ്പെടുത്തുക. |
| 10 | ഇല്ല | പാരമ്പര്യ ചികിത്സാ ക്ലിനിക്ക്- 2 | ആരോഗ്യസ്ഥാപനങ്ങൾ ഒന്നും ഇല്ല. | എ കെ ജി നഗറിൽ ഒരു സബ്ബ്സെൻറർ സ്ഥാപിക്കുക. |



# 4–6 ഗതാഗതം

പാതകൾ പുരോഗതിയുടെ പ്രവേശന കവാടങ്ങളാണ് മനുഷ്യാരംഭം തൊട്ട് പ്രാചീനജനത പരസമ്പർക്കത്തിനായി കണ്ടെത്തിയ വഴികളിലൊന്ന് ദേശങ്ങൾക്കിടയിലുള്ള ഗമനാഗമനങ്ങളായിരുന്നു. ഇതിൻെറ ഫലമാണല്ലോ ചരിത്രവും സംസ്കാരവും വളർച്ച പ്രാപിച്ചത്. നമ്മുടെ പുരാണങ്ങളും യവന-അറേബ്യൻ ക്ലാസിക്കുകളും, സാംസ്കാരിക പകർച്ചയുടെയും അധിനിവേശത്തിൻെറയും ദൗത്യങ്ങൾ നിർവഹിച്ച സാർഥവാഹക സംഘങ്ങളാൽ സമ്പന്നമാണല്ലോ. ശാസ്ത്രപുരോഗതിയിൽ ശ്രദ്ധേയമായ ചക്രങ്ങളുടെ കണ്ടുപിടുത്തത്തിലേക്കും ആധുനിക വാഹന സംവിധാനങ്ങളിലേക്കും നമ്മെ നയിച്ചതിൽ പാതകളുടെ ആവിർഭാവം ഹേതുവായിട്ടുണ്ടാവാം കരമാർമുള്ള ഗതാഗതത്തിൻെറ വളർച്ചയോടൊപ്പം കടൽ ഗതാഗതവും വ്യോമഗതാഗതവും പുരോഗതി പ്രാപിച്ചു. 'ഒരുവഴി ഒരായിരം വഴിതുറക്കുന്നു' എന്നത് കൊണ്ടുതന്നെ ഗതാഗത മേഖല കാര്യാമായ പരിഗണയർഹിക്കുന്നു.

തിരുവാലി പഞ്ചായത്തിനെ ഭൂമിശാസ്ത്രപരമായി പൊതുവെ മൂന്നായി തരം തിരിക്കാം. ഈ പ്രദേശങ്ങളെ പരസ്പരം ബന്ധിക്കുന്ന നിലയിലായിരുന്നില്ല ഗ്രാമീണ റോഡുകളുടെ അവസ്ഥ. എന്നാൽ വർഷങ്ങൾക്ക് മുമ്പുമുതൽ ഈ മേഖലയിലെ ജനങ്ങൾ പരസ്പരം ബന്ധപ്പെടുന്നതിനും ദൈനംദിന കാര്യങ്ങൾ നിർവഹിക്കുന്നതിനും ഗ്രാമീണ റോഡുകളുടെ അപര്യാപ്തത ഒരു തടസ്സമായിരുന്നിട്ടില്ല. മറ്റു പട്ടണപ്രദേശങ്ങളുമായും വ്യാപാരകേന്ദ്രങ്ങളുമായും ബന്ധപ്പെടുവാൻ നടപ്പാതയെ ആശ്രയിച്ചുപോന്നു. കുറച്ചുകാലങ്ങൾക്ക് ശേഷം പഞ്ചായത്തിൻെറ ഹൃദയഭാഗത്തുകൂടെ കടന്നുപോവുന്ന വണ്ടൂർ-തിരുവാലി-മഞ്ചേരി റോഡ് പുരോഗമിക്കുകയും ഗതാഗതയോഗ്യമാക്കുകയും ചെയ്തു. പഞ്ചായത്തിലെ നടുവത്ത് ഭാഗത്ത് കൂടെ കടന്നുപോവുന്ന വണ്ടൂർ-നടുവത്ത്- നിലമ്പൂർ റോഡ് ആ പ്രദേശത്തിൻെറ വികസനത്തിന് ഒട്ടൊന്നുമല്ല ഉപകരിച്ചത്. പഞ്ചായത്തിൻെറ ബഹുഭൂരിപക്ഷ പ്രദേശവും കാർഷികമേഖലയുമായ പുന്നപ്പാല മേഖല ഗതാഗത കാര്യത്തിൽ ഇന്നും പിന്നണിയിൽ തന്നെ. ഈ പ്രദേശത്ത് കൂടെ കടന്നുപോവുന്ന "ടിപ്പുസുൽത്താൻ റോഡ്" എന്ന് പഴമക്കാരെങ്കിലും അറിയുന്ന പാത അടുത്ത കാലത്താണ് വണ്ടൂർ- എളംങ്കൂർ-മഞ്ചേരി റോഡായി ഉയർന്നത്. ഇതുമൂലം ഈ പ്രദേശത്തിൻെറയും സമീപ പ്രദേശത്തിൻെറയും വികസനം ത്വരിതപ്പെട്ടിട്ടുണ്ട്. ഇതുപോലെ തന്നെ തിരുവാലിയിൽനിന്നും എടവണ്ണയിലേക്ക് പോവുന്ന പഴയകാല ഗ്രാമീണപാത പുരോഗമിച്ച് ഗതാഗതയോഗ്യമായിട്ടുണ്ട്. പ്രധാനമായ ഈ നാലു പാതകളും ബന്ധിപ്പിച്ചുകൊണ്ട് സമീപകാലത്തായി ഉപ പാതകളുടെ ഒരു ശൃംഗല തന്നെ രൂപപ്പെട്ടു വന്നിട്ടുണ്ട്. പഞ്ചായത്തിൻെറ ഏത് മൂലയിലും എത്തിച്ചേരാവുന്ന നിലയിൽ ഇന്ന് ഗ്രാമീണ റോഡുകൾ ഉണ്ടങ്കിലും ഇവയിൽ മിക്കവയും കുണ്ടും കുഴിയും നിറഞ്ഞ് ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണ്.

## ഇന്നത്തെ അവസ്ഥ

പഞ്ചായത്തിലെ റോഡുകളിൽ 20.63 കിലോമീറ്റർ മാത്രമാണ് പി ഡബ്ല്യൂ ഡി റോഡുകളുള്ളത്. ഇതിൽ രണ്ടു റോഡുകൾ പഞ്ചായത്ത് അതിർത്തികളിലൂടെ കടന്നുപോവുന്നു. (വണ്ടൂർ-നിലമ്പൂർ റോഡ് നടുവത്ത് ഭാഗത്ത് കൂടിയും, വണ്ടൂർ-എളങ്കൂർ-മഞ്ചേരി റോഡ് പൂളക്കൽ വാളോർങ്ങൽ ഭാഗത്ത്കൂടിയും) വണ്ടൂർ -തിരുവാലി-മഞ്ചേരി റോഡ് പഞ്ചായത്തിൻെറ മധ്യഭാഗത്തുകൂടെ കടന്നുപോവുന്നു. പാതുമരാമത്ത് ഏറ്റെടുത്തതും പണിതിരാത്തതുമായ തിരുവാലി-കോട്ടോല-കാട്ടുമുണ്ട റോഡ് ഏകദേശം മൂന്നു കി.മീ.ദൂരം പഞ്ചായത്തിലൂടെ കടന്നുപോവുന്നു. പഞ്ചായത്ത് സ്കീമിലുൾപ്പെടുത്തി ഇതുവരെ 5.37 കിലോമീറ്റർ ദൂരത്തിൽ വിവിധ റോഡുകളിൽ മെറ്റൽ ചെയത് ടാർചെയ്തിട്ടുണ്ട്. ഏകദേശം 10 കിലോമീറ്റർ റോഡ് മെറ്റലിംഗ് കഴിഞ്ഞ് ടാറിംഗ് കാത്തുകിടക്കുന്നു. 8 മീറ്റർ വീതിയുള്ള ഏകദേശം 35 കിലോമീറ്റർ റോഡ് ഭാഗികമായി പണിതീർന്നതും പൂർത്തിയാക്കേണ്ടവയുമാണ്. ഇതിന് പുറമെ ഏകദേശം 30 കിലോ മീറ്ററോളം ശരാശരി നാലര മീറ്റർ വീതിയുള്ള ഇടവഴികളുമുണ്ട്. പല റോഡുകളുടെയും നിലനിൽപ്പിന് ഓവുപാലങ്ങളും ഓടകളും നിർമ്മിക്കേണ്ടതുണ്ട്. ഓവുപാലത്തിൻെറ അഭാവത്തിൽ വെള്ളം കയറി പി ഡബ്ല്യൂ ഡി റോഡുകൾപോലും കേടുവരുന്നുണ്ട്. പല ഭാഗങ്ങളിലൂടെ കടന്നുപോവുന്ന റോഡുകൾക്കാവശ്യമായ സംരക്ഷണഭിത്തികളുടെ അഭാവം ഉണ്ട്. നിലവിലുള്ള വണ്ടൂർ-എളങ്കൂർ-മഞ്ചേരി റോഡ് വീതി തീരെ കുറവുള്ളതും നിറയെ കയറ്റിറക്കങ്ങളും കൊടുംവളകളും ഉള്ളതാണ്. തിരുവാലി-എടവണ്ണറോഡും ഇതേപ്രശ്നം നേരിടുന്നു. നിർമ്മാണത്തിലെ ഗുണനിലവാരക്കുറവ് റോഡുകളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

റോഡുകളുടെ ദൈനംദിന അറ്റകുറ്റപ്പണിക്ക് മുൻ കാലങ്ങളിൽ പൊതുമരാമത്ത് വകുപ്പിലുണ്ടായിരുന്ന ഗാങ്ങ്മാൻ മസ്ദൂർ പോലെ, പഞ്ചായത്ത് തല സംവിധാനവു. ഏർപ്പെടുത്തണം

### പട്ടിക-1

| ക്രമനമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | ദൂരം (മീറ്റർ) | വീതി(മീറ്റർ) | യാത്രാസൗക |
|---|---|---|---|---|---|
| 1. | വണ്ടൂർ-തിരുവാലി-മഞ്ചേരി | പി.ഡബ്ല്യൂ.ഡി. | 8500 | 14 | ഉണ്ട് |
| 2. | വണ്ടൂർ-നടുവത്ത്-നിലമ്പൂർ | " | 3500 | 14 | " |
| 3. | വണ്ടൂർ-എളങ്കൂർ-മഞ്ചേരി | " | 4000 | 12 | പരിമിതം |
| 4 | തിരുമാലി-എടവണ്ണ | " | 2000 | 12 | " |
| 5. | നടുവത്ത്-വെള്ളാമ്പുറം | " | 1200 | 8 | " |
| 6. | മൂച്ചിക്കൽ-കാപ്പിൽ | " | 1500 | 8 | " |
| 7. | മേലെ കോഴിപ്പറമ്പ്-പൂളക്കൽ | പഞ്ചായത്ത് | 300 | 8 | " |
| 8. | താഴെ കോഴിപ്പറമ്പ്-പൂളക്കൽ | " | 400 | 8 | " |
| 9. | പൂളക്കൽ-പലക്കോട് | " | 300 | 8 | " |
| 10. | തിരുവാലി-തങ്കായം | " | 500 | 8 | " |
| 11. | തിരുവാലി-കാർങ്ങല്ലൂർ | " | 1800 | 8 | " |
| 12. | വാളോർങ്ങൽ-ചുള്ളിയിൽ | " | 1600 | 8 | " |
| 13. | തങ്ങൾപടി-കോട്ടോല | " | 300 | 8 | " |
| 14. | എരഞ്ഞിയിൽ-ഷാരത്ത് (അംബേദ്കർ) | " | 300 | 6 | " |
| 15. | നടുവിൽ പത്തിരിയാൽ-ചെമ്പകുത്ത് | " | 300 | 6 | " |
| 16. | പത്തിരിയാൽ-തരികുളം | " | 500 | 8 | " |
| 17. | തൊണ്ടിയിൽ-വനിതാ കോളേജ് | " | 150 | 8 | " |
| | | ആകെ | 26350 | | |

പ്രശ്നങ്ങൾ:-

(1) റോഡുകളുടെ ഗുണനിലവാരക്കുറവ്:-നിർമ്മിച്ച് അധികകാലം കഴിയുന്നതിന് മുമ്പ് ഗതാഗതയോഗ്യമല്ലാതാകുന്നു. കോൺട്രാക്ടർമാരുടെ അമിതമായ ലാഭക്കൊതിയും അധികാരികളുടെ ഭാഗത്തുനിന്നുള്ള അക്ഷന്തവ്യമായ കൃത്യവിലോപവുമാണ് പൊതുവായ കാരണങ്ങൾ.

(2) റോഡുകൾക്ക് ആവശ്യമായ വീതിയില്ലായ്മ, അപകടകരങ്ങളായ വളവുതിരിവുകളും, കയറ്റിറക്കങ്ങളും.

(3) വീതികുറഞ്ഞ റോഡിൻെറ ഓരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക്-ടെലഫോൺ കാലുകൾ അപകടവും ഗതാഗത തടസ്സവും സൃഷ്ടിക്കുന്നു.

(4) സ്വകാര്യവ്യക്തികൾ ഭവനനിർമ്മാണത്തിനും മറ്റുമായി റോഡരുകിൽ കൂട്ടിയിടുന്ന കരിങ്കല്ല്, മണൽ, കമ്പി തുടങ്ങിയ നിർമ്മാണ സാമഗ്രികൾ അപകടവും ഗതാഗത തടസ്സവും ഉണ്ടാക്കുന്നു.

(5) കൃത്യസമയത്ത് അറ്റകുറ്റപ്പണികൾ നടക്കാത്തത് കാരണം റോഡുകൾ നശിക്കുകയും മറ്റ് പദ്ധതികൾക്ക് ഉപയോഗിക്കാമായിരുന്ന ഭീമമായ തുക ദുർവ്യയം ചെയ്യേണ്ടിവരികയും ചെയ്യുന്നു.

(6) ഓടകളുടെയും ആവശ്യമായ ഭാഗങ്ങളിൽ പാർശ്വഭിത്തികളുടെയും അപര്യാപ്തത.

(7) സ്വകാര്യവ്യക്തികൾ സ്വന്തം വിടുകളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തുമ്പോൾ നശിപ്പിക്കപ്പെടുന്ന ഓടകൾ റോഡിൻെറ നിലനിൽപ്പിനെ അപകടപ്പെടുത്തുന്നു.

(8) പൊതുവഴിയിലേക്ക് തള്ളിനിൽക്കുന്ന രീതിയിൽ കച്ചവട സ്ഥാപനങ്ങളുടെയും, മതിലുകൾ, ഭവനങ്ങൾ, എന്നിവയുടെയും നിർമ്മാണം, പൊതുവഴികളുടെയും മറ്റും കയ്യേറ്റവും.

(9) താഴ്ന്ന ഭാഗങ്ങളിൽ വർഷകാലങ്ങളിൽ വെള്ളം കയറി റോഡ് നാശോന്മുകമാവുന്നു.

(10) നിലവിലുള്ള റോഡുകളിൽ ഭൂരിപക്ഷവും മൺറോഡുകളാണ്. വർഷകാലത്തോടെ കുണ്ടുംകുഴികളും നിറഞ്ഞ് അവ ഗതാഗത യോഗ്യമല്ലാതാവുന്നു.

(11) റോഡുകളുടെ അപര്യാപ്ത.

(12) ബസ് വെയിറ്റിംഗ് ഷെഡുകളുടെ അപര്യാപ്ത.

(13) നിലവിലുള്ള മോട്ടോർ വാഹനനിയമം ബസ് ഉടമകളുടെ താൽപ്പര്യത്തിന് അനുസൃതമാണ്. ലാഭകരമല്ലെന്ന ന്യായത്തിൽ പൊടുന്നനെ ബസ് റൂട്ട് സറണ്ടർ ചെയ്തുപോവുന്നത് കാരണം യാത്രക്കാർക്കും, വിദ്യാർഥികൾക്കും, കർഷകർക്കും ദുരിതമുണ്ടാവുന്നു. കാർഷിക മേഖലയായ പുന്നപ്പാലയിലൂടെ കടന്നുപോവുന്ന എളങ്കൂർ-വണ്ടൂർറൂട്ടിലാണ് ഈ പ്രവണത കൂടുതലായി കണ്ടുവരുന്നത്. ഇത് കർഷകരെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നു.

(14) പരിസ്ഥിതി പ്രശ്നങ്ങൾ

എ) റോഡ് നിർമ്മാണത്തോടനുബന്ധിച്ച് പാടങ്ങൾ വൻതോതിൽ മണ്ണിട്ടു നികത്തുന്നു. റോഡുകളോട് ചേർന്നുവരുന്ന വിപുലമായ നെൽവയലുകൾ ഇല്ലാതാവുകയും പരിസ്ഥിതിയുടെ തുലനാവസ്ഥയെ ബാധിക്കുകയും ചെയ്യുന്നു.

ബി) റോഡ് കടന്നുപോവുന്ന പ്രദേശങ്ങളിൽ നഗരവൽകരണത്തിൻെറ ആധിക്യംമൂലം മരങ്ങൾ വൻതോതിൽ മുറിച്ചുമാറ്റപ്പെടുന്നു. പകരം മരങ്ങൾ വെച്ചുപിടിപ്പിക്കുന്നില്ല.

സി) റോഡുകൾക്കിരുവശത്തുമുള്ള ഓവുചാലുകളിലും, ഓടകളിലും അഴുക്ക് വെള്ളം കെട്ടിക്കിടക്കുന്നു. കെട്ടിക്കിടക്കുന്നു. കെട്ടിക്കിടക്കുന്ന അഴുക്ക് ജലം കൊതുകളുകളും മറ്റും ക്രമാതീതമായി പെരുകുന്നതിന് കാരണമാവുന്നു. അങ്ങാടി പ്രദേശങ്ങളിലെ ഓടകളിൽ സ്ലാബുകൾ ഇട്ട് മൂടാത്തതിനാൽ ദുർഗന്ധവും രോഗാണു വർദ്ധനവും ഉണ്ടാവുന്നു.

ഡി) അമിതമായ മോട്ടോർ വാഹനവൽക്കരണം ചുറ്റുപാടുകളിൽ വിഷാംശം കലർന്ന പുകയും, പൊടിയും കലർത്തുന്നു.

ഇ) ഉയർന്ന പ്രദേശങ്ങൾ താഴ്ത്തി പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ പാർശ്വഭിത്തികൾ കെട്ടാത്തതു മൂലം മണ്ണൊലിപ്പിന് കാരണവുമാകുന്നു.

## പരിഹാനിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറതും പൊതുമരാമത്ത് വകുപ്പിൻെറതും ഉൾപ്പെടെയുള്ള റോഡ് നിർമ്മാണം ലേബർ കോൺട്രാക്ട് സൊസൈറ്റികളുടെയോ ജനകീയസമിതികളുടെയോ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ജനകീയ പങ്കാളിത്തത്തോടെ നടത്തുക. നിർമ്മാണ പ്രവർത്തനങ്ങൾ പിരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും പഞ്ചായത്ത്തലത്തിൽ വിദഗ്ദരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കുക.

2. നിലവിലുള്ള പി ഡബ്ല്യ ഡി റോഡുകളിൽ വീതി കുറവുള്ള വണ്ടൂർ-എളങ്കൂർ റോഡും, തിരുവാലി-എടവണ്ണ റോഡും വീതികൂട്ടുന്നതിന് ആവശ്യമായ നടപടികൾ എടുക്കുക. എളങ്കൂർ റോഡിന് ഏറിയാട് ജംഗ്ഷനിൽ തന്നെയുള്ള അപകടകരമായ കൊടുംവളവ് നിവർത്തി റോഡ് സൗകര്യപ്രദമാക്കണം. തിരുവാലി പ്രൈമറി ഹെൽത്ത് സെൻററിന് മുൻവശത്തുള്ള കയറ്റം കുറക്കുന്നതിനുള നടപടികൾ ആവശ്യമാണ്. തിരുവാലി-എടവണ്ണ റോഡിലെ പന്നിക്കോട്ട് പടിയിലെ വളവും, സ്കൂൾപ്പടി വളവും നിവർത്തണം. വണ്ടൂർ-തിരുവാലി-മഞ്ചേരി റോഡിൽ തിരുവാലി പഞ്ചായത്ത് കെട്ടിടത്തിന് സമീപമുള്ള വളവും, ചെള്ളിത്തോട് വളവും പരിഹരിക്കുന്നതിന് പ്രത്യേക പരിഗണന അർഹിക്കുന്നു.

ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതി പ്രത്യേക താൽപ്പര്യം എടുക്കേണ്ടതാണ്.

3. ഏറിയാട് ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ അപകടകരമായ സ്ഥാനത്താണ് ഉള്ളത്. അതുമാറ്റി സ്ഥാപിക്കേണ്ടതാണ്. ഇതുപോലെ വിവിധ റോഡുകളിൽ അപകടകരമായ നിലയിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റുകൾ ഗതാഗത തടസ്സമില്ലാത്ത രീതിയിൽ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ എടുക്കേണ്ടതാണ്

4. നിർമ്മാണ വസ്തുക്കളും മറ്റും റോഡരുകിൽ കൂട്ടിയിട്ട് ഗാതാഗത തടസ്സമുണ്ടാക്കുന്ന സ്വകാര്യവ്യക്തികൾക്കും മറ്റുമെതിരെ നഷ്ടപരിഹാരം ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികളും കർമ്മപദ്ധതികളും ആവിഷ്ക്കരിക്കേണ്ടതാണ് സ്വന്തം വീടുകളിലേക്ക്: വാഹന സൗകര്യത്തിനും മറ്റുമായി ഓടകൾ നശിപ്പിക്കുന്ന പ്രവണതയും നിയമനടപടികളിലൂടെ തടയേണ്ടതാണ്.

5. അനാവശ്യമായ ധനവ്യയം ഒഴിവാക്കുന്നതിനായും റോഡുകളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായും യഥാസമയത്തുതന്നെ അറ്റുകുറ്റപ്പണികൾ ചെയ്യാൻ പഞ്ചായത്ത് ശ്രദ്ധ കാണിക്കുക. ഇക്കാര്യത്തിൽ മനുഷ്യാദ്ധ്വാനം ഗ്രാമസഭകൾ ഉറപ്പുനൽകിയിട്ടുണ്ട്.

6. റോഡിനിരുവശവും ഓടകൾ നിർമ്മിക്കുന്നതിനും ആവശ്യമായ ഭാഗങ്ങളിൽ പാർശ്വഭിത്തികൾ കെട്ടുന്നതിനും ഗ്രാമസഭകൾ ഉറപ്പുനൽകിയ മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്താവുന്നതാണ്. പുനരർപ്പണദിനത്തിൽ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ നട[illegible] പ്രവർത്തനങ്ങൾ ഇതിന് മാതൃ[illegible]ാക്കാവുന്നതാണ്.

7. പൊതുവഴികളുടെ വീതികുറയ്ക്കുന്ന രീതിയിൽ നടത്തിയിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും മറ്റും പൊളിച്ചുമാറ്റുകയും കയ്യേറിയ ഭൂമി ഒഴിപ്പിച്ചെടുക്കുകയും ചെയ്യേണ്ടതാണ്. ഇത്തരം നടപടികളെ ഫലപ്രദമായി നേരിടുന്നതിന് നിയമം കർശനമാക്കേണ്ടതാണ്. കൂടാതെ റോഡിലേക്ക് തള്ളിനിൽക്കുന്ന മരക്കൊമ്പുകൾ മുറിച്ചുമാറ്റാൻ സംവിധാനമുണ്ടാക്കണം.

8. വണ്ടൂർ-തിരുവാലി പി ഡബ്ല്യൂ ഡി റോഡിൽ താഴെ കോഴിപ്പറമ്പിൽ വർഷക്കാലത്ത് റോഡിൽ വെള്ളം കയറി ഗതാഗത തടസ്സം ഉണ്ടാവാറുണ്ട്. ആ ഭാഗം റോഡ് ഉയർത്തി ഈ പ്രശ്നംപരിഹരിക്കേണ്ടതാണ്.

9. നിലവിലുള്ള മൺറോഡുകളുടെ ശോച്യാവാസ്ഥ പരിഹരിക്കുന്നതിനായി വിവിധ റോഡുകൾ മെറ്റൽചെയ്ത് ടാർ ചെയ്യണം എന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ടാർ ചെയ്യേണ്ട റോഡുകൾ പട്ടിക മൂന്നിൽ ചേർത്തിട്ടുണ്ട്.

## പട്ടിക-3

### മെറ്റൽ ചെയ്ത് ടാറിംഗ് നടത്തേണ്ട റോഡുകൾ

| ക്രമ നമ്പർ | വാർഡ് | റോഡിൻെറ പേര് | നീളം (മീറ്റർ) | വീതി (മീറ്റർ) |
|---|---|---|---|---|
| 1. | 5-6 | പൂളക്കൽ-മേലെ കോഴിപ്പറമ്പ് | 1200 | 8 |
| 2. | 8-9 | മൂച്ചിക്കൽച്ചോല-കോട്ടോല | 3500 | " |
| 3. | 2 | ഹൈസ്കൂൾപടി-കൊളക്കാട്ടിരി | 3500 | " |
| 4. | 5 | പഴയ പഞ്ചായത്ത്പടി-ചാത്തക്കാട് | 1600 | " |
| 5. | 5-6 | പൂളക്കൽ-താഴെ കോഴിപ്പറമ്പ് | 1000 | " |
| 6. | 8 | തൊണ്ടിയിൽ-പടകളിപറമ്പ് | 1000 | " |
| 7. | 7 | കരുണാലയ ആശുപത്രി-കൂരിയാടംപൊയിൽ | 750 | 4 |
| 8. | 8 | കോഴിപ്പറമ്പ്-കോട്ടോല | 1500 | 8 |
| 9. | 2 | തിരുവാലി-കൊളക്കാട്ടിരി | 400 | " |
| 10. | 8 | എറിയാട്-തായംകോട് | 1000 | " |
| 11. | 5 | സത്യൻപടി-മേലെ കോഴിപ്പറമ്പ് | 2000 | " |
| 12. | 3 | പത്തിരിയാൽ-തരികുളം | 1300 | " |

| | | | |
|---|---|---|---|
| 8 | എറിയാട്-കണ്ടമംഗലം റിങ്ങ്റോഡ് | 1000 | " |
| 6 | പൂളക്കൽ- പാലക്കോട് | 1000 | " |
| 1 | പത്തിരിയാൽ-ചെമ്പക്കുത്ത് | 700 | 6 |
| 4 | പത്തിരിയാൽ-ചീനിക്കൽ (റിംഗ് റോഡ്) | 1000 | 8 |
| 5 | പുളിക്കൽ കയറ്റം-കൈതയിൽ-കൂളിക്കുന്ന് (ബൈപ്പാസ്) | 300 | 4 |
| 7 | വാളോർങ്ങൽ മദ്രസ-എറിയാട് മദ്രസ | 1600 | 8 |
| 9 | തങ്ങൾപടി-കോട്ടോല | 800 | 8 |
| 4 | തോടായം-തരികുളം | 2300 | 8 |
| 4 | കളത്തിങ്ങൽപറമ്പ്-തങ്കായം-ചാത്തക്കാട് | 1000 | 6 |
| 8 | തൊണ്ടിയാൽ-കണ്ടമംഗലം-തായംകോട് | 1750 | 8 |

...ബം:- (വിശേഷാൽ ഗ്രാമസഭാറിപ്പോർട്ടുകൾ)
...ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനായി വീതികുട്ടുന്നതടക്കമുള്ള പുനർനിർമ്മാണങ്ങൾ നടത്തേണ്ടതായ ധാരാളം ...ഡുകൾ വിവിധ വാർഡുകളിലുണ്ട്. ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന ഈ ആവശ്യങ്ങൾ വാർഡ് തിരിച്ച് നാലാം പട്ടികയിൽ ...ത്തിട്ടുണ്ട്

## പട്ടിക-4
### റിപ്പേർ/പുനർനിർമ്മാണം ചെയ്യേണ്ട റോഡുകൾ

| വാർഡ് നമ്പർ | റോഡിന്റെ പേര് | നീളം (മീറ്റർ) | വീതി (മീറ്റർ) |
|---|---|---|---|
| 1 | പത്തിരിയാൽ-ഷാരത്ത്കുന്ന് | 850 | 6 |
| " | പൂന്തോട്ടം-സ്കൂൾപടി | 600 | 6 |
| 2 | തിരുവാലി-ടിപ്പുസുൽത്താൻ റോഡ് | 600 | 12 |
| " | കൊളക്കാട്ടിരി-പനിച്ചികമണ്ണ് -മുക്കം | 500 | 6 |
| " | ഇല്ലത്തുകുന്ന് -കുന്നിൻപുറം | 1100 | 6 |
| " | ചെറുകുന്ന് -തൃക്കേപ്പറ്റ കോളനി | 500 | 6 |
| 3 | മാടശ്ശേരി -വാണിയംപൊയിൽ | 500 | 8 |
| " | മാടശ്ശേരി -പത്തപ്പിരിയം (തിരുവാലി പഞ്ചായത്ത് അതിർത്തിവരെ) | 1400 | 4 |
| " | പൈക്കാടിക്കുന്ന് -ചക്കരാട്ടുകുന്ന് | 600 | 6 |
| " | പത്തിരിയാൽ-വട്ടപ്പറമ്പ് | 800 | 4 |

| | | | | |
|---|---|---|---|---|
| 11. | 4 | കളത്തിങ്ങൽ പറമ്പ്-ചാത്തക്കാട് | 450 | 6 |
| 12. | " | തോടായം -തരികുളം | 1600 | 8 |
| 13. | " | വില്ലേജ്പടി-ആല്പേറ്റിൽ | 400 | 6 |
| 14. | " | ചേലക്കുന്ന് റോഡ് | 400 | 6 |
| 15. | " | പൂന്തോട്ടം-കുന്നത്ത് കോളനി-തോടായം | 450 | 8 |
| 16. | " | തങ്കായം-മണ്ണുപറമ്പ്-കളത്തിങ്ങൽ പറമ്പ് | 700 | 6 |
| 17. | " | ലക്ഷംവീട്-കള്ളാടിക്കുന്ന് | 400 | 4 |
| 18. | 5 | പുന്നപ്പാല-അമ്പലപ്പടി-പള്ളിപ്പടി | 400 | 6 |
| 19. | " | തൃക്കേപ്പറ്റ-വെള്ളാരം | 700 | 6 |
| 20. | " | ചാത്തക്കാട്-അംഗൻവാടി-ഒലിക്കൽബണ്ട് | 900 | 6 |
| 21. | " | മില്ലുപടി-എളേടത്ത് കോളനി | 500 | 6 |
| 22. | " | സ്കൂൾപടി-കോട്ടക്കുന്ന്-പാറക്കൽ | 800 | 6 |
| 23. | " | ചാത്തക്കാട് കോളനി റോഡ് | 500 | 6 |
| 24. | " | പാമ്പാടികുന്ന്-ഒലിക്കൽപാടം | 600 | 4 |
| 25. | " | കുണ്ടൻചെത്ത്-പൊറ്റക്കുളം | 400 | 6 |
| 26. | 5 | കയ്പഞ്ചേരി-നീലംകോട് | 300 | 4 |
| 27. | " | എള്ളേടത്ത്പടി-അക്കരമണ്ണ് | 400 | 4 |
| 28. | 6 | ഇരുന്നുപെട്ടി-പാലക്കോട്-കല്ലംപാലി | 700 | 8 |
| 29. | " | കാഞ്ഞിരത്തുംകള്ളി-മീമ്പാട്ട് കോളനി | 450 | 6 |
| 30. | " | അരീപ്പുറം-തച്ചറത്തൊടി | 200 | 4 |
| 31 | " | ചേരിക്കുന്ന്-കോളനിറോഡ് | 250 | 4 |
| 32. | " | പൂളക്കൽ-ചെമ്മണിക്കര | 300 | 6 |
| 33. | 7 | പുത്തൻപൊയിൽ-കാരക്കുന്ന് | .300 | 6 |
| 34. | " | പുത്തൻപൊയിൽ-കള്ളുംകുഴി-തിരുനെല്ലി | 1000 | 6 |
| 35. | " | വളോർങ്ങൽ-പൈങ്കുളങ്ങര | 500 | 6 |
| 36. | " | മൂച്ചിക്കൽ റോഡ്-ടിപ്പുസുൽത്താൻ റോഡ് (എറിയാട്) | 300 | 8 |
| 37. | " | പുത്തൻ പൊയിൽ-കണ്ണച്ചൻതൊടി-തിരുനെല്ലി | 300 | 4 |
| 38. | 8 | എറിയാട് പള്ളിപ്പടി-തായംകോട് മദ്രസ | 650 | 6 |

| | | | | |
|---|---|---|---|---|
| 39. | " | ഒലിപ്പുറം-ആലിങ്ങലൊടി | 400 | 4 |
| 40. | " | വട്ടക്കളരി ഗ്രൗണ്ട്-മഠത്തിൽകുളം റോഡ് | 250 | 6 |
| 41. | 9 | പടകാളിപറമ്പ്-നടുവത്ത് | 1000 | 6 |
| 42. | " | തങ്ങൾപടി-ചേന്ദംകുളങ്ങര | 700 | 6 |
| 43. | " | ലാറ്റക്സ്പടി-ചേന്ദംകുളങ്ങര | 500 | 4 |
| 44. | 10 | കടായിക്കോട്-എ കെ ജി നഗർ-പൊട്ടാലുങ്ങൽ | 1500 | 6 |
| 45. | " | മഹാഗണിക്കുന്ന്-പന്തക്കളം | 800 | 4 |
| 46. | " | മൂച്ചിക്കൽ-തിരുവമ്പാടി | 800 | 4 |
| 47. | " | മൂച്ചിക്കൽ-മൂച്ചിക്കൽ ചോല | 1500 | 12 |
| 48. | " | പൊട്ടലുങ്ങൽ-കാപ്പിൽതോട് | 1000 | 10 |
| 49. | 1 | തോടായം-ഹൈസ്കൂൾപടി | 500 | 6 |
| 50. | 1 | തിരുവാലിശിവക്ഷേത്രം-ഇല്ലത്ത്കുന്ന് | 500 | 6 |
| 51. | 8 | തായംകോട് സബ് സെൻറർ-പുലിക്കോട്ടു കുന്ന് | 700 | 8 |
| 52. | 2 | കുളക്കാട്ടരി-പനിച്ചകമണ്ണ് റേഡിൽനിന്നും പൂവ്വത്തിമണ്ണ് ഭാഗത്ത് പഞ്ചായത്ത് അതിർത്തിയിൽ എത്തിനിൽക്കുന്ന റോഡ് | 500 | 6 |

(അവലംബം: വിശേഷാൽ ഗ്രാമസഭാ റിപ്പോർട്ടുകൾ)

(11) ഇതിന് പുറമെ പുതുതായി ധാരാളം റോഡുകൾ നിർമ്മിക്കണമെന്ന ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്. ഈ ആവശ്യങ്ങളും വാർഡ് തിരിച്ച് പട്ടിക 5-ൽ കൊടുത്തിട്ടുണ്ട്.

## പട്ടിക-5

### പുനർ നിർമ്മാണം ചെയ്യേ റോഡുകൾ

| ക്രമനമ്പർ | വാർഡ് | പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ പേരുകൾ | നീളം (മീറ്റർ) | വീതി (മീറ്റർ) |
|---|---|---|---|---|
| 1. | 1 | പന്നിക്കോട് കോളനി | 300 | 6 |
| 2. | " | തോടായം-സ്കൂൾപടി | 200 | 4 |
| 3. | " | എലിയക്കോട്-ഒറ്റപ്പോക്ക് | 300 | 4 |
| 4. | 2 | നെല്ലിക്കാട്ടുതൊടി-ആനകോട്ടുകുന്നു-കുന്നുംപുറം | 850 | 6 |
| 5. | " | തൃക്കേപ്പറ്റ-നാടിപൊയിൽ | 20 | 4 |
| 6. | " | കൂളിക്കുന്ന്-തൃക്കേപ്പറ്റ കോളനി | 250 | 4 |
| 7. | " | ചെറുകുന്ന്-വള്ളിക്കെട്ട്-ഒരപ്പിൽ | 1100 | 4 |
| 8. | " | കാർങ്ങല്ലൂർ-കറപ്പൻപടി-വെള്ളിമുറ്റം | 700 | " |
| 9. | " | തിരുവാലി-മുണ്ടമലഞ്ചെരിവ്-കാർങ്ങല്ലൂർ | 500 | " |

| | | | | |
|---|---|---|---|---|
| 10. | " | അരിപ്പാൽകയറ്റം-തൃക്കേപ്പറ്റം | 300 | 4 |
| 11. | 3 | ചെറുകുന്ന്-ചക്കരാട്ടുകുന്ന് | 400 | " |
| 12. | " | ചക്കരാട്ടുകുന്ന്-പുലത്ത്പള്ളി | 500 | " |
| 13. | " | ചക്കാരാട്ടുകുന്ന്-പുഴംകിണർ-എങ്കൂർ | 450 | " |
| 14. | " | ചെറുകൂന്ന്-ചെറുകോട്പാടം-മേലെതൊടി | 350 | " |
| 15. | " | കല്ലടിക്കുന്ന്-ചെറുമുണ്ടകുളം-ലക്ഷംവീട് | 400 | " |
| 16. | " | പൈക്കാടികുന്ന്-നെല്ലിപ്പൊയിൽ | 350 | " |
| 17. | " | ചാളകുന്ന്-ചെറുകുന്ന് | 250 | " |
| 18. | " | കുന്നുകാവ്-കരീപൊയൽ-കല്ലടികന്ന് | 350 | " |
| 19. | " | പത്തിരിയാൽ-പന്നിക്കുഴി-ചീനിക്കൽ റോഡ് | 250 | 4 |
| 20. | " | ചക്കരാട്ടുകുന്ന്-മറിയുമ്മപ്പടി-മരുതക്കോട് തോട് | 350 | " |
| 21. | " | നെല്ലിക്കുന്ന്-കട്ടേക്കാട് | 400 | " |
| 22. | " | ചേരിക്കുന്ന്-കുന്നത്ത് കാവ് ക്ഷേത്രം | 400 | " |
| 23. | " | കുന്നത്ത്കാവ്-ചുണ്ടയിൽതൊടി-പൈക്കാവിക്കുന്ന് | 450 | " |
| 24. | " | സ്പിന്നിംഗ്മിൽ-ചക്കുംകണ്ടി-കട്ടേക്കാട് | 350 | " |
| 25. | " | സ്പിന്നിംഗ്മിൽ-കട്ടേക്കാട്കുളം-ചക്കരാട്ടുകുന്ന് | 350 | " |
| 26. | 3 | മണ്ണൂർക്കര-തരികുളം പാടം | 250 | " |
| 27. | 3 | ചൂലപ്പുറം-ആശാരിക്കുന്നു-ചക്കരാട്ടുകുന്ന് | 250 | 4 |
| 28. | " | ചക്കരാട്ടുകുന്ന്-കടൂപൊയിൽപാടം | 250 | " |
| 29. | " | നെല്ലിക്കുന്ന്-ഹെൽത്ത് സെൻറർ | 150 | " |
| 30. | " | പത്തിരിയാൽ-പന്നിക്കുഴി | 100 | " |
| 31. | " | മൂർക്കംകുണ്ട്-ചക്കരാട്ടുകുന്ന് | 450 | " |
| 32. | 4 | കുന്നത്ത്-തോടായം | 200 | 4 |
| 33. | " | പുളിക്കൽകയറ്റം-ആൽപ്പേറ്റിൽ അമ്പലം | 350 | 4 |
| 34. | 5 | പഴയപഞ്ചായത്ത് പിടി-വെള്ളാരം | 350 | 4 |
| 35. | " | മില്ലുപടി-പൂശാലിപ്പടി | 500 | " |
| 36. | " | പുന്നപ്പാല-കാരക്കുന്ന് കോളനി | 300 | " |
| 37. | " | അമ്പലപ്പടി-ചുരപൊയിൽ | 350 | " |
| 38. | " | കൂടത്തിങ്ങൽ-ചൂരപൊയിൽ | 250 | " |

| | | | | |
|---|---|---|---|---|
| 39. | " | കുണ്ടൻചെത്ത്-അമ്മൻകുറായി | 350 | " |
| 40. | 6 | പൈങ്കുളങ്ങര-പാറയിൽപാടം | 400 | " |
| 41. | " | മീമ്പാട്ടുകുന്ന്-പുലാപറ്റശ്മശാനം | 500 | " |
| 42. | " | മീമ്പാട്ടുകുന്ന്-ചാത്തക്കാട് | 700 | " |
| 43. | " | അരീപ്പുറം തെക്കുഭാഗം-പുത്തൻപായിൽ | 400 | " |
| 44. | " | അയ്യണ്ണിക്കുന്ന് -കല്ലംപാലി | 300 | " |
| 45. | " | കല്ലംപാലി-പുലിമല കോളനി | 200 | " |
| 46. | " | ചാത്തക്കാട്-ചൂരപൊയൽ | 600 | " |
| 47. | " | കാഞ്ഞരത്തിൻകള്ളി-കരുവാരപ്പറ്റ | 600 | " |
| 48. | " | കളത്തിങ്ങൽ-പാലോട് | 200 | " |
| 49. | " | അരീപ്പുറം പാറ-കോണിക്കല്ല് പാടം | 200 | " |
| 50. | 7 | വാളോർങ്ങൽ ഇരുന്നപ്പെട്ടി | 750 | 6 |
| 51. | " | എറിയാട് പള്ളിപ്പടി-വാളോർങ്ങൽ | 800 | 4 |
| 52. | " | വാളോർങ്ങൽ-കല്ലരു | 650 | 4 |
| 53. | 8 | ചിറ്റിക്കോട-പുലിക്കോട്ടുകുന്ന് | 1000 | 8 |
| 54. | " | മേലെകോഴിപ്പറമ്പ്-ഒലിപ്പുറം | 250 | 4 |
| 55. | " | മുണ്ടത്തടം-അത്തിത്താറ് | 250 | 4 |
| 56. | " | മേലേക്കണ്ടി-തായംകോട് | | |
| 57. | " | തായംകോട്-ഹരിജൻകോളനി-വട്ടക്കളരി | 250 | 4 |
| 58. | 9 | കടമ്പത്ത്-കണക്കൻകുന്ന്-തായംകോട് | 800 | 4 |
| 59. | 10 | മൂച്ചിക്കൽ-ചക്കാലപറമ്പ് | 250 | 4 |
| 60. | " | തിരുവമ്പാടി-കൊരവത്തോട് | 200 | 4 |
| 61. | " | തിരുവമ്പാടി-പൊട്ടാലുങ്ങൽ | 600 | 4 |
| 62. | " | പന്തലംമൂച്ചി-പാലക്കൽ | 400 | 6 |
| 63. | " | കൊമ്പൻകല്ല്-പാറശ്ശേരിപാടം | 150 | 4 |
| 64. | " | പന്തക്കളം-നടുവത്ത് | 250 | 4 |
| 65. | " | പഴന്നുമ്മൽ ഫുട്പാത്ത് | 150 | 4 |
| 66. | 7 | നെല്ലിപ്പറമ്പ് പാടം-അംഗൻ വാടി | 300 | 4 |
| 67. | " | വാളോർങ്ങൽ-ആനാറുകുന്ന് | 150 | 4 |
| 68. | 4 | തിരുവാലി-കരിഞ്ചീരിക്കുന്ന്-വില്ലേജ്പടി | 300 | 4 |

| | | | |
|---|---|---|---|
| 69. | 8 | തായംകോട് മദ്രസ-കുട്ടിക്കുന്ന്-കോട്ടോല | 750 |
| 70. | 7 | പൊറ്റയിൽ-വാളോർങ്ങൽ അംഗൻവാടി | 600 |
| 71. | 2 | കാങ്ങല്ലൂർ S/O കോളനി- കളക്കാട്ടിരി കോളനി റോഡ് | 1400 |

(12) യാത്രക്കാരുടെ സൗകര്യാർഥം പല പ്രധാന ഭാഗങ്ങളിലും ബസ് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കണമെന്ന് ഗ്രാമസഭകളിൽ ആവശ്യമുയർന്നിട്ടുണ്ട് അവയിൽ പ്രധാനപ്പെട്ടവ പട്ടിക-6-ൽ കൊടുക്കുന്നു.

### പട്ടിക-6
### നിർദ്ദേശിക്കപ്പെട്ട വെയിറ്റിംഗ് ഷെഡുകളുടെ ശവിവരം:-

| ക്രമ നമ്പർ | നിർദ്ദേശിക്കപ്പെട്ട സ്ഥലത്തിന്റെ പേര് |
|---|---|
| 1 | പഴയപഞ്ചായത്തുപടി-ചാത്തക്കാട് റോഡ് ജംഗ്ഷൻ |
| 2 | എറിയാട് -എളങ്കൂർ റോഡ് ജംഗ്ഷൻ |
| 3 | പൂളക്കൽ |
| 4 | പത്തിരിയാൽ ചന്തക്കുന്ന് |
| 5 | ആയുർവേദ ആശുപത്രിപ്പടി |
| 6 | ശാന്തിഗ്രാമം -നടുവത്ത് |
| 7 | സത്യൻപടി |
| 8 | വാളോർ |
| 9 | എറിയാട് പള്ളിപ്പടി |
| 10 | പുത്തൻപൊയിൽ |
| 11 | കല്ലമ്പാലി |
| 12 | പത്തിരിയാൽ സെൻറർ |
| 13 | താഴെകോഴിപ്പറമ്പ്-തായംകോട് ജംഗ്ഷൻ |
| 14 | താഴെ പത്തിരിയാൽ |
| 15 | മാടശ്ശേരി |
| 16 | ഹൈസ്കൂൾ മെയിൻഗേറ്റ് |
| 17 | പൂധന്താട്ടം |
| 18 | തിരുവാലി പുളിക്കൽ കയറ്റം |
| 19 | മൂച്ചിക്കൽ ജംഗ്ഷൻ |
| 20 | എരഞ്ഞിയിൽ അംബേദ്കർ കോളനി റോഡ് (ജംഗ്ഷൻ) |
| 21 | മൂച്ചിക്കൽ കാപ്പിൽ റോഡ് ജംഗ്ഷൻ |

(അവലംബം: വിശേഷൽ ഗ്രാമസഭാ റിപ്പോർട്ട്)

(13) യാത്രക്കാരുടെയോ പൊതുജനങ്ങളുടെയോ സൗകര്യം തീർത്തും അവഗണിക്കുന്ന പുതിയ മോട്ടോർ നിയമത്തിന്റെ ദോഷങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ ഉണ്ടാവേണ്ടതാണ്. ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പഞ്ചായത്ത്സമിതികൾ ശ്രദ്ധപതിപ്പിക്കണമെന്ന് ഗ്രാമസഭകളിൽ നിന്നും ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

(14) എ) മേൽപ്പറഞ്ഞ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് റോഡുകളോട് ചേർന്ന വയലുകൾ നികത്തുന്നത് തടയുന്നതിന് നിലവിലുള്ള നിയമം കർശനമാക്കുക.

ബി) റോഡുകൾക്കിരുവശവും സാമൂഹിക വനവൽക്കരണ പരിപാടിയിൽ ഉൾപ്പെടുത്തി മരങ്ങൾ വെച്ചുപിടിപ്പിക്കുക. മുറിച്ചുമാറ്റപ്പെടുന്ന ഓരോ മരത്തിനും പകരം പുതിയ തൈകൾ വെച്ചുപിടിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

സി) പകർച്ച വ്യാധികളുടെ തിരിച്ചുവരവ് ഗൗരവമായി കണക്കിലെടുത്ത് ഓടകളും മറ്റും സ്ലാബുകളിട്ട് മൂടുന്നതിനും, മലിന ജലം കെട്ടിനിൽക്കാത്ത നിലയിൽ ഒഴുക്കിക്കളയുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

ഡി) വാഹനങ്ങളിൽ നിന്നും പുറംതള്ളുന്ന അമിതമായ പുക തടയുന്നതിന് പുക പരിശോധനാ സമ്പ്രദായം കർശനമാക്കുക.

ഇ) റോഡുകൾ പാർശ്വഭിത്തികെട്ടി മണ്ണൊലിപ്പ് തടയുക.

## പുതിയ ബസ് സർവ്വീസുകൾ

പഞ്ചായത്തിലൂടെ കടന്നുപോവുന്ന പി ഡബ്ല്യ ഡി റോഡുകൾ (ബസ് സർവ്വീസുകൾ ഉള്ളവ) താഴെ ചേർക്കുന്നു

### പട്ടിക-2

| ക്രമനമ്പർ | റോഡുകളുടെ പേരുകൾ | ദൂരം (മീറ്റർ) |
|---|---|---|
| 1. | വണ്ടൂർ-തിരുവാലി-മഞ്ചേരി | 8500 |
| 2. | വണ്ടൂർ-നടുവത്ത്-നിലമ്പൂർ | 3500 |
| 3. | വണ്ടൂർ-എളങ്കൂർ-മഞ്ചേരി | 4000 |
| 4. | തിരുവാലി-എടവണ്ണ | 2000 |
| 5. | നടുവത്ത്-വടക്കുംപാടം | 1000 |

(അവലംബം-പി.ഡബ്ല്യ.ഡി. പഞ്ചായത്ത് രേഖകൾ)

ഈ റോഡുകളിൽ പ്രധാനമായും സ്വകാര്യബസുകൾ മാത്രമാണ് സർവീസ് നടത്തുന്നത്. വണ്ടൂർ-എളങ്കൂർ റൂട്ടിലും, തിരുവാലി-പഎടവണ്ണ റൂട്ടിലും ബസുകൾ അപര്യാപ്തമാണ്. ഇതുകൊണ്ട് യാത്രക്കാർ വളരെയധികം ദുരിതം അനുഭവിക്കുന്നു. അടിക്കടിയുണ്ടായിക്കൊണ്ടിരിക്കുന്ന സ്വകാര്യ ബസ് പണിമുടക്കുകൾ ഈ പ്രദേശത്തെ നിശ്ചലമാക്കാറുണ്ട്. ഈ റൂട്ടുകളിൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് ധാരാളം സാധ്യതകൾ ഉണ്ട്. അത്കണക്കിലെടുത്തുകൊണ്ട്വിവിധ പട്ടണങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് കെ എസ് ആർ ടി സി ബസ് സർവ്വീസുകൾ ആരംഭിക്കണമെന്ന് ഗ്രാമസഭകളിൽ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

### നിർദേശിക്കപ്പെട്ട പ്രധാന ബസ് റൂട്ടുകൾ:

(1) പെരിന്തൽമണ്ണ-വണ്ടൂർ-തിരുവാലി-എടവണ്ണ-മുക്കം വഴി കോഴിക്കോട് മെഡിക്കൽ കോളേജ്.
(2) മലപ്പുറം-മഞ്ചേരി-തിരുവാലി-വണ്ടൂർ- കാളികാവ്.
(3) കാളികാവ്-വണ്ടൂർ-എളങ്കൂർ-മഞ്ചേരി.
(4) മഞ്ചേരി-തിരുവാലി-കോട്ടോല-കാട്ടുമുണ്ട വഴി-നിലമ്പൂർ.
(5) മഞ്ചേരി-കാരക്കുന്ന്-തിരുവാലി-എടവണ്ണ വഴി സർക്കുലർ സർവ്വീസുകൾ.
(6) പാലക്കോട്- വണ്ടൂർ- പൊട്ടാലുങ്ങൽ-കോട്ടോല - കൊളക്കാട്ടിരി-വട്ടപ്പറമ്പ് എന്നീ സ്ഥലങ്ങളെ ബന്ധപ്പെടുത്തി മിനി ബസ് സർവ്വീസുകൾ ആരംഭിക്കണം.

പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ടതും അറ്റകുറ്റപ്പണികളും മറ്റും നടത്തി ഗതാഗത യോഗ്യമാക്കേണ്ടതുമായ റോഡുകളുടെ എണ്ണം വളരെ കൂടുതലാണ്. വരുമാനത്തിൽ പിന്നണിയിൽ നിൽക്കുന്ന ഈ പഞ്ചായത്തിന് ഇത്രയും വിലപുലമായ വികസനപദ്ധതികൾ ഏറ്റെടുക്കുവാൻ സാമ്പത്തികശേഷിതുലോം പരിമിതമെങ്കിലും പദ്ധതികൾ നടപ്പിലാക്കേണ്ടത് അനിവാര്യമാണുതാനും. ആയതിനാൽ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഈ മുഴുവൻ പദ്ധതിയും പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് ബദ്ധശ്രദ്ധമായിരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ ചെലവിന്റെ 1/3 ഭാഗമെങ്കിലും ശ്രമദാനങ്ങളിലൂടെയും പൊതു സംഭാവനയിലൂടെയും സമാഹരിക്കാൻ കഴിയുന്നവയാണ്.



# ഊർജം

പഞ്ചായത്തിലെ ഊർജരംഗം പ്രശ്നങ്ങൾ നിറഞ്ഞതാണ്. ഊർജ ഉപഭോഗം കൂടുതലും പാരമ്പര്യമേഖലയിൽതന്നെ ഒതുങ്ങി നിൽക്കുന്നു. സംസ്ഥാന രൂപീകരണത്തിന് ശേഷം ഏറെ വർഷങ്ങൾക്ക് ശേഷമാണ് തിരുവാലി പഞ്ചായത്തിൽ വൈദ്യുതി കടന്നുവരുന്നത്. ജനങ്ങളിൽ ഭൂരിഭാഗവും വൈദ്യുത ഉപയോഗത്തിനോട് പ്രതിപത്തികാണിക്കുന്നവരാണെങ്കിലും വൈദ്യുതരംഗത്തെ തനതായ പ്രശ്നങ്ങളും ദൗർലഭ്യവും നല്ലൊരു വിഭാഗം സാധാരണക്കാരെ ഇതിൽ നിന്നകറ്റി നിർത്തുന്നു.

1968-ലെ ഒരു ഗ്രീഷ്മകാല സന്ധ്യയിൽ നടുവത്ത് ഭാഗത്തെ ചില വീടുകളിലും പീടികളിലും വൈദ്യുതിയുടെ മഞ്ഞവെളിച്ചം എത്തിച്ചേർന്നത് നാട്ടുകാർ ഒട്ടെരത്ഭുതപ്പോടെ നോക്കിക്കണ്ടു. എന്നാൽ നടുവത്ത് ഭാഗത്തുവതന്നെ ഇത് പൂർണമായിരുന്നില്ല. വണ്ടൂർ പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന ചില സ്ഥലങ്ങൾക് മാത്രമാണ് ഇതിൻെറ പ്രയോജനം കിട്ടിയത്.പിന്നീട് 1982-ൽ പൂളക്കൽ ഭാഗത്തും 1988-ൽ തിരുവാലിഭാഗത്തും വൈദ്യുതീകരണം ഭാഗികമായി നടന്നു. 1968-ൽ നടുവത്ത് നാമമാത്രമായ രീതിയിൽ കിട്ടിയ വൈദ്യുതി പഞ്ചായത്തിലെ മേൽപ്പറഞ്ഞ സ്ഥലങ്ങളിലെ ജനങ്ങൾക്ക് കിട്ടാൻ വളരെയേറെ കാലമാണെടുത്തത്. എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടകാര്യമാണ്. കാത്തിരിപ്പിൻെറയും സാങ്കേതിക തടസ്സങ്ങളുടെയും അസ്വസ്ഥത ഏറെ സഹിച്ചവരാണ് പഞ്ചായത്തിലെ ജനങ്ങൾ. വൈദ്യുതീകരണത്തിനുവേണ്ടി ബഹുജനപ്രക്ഷോഭങ്ങൾ വരെ നടത്തേണ്ടിവന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ ഘട്ടംഘട്ടമായി നടന്ന വൈദ്യുതീകരണപരിപാടികളെല്ലാം നാട്ടുകാർക്ക് വേഴാമ്പലുകളുടെ ജന്മസാഫല്യമാണ് പകർന്നു നൽകിയത്. ലഭ്യതയിലുണ്ടായ കാലതാമസം ഇവിടത്തെ വ്യാവസായിക സാമ്പത്തിക സാംസ്ക്കാരിക മേഖലയെ പ്രതികൂലമായി ബാധിച്ചു.

പഞ്ചായത്തിലെ 60% ത്തോളം വീടുകൾ ഇന്നും വൈദ്യുതി എത്താത്തവയാണ്. പട്ടികജാതി കോളനികൾ ഏറെയുള്ള ഇവിടെ ഷാരത്തുകുന്ന് അംബേദ്ക്കാർ കോളനി കണക്കൻകുന്ന് കോളനി എന്നിവ മാത്രമാണ് ഭാഗികമായെങ്കിലും വൈദ്യുതീകരിച്ചിട്ടുള്ളത്.

നിലമ്പൂരിലും മഞ്ചേരിയിലുമുള്ള 66 കെ വി സബ്സ്റ്റേഷനുകളിൽ നിന്നുമാണ് പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നത്. വണ്ടൂർ, മഞ്ചേരി, സെക്ഷൻ ഓഫീസുകൾക്കാണ് വിതരണച്ചുമതല. ഉപഭോക്താക്കൾ ബില്ലടക്കാൻ വണ്ടൂർ സെക്ഷൻ ഓഫീസിനെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ ആകെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം 1957 ആണ്. ഇതിൽ ഗാർഹിക കണക്ഷനുകൾ 1670 ഉം കൃഷി ഉപഭോക്താക്കൾ 42 ഉം വാണിജ്യകണക്ഷനുകൾ204 ഉം വ്യവസായിക ഉപഭോക്താക്കൾ 41 ഉം വരും. പഞ്ചായത്ത് പരിധിയിൽ 11 കെ ലൈനിൻെറ നീളം 10. കി.മീ ആണ് 10 ലൈനുകൾ, 30 ലൈനുകൾ എന്നിവ യഥാക്രമം 100 കി.മീ. ഉം 35 കി.മീ. ഉം ആണെന്നാണ് ഏകദേശ കണക്ക്. മൊത്തം 30 കണക്ഷനുകൾ 167 ഉം 10 കണക്ഷനുകൾ 1790 ഉം ആണ്.

പഞ്ചായത്തിൽ ആകെ 12 ട്രാൻസ്ഫോർമറുകൾ ആണ് നിലവിലുള്ളത്. അവയുടെ പട്ടിക തിരിച്ചുള്ള വിവരം അന്യത്ര ചേർത്തിരിക്കുന്നു. മൊത്തം തെരുവുവിളക്കുകൾ (സാധാരണ) 73 ഉം സോഡിയം വേപ്പർ ലാമ്പുകൾ 11 ഉം ആണ്. പഞ്ചായത്ത് ഭരണസമിതി പുതുതായി 11 സോഡിയം വേപ്പർ ലാമ്പുകളും 12 സാധാരണ വിളക്കുകളും സ്ഥാപിക്കാൻ തിരുമാനിച്ചിട്ടുണ്ട്.

## പട്ടിക–1

### പഞ്ചായത്ത് പരിധിയിലെ ട്രാൻസ്ഫോർമറുകളുടെ വിവരം

| നമ്പർ | ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുള്ള സ്ഥലം | കപ്പാസിറ്റി | വൈദ്യുതി വിതരണം നടത്തുന്ന സ്ഥലങ്ങൾ |
|---|---|---|---|
| 1. | ചെമ്മരം ലാറ്റക്സ് | 100 കെ.വി.എ. | ലാറ്റക്സ് |
| 2. | നടുവത്ത് ഓട്ടുകമ്പനി | 100 കെ.വി.എ. | ഓട്ടുകമ്പനി |
| 3. | നടുവത്ത് സെൻറർ | 160 കെ.വി.എ. | നടുവത്ത്, ചേന്നംകുളങ്ങര കടായ്കോട് |
| 4. | കണക്കൻകുന്ന് | 100 കെ.വി.എ. | കണക്കൻകുന്ന് ചേന്നംകുളങ്ങര |
| 5. | ഒലിപ്പുറം ലാറ്റക്സ് | 100 കെ.വി.എ. | ലാറ്റക്സ് |
| 6. | കാളപ്പൂട്ടുകണ്ടം (ഏറിയാട്) | 100 കെ.വി.എ. | ഏറിയാട് , താഴെ കോഴിപ്പറമ്പ്, വാളോർങ്ങൽ |
| 7. | പൂളയ്ക്കൽ (വായനശലക്ക് സമീപം) | 100 കെ.വി.എ. | പൂളയ്ക്കൽ, സത്യൻപടി, പുന്നപ്പാല അമ്പലംപടി, സ്കൂൾപടി ഭാഗം |
| 8. | മേലേ കോഴിപ്പറമ്പ് | 100 കെ.വി.എ. | മേലേ കോഴിപ്പറമ്പ്, ചൂരപ്പൊയിൽ, ചെള്ളിത്തോട് |
| 9. | തിരുവാലി സെൻറർ | 100 കെ.വി.എ. | തിരുവാലി, തോടായം |
| 10. | സ്കൂൾപടി, തിരുവാലി | 100 കെ.വി.എ. | സ്കൂൾപടി, കൊളക്കാട്ടിരി, ഷാരത്തുകുന്നു |
| 11. | കോട്ടോല | 100 കെ.വിഎ. | കോട്ടോല |
| 12. | പത്തിരിയാൽ | 100 കെ.വി.എ. | പത്തിരിയാൽ, മാടശ്ശേരി |

(അവലംബം– കെ എസ് ഇ ബി കണക്കുകൾ)

ട്രാൻസ്ഫോർമറുകൾക്ക് ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കാനുള്ള ശേഷി നിലവിലില്ല. ചില ട്രാൻസ്ഫോർമറുകൾ പഴക്കം ചെന്നതും ക്രമാതീതമായ കണക്ഷനുകൾ ഉള്ളതുമാണ്. ലഭ്യമാകുന്ന വൈദ്യുതി തന്നെ വൻതോതിൽ പ്രസരണ നഷ്ടം നേരിടുന്നു. ഇലക്ട്രിക് ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകളും മറ്റു തടസ്സങ്ങളും പ്രസരണനഷ്ടം കൂട്ടുന്നു. ഗാർഹിക ഉപഭോക്താക്കൾ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം നേരിടുന്നു. മണ്ണെന്ന വിളക്കുകളിൽനിന്ന് ഇലക്ട്രിക് ലാമ്പിലെത്തിയവർക്ക് മണ്ണെണ്ണയുടെ ഒരു കരുതൽ ശേഖരം വീടുകളിലുണ്ടാക്കേണ്ട സ്ഥിതിയാണിപ്പോൾ.

## പട്ടിക–2

### പഞ്ചായത്തിൽ നിലവിലുള്ള സോഡിയം വേപ്പർ ലാമ്പുകളുടെ വിവരം

| ക്രമനമ്പർ | സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലം |
|---|---|
| 1. | ചീനിപ്പടി (പത്തിരിയാൽ) |
| 2. | തിരുവാലി സെൻറർ |
| 3. | തിരുവാലി കോട്ടോല റോഡ് ജംഗ്ഷൻ |
| 4. | മേലേ കോഴിപ്പറമ്പ് |
| 5. | താഴേ കോഴിപ്പറമ്പ് |
| 6. | ഏറിയാട് പള്ളിപ്പടി |
| 7. | നടുവത്ത് |
| 8. | പൂളയ്ക്കൽ |
| 9. | സത്യൻപടി |
| 10. | തിരുവാലി കൊളക്കാട്ടിരി റോഡ് ജംഗ്ഷൻ |
| 11. | പത്തിരിയാൽ സെൻറർ (ചന്തക്കുന്ന്) |

## പട്ടിക-3

### പുതുതായി സ്ഥാപിക്കുന്ന സോഡിയം വേപ്പർ ലാമ്പുകളുടെ വിവരം

| ക്രമനമ്പർ | സ്ഥാപിക്കുന്ന സ്ഥലം |
|---|---|
| 1. | സെൻട്രൽ പത്തിരിയാൽ |
| 2. | തോടായം |
| 3. | നടുവത്ത് മൂച്ചിക്കൽ |
| 4. | തോടായം ആയുർവേദ ആശുപത്രി |
| 5. | പുന്നപ്പാല അമ്പലപ്പടി |
| 6. | കോട്ടോല |
| 7. | എറിയാട് കാളപ്പൂട്ടുകണ്ടം ജംഗ്ഷൻ |
| 8. | തൊണ്ടിയിൽ അറബികോളേജ് ജംഗ്ഷൻ |
| 9. | വാളോർങ്ങൽ സെൻറർ |
| 10. | നടുവത്ത് തങ്ങൾപ്പടി |
| 11. | പഞ്ചായത്തുപടി ചാത്തക്കാട് റോഡ് |

(അവലംബം-ഗ്രാമപഞ്ചായത്ത് കണക്ക്)

പഞ്ചായത്തിന് തെരുവ് വിളക്കുകളുടെയും സോഡിയം വേപ്പർ ലാമ്പുകളുടെയും വൈദ്യുതി ചർജ് ഇനത്തിൽ 1444/- രൂപ പ്രതിമാസം വൈദ്യുതി ബോർഡിലേക്ക് അടക്കേണ്ടിവരുന്നു.

അപ്രഖാപിതമായ കറൻറുകട്ടുകളും ദിവസങ്ങളോളം നിണ്ടുനിൽക്കുന്ന വിതരണ തടസ്സങ്ങളും ഇവിടെ നിത്യസംഭവങ്ങളാണ്. കെ എസ് ഇ ബി ജീവനക്കാരുടെ സാമൂഹ്യപ്രതിബദ്ധതയില്ലായ്മയും അനാസ്ഥയും അഴിമതിയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തടസ്സമുണ്ടാക്കുന്നു എന്ന വിമർശനം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ ഃടുക്കുന്ന താൽപ്പര്യം ജീവനക്കാർ ഗ്രാമീണമേഖലയായ ഇവിടെ എടുക്കുന്നില്ല എന്നതാണ് അനുഭവം.

വീടുകളിലെ പ്രധാന ഊർജസ്രോതസുകൾ വിറക്, മണ്ണെണ്ണ, വൈദ്യുതി എന്നിവയാണ്. ചെറിയതോതിൽ പാചകവാതക ഉപയോഗവുമുണ്ട്. ബയോഗ്യാസ്, സോളാർ പ്രൊജക്ടുകൾ എന്നിവ വിരലിലെണ്ണാവുന്നവയാണ്. പാചകാവശ്യത്തിന് വിറകാണ് വീടുകളിൽ കൂടുതൽ ഉപയോഗിക്കുന്നത്. മരത്തടികളിൽ നിന്നും ലഭിക്കുന്ന വിറകിൻെറ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിനാൽ . തെങ്ങുൽപ്പന്നങ്ങൾ, റബ്ബർകായത്തോട്, ചപ്പുചവറ്, ഈർച്ചപ്പൊടി എന്നിവയിലേക്ക് ജനങ്ങളുടെ ശ്രദ്ധപോയിട്ടുണ്ട്. മണ്ണെണ്ണ സ്റ്റൗ ഉപയോഗം കൂടിവരുന്നു. വൈദ്യുതി ഉപയോഗിച്ചുള്ള പാചകം നന്നെ കുറവാണ്. അടുത്തകാലത്താണ് ഗ്രാമത്തിൽ പാചകവാതകം എത്തിയത്. ഉപഭോക്താക്കൾ എണ്ണത്തിൽ കുറവാണ്. ഏജൻസികളുടെ അഭാവവും ലഭ്യതയും പ്രശ്നമാണ്. സ്വകാര്യ ഏജൻസികളെയാണ് കൂടുതൽ ആശ്രയിക്കുന്നത്. വീടുകളിൽ വെളിച്ചത്തിനു വേണ്ടി കൂടുതൽ ആശ്രയിക്കുന്നത് മണ്ണെണ്ണ വിളക്കിനെയാണ്. വൈദ്യുത വെളിച്ചം വ്യാപിച്ചുവരുന്നു.

വാണിജ്യവ്യവസായ മേഖലകളിൽ വൈദ്യുതി ഉപയോഗം കൂടിവരുന്നുണ്ട്. കാർഷിക രംഗത്ത് മനുഷ്യാധ്വാനം യന്ത്രങ്ങൾ, കന്നുകാലികൾ, വൈദ്യുതി ഡീസൽപമ്പുകൾ എന്നിവയെ ആശ്രയിക്കുന്നു.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾക്ക് ഏറെ സാധ്യതയുള്ള പ്രദേശമാണെങ്കിലും നിലവിലെ ഉപയോഗം വളരെ കുറവാണ്. വിറകിൻെറ ദൗർലഭ്യവും ആധുനിക ഊർജ്ജ സ്രോതസ്സുകളുടെ ഉൽപാദന വിതരണരംഗത്തെ പ്രശ്നങ്ങളും ജനങ്ങളെ പാരമ്പര്യേതര മേഖലയോട് ആഭിമുഖ്യമുള്ളവരാക്കി മാറ്റേണ്ടിയിരിക്കുന്നു. ഇതിനായി ശരിയായ ബോധവൽക്കരണമോ പ്രചാരണമോ ഇവിടെ നടന്നിട്ടില്ല. വീട്ടമ്മമാർ ഇവയെക്കുറിച്ച് പൊതുവെ അജ്ഞരാണ്.

### ഊർജ്ജരംഗം:- പ്രശ്നങ്ങൾ

**ഊർജരംഗത്തെ പ്രശ്നങ്ങളെ പൊതുവെ താഴെ കൊടുത്തിരിക്കുന്ന വിധം സംഗ്രഹിക്കാം.**

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്ത് വൈദ്യുതി എത്തിയിട്ടില്ല.
2. ഗാർഹിക ഉപഭോക്താക്കൾ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമവും അപ്രഖ്യാപിതവും അനിയന്ത്രിതവുമായ പവർട്ടുകളും നേരിടുന്നു.
3. ലൈനുകളിലെ തടസ്സങ്ങൾ പ്രസരണ നഷ്ടം വരുത്തുന്നു.
4. വൈദ്യുതിക്ക് അപേക്ഷ നൽകുന്നവർക്ക് അതു ലഭിക്കാൻ വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു.
5. പ്രേക്ഷണ വിതരണ രംഗങ്ങളിൽ കെ എസ് ഇ ബി കടുത്ത അനാസ്ഥ കാണിക്കുന്നതിനാൽ വിതരണ തടസ്സം നേരിടുന്നു.
6. പരാതികൾ പരിഹരിക്കുന്നതിൽ ജീവനക്കാരുടെ കാലതാമസം.
7. സമ്പന്നന്മാർ വ്യാപകമായി സ്റ്റെപ്പ്-അപ്പുകൾ ഉപയോഗിക്കുന്നതുകൊണ്ടും ട്രാൻസ്ഫോർമറുകളുടെ അപര്യാപ്തത, ശക്തിക്കുറവ് എന്നിവകൊണ്ടുണ്ടാകുന്ന വോൾട്ടതാ പ്രശ്നം.
8. കേടായ മീറ്ററുകൾ, മീറ്റർ റീഡിംഗ്, യഥാസമയം നടത്താത്ത അവസ്ഥ.

9. ഉൽസവങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയവക്ക് ഔദ്യോഗിക അനുമതികൂടാതെയും എന്നാൽ ബോർഡി ലെ ചില ജീവനക്കാരുടെ മൗനാനുവാദത്തോടെയും 'പന്തൽ വെളിച്ച ഏജൻസികൾ' നടത്തുന്ന വൈദ്യുതി മോഷണം.

10. മീറ്ററുകൾ കേടുവരുത്താൻ ഉപഭോക്താക്കൾ മനഃപൂർവം നടത്തുന്ന പ്രശ്നം.

11. കറൻറ് ബില്ലടക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

12. സ്ട്രീറ്റ് ലൈറ്റുകൾ വേണ്ടത്രയില്ല.

13. വ്യാപകമായ മരംവെട്ടും നഗരവൽക്കരണവും വിറക് ക്ഷാമം ഉണ്ടാക്കുന്നു.

14. ഗാർഹികാവശ്യങ്ങൾക്ക് വേണ്ടത്ര മണ്ണെണ്ണ റേഷൻ കടകൾവഴി ലഭിക്കുന്നില്ല. മണ്ണെണ്ണ വില വർദ്ധന സാമ്പത്തിക ബുദ്ധമുട്ടുണ്ടാക്കുന്നു.

15. അനർട്ട് ഖാദിബോർഡ് എന്നീ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെക്കുറിച്ചുള്ള അജ്ഞത.

16. പാചകവാതക ദൗർലഭ്യം.

17. ഏകദേശം 1980 വരെ കാർഷിക രംഗത്ത് ലഭ്യമായിരുന്ന മനുഷ്യശേഷിയും മൃഗങ്ങളുടെ അധ്വാനശേഷിയും കുറഞ്ഞുവന്നത് കാർഷികമേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

18.ആർഭാടമായ രീതിയിൽ വൈദ്യുത ഉപയോഗം നടത്തുന്നത് വൈദ്യുത നഷ്ടമുണ്ടാക്കുന്നു.

19. പൊതുവഴികളിൽ തടസ്സവും അപകടവും ഉണ്ടാക്കുന്ന രീതിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള. ഇലക്ട്രിക് പോസ്റ്ററുകൾ.

## പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വൈദ്യുതി എത്താത്ത മുഴുവൻ പ്രദേശത്തും അതെത്തിക്കുക.

2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുകയും ചെയ്യുക.

3. പ്രസരണ വിതരണ നഷ്ടം കുറക്കാൻ യഥാസമയം ഇലക്ട്രിക് ലൈനുകളിൽ തൂങ്ങിക്കിടക്കുന്ന മരച്ചില്ലകളും തടസ്സങ്ങളും മാറ്റുന്ന പ്രവർത്തനം കാര്യക്ഷമമായി ചെയ്യുക.

4. ഉപഭോക്താക്കളുടെ പരാതികൾ യഥാസമയം പരിഹരിക്കാൻ സംവിധാനമുണ്ടാക്കുക.

5. അപ്രഖ്യാപിതവും അനിയന്ത്രിതവുമായ പവർകട്ട് ഒഴിവാക്കുക.

6. സ്റ്റെപ്പ്-അപ്പുകളുടെ ഉപയോഗം തടയുക.

7. മീറ്റർ റീഡിംഗ് മൂന്നു മാസത്തിലൊരിക്കലെങ്കിലും നടത്തുക. കേടായ മീറ്ററുകൾ പുനഃസ്ഥാപിക്കുക.

8. ഉത്സവാഘോഷ ആവശ്യങ്ങൾക്ക്വേണ്ടി നടത്തുന്ന വൈദ്യുതമോഷണം കർശനമായി തടയുക.

9. വൈദ്യുത മീറ്ററുകൾ കേടുവരുത്തുന്നത് കർശനമായി തടയുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

10. കറൻറ് ബില്ലടക്കാൻ പഞ്ചായത്ത് തല സംവിധാനമുണ്ടാക്കുക.

11. തെരുവുവിളക്കുകൾ കാര്യക്ഷമമായി പ്രവർത്തിക്കുക. കൂടുതൽ വിളക്കുകൾ സ്ഥാപിക്കുക.

12.വിറകിൻെറ ലഭ്യത കൂട്ടാൻ സാമൂഹ്യ വനവൽക്കരണം പ്രോത്സാഹിപ്പിക്കുക.

13. റേഷൻ കടകളിൽക്കൂടി കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുക.

14. സോളാർ വിളക്കുകൾ, സ്റ്റൗവുകൾ, പമ്പുകൾ മെച്ചപ്പെട്ട അടുപ്പുകൾ, ബയോഗ്യാസ് പ്ലാൻറുകൾ, ഘർഷണ രഹിത ഫൂട്ട്വാൽവുകൾ, കോമ്പൗണ്ട് ഫ്ളൂറസെൻറ് ലാമ്പുകൾ, ഇലക്ട്രോണിക് ചോക്ക് ട്യൂബ് ലൈറ്റുകൾ എന്നിവ പ്രചരിപ്പിക്കുക. ബോധവൽക്കരണ പരിപാടികൾ നടത്തുക. അനർട്ട് ഓഫീസ് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

15.പാചക വാതകം ലഭ്യമാക്കാൻ പ്രാദേശിക തലത്തിൽ സംവിധാനമുണ്ടാക്കുക.

16. വൈദ്യുത ഉപയോഗം ആർഭാടമാക്കുന്നത് കർശനമായി തടയുക.

17. തടസ്സമുണ്ടാക്കുന്ന രീതിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകൾ പുഃനക്രമീകരണം നടത്തുക.

## പട്ടിക-4

### പുതുതായി വൈദ്യുതീകരിക്കേണ്ട പ്രദേശങ്ങൾ
### വാർഡ് വൈദ്യുതീകരണം നടത്തേണ്ട സ്ഥലങ്ങൾ

| | |
|---|---|
| 1. | എലിയക്കോട് കോളനിയുടെ പരിസരപ്രശേങ്ങൾ, പത്തിരിയാൽ കല്ലത്താണിക്കുണ്ട് പ്രദേശം |
| 2 | പനിച്ചകമണ്ണിൽ പ്രദേശം, കൊളക്കാട്ടീരിഭാഗം |
| 3 | ചക്കരക്കാട്ടുഭാഗം, കട്ടേക്കാടുഭാഗം |
| 4 | തുടിക്കോട്, മണ്ണുപറമ്പ്, കരിഞ്ചീരികുന്ന്, ചേലക്കുന്ന്, വട്ടപ്പറമ്പ്, ആക്കലക്കുന്ന്, റാ റോഡ്, തരികുളം, മേല ങ്ങാടി പ്രദേശങ്ങൾ |
| 5 | വെള്ളാരത്തിൽ പ്രദേശം, ചാത്തക്കാട് |
| 6 | പാലക്കോട് ഭാഗം, കാഞ്ഞിരത്തിൻ കള്ളി, ആനക്കാംകുന്ന്, ഇരുന്നപ്പെട്ടി, തച്ചറുതൊടി, പൈങ്കുളങ്ങര |
| 7 | കൂരയാടം പൊയിൽ |
| 8 | തായംകോട്, കണ്ടമംഗലം, പരടയിൽ |
| 9 | തായംകോട് കാഞ്ഞിരപ്പൊയിൽ |
| 10 | പാറശ്ശേരി പ്രദേശം, ചക്കാലപ്പറമ്പ് പ്രദേശം, നെച്ചിക്കോട് പ്രദേശം, കൂറ്റംപാറ |

പഞ്ചായത്തിൽ വൈദ്യുതീകരണം നടക്കാത്ത 45 കോളനികളിലും വൈദ്യുതി എത്തിക്കേണ്ടതുണ്ട്.

പുന്നപ്പാല, അമ്പലപ്പടി, സത്യൻപടി, വാളോർങ്ങൽ സെൻറർ, വട്ടക്കളരി, പടകളിപ്പറമ്പ്, പൊട്ടാലുങ്ങൽ എന്നീ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്നും പൂളക്കൽ ട്രാൻസ്ഫോർമർ മാറ്റി ശക്തികൂടിയത് വെയ്ക്കണമെന്നും ഗ്രാമസഭകളിൽ അഭിപ്രായമുണ്ടായിട്ടുണ്ട്.

### സാദ്ധ്യതകൾ:

പാരമ്പര്യേതര ഊർജ്ജമേഖലക്ക് പഞ്ചായത്തിൽ വിപുലമായ സാധ്യതകളുണ്ട്. ഇതിനായി കാര്യമായ പ്രചരണ പരിപാടികൾ നടക്കേണ്ടതാണ്. ശാസ്ത്രസാഹിത്യ പരിഷത്ത് മുൻകൈ എടുത്ത് സ്ഥാപിച്ച പുകയില്ലാത്ത അടുപ്പുകൾ ചിലയിടങ്ങളിൽ ഉണ്ടെങ്കിലും വേണ്ടത്ര വ്യാപകമായിട്ടില്ല. ഇത്തരം അടുപ്പുകൾക്ക് സാധ്യതകൂടുതലാണ്.

പഞ്ചായത്തിലെ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി മിനി ജലവൈദ്യുത പദ്ധതികൾ ആരംഭിക്കണമെന്നും ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതി ഉണ്ടാവണമെന്നുമുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉണ്ടായിട്ടുണ്ട്.ഇത്തരം പദ്ധതികളുടെ പ്രായോഗികതകൾ വിദഗ്ദരാൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. വൈദ്യുതിയുടെ ലഭ്യതയും വിതരണവും കാര്യക്ഷമമാക്കുന്നതിന് വേണ്ടി പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു സബ്സ്റ്റേഷൻ നിർമ്മിക്കണമെന്ന അഭിപ്രായവും ചില ഗ്രാമസഭകളിലുണ്ടായിട്ടുണ്ട്. കാഷിക വ്യവസായിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി ലഭ്യത കൂടുതൽ ഉദാരമാക്കുക, ദുർബല വിഭാഗങ്ങൾക്ക് വീടുകൾ വൈദ്യുതീകരിക്കാൻ ധനസഹായം കൊടുക്കുക എന്നീ അഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ട്.

ഇലക്ട്രിക് ലൈനുകളുടെ തടസ്സങ്ങൾ നീക്കാൻ ഉപഭോക്താക്കളുടെ സന്നദ്ധസേവനം ഉപയോഗപ്പെടുത്താം. തെരുവു വിളക്കുകളുടെ സംരക്ഷണചുമതല സന്നദ്ധ സംഘടനകളെ (പ്രദേശികതലത്തിൽ) ഏൽപ്പിക്കാവുന്നതാണ്. വൈദ്യുതിയുടെ ദുരുപയോഗം ബോധവൽക്കരണത്തോടെ കുറക്കാൻ കഴിയും. ഗ്രാമസഭകളിൽ നിന്നും സോഡിയം വേപ്പർ ലാമ്പുകളും സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിക്കുന്നതിനായി വ്യാപകമായ ആവശ്യം ഉയർന്നു വന്നതുകൊണ്ട് പഞ്ചായത്തിൻെറ സാമ്പത്തിക ശേഷിക്കനുസൃതമായി അവ സ്ഥാപിക്കേണ്ടതാണ്. ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാൻ ക്ഷീരകർഷകരെ പ്രേരിപ്പിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യാം.

ആധുനിക രീതിയിലുള്ള ഊർജ്ജ സ്രോതസ്സുകൾ വികാസം പ്രാപിച്ചുവന്ന കാലമാണെങ്കിലും ഈ കണ്ടുപിടുത്തങ്ങൾക്കെല്ലാം കാരണമായ മനുഷ്യശക്തിയുടെ ശരിയായ വിനിയോഗം സാദ്ധ്യമാക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധതിരിയേണ്ടിയിരിക്കുന്നു.

# വാർത്താവിനിമയം

പ്രാചീന മനുഷ്യൻ ആശയവിനിമയത്തിയായി ആംഗ്യത്തിലൂടെ-ശബ്ദത്തിലൂടെ...പിന്നെ പിന്നെ ദൂതിലൂടെ....അക്ഷരങ്ങളിലൂടെ വളർച്ചപ്രാപിച്ച കഥ....അതാണ് വാർത്താ വിനിമയത്തിന് പറയാനുള്ളത് പക്ഷെ......

നാളിതുവരെ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ, മറ്റെല്ലാ മേഖലയിലുമെന്നപോലെ, വാർത്താവിനിമയരംഗത്തും, പട്ടണപ്രദേശങ്ങളിലുമാണ് കേന്ദ്രീകൃതമായിട്ടുള്ളത്. ഈ രംഗത്തെ നേട്ടങ്ങൾ ഗ്രാമീണവാസികൾക്ക് കേട്ടറിവ് മാത്രമായി ഒതുങ്ങിനിന്നു. ഈ അടുത്ത കാലത്തുമാത്രമാണ് സാവധാനമെങ്കിലും അതിൻെറ നേട്ടങ്ങളും പ്രയോജനവും ഗ്രാമങ്ങളിലേക്ക് എത്തിനോക്കാൻ ധൈര്യപ്പെട്ടത്. പിരിമിതാമയ തോതിലാണെങ്കിലും.

ഗ്രാമപ്രദേശമായതുകൊണ്ടുതന്നെ തിരുവാലി പഞ്ചായത്തിന് വാർത്താവിനിയമയ രംഗത്ത് അതിൻെറ തായ പരിമിതികളുണ്ട്. വൈദ്യുതി മുഴുവൻ പ്രദേശങ്ങളിലും എത്താത്തതുകാരണം ദൃശ്യമാധ്യമങ്ങളുടെ സംഭാവന പരിമിതമായ തോതിൽ മാത്രമാണുള്ളത്. ഗ്രാമീണർ പ്രധാനമായും ആശ്രയിക്കുന്നത് പത്രമാധ്യമങ്ങൾ, റേഡിയോ എന്നിവയേയും പരിമിതമായ തോതിൽ ടി വി ടെലഫോൺ എന്നിവയേയുമാണ്. പോസ്റ്റ് ഓഫീസുകൾ ഈ രംഗത്ത് അവയുടെതായ സംഭാവനകൾ നൽകിവരുന്നു. വാർത്താവിനിമയ രംഗത്ത് അത്യന്താധുനിക മാറ്റങ്ങളായ ഫാക്സ് പേജിങ്ങ് സിസ്റ്റം, സെല്ലുലാർ ഫോൺ, കമ്പ്യൂട്ടർ സംവിധാനം തുടങ്ങിയവ പഞ്ചായത്തിന് അന്യമാണ്. പഞ്ചായത്തിൽ തിരുവാലിയിൽ മാത്രമാണ് പബ്ലിക് ടെലഫോൺ സൗകര്യവും, ടെലഗ്രാഫിക്സ് സൗകര്യവുമുള്ളത്. ദൈംദിന ആവശ്യങ്ങൾക്ക് ജനങ്ങൾ സമീപ പട്ടണങ്ങളായ മഞ്ചേരി, വണ്ടൂർ, എടവണ്ണ എന്നിവിടങ്ങളിലെ ആധുനിക വാർത്താവനിമയ സൗകര്യങ്ങളാണ് ഉപയോഗപ്പെടുത്തുന്നത്. ഇതിനാൽ ഇന്നാട്ടുകാർക്ക് വളരെയേറെ പ്രായസങ്ങളും സാമ്പത്തിക ക്ലേശവും നേരിടേണ്ടിവരുന്നു.

വാർത്താവിനിമയരംഗത്ത് തിരുവാലി പഞ്ചായത്തിൻെറ പിന്നോക്കവസ്ഥ പരിഹരിക്കുന്നതിനായി ധാരാളം നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. പ്രധാനമായും പോസ്റ്റ് ഓഫീസുകൾ, ദൃശ്യമാധ്യമങ്ങൾ, ടെലഗ്രാഫിക്സ് സൗകര്യങ്ങൾ, ടെലഫോൺ സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള നിർദേശങ്ങളാണ് അവയിൽ മുഖ്യം.

## 1. പോസ്റ്റ് ഓഫീസ്

പഞ്ചായത്തിൽ 4 പോസ്റ്റ് ഓഫീസുകൾ മാത്രമാണുള്ളത്. 1. തിരുവാലി, 2. പത്തിരിയാൽ, 3. പുന്നപ്പാല, 4. നടുവത്ത് (ഇവ മഞ്ചേരി, വണ്ടൂർ എന്നീ ഹെഡ് പോസ്റ്റ് ഓഫീസുകളുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിൽ തിരുവാലിമാത്രമാണ് ടെലഫോൺ/ ടെലഗ്രാഫിക്സ് സൗകര്യമുള്ളത്. പോസ്റ്റ് ഓഫീസിൻെറ എണ്ണം കുറവായിതുതന്നെ വളരെ വിസ്തൃതമായ പ്രവർത്തന പരിധിയാണുള്ളത്. ഇതുമൂലം കാര്യക്ഷമമായ പ്രവർത്തനത്തിനും തടസ്സം നേരിടുന്നു.

## 2. ടെലഫോൺ

പഞ്ചായത്തിൽ ഏകദേശം 50 ന് താഴെ ടെലഫോണുകൾ മാത്രമണുള്ളത്. ഇതിൽ ഒന്നുമാത്രമാണ് പബ്ലിക്ക് ടെലഫോൺ. 4 എണ്ണം പൊതുസ്ഥാപനങ്ങളിലും

ബാക്കി സ്വകാര്യവ്യക്തികളുടേതുമാണ്. ഇവ വണ്ടൂർ, എടവണ്ണ എക്സ്ചേഞ്ചുകളുടെകിഴിൽ പ്രവർത്തിച്ചുവരുന്നു. ഭൂരിപക്ഷവിഭാഗവും ഫോൺ ഉപയോഗപ്പെടുത്തുന്നതിനായി പഞ്ചായത്തിന് പുറത്തുപോകേണ്ടിവരുന്നു.

### 3 ടെലഫോൺ

ആധുനിക വാർത്താവിനിമയ രംഗത്തുനിന്നും ടെലഗ്രാഫ് സൗകര്യം പടിപടിയായി പിൻവാങ്ങുന്ന ഈ ഘട്ടത്തിലും പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായി അവലംബിക്കുന്ന ടെലഗ്രാഫിക്ക് സൗകര്യം പഞ്ചായത്തിൽ തിരുവാലി മാത്രമാണുള്ളത്.

### പത്രമാധ്യമങ്ങൾ

ഏറ്റവും കൂടുതൽ പ്രയോജനപ്പെടുന്ന ഒരു മാധ്യമമാണിത്. ഗ്രാമത്തിൻെറ മുക്കിലും മൂലയിലും എത്തിച്ചേരുന്നതിനാൽ സാധാണണകാരടക്കമുള്ള ജനസാമാന്യത്തിൻെറ ഏറിയപങ്കും പത്രങ്ങളുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. നിലവിലുള്ള വായനശാലകൾ, ജനവിജ്ഞാനകേന്ദ്രങ്ങൾ, ഗ്രന്ഥാലയങ്ങൾ എന്നിവിടങ്ങളിൽ പത്രം എത്തിക്കുകയാണെങ്കിൽ കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടും. ഇപ്പോൾ പ്രധാനമായും നാട്ടിൻപുറങ്ങളിലെ ചായക്കടകളും മറ്റും ഈ ധർമ്മം നിർവ്വഹിച്ചുവരുന്നു. അടിക്കടിക്കുതിച്ചുയരുന്ന പത്രവില പൊതു ജനങ്ങളെ വളരെയധികം ദോഷകരമായി ബാധിക്കുന്നുണ്ട്. അത് തടയുന്നതിന് സർക്കാർ തലത്തിൽ തന്നെ സത്വരനടപടികൾ ഉണ്ടാവേണ്ടതാണ്.

### 5. റേഡിയോ:

വർഷങ്ങൾ മുമ്പ് തൊട്ട് സാധാരണ ജനങ്ങൾ വ്യാപകമായി ഉപയോഗപ്പെടുത്തിവരുന്ന റോഡിയോ, വാർത്താവിനിമയ രംഗത്തെ അതികായൻ തന്നെ. വിദൂരങ്ങളിലും, വിദേശങ്ങളിൽ ജോലിചെയ്യുന്ന കുറഞ്ഞ വിദ്യാഭ്യാസ നിലവാരമുള്ള കേരളീയർക്ക് വിശേഷിച്ച് പ്രയോജനപ്പെട്ടുവരുന്ന ഒരു മാധ്യമമാണ് റേഡിയോ. പക്ഷേനിലവിലുള്ള റേഡിയോ നിലയങ്ങളുടെ(മീഡിയം വേവ് പ്രസരണ പരിധിക്ക് പുറത്താണ് നമ്മുടെ പഞ്ചായത്ത്. മീഡിയം വേവ് പ്രക്ഷേപണം മറ്റുനിലയങ്ങളിലേത് തിരുവാലി പ്രദേശത്ത് ലഭ്യമല്ല. ഈ പോരായ്മക്കുള്ള പരിഹാരം പ്രത്യേകപരിഗണന അർഹിക്കുന്നു.

### 6. ടെലിവിഷൻ

വാർത്താവിനിമയ രംഗത്തെ ആകെ തന്നെ മാറ്റിമറിച്ച ഇലക്ട്രോണിക് യുഗപ്പിറവി ആരംഭിക്കുന്നത് ടി വിയുടെ വരവോടെയാണ്. പഞ്ചായത്തിൻെറ പലഭാഗങ്ങളിലും ഇന്ന് ടി വിയുടെ ജനസേവനം ജനങ്ങൾ പ്രയോജപ്പെട്ടുവരുന്നു. താരതമ്യേന ചെലവേറിയതായതിനാൽ സാധാരണക്കാർക്ക് അപ്രാപ്യമെങ്കിലും സ്വകാര്യവ്യക്തികളുടെ സൗമനസ്യത്തിൽ ഇപ്പോൾ ധാരാളം ആളുകൾ ടി വി പ്രയോജനപ്പെട്ടുവരുന്നു. പഞ്ചായത്തിൻെറ ഭൂരിപക്ഷ പ്രദേശവും വൈദ്യുതി എത്താത്ത മേഖല ആയതിനാൽ, ടി വിയുടെ പ്രയോജനം ലഭിക്കുന്നവർ മറ്റുള്ളവരെ അപേക്ഷിച്ച് വളരെ കുറവാണ്.

### പരിഹാര നിർദ്ദേശങ്ങൾ

വാർത്താ വിനിമരംഗത്ത് പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾക്ക് ഒട്ടൊക്കെ പരിഹാര മാർഗങ്ങൾ ഗ്രാമസഭകളിൽനിന്നുതന്നെ ഉയർന്നുവന്നിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ പോസ്റ്റ് ഓഫീസ്, പബ്ലിക് ടെലഫോൺ, ടെലക്സ് ബൂത്തുകൾ, കോളനികളിലും പൊതുസ്ഥലങ്ങളിലും പഞ്ചായത്തിത്തിൻെറ ചെലവിൽ പൊതു ടി വി/പത്രവിതരണം, റേഡിയോ നിലയങ്ങളുടെ പ്രസരണശേഷി വർദ്ധിപ്പിക്കൽ എന്നിവയാണ് ഇവയിൽ മുഖ്യമായുള്ളവ. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) നിലവിലുള്ള പോസ്റ്റ് ഓഫീസുകളുടെ പരിധി വിഭജിച്ച് പുതിയവ ആരംഭിക്കുക.

1) പത്തിരിയാലിൽ നിലവിലുള്ള ബ്രാഞ്ച് പോസ്റ്റ് ഓഫീസ് സബ് പോസ്റ്റ് ഓഫീസ് ആക്കി ഉയർത്തുക.

2) പൂളക്കൽ, വാളോർങ്ങൽ, കോട്ടോല, എന്നിവ കേന്ദ്രമാക്കി പുതിയ പോസ് ഓഫീസ് ആരംഭിക്കുക.

3) പഞ്ചായത്തിൽ നിലവിലുള്ള മുഴുവൻ പോസ്റ്റ് ഓഫീസുകളിലും പബ്ലിക് (ടെലഫോൺ എസ് ടി ഡി/ ഐ എസ് ഡി) ഏർപ്പെടുത്തുക.

4) തിരുവാലി, എറിയാട് എന്നിവിടങ്ങളിൽ പബ്ലിക് ടെലഫോൺ (എസ് ടി ഡി/ഐ എസ് ഡി) ഏർപ്പെടുത്തുക.

5) ടെലഗ്രാഫിക് സൗകര്യമില്ലാത്ത പഞ്ചായത്തിലെ പോസ്റ്റ് ഓഫീസുകളിൽ അവ ഏർപ്പെടുത്തുക

ബി)പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി ഏകദേശം അമ്പതോളം ടെലഫോണുകൾ മാത്രമാണുള്ളത്. ഇത് തുലോം പരിമിതമാണ്. നൂറുകണക്കിന്

കൾ ഫോണിന് അപേക്ഷനൽകി കാത്തിരിക്കുന്ന ...യുണ്ട്. ആവശ്യക്കാരായ മുഴുവൻ അപേക്ഷകർ ... ഫോൺ കണക്ഷൻ നൽകുന്നതിന് അടിയന്തര പ്രാധാന്യം നൽകുകയും തിരുവാലി കേന്ദ്രമായി ഒരു ...ഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കുകയുമാണ് ഈ ...വിന് പരിഹാരമായിട്ടുള്ളത്.

റൂറൽ ഡവലപ്മെൻറ് ബോർഡിൻേറതായി ഒരു ...പ്പിങ്ങ് കോംപ്ലക്സ് നിർമ്മിച്ച് ഒരു മുറി ടെല ...ഫോൺ എക്സ്ചേഞ്ചിനുവേണ്ടി വിട്ടുകൊടുക്കണമെ ...ഒരു നിർദേശവും ഉയർന്നുവന്നിട്ടുണ്ട്.

(സി) ആധുനിക യുഗത്തിൽ ഏറ്റവും കൂടു ...ൽ സൗകര്യപ്രദമായ വാർത്താവിനിമയ ഉപാധിയാ ... ടി വി മറ്റുവാർത്താ വിനിമായ സൗകര്യങ്ങൾക്കി ...ത്ത ചില ഗുണവിശേഷങ്ങൾ കൂടി ടി വിക്കുണ്ട്. ...ക്ഷ ചെലവേറിയതായതിനാൽ ഈ മാധ്യമം സാധാ ...ക്കാർക്ക് അപ്രാപ്യമാണ്. കൂടാതെ ഇതിൻെറ ഉപയോ ...ത്തിന് വൈദ്യുതിയും ആവശ്യമാണ്. തൊഴിലാളികൾ ...കൂതലായി അധിവാസിക്കുന്ന പഞ്ചായത്തിൽ 45-ലേ ... ഹരിജൻ കോളണികളുണ്ട്. മൂന്നു കോളണികളിൽ ...ത്രമാണ് (ആനാമ്പാറ, ചേരിക്കുന്ന്, ഷാരത്ത് അംബേ ...ർ കോളണി) ഇപ്പോൾ പൊതു ടി വി ഉള്ളത്. മറ്റു കോ ...ണികളിലും പൊതു ടി വി സ്ഥാപിച്ച് ഈ കുറവ് ...പരിഹരിക്കാവുന്നതാണ്.

ഈ ആവശ്യം ഗ്രാമസഭകളിൽനിന്നും ...ർന്നുവന്നിട്ടുമുണ്ട്.

അതുപോലെ പഞ്ചായത്തിലെ വായനശാലകൾ, ...നവിദ്യാകേന്ദ്രങ്ങൾ, സാംസ്കാരിക നിലയം, ഗ്രന്ഥാല ...ങ്ങൾ, ക്ലബ്ബുകൾ, എന്നിവിടങ്ങളിലും പൊതു ടി വി ...ഥാപിക്കണമെന്ന ആവശ്യം ഗ്രാമസഭകൾ ...ർത്തിയിട്ടുണ്ട്.

ഡി) തിരുവാലിയിലുള്ള സാംസ്കാരിക നിലയ ...ത്തിൽ ഒരു ഗ്രന്ഥാലയം ആരംഭിക്കണമെന്നും എല്ലാ ...വായനശാലകളിലും ഗ്രന്ഥാലയങ്ങളിലും ജനവിദ്യാകേ ...ങ്ങളിലും പത്രം ലഭ്യമാക്കണമെന്നും ഗ്രാമസഭകൾ ...ആവശ്യപ്പെട്ടിട്ടുണ്ട്.

ഇ) സാധാരണക്കാർക്ക് ഏറ്റവും പ്രാപയമായ വാർത്താവിനിമയ സൗകര്യമായ റേഡിയോ, കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായി കോഴിക്കോട്, തൃശൂർ നിലയങ്ങളുടെ പ്രസരണശേഷി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. മഞ്ചേരിയിൽ തറക്കല്ലിട്ട എഫ് എം നിലയം പഞ്ചായത്തിന് ഏറ്റവുമേറെ പ്രയോജനപ്പെടുമെന്നതിനാൽ അതിൻെറ പണി പൂർത്തിയാക്കുന്നതിന് അടിയന്തിര പ്രാധാന്യം തന്നെ നൽകേണ്ടതാണ്.

കൂടാതെ ഇപ്പോൾ ഷോർട്ട് വേവിൽ ലഭ്യമാവുന്ന മലയാളം പരിപാടികൾ കുറെക്കൂടി കാര്യക്ഷമമാക്കുന്നതും സമയം ദീർഘിപ്പിക്കുന്നതുമായാൽ, വിദേശങ്ങളിലും വിദൂര പ്രദേശങ്ങളിലും ജോലിയചെയ്യുന്ന അനേകായിരം മലയാളികൾക്ക് കൂടി പ്രയോജനപ്പെടുന്നതാണ്.



# 4-7 പാർപ്പിടം - സാമൂഹ്യക്ഷേമം

## പാർപ്പിടം

സാമൂഹ്യമായും, സാമ്പത്തികമായും ഏറെ പിന്നോക്കം നിൽക്കുന്ന പഴയ പുന്നപ്പാല, തിരുവാലി അംശം എന്നിവ ഉൾക്കൊള്ളുന്നതാണ് തിരുവാലി പഞ്ചായത്ത്. പഞ്ചായത്തിൽ 39 അംഗീകൃത കോളനികൾ ഉൾപ്പെടെ 45 ഹരിജൻ കോളനികളുണ്ട്. തൊഴിൽശാലകളൊ, വ്യവസായശാലകളൊ ഈ പഞ്ചായത്തിൽ ഇല്ല. അതുകൊണ്ട് തൊഴിൽ അവസരങ്ങളും കുറവാണ്. സാമ്പത്തിക പരാധീനതക്ക് കാരണം തൊഴിൽ അവസരങ്ങളുടെ കുറവാണ്. അഭ്യസ്ഥവിദ്യരിൽ 3037 തൊഴിൽരഹിതരും 181 അധ്യാപകരും 455 സർക്കാർ ജീവനക്കാരുമാണ്. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഗൾഫ് സ്വാധീനം കുറവാണ്. പാർപ്പിട പ്രശ്നം ഇക്കാരണങ്ങളാൽതന്നെ പരിഹരിക്കാൻ കഴിയാതെ പോകുന്നു.

പഞ്ചായത്തിലെ മൊത്തം വീടുകളിൽ 8% ഓലപ്പുരകളിലും ചെറുകുടിലുകളിലും വീടില്ലാത്തവരുമായി കഴിയുന്നു. ഉള്ളവയിൽ തന്നെ ഭൂരിപക്ഷവും വൈദ്യുതി, കുടിവെള്ളം, കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തവയാണ്.

വീടു നിർമ്മാണത്തിന് ഇന്നനുഭവിക്കുന്ന പ്രശ്നങ്ങളിൽ പ്രധാനം നിർമ്മാണസാമഗ്രികളുടെയും മറ്റും അമിതമായ വിലവർദ്ധനവാണ്. തൊഴിലാളികളുടെ കൂലിയിലുള്ള വർദ്ധനവും പ്രയാസം വർദ്ധിപ്പിക്കുന്നു.

പുത്തൻ പണക്കാരും, ഗൾഫ് പണക്കാരും ഈ മേഖലയിൽ നിർമ്മിക്കുന്ന കോൺക്രീറ്റ് കൊട്ടാരങ്ങൾ അയൽ പഞ്ചായത്തിൽ ഉള്ളതിനേക്കാൾ തുലോം കുറവാണ്.

വിവിധ ഏജൻസികൾ മുഖാന്തിരം ലഭിക്കുന്ന പദ്ധതികളിലൂടെയുള്ള ഭവനനിർമ്മാണം ഈ രംഗത്തെ പോരായ്മകൾ പരിഹരിക്കാൻ ഒട്ടുംതന്നെ പര്യാപ്തമല്ല. സങ്കീർണമായ വായ്പാവ്യവസ്ഥകളും ഉയർന്ന പലിശനിരക്കും സാധാരണക്കാരനെ പ്രതികൂലമായി ബാധിക്കുന്നു.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കായി ഫുൾഗ്രാൻറ് പദ്ധതികളായ IAY, JRY, MWS, U-Fund തുടങ്ങിയ സ്കീമുകളിൽ നൽകിവരുന്ന ഭവനനിർമ്മാണ സാമ്പത്തികസഹായവും ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് പരിഹാരമാകുന്നില്ല.

## പട്ടിക - 1

| വർഷം | തൊഴിലാളികളുടെ കൂലിനിരക്ക് | | സാധനവില | | | |
|---|---|---|---|---|---|---|
| | പുരുഷൻ (രൂപ) | സ്ത്രീ (രൂപ) | സിമൻറ് ചാക്ക് 1ന് | കമ്പി 1. കി.ഗ്രാം | വെട്ടുകല്ല് 1ന് | കരിങ്കല്ല് ലോഡ് 1ന് |
| 1970 ൽ | 7.00 | 5.00 | 16.00 | 5.00 | 0.16 | – |
| 1975ൽ | 8.00 | 6.00 | 25.00 | 5.25 | 0.50 | – |
| 1980ൽ | 15.00 | 10.00 | 40.00 | 5.50 | 1.00 | – |
| 1985ൽ | 40.00 | 25.00 | 55.00 | 6.00 | 2.00 | 275 |
| 1990ൽ | 80.00 | 60.00 | 70.00 | 9.50 | 3.50 | 325 |
| 1995ൽ | 125.00 | 80.00 | 160.00 | 13.50 | 4.00 | 600 |
| 1996ൽ | 150.00 | 100 | 190.00 | 15.00 | 5.00 | 700 |

അവലംബം: മുഖ്യ വിവരദായകർ

## ഭവന ലഭ്യത- പട്ടിക (2)

| വർഷം | വീടുകൾ | | | | | കക്കൂസ് | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | JRY | | S.C പഞ്ചായത്ത് | | | | | |
| | IAY ബ്ലോക്ക് | MWS ബ്ലോക്ക് | ബ്ലോക്ക് | പഞ്ചായത്ത് | | EAS ബ്ലോക്ക് | C.RSP ബ്ലോക്ക് | JRY ബ്ലോക്ക് | JRY പഞ്ചായത്ത് | SCP/UF പഞ്ചായത്ത് |
| 1992– 93 | – | – | – | 14 | – | – | – | – | 14 | |
| 1993– 94 | 2 | – | 4 | 25 | – | 4 | 16 | – | 14 | 14 |
| 1994– 95 | 6 | 1 | – | 6 | 7 | – | 20 | – | 11 | – |
| 1995–96 | 22 | 8 | 17 | 17 | – | – | 8 | 4 | 4 | 28 |
| | 30 | 9 | 21 | 62 | – | 4 | 44 | 4 | 43 | 42 |

അവലംബം: ബ്ലോക്ക് ആപ്പീസ് രേഖ:

പ്രതിവർഷം ശരാശരി അനുവദിക്കപ്പെടുന്ന വീടുകൾ= 30.5

ശരാശരി കക്കൂസുകൾ= 34.25

## പട്ടിക– 3

അവലംബം: "പ്രൈമറി ഡാറ്റാ"

| വാർഡ് | ആകെ | വീട് ഇല്ലാത്തത് | ടെറസ് | ഓട് | കുടിൽ | വൈദ്യുതി ഉള്ളത് | വൈദ്യുതി ഇല്ലാത്തത് | കക്കൂസ് ഉള്ളത് | കക്കൂസ് ഇല്ലാത്തത് | കുടിവെള്ളം ഉള്ളത് | കുടിവെള്ളം ഇല്ലാത്തതും ക്ഷാമമുള്ളതും |
|---|---|---|---|---|---|---|---|---|---|---|---|
| 1. | 310 | 7 | 30 | 247 | 33 | 193 | 117 | 237 | 73 | 185 | 125 |
| 2. | 424 | 11 | 18 | 365 | 41 | 156 | 268 | 252 | 172 | 221 | 203 |
| 3. | 312 | 61 | 21 | 258 | 33 | 81 | 231 | 171 | 141 | 230 | 82 |
| 4. | 509 | 39 | 52 | 418 | 39 | 101 | 408 | 297 | 212 | 390 | 119 |
| 5. | 475 | 16 | 45 | 380 | 50 | 208 | 267 | 272 | 203 | 258 | 217 |
| 6. | 394 | 27 | 21 | 337 | 36 | 157 | 237 | 218 | 176 | 198 | 196 |
| 7. | 326 | 8 | 34 | 265 | 27 | 134 | 192 | 229 | 97 | 275 | 51 |
| 8. | 469 | 24 | 36 | 419 | 14 | 106 | 363 | 321 | 148 | 340 | 129 |
| 9. | 409 | 5 | 47 | 335 | 27 | 143 | 266 | 307 | 102 | 249 | 160 |
| 10. | 473 | 18 | 59 | 391 | 23 | 180 | 293 | 354 | 119 | 352 | 121 |
| | 4101 | 216 | 363 | 3415 | 323 | 1459 | 2642 | 2658 | 1443 | 2698 | 1403 |

ആകെ കുടുംബങ്ങൾ= 4101
വീടില്ലാത്തവർ= 323
കക്കൂസില്ലാത്തവർ= 1443
കുടിവെള്ളം ഇല്ലാത്തവർ = 1403
വൈദ്യുതി ഇല്ലാത്തവർ = 2642

പഞ്ചായത്തിലെ മൊത്തം 4101 കുടുംബങ്ങളിൽ 323 എണ്ണവും ഭവനരഹിതരോ കുടിലുകളിൽ താമസിക്കുന്നവരോ ആണ്. ഉള്ള വീടുകളിൽ തന്നെ പ്രാഥമിക സൗകര്യങ്ങളായ കുടിവെള്ളം, കക്കൂസ്, വൈദ്യുതി, മുതലായവ തിരെ കുറവാണ്.

### പാർപ്പിടം
### പൊതുവായ നിർദ്ദേശങ്ങൾ

1) പഞ്ചായത്ത് തലത്തിൽ "ഭവനനിർമ്മാണസഹകരണസംഘം" രൂപീകരിക്കണം. വിവിധ ഏജൻസികളിൽ (IAY, JRY മുതലായവ) കൂടി പഞ്ചായത്തിന് അനുവദിക്കുന്ന തുക സഹകരണ സംഘം വഴിയായിരിക്കണം. ഗുണഭോക്താക്കളിൽ എത്തിക്കേണ്ടത് സംഘം വഴി ലഭിക്കുന്ന വായ്പാ പദ്ധതികളിലൂടെ നിർമ്മിക്കുന്ന വീടുകൾക്ക് ഏകീകൃത സ്വഭാവവും മാതൃകയും ആയിരിക്കണം.

2) പഞ്ചായത്തിൽ ലഭ്യമായ പുറംപോക്ക് ഭൂമിയും, ആവശ്യമെങ്കിൽ അക്വയർചെയ്യുന്ന ഭൂമിയും തുണ്ടുകളാക്കി തിരിച്ച് ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്. സംഘത്തിൻെറ നിർദ്ദേശനിയന്ത്രണങ്ങൾക്ക് വിധേയമാ

...സ്വന്തമായി സ്വരൂപിക്കാവുന്ന വിഭവങ്ങളും സമാഹരി ...വീടുകൾ നിർമ്മിക്കേണ്ടതാണ്.

3) സംഘം നേരിട്ട് വീടുകൾ നിർമ്മിച്ച് ഗുണഭോക്താ ...ൾക്ക് നൽകുന്നതാണ് സ്വീകരിക്കാവുന്ന മറ്റൊരു മാർ... സംഘം ഏറ്റെടുത്ത് നിർമ്മിക്കുന്ന വീടുകൾക്ക് പ്ലോ ...ട്ടുകൾ തിരുമാനിക്കുമ്പോൾ ഗതാഗതം, കുടിവെള്ളം, ...വൈദ്യുതി എന്നീ പ്രാഥമിക സൗകര്യങ്ങളുടെ സാധ്യതകൂ ...പരിഗണിക്കേണ്ടതാണ്.

4) പഞ്ചായത്ത്തല സഹകരണസംഘത്തിന്, പഞ്ചാ ...യത്ത് ശേഖരിക്കുന്ന ബിൽഡിങ്ങ് ടാക്സിൻെറ 25 ശതമാ ...നം വാർഷികവിഹിതമായി നീക്കിവെക്കേണ്ടതാണ്.

5) നിർമ്മാണരംഗത്തെ തൊഴിലാളികളുടെ ദൗർല്ല ...ഭ്യം പരിഹരിക്കാൻ വിവിധ തൊഴിലുകളിൽ ഏർപ്പെടുന്ന ...വരുടെ തൊഴിൽസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

6) നിർമ്മാണ സാമഗ്രികളുടെ വിലവർധനയും, ദൗർ ...ലഭ്യവും പരിഹരിക്കാൻ സംഘം വഴി സിമൻറ്, കല്ല്, കമ്പി എന്നിവ നിയന്ത്രിതവിലക്ക് ലഭ്യമാക്കാവുന്നതാണ്.

7) ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കും പിന്നോക്ക ...വിഭാഗക്കാർക്കും നിലവിലുള്ള സഹായപദ്ധതികൾ കൂടു ...തൽ വിപുലപ്പെടുത്തേണ്ടതാണ്.

8) വിവിധ ഏജൻസികൾ മുഖാന്തിരം വീട്വെക്കാൻ നൽകുന്ന തുക 50,000 രൂപ ആയി വർധിപ്പിക്കണം.

9) മറ്റു വിഭാഗങ്ങളിൽ ജനവിഭാഗങ്ങൾക്കും വായ് പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. വായ്പാവിത രണ നടപടികൾക്കുണ്ടാകുന്ന കാലതാമസം ലഘൂകരി ക്കേണ്ടത് അത്യാവശ്യമായ ഒരു കാര്യമാണ്.

10) കാലാകാലങ്ങളിൽ വരുന്ന വിലവർദ്ധനയും മറ്റും പരിഗണിച്ച് വായ്പാതുകയിൽ 20 ശതമാനം വാർഷി കവർദ്ധനവ് അനുവദിക്കണം.

11) കോളനി പ്രദേശങ്ങളിൽ അനുവദിക്കുന്ന വീടു കൾക്ക് മൊത്തമായി കുടിവെള്ളപ്രശ്നം പരിഹരിക്കേണ്ട താണ്. കക്കൂസുകൾ കോംപ്ലക്സ് അടിസ്ഥാനത്തിൽ നിർ മ്മിച്ച് ചിലവും സ്ഥലവും ലാഭിക്കാം.

12) കോളനികളിൽ വൈദ്യുതിയും ഗതാഗതവും പഞ്ചായത്ത്ഭരണ സമിതി സഹകരണസംഘത്തിൻെറ മുൻകയ്യോടെ നടപ്പാക്കാവുന്നതാണ്.

13) പഞ്ചായത്തിലെ കോളനികളിലെ പാർപ്പിടം, വെള്ളം, കക്കൂസ്, ഗതാഗതം തുടങ്ങിയ അടിസ്ഥാന പ്രാ ഥമികസൗകര്യങ്ങൾ പരിഹരിക്കാനും, നിലവിലുള്ള പ്രശ് നങ്ങൾ നവികരിച്ച് പരിഹരിക്കാനും ഉതകുന്ന തരത്തിലു ള്ള സമഗ്രവും ബൃഹത്തായതുമായ ഒരു പദ്ധതിക്ക് രൂപംകൊടുക്കേണ്ടതാണ്.

14) ലളിതവും ചിലവുകുറഞ്ഞതുമായ വീട്നിർമ്മാ ണത്തിനായി നിർമ്മിതികേന്ദ്രത്തിൻെറ സാങ്കേതികസഹാ യവും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ലളിതവും ചില വുകുറഞ്ഞതുമായ വീട് എന്ന സങ്കല്പത്തിലേക്ക് ജനങ്ങ ളെ എത്തിക്കാൻ വേണ്ട പ്രചാരം നടത്തേണ്ടതുമാണ്.

15) പഞ്ചായത്ത്തലത്തിൽ, പഞ്ചായത്ത് ഭരണസമി തിയുടെ പ്രതിനിധി അതുപോലെ നിർമ്മിതികേന്ദ്രത്തി ലെ സാങ്കേതികവിദഗ്ധർ തൊഴിലാളികൾ എന്നിവരുടെ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു വിദഗ്ധസമിതി രൂപീക രിച്ച് ഭവനനിർമ്മാണരംഗത്ത് സഹായവും നിർദ്ദേശങ്ങ ളും നൽകാൻ ഉള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്.

16) ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഭവനനിർമ്മാണ വായ്പാപദ്ധതിയിൽനിന്നും ദീർഘകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ പലിശനിര ക്കിൽ ഫണ്ട് ലഭ്യമാക്കേണ്ടതാകുന്നു.

# സാമൂഹ്യക്ഷേമം

സാമൂഹ്യരംഗത്തെ ദാരിദ്ര്യനിർമ്മാർജ്ജനത്തെ മുൻനിർത്തി കേന്ദ്ര സംസ്ഥാന ഗവർമെണ്ടുകൾ നടപ്പാ ക്കിക്കൊണ്ടിരിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിക ളും, തൊഴിലാളി തൊഴിലുടമാ സഹകരണത്തോടെ ക്ഷേ മനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്ന ക്ഷേമപദ്ധ തികളുമാണ് നിലവിലുള്ളത്.

സാമൂഹ്യക്ഷേമ വകുപ്പിൻെറ കിഴിൽ ഐ ആർ ഡി പി, ഡി ഡബ്ള്യു സി ആർ എ (DWCRA) , ഐ സി ഡി എസി ൻെറ കിഴിൽ കുടുംബക്ഷേമപ്രവർത്തനങ്ങളും നടക്കുന്നു.

പട്ടികജാതിവികസന കോർപറേഷൻ, വനിതാ വിക സന കോർപറേഷൻ തുടങ്ങിയ സ്വയംഭരണസ്ഥാപനങ്ങ ളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

ദാരിദ്ര്യനിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായു ള്ള പദ്ധതികളാണ് കാര്യമായി പഞ്ചായത്തിൽ നടക്കുന്ന ത്. എന്നാൽ ഇത്തരം പദ്ധതികളെക്കുറിച്ചുള്ള അറിവില്ലാ യ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്മ, ബോധവൽക്കരണ കുറവ്, സങ്കീർണമായ സാങ്കേതിക നൂലാമാലകൾ ഈ രംഗത്ത് പ്രശ്നങ്ങളാണ്. ക്ഷേമനിധി ബോർഡുകൾ മുഖേ നയുള്ള പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ (പാലക്കാട്) മുഖാന്തിരമുള്ള സേവനങ്ങൾ വളരെ പരിമിതമാണ്. വനി താ വികസന കോർപ്പറേഷൻെറ പ്രവർത്തനത്തെക്കുറി ച്ചുള്ള അറിവ് വനിതാ വികസനന കോർപ്പറേഷൻെറ പ്രവർത്തനത്തെക്കുറിച്ചുള്ള അറിവ് സ്ത്രീകൾക്ക് അന്യമാണ്.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായ സേവനം ലഭി ക്കുന്നത് ബ്ലോക്ക് ഡവലപ്മെൻറ് ആപ്പിസ് വഴിയാണ്. തിരുവാലി, പുന്നപ്പാല, VEO സർക്കിളുകൾ വഴിയാണ്, സാമൂഹ്യക്ഷേമം പ്രവർത്തനനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കുന്നത്.

## ഗ്രാമവികസന വകുപ്പ്

ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളെ ഉദ്ദേശി ച്ചുകൊണ്ടാണ് മുഖ്യമായും ഗ്രാമവികസന വകുപ്പ് ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നത്. 1992ലാണ് ദാരിദ്ര്യരേഖയ് ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടന്നത്. അതിനുശേഷം കുറഞ്ഞ വരുമാനക്കാ രായ കുടുംബങ്ങളെ കണ്ടെത്തുകയുംചെയ്തു.

ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ- പട്ടിക I

| പട്ടികജാതി | മറ്റുള്ളവ | ആകെ | സ്ത്രീകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങൾ | അംഗവൈകല്യമുള്ളവർ | സാനിറ്ററി കക്കൂസുള്ള വീടുകൾ |
|---|---|---|---|---|---|
| 1037 | 1091 | 1512 | 372 | 38 | 564 |

അവലംബം: സെക്കൻഡറി ഡാറ്റ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ അവരുടെ തൊഴിലിൻെറ അടിസ്ഥാനത്തിൽ അഞ്ചു ഗ്രൂപ്പുകളായി തിരിക്കാം

പട്ടിക – 2

| ചെറുകിട കർഷകർ | നാമമാത്ര കർഷകർ | കർഷക തൊഴിലാളികൾ | കർഷകേതര തൊഴിലാളികൾ | ഗ്രാമീണ കൈത്തൊഴിലുകാർ |
|---|---|---|---|---|
| 17 | 132 | 628 | 665 | 81 |

(അവലംബം: സെക്കൻഡറി ഡാറ്റ)

വർഷത്തിൽ 11000 രൂപയ്ക്ക് താഴെ വരുമാനമുള്ള കുടുംബങ്ങളെയാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി പരിഗണിക്കുന്നത്. അവരെത്തന്നെ വീണ്ടും നാലായി തരംതിരിച്ചിരിക്കുന്നു. ഇതിൽനിന്ന് താഴ്ന്ന വരുമാനക്കാർക്ക് മുൻഗണന നൽകിക്കൊണ്ട് പദ്ധതികൾ നടപ്പിലാക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ അവരുടെ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ നാലായി തിരിച്ചിരിക്കുന്നു.

പട്ടിക – 3

| 4000ൽ താഴെ വരുമാനമുള്ളവർ | 4001നും 6000ത്തിനും ഇടയ്ക്ക് വരുമാനമുള്ളവർ | 6001നും 8500നും ഇടക്ക് വരുമാനമുള്ളവർ | 8501നും 11,000നും ഇടയ്ക്ക് വരുമാനമുള്ളവർ |
|---|---|---|---|
| 1,350 | 107 | 40 | 15 |

അവലംബം: സെക്കൻഡറി ഡാറ്റ

സാമൂഹ്യക്ഷേമരംഗത്ത് കാര്യക്ഷമമായി പ്രവർത്തിച്ച്കൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് പുന്നപ്പാല, തിരുവാലി എന്നീ രണ്ട് വില്ലേജ് സർക്കിളുകൾ വഴിയാണ്. ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളെ സഹായിക്കുന്ന പദ്ധതികളിൽ ഏറ്റവും പ്രധാനം സംയോജിത ഗ്രാമവികസന (IRDP) പദ്ധതിയാണ്. ഈ പദ്ധതി വഴി പഞ്ചായത്തിൽ ഓരോ വർഷവും സഹായം ലഭിച്ച കുടുംബങ്ങളുടെ വിവരങ്ങൾ (പട്ടിക – 4).

ഐ ആർ ഡി പി ധനസഹായം ലഭിച്ച കുടുംബങ്ങളുടെ വിവരം (പട്ടിക- 4)

| വർഷം | പട്ടികജാതി | മറ്റുള്ളവ | ആകെ | സ്ത്രീകൾ | വികലാംഗർ |
|---|---|---|---|---|---|
| 1992-93 | 18 | 19 | 37 | 21 | - |
| 1993-94 | 17 | 11 | 28 | 9 | - |
| 1994-95 | 17 | 16 | 33 | 19 | - |
| 1995-96 | 13 | 18 | 31 | 15 | 2 |
| ആകെ | 65 | 64 | 129 | 64 | 2 |

അവലംബം: വി ഇ ഒ രേഖകൾ

ഐ ആർ ഡി പി സർവ്വേ സാമ്പത്തിക ലഭ്യതാ കണക്ക് - പട്ടിക 5

| വർഷം | ധനസഹായം | വായ്പ | ശരാശരി കുടുംബവിഹിതം |
|---|---|---|---|
| 1992-93 | 112516 | 166483 | 7540 |
| 1993- 94 | 123015 | 158587 | 10057 |
| 1994-95 | 118000 | 167591 | 8654 |
| 1995-96 | 154000 | 322320 | 15364 |
| ആകെ | 507531 | 814981 | 10404 (ശരാശരി) |

അവലംബം: വി.ഇ.ഒ. രേഖകൾ

### ഗ്രാമീണ വനിതാ-ശിശു വികസന യൂനിറ്റികൾ (DWCRA)

സ്ത്രീകളുടെയും, കുട്ടികളുടെയും ഉന്നമനത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D. W. C. R. A.

സംയോജിത ഗ്രാമ വികസന പരിപാടിയുടെ അനുബന്ധമായി നടപ്പാക്കുന്ന ഒരു പരിപാടിയാണ് ഗ്രാമീണ വനിതാ ശിശുവികസന പരിപാടി (DWCRA). വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് ഈ പദ്ധതിപ്രകാരം വായ്പയും ധനസഹായവും നൽകുന്നു. നമ്മുടെ പഞ്ചായത്തിൽ ഇത്തരത്തിലുള്ള മൂന്ന് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പുന്നപ്പാല, നടുവത്ത്, തായംകോട് എന്നീ പ്രദേശങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ പുന്നപ്പാല യൂനിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. നടുവത്ത്, തായംകോട്യൂനിറ്റുകളുടെ പ്രവർത്തനം ഇടയ്ക്കുവെച്ച് നിന്നുപോയി.

ഗ്രാമീണ വനിതാ ശിശുവികസന പരിപാടി - സഹായ ലഭ്യത കണക്ക് - (പട്ടിക - 6)

| വർഷം | തുടങ്ങിയ യൂനിറ്റുകളുടെ എണ്ണം | അംഗത്വവിവരം | | |
|---|---|---|---|---|
| | | പട്ടികജ്ജാതി | മറ്റുള്ളവർ | ആകെ |
| 1992-93 | 1 | | | |
| 1993-94 | - | - | - | - |
| 1994-95 | 1 | 3 | 7 | 10 |
| 1995-96 | 1 | 6 | 6 | 12 |
| ആകെ | 3 | 11 | 23 | 34 |

അവലംബം: വി.ഇ.ഒ. രേഖകൾ

1996- 97ൽ 12 അംഗങ്ങളോട് കൂടിയ ഒരു ലതർ - ബാഗ് നിർമ്മാണ യൂനിറ്റ് ഇപ്പോൾ നടുവത്ത് പ്രവർത്തിക്കുന്നു. ഇതിൽ ആറ് പട്ടികജാ[illegible] വിഭാഗക്കാരടക്കം 12 അംഗങ്ങളുണ്ട്. നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ഒരു യൂനിറ്റാണിത്.

### ട്രൈസം:

18 മുതൽ 35 വയസ്സുവരെയുള്ള ഗ്രാമീണ യുവതീയുവാക്കൾ ചെറുകിട കുടിൽവ്യവസായമേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നൽകി ഐ.ആർ.ഡി.പി.യുടെ പൂർണ പ്രയോജനം ലഭിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ട്രൈസം. നമ്മുടെ പഞ്ചായത്തിൽ നടുവത്ത് കേന്ദ്രീകരിച്ചുകൊണ്ടുള്ള കൈത്തറി നെയ്ത്ത് സംഘവും തൊട്ടടുത്തുള്ള പഞ്ചായത്തിലെ സുബ്ബറാവു- പൈ ഇൻസ്റ്റിറ്റ്യൂട്ട് (വണ്ടൂർ) എന്നിവയിൽനിന്നാണ് ഇവർക്ക് ട്രെയിനിങ്ങ് ലഭിക്കുന്നത്. നടപ്പുപദ്ധതിക്കാലത്ത് 15 പേർക്ക് മാത്രമാണ് ട്രൈസം പരിശീലനം ലഭിച്ചത്. പട്ടിക - 7 നോക്കുക.

ട്രൈസം പരിശീലന പട്ടിക

| വർഷം | പട്ടിക ജാതി | മറ്റുള്ളവ | ആകെ | സ്ത്രീകൾ | വികലാംഗർ | സ്വയം തൊഴിൽ | കൈ ത്തൊഴിൽ |
|---|---|---|---|---|---|---|---|
| 1992-93 | -- | 2 | 2 | 1 | - | - | 2 |
| 1993-94 | 1 | 2 | 3 | 3 | - | - | 3 |
| 1994- 95 | 4 | 4 | 8 | 3 | - | - | 8 |
| 1995-96 | - | 2 | 2 | 2 | - | - | 2 |
| ആകെ | 5 | 10 | 15 | 9 | - | - | 15 |

അവലംബം: സെക്കൻഡറി ഡാറ്റ

## കൈത്തൊഴിലുപകരണ വിതരണ പരിപാടി

ഗ്രാമീണ പരമ്പരാഗത കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി നവീനതൊഴിലുപകരണങ്ങൾ വിതരണംചെയ്യുന്ന പരിപാടിയാണ് കൈത്തൊഴിലുപകരണ (Tool kit) വിതരണ പരിപാടി. ഈ പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിൽ സഹായം ലഭിച്ച കുടുംബങ്ങളും സഹായതുകയും പട്ടിക - 8 നോക്കുക.

| വർഷം | 1992-93 | 1993-94 | 1994-95 | 1995-96 | ആകെ |
|---|---|---|---|---|---|
| സഹായം ലഭിച്ച കുടുംബം | 7 | 13 | 4 | 6 | 30 |
| തുകം | 9694.50 | 29973.00 | 8157.00 | 14213.00 | 62037.50 |

അവലംബം: വി.ഇ.ഒ. രേഖകൾ

## സി ആർ എസ് പി ( Central Rural Sanitation Programme)

ഐ ആർ ഡി പി ലിസ്റ്റിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സഹായം ലഭിക്കുന്ന പദ്ധതിയാണ് C. R. S. P. ഈ പദ്ധതിപ്രകാരം കക്കൂസ് നിർമ്മിച്ച കണക്കുകൾ പട്ടിക 9 നോക്കുക.

| വർഷം | ലക്ഷ്യം ഇട്ടത് | പട്ടികജാതി | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| 1992-93 | - | - | - | - |
| 1993-94 | 16 | 2 | 13 | 15 |
| 1994-95 | 20 | 4 | 16 | 20 |
| 1995-96 | 8 | 4 | 1 | 5 |
| ആകെ | 44 | 10 | 30 | 40 |

J R Y സ്കീമിൽ പഞ്ചായത്തിൽകൂടി വിതരണംചെയ്ത വീടുകളുടെയും കക്കൂസുകളുടെയും വിവരം പട്ടിക 2 (പാർപ്പിടം) കാണുക.

### നിർദ്ദേശങ്ങൾ

1) ദാരിദ്ര്യരേഖയുടെ പരിധി 11,000 രൂപയിൽനിന്ന് കാലോചിതമായി മാറ്റങ്ങൾ വരുത്തിക്കൊണ്ട് ചുരുങ്ങിയത് 25,000 രൂപവരെയാക്കുക.

2) ഐ. ആർ. ഡി. പി. വായ്പകൾ സഹകരണ ബാങ്കുകൾ മുഖേന വിതരണംചെയ്തുകൊണ്ട് പദ്ധതി ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി സഹകരണ മേഖലയിലേക്ക് കൂടുതൽ ഫണ്ട് അനുവദിക്കണം.

3) ഈ രംഗത്ത് ഇന്ന് നിലനില്ക്കുന്ന ദേശസാൽകൃത ബാങ്കുകളുടെ ഉദാസീനത മാറ്റിയെടുക്കാൻ സർക്കാർ തലത്തിൽ സംവിധാനംവേണം.

4) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുവേണ്ടി വർഷംതോറും കാര്യക്ഷമവും സത്യസന്ധവുമായ സർവ്വേ നടത്തണം.

5) സാമ്പത്തിക സഹായങ്ങളെക്കുറിച്ച് ഗുണഭോക്താക്കൾക്കുള്ള അജ്ഞത മാറ്റാൻ ആവശ്യമായ ബോധവത്കരണം നടത്തണം.

6) പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾക്ക് അപേക്ഷ ക്ഷണിക്കുമ്പോൾ വിവിധതരം സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്നുള്ളത് വളരെയധികം ബുദ്ധിമുട്ടുകൾ ഉളവാക്കുന്നു. ഹാജരാകുന്നവർക്ക് മുഴുവൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ആയതിനാൽ ആനുകൂല്യം പാസ്സായതിനുശേഷം സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതിയെന്ന നിബന്ധന പാലിക്കണം. അപേക്ഷ ക്ഷണിക്കാനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുമുള്ള അധികാരം പഞ്ചായത്തുകൾക്ക് കൈമാറണം.

7) തിരുവാലി പഞ്ചായത്തിൽ ക്ഷീരവികസനരംഗത്ത് ഈയിടെ ധാരാളം ക്ഷീരവികസന സൊസൈറ്റികൾ രൂപീകരിച്ച് വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. അതിനാൽ മുൻകാലങ്ങളിൽ നിന്ന് വിഭിന്നമായി പശുവളർത്തൽ കൂടിയ ലാഭത്തിൽ നടത്താൻ കർഷകർക്ക് സാധിക്കുന്നു. അതിനാൽ പഞ്ചായത്തിലെ പ്രത്യേക സാഹചര്യത്തിൽ പശുവളർത്തുന്നതിന് IRDP യിൽ ഉയർന്ന പരിഗണന നൽകി ധനസഹായം നൽകേണ്ടതാണ്.

8) ചെറുകിട ഉൽപാദകരായ ഐ. ആർ. ഡി. പി. ഗുണഭോക്താക്കളുടെ ഗ്രാമീണ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ വിവിധ കേന്ദ്രങ്ങളിൽവെച്ച് വിൽപ്പനമേളകൾ സംഘടിപ്പിക്കണം. ഇത് വരുമാനം വർദ്ധിപ്പിക്കുകയും അവരുടെ വായ്പ തിരിച്ചടവിനെ വളരെയധികം സഹായിക്കുകയുംചെയ്യും.

9) ഗ്രാമപഞ്ചായത്ത് മുൻകൈയ്യടുത്ത് കുടിശ്ശിക വരുത്തുന്ന ഐ. ആർ. ഡി. പി. ഗുണഭോക്താക്കളെ ബോധവൽക്കരണം നടത്തി ക്രമമായ തിരിച്ചടവിന് നിർബന്ധിക്കണം.

10) തിരുവാലി പഞ്ചായത്തിലെ 5 വയസ്സിനും 65 വയസ്സിനും ഇടയിലുള്ള എല്ലാ വിഭാഗം ജനങ്ങളെ ജനറൽ ഇൻഷുറൻസ് പദ്ധതിയിൽ കൊണ്ടുവരണം.

11) ഇവിടെ ഉൽപാദിപ്പിക്കുന്ന പാൽ ഇവിടെതന്നെ സംസ്കരിച്ച് ഐസ്ക്രീം, ചോക്ക്ലറ്റ് എന്നിവ ഉണ്ടാക്കുന്ന യൂനിറ്റുകൾ ക്ഷീരവികസന സൊസൈറ്റികളിൽ തുടങ്ങണം.

12) പട്ടികജാതി വികസനവകുപ്പ് ഗ്രാമക്ഷേമവകുപ്പുമായി സംയോജിപ്പിച്ച് ഒറ്റ വകുപ്പ് ആക്കി മാറ്റണം.

13) പട്ടികജാതി- വർഗ്ഗ വിഭാഗക്കാർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ ഉദ്യോഗസ്ഥജാമ്യം വേണം എന്നത് ഒഴിവാക്കി അതിനുപകരം വസ്തുജാമ്യം മതി എന്ന് ആക്കി മാറ്റണം.

## കമ്യൂണിറ്റി ബയിസ്ഡ് ന്യൂട്രീഷൻ പ്രോഗ്രാം: (C.B.N.P.)

ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ ക്ഷേമത്തിനു വേണ്ടി സർക്കാർ തലങ്ങളിൽ പല വകുപ്പുകളും ഇന്ന് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ വകുപ്പുകളിൽകൂടി വരുന്ന ആനുകൂല്യങ്ങൾ പലപ്പോഴും അവർക്കു ലഭിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് തുടർ സാക്ഷരതാ പരിപാടിയുടെ ഭാഗമായി സ്ത്രീകൾക്ക് മാത്രമായി കേന്ദ്ര ഗവർമെണ്ടിലും, UNICEF ൻെറയും സഹായത്തോടെ മലപ്പുറം ജില്ലയിൽ സി ബി എൻ പി പ്രവർത്തിക്കുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് ഈ പദ്ധതി ഊന്നൽ നൽകുന്നത്. ദാരിദ്ര്യരേഖക്കു താഴെയുള്ളവരെ കണ്ടെത്തുന്നതിനായി ജില്ലയിൽ സി ബി എൻ പിക്കു കീഴിൽ നടത്തിയ സർവ്വേയിൽ 1,65,000ത്തോളം കുടുംബങ്ങളെ കണ്ടെത്തി. ഈ കുടുംബങ്ങളെ കമ്യൂണിറ്റി ഡവലപ്മെൻറ് സൊസൈറ്റിയിൽ അംഗങ്ങളാക്കി. സി ബി എൻ പിയെ സർക്കാരിൻെറ മറ്റു വകുപ്പുകളുമായി സംയോജിപ്പിച്ച് ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്കു കൊടുക്കുകയാണ് ഇതിൻെറ ലക്ഷ്യം. ഇതിൻെറ ഘടന അയൽ കൂട്ട സമിതികൾ, ഏരിയ ഡവലപ്മെൻറ് സൊസൈറ്റി (ADS) കൾ പഞ്ചായത്ത് കമ്യൂണിറ്റി ഡവലപ്മെൻറ് സൊസൈറ്റികൾ (CDS) ബ്ലോക്ക് സി ഡി എസുകൾ, ജില്ലാ സി ഡി എസ് എന്നിങ്ങനെയാണ്. നമ്മുടെ പഞ്ചായത്തിൽ 1113 കുടുംബങ്ങളെ സർവ്വേയിൽ കണ്ടെത്തി, ഇതിൽ 20നും 50നും ഇടയിലുള്ള കുടുംബങ്ങളെ കൂട്ടിച്ചേർത്തിക്കൊണ്ട് 35 അയൽകൂട്ട സമിതികൾ രൂപീകരിച്ചു. അഞ്ചോ, ആറോ അയൽക്കൂട്ട സമിതികൾ ചേർന്നുകൊണ്ട് 2 വാർഡിന് ഒന്ന് എന്ന രീതിയിൽ എ. ഡി. എസ്സുകൾ പ്രവർത്തിക്കുന്നു.

പത്തിരിയാൽ, തിരുവാലി, പുന്നപ്പാല, എറിയാട്ട്, നടുവണ എന്നീ അഞ്ച് സി.ഡി.എസ്സുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. എ. ഡി. എസ്സുകൾ ചേർന്ന് പഞ്ചായത്ത് സി.ഡി.എസ്സ് പ്രവർത്തിക്കുന്നു.

ആദ്യ കാലങ്ങളിൽ ഈ പ്രവർത്തനത്തിൽ വന്ന പോരായ്മകൾ നിമിത്തം കുടുംബങ്ങളെ മുഴുവൻ സി.ഡി.എസ്സിൽ അംഗങ്ങളാക്കുവാൻ സാധിച്ചിട്ടില്ല. 400ൽ പരം കുടുംബങ്ങൾ ഇപ്പോൾ സി ഡി എസ്സിൽ അംഗങ്ങളായിട്ടുണ്ട്.

## ത്രിഫ്റ്റ് സൊസൈറ്റി

മിതവ്യയത്തിൽകൂടി സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തുക എന്നതാണ് ത്രിഫ്റ്റ് സൊസൈറ്റി കൊണ്ട് ഉദ്ദേശിക്കുന്നത്. സി ഡി എസ്സിലെ അംഗങ്ങളെ മുഴുവൻ ത്രിഫ്റ്റ് സൊസൈറ്റിയിൽ അംഗങ്ങളാക്കിക്കൊണ്ട് അവരുടെ കുടുംബസുരക്ഷിതത്വം കൂടുതൽ ഉറപ്പിക്കുകയും അത്യാവശ്യഘട്ടങ്ങളിൽ സഹായകമാകുംവിധം ചെറിയ പലിശയ്ക്ക് വായ്പകൾ ലഭ്യമാക്കുകയുംചെയ്യുന്നു. കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽനിന്നും ഗ്രാമീണർക്ക് ഇതൊരു മോചനമാർഗ്ഗമാണ്. നമ്മുടെ പഞ്ചായത്തിൽ 400ൽ പരം സി ബി എൻ പി കുടുംബങ്ങൾ ത്രിഫ്റ്റ് സൊസൈറ്റിയിൽ വന്നിട്ടുണ്ട്. 75,000/- രൂപയോളം ത്രിഫ്റ്റ് സമ്പാദ്യം ഉണ്ട്. അതിൽ 35,000/- രൂപ വായ്പയായി കൊടുത്തിട്ടുണ്ട്. 2%നും 5%നും ഇടയ്ക്കാണ് പലിശ ഈടാക്കുന്നത്. 17 ആളുകൾ ഇതുവരെ വായ്പ വിവിധ ആവശ്യങ്ങൾക്കായി എടുത്തിട്ടുണ്ട്. കൂടാതെ UNICEF ൻെറയും നബാർഡിൻെറയും ധനസഹായങ്ങൾ ത്രിഫ്റ്റ് സൊസൈറ്റിക്ക് ലഭിക്കുന്നുണ്ട്. UNICEF ൻെറ സഹായമായി ആട് വാങ്ങുന്നതിന് ചേന്നംകുളങ്ങര കോളനിയിലെ 7 കുടുംബങ്ങൾക്ക് വായ്പ കൊടുത്തിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

1) കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിന് സർക്കാർതലത്തിൽ ഈ പദ്ധതി ഏറ്റെടുക്കണം.

2) സർവ്വേ ലിസ്റ്റിൽപെട്ട മുഴുവൻ അംഗങ്ങളെയും സി.ഡി.എസ്സിൽ അംഗങ്ങളാക്കുക.

3) പൂർണ്ണമായും ഈ പദ്ധതി ഗ്രാമപഞ്ചായത്തിൻെറ കീഴിൽ കൊണ്ടുവരിക.

4) പഞ്ചായത്ത് മുഖേന നൽകുന്ന വീട്, കക്കൂസ് എന്നീ ക്ഷേമപ്രവർത്തനങ്ങൾ സി.ബി.എൻ.പി. മുഖേന നൽകുക.

5) സി.ബി.എൻ.പി.യുടെയും സോഷ്യോ ഇക്കണോമിക് യൂനിറ്റിൻെറയും ഗ്രാമപഞ്ചായത്തിൻെറയും സഹകരണത്തോടെ ടോട്ടൽ സാനിറ്റേഷൻ നടപ്പിലാക്കുക.

6) സി.ബി.എൻ.പി. പ്രവർത്തകർക്കുള്ള അലവൻസുകൾ യഥാസമയം വിതരണംചെയ്യുക.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ സാമൂഹ്യ ക്ഷേമ രംഗത്തെ അടിസ്ഥാനപരവും ശ്രദ്ധേയവുമായ പ്രവർത്തനം കാഴ്ചവെക്കുന്ന സ്ഥാപനങ്ങളാണ് അംഗൻവാടികൾ. സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സർവ്വതോന്മുഖമായ ക്ഷേമം വെച്ചുകൊണ്ട് ഇന്ത്യയിൽ ഐ. സി. ഡി. എസ്. പ്രവർത്തിക്കുന്നു. അംഗൻവാടികളിൽ വെച്ച് പൂരക പോഷകാഹാര വിതരണം, പ്രതിരോധ കുത്തിവെപ്പുകൾ, ആരോഗ്യപരിശോധന, ആരോഗ്യ റഫറൽ സർവ്വീസ്, പ്രീ സ്കൂൾ വിദ്യാഭ്യാസം ആരോഗ്യപോഷക വിദ്യാഭ്യാസം എന്നി സേവന പ്രവർത്തനങ്ങളാണ് അടിസ്ഥാനപരമായി നടക്കുന്നത്. ആയിരം ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന നിലയിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

ഇന്ത്യയിൽ 1975-ൽ 33 ബ്ലോക്ക് പ്രദേശങ്ങളിലാണ് പരീക്ഷണാടിസ്ഥാനത്തിൽ ആദ്യമായി ഐ. സി. ഡി. എസ്. പ്രവർത്തനമാരംഭിച്ചത്. കേരളത്തിൽ 1975 ഒക്ടോബർ രണ്ടിന് മലപ്പുറം ജില്ലയിൽ വേങ്ങരയിൽവെച്ച് ഉദ്ഘാടനം നടന്നു. മലപ്പുറം ജില്ലയിൽ എല്ലാ ബ്ലോക്കുകളിലും ഇപ്പോൾ ഐ. സി. ഡി. എസ്. പ്രവർത്തനം വ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ ഏറ്റവും വലിയ പ്രൊജക്ടുകളിൽ രണ്ടാം സ്ഥാനമാണ് തിരുവാലി ഗ്രാമപഞ്ചായത്ത് ഏരിയ ഉൾപ്പെടുന്ന വണ്ടൂരിനുള്ളത്. ഈ പ്രോജക്ടിന് കീഴിൽ 251 അംഗൻവാടികൾ പ്രവർത്തിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 20 അംഗൻവാടികളുണ്ട്. അതിൽ 19 അംഗൻവാടികൾ തുടങ്ങിക്കഴിഞ്ഞു. ഒരു അംഗൻവാടി ഇതുവരെയും തുടങ്ങിയിട്ടില്ല. ഇതിൽ നാല് അംഗൻവാടികൾ സി. പി. ഡബ്ല്യു. പി. കെട്ടിടങ്ങളാണ് ഉള്ളത്. 10 അംഗൻവാടികൾക്ക് സാമൂഹ്യക്ഷേമ വകുപ്പിൻെറയും പഞ്ചായത്തിൻെറയും പൊതുജനങ്ങളുടെയും സഹകരണത്തോടെ കെട്ടിടങ്ങൾ നിർമ്മിച്ചു. ഇതിനുള്ള സ്ഥലം സ്ഥലവാസികൾ സംഭാവന ചെയ്തതാണ്. സ്ഥലം കിട്ടാത്ത 3 അംഗൻവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. രണ്ട് അംഗൻവാടി കെട്ടിടങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

ഇന്ന് നിലവിലുള്ള അംഗൻവാടികളിൽ തിരുവാലി ലക്ഷ്മി അംഗൻവാടിയിൽ മാത്രമെ കുടിവെള്ള സൗകര്യമുള്ളൂ. മറ്റും 18 അംഗൻവാടികളിലും കുടിവെള്ള സൗകര്യമില്ല. 12 അംഗൻവാടികളിൽ പ്രാഥമിക സൗകര്യങ്ങൾ നിർവഹിക്കുന്നതിന് കക്കൂസുകളില്ല. നിലവിലുള്ള അംഗൻവാടികൾക്കൊന്നും തന്നെ ചുറ്റുമതിൽ ഇല്ലാത്തവയാണ്. പഞ്ചായത്തിലെ ചക്കരക്കാട്ട് കുന്ന്, തായംകോട് കോളനി, സഹൃദയ (സ്കൂൾപടി) എന്നീ മൂന്ന് അംഗൻവാടികളിൽ മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ തിരുവാലി ലക്ഷ്മി അംഗൻവാടി, നടുവത്ത് കവിത അംഗൻവാടി എന്നി 2 അംഗൻവാടികളിൽ മഹിളാ സമാജങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. കൂടാതെ തിരവാലി ഷാരത്ത്കുന്ന് കോളനിയിൽ ഹരിജനക്ഷേമ വകുപ്പിൻെറ കീഴിൽ ഒരു പ്രിപ്രൈമറി സ്കൂൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

തിരുവാലി പഞ്ചായത്തിലെ നിലവിലുള്ള അംഗൻവാടികളും അവയുടെ ഭൗതിക പാശ്ചാത്തലവും പട്ടിക 10, 11 നോക്കുക.

### പ്രശ്നങ്ങൾ

1. ഇപ്പോൾ പ്രവർത്തിച്ചുവരുന്ന 19 അംഗൻവാടികളിലും കുട്ടികളുടെ മാനസികയും ശാരീരികവുമായ വളർച്ചക്ക് ആവശ്യമായ കളിക്കോപ്പുകൾ ഇല്ല.
2. അംഗൻവാടി പ്രവർത്തകർക്ക് ജോലി അനുസരിച്ച് വേതനം വളരെ കുറവാണ്. ജോലി സ്ഥിരത ഇല്ലായ്മയും, വേതനത്തിലെ പേരായ്മയും അംഗൻവാടി പ്രവർത്തകരിൽ മാനസികമായ അപകർഷതക്ക് കാരണമാകുന്നു.
3. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിൻെറ ഭാഗമായി ഇംഗ്ലീഷ് മീഡിയം, പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കടന്നുകയറ്റം അംഗൻവാടി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.
4. പ്രാഥമിക സൗകര്യങ്ങളുടെയും കുടിവെള്ളത്തിൻേറയും അഭാവം കുട്ടികളിലും രക്ഷിതാക്കളിലും അംഗൻവാടി പ്രവർത്തകരിലും അസന്തുഷ്ടിക്ക് കാരണമാവുന്നു.
5. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്തതും, ഉള്ളവയും തന്നെ ചുറ്റുമതിലിൻെറ അഭാവവും അംഗൻവാടിയിലേക്കുള്ള വഴി സൗകര്യമില്ലാത്തതും ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു.
6. കെട്ടിടം പണിക്ക് സർക്കാർ നൽകുന്ന ഗ്രാൻറ് തുക (25000/- രൂപ) വളരെ അപര്യാപ്തമാണ്.
7. അംഗൻവാടികൾക്കുവേണ്ടി തരുന്ന പോഷകാഹാരങ്ങൾ അപര്യാപ്തമാണ്. കൂടാതെ വിറക്, പച്ചക്കറി എന്നിവക്ക് വേണ്ടി നൽകുന്ന രൂപ വളരെ കുറവാണ്. ഇത്. അംഗൻവാടി വർക്കർമാർക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു.
8. നിലവിലുള്ള അംഗൻവാടികളിൽ ഫർണിച്ചറുകളുടെ അഭാവം ഉണ്ട്.
9. അംഗൻവാടിയിലേക്കുള്ള, പോഷകാഹാര സാധനങ്ങളും യഥാസമയം അതത് അംഗൻവാടികളിൽ എത്തിക്കുന്നില്ല.

## അംഗൻവാടികളുടെ പട്ടിക – 10

| വാഡ് നമ്പർ | സെൻറർ നമ്പർ | അംഗൻവാടിയുടെ പേര് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കെട്ടിം ഉള്ളത് | കെട്ടിടം ഇല്ലാത്ത് | പണി നടക്കുന്നവ |
|---|---|---|---|---|---|---|---|
| 1 | 138 | പത്തിരിയാൽ | -- | 1 | -- | 1 | -- |
| 2 | 141<br>142 | കുളക്കാട്ടിരി<br>സഹൃദയ സ്കൂൾപടി | 2 | -- | 1 | -- | 1 |
| 3 | 136<br>137 | ചക്കരക്കാട്ടുക്കുന്ന്<br>മാടശ്ശേരി | 2 | -- | 2 | -- | -- |
| 4 | 139<br>140<br>143 | കുന്നത്ത്<br>വട്ടപറമ്പ്<br>ലക്ഷ്മി തിരുവാലി | 3 | -- | 3 | -- | -- |
| 5 | 144<br>247 | ചാത്തക്കാട്<br>കോഴിപ്പറമ്പ് | 1 | 1 | 1 | 1 | -- |
| 6 | 145<br>146 | കുളഞ്ചി<br>പുന്നപ്പാല | 2 | -- | 2 | -- | -- |
| 7 | 147<br>152 | വാളോർങ്ങൽ<br>കുരിയാടംപൊയിൽ | 2 | -- | 1 | -- | 1 |
| 8 | 148<br>246 | തായംകോട് കോളനി<br>കോട്ടോല | 1 | 1 | -- | 1 | 1 |
| 9 | 149<br>151 | തായംകോട്<br>നടുവത്ത് | 2 | -- | 2 | -- | -- |
| 10 | 150 | പൊട്ടാലുങ്ങൾ | 1 | -- | 1 | -- | -- |
| | ആകെ | 19 | 16 | 3 | 13 | 3 | 3 |

അവലംബം: സെക്കൻഡറി ഡാറ്റ.

## നിലവിലുള്ള അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

### പട്ടിക - 11

### അംഗൻവാടികളുടെ പട്ടിക-10

| വാർഡ് നമ്പർ | സെൻറർ നമ്പർ | കക്കൂസ് ഉള്ളത് | കക്കൂസ് ഇല്ലാത്തത് | കുടിവെള്ളം ഉള്ളത് | കുടിവെള്ളം ഇല്ലാത്തത് | ചുറ്റുമതിൽ ഉള്ളത് | ചുറ്റുമതിൽ ഇല്ലാത്തത് |
|---|---|---|---|---|---|---|---|
| 1 | 138 | -- | 1 | -- | 1 | -- | 1 |
| 2 | 141<br>142 | 1 | 1 | -- | 2 | -- | 2 |
| 3 | 136<br>137 | 1 | 1 | -- | 2 | -- | 2 |
| 4 | 139<br>140<br>143 | 2 | 1 | 1 | 2 | -- | 3 |
| 5 | 144<br>247 | -- | 2 | -- | 2 | -- | 2 |
| 6 | 145<br>146 | -- | 2 | -- | 2 | -- | 2 |
| 7 | 147<br>152 | -- | 2 | -- | 2 | -- | 2 |
| 8 | 148<br>246 | -- | 2 | -- | 2 | -- | 2 |
| 9 | 149<br>151 | 2 | -- | 2 | -- | -- | 2 |
| 10 | 150 | -- | 1 | -- | 1 | -- | 1 |
| ആകെ | -- | 6 | 13 | 3 | 16 | -- | 19 |

1. അംഗനവാടികൾക്ക് കെട്ടിടംപണിയാൻ സർക്കാർ പുറമ്പോക്ക് ഭൂമികളും മിച്ചഭൂമികളും അനുവദിക്കുക.
2. കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള സാമ്പത്തിക ബാധ്യത പൂർണമായും പഞ്ചായത്ത് ഏറ്റെടുക്കുകയോ മറ്റ് ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി അവ നിർമ്മിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യുക.
3. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.
4. പ്രാഥമിക സൗകര്യത്തിനാവശ്യമായ കക്കൂസുകളും കുടിവെള്ളത്തിനുള്ള സൗകര്യവും ഉണ്ടാക്കിക്കൊടുക്കുക.
5. പട്ടികജാതി/വർഗ്ഗ വ്യത്യാസമെന്യേ എല്ലാ അംഗൻവാടികൾക്കും കളിക്കോപ്പുകളും വസ്ത്രങ്ങളും നൽകണം.
6. എല്ലാ അംഗൻവാടികളിലും അനർട്ട് അടുപ്പുകൾ സ്ഥാപിക്കുക.
7. 5-ാം വാർഡിലെ കുളിക്കുന്ന് പ്രദേശത്തും, ആറാം വാർഡിലെ പാലക്കോടും ഏഴാം വാർഡിലെ കള്ളം കുഴിയിലും ഒമ്പതാം വാർഡിലെ ചേന്നംകുളങ്ങരയിലും 10-ാം വാർഡിലെ മൂച്ചിക്കലും ഓരോ അംഗൻവാടികൾ സ്ഥാപിക്കുക.
8. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.
9. താൽക്കാലിക ജീവനക്കാരെ സ്ഥിരം ജീവനക്കാരായി അംഗീകരിക്കുക.
10. സി. ഡി. പി. ഒ., എ. സി. ഡി. പി. ഒ. അംഗൻവാടി സൂപ്പർവൈസർ എന്നീ തസ്തികകളിലേക്ക് അംഗൻവാടി വർക്കർമാരിൽനിന്ന് സീനിയോറിറ്റി അടിസ്ഥാനത്തിൽ പ്രമോഷൻ നൽകുക.
11. പൂരക പോഷകാഹാരം നൽകുന്നതിനിടകുണ്ടാവുന്ന വീഴ്ച ഒഴിവാക്കാനായി സ്ഥിരമായ ഭക്ഷണപദാർഥങ്ങൾ വിതരണം ചെയ്യുക.
12. ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ ഇന്ധനലഭ്യമാക്കുന്നതിനായുള്ള ഇന്ധനചാർജുകൾ വർധിപ്പിക്കുകയും അവ യഥാസമയം നൽകുകയും ചെയ്യുക.
13. ഓരോ അംഗൻവാടിയോടനുബന്ധിച്ചും മനുഷ്യവിഭവശേഷി വകുപ്പിന്റെ കീഴിലുള്ള നെഹ്റു യുവകേന്ദ്രയുടെ ഓരോ യൂനിറ്റ് സ്ഥാപിക്കേണ്ടതാണ്.
14. സി. ബി. എൻ. പി., ഡി. ഡബ്ല്യു, സി, ആർ. എ വനിതാ വികസന കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ ഐ. സി. ഡി. എസിന്റെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കേണ്ടതാണ്.
15. ഓരോ അംഗൻവാടി കേന്ദ്രീകരിച്ചും മഹിളാ സമാജങ്ങൾ രൂപീകരിച്ച് അതിന്റെ കീഴിൽ വിവിധതരം തൊഴിൽ യൂനിറ്റുകൾ തുടങ്ങാവുന്നതാണ്.
16. നമ്മുടെ പഞ്ചായത്തിൽ, ജില്ലാ വ്യവസായകേന്ദ്രം, മഹിളാ സമാജങ്ങൾ, വനിതാക്ഷേമ ഏജൻസികൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒരു പഞ്ചായത്ത്തല വികസന സമിതി രൂപീകരിക്കേണ്ടതാണ്.
17. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ശിശുക്ഷേമം, വാർധക്യഅവശ ജനവിഭാഗക്ഷേമം, പനുരധിവാസ സേവനങ്ങൾ, വളണ്ടറി മേഖലകൾക്കുള്ള സഹായധന വിതരണം, വനിതാക്ഷേമം, വികലാംഗക്ഷേമം, പ്രബേഷൻ ആഫ്റ്റർ കെയർ, ബാലനീതി പ്രവർത്തനങ്ങൾ എന്നിവയാണ് നടക്കുന്നത്. നമ്മുടെ പഞ്ചായത്ത് ഈ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പദ്ധതികൾ രൂപം നൽകാവുന്നതാണ്.
18. വികലാംഗർക്കും, വനിതകൾക്കും, ലോൺ ലിങ്ക്ഡ് സ്ക്രീമുകളേക്കാൾ ഫലപ്രദം ഗ്രാൻറ് ലിങ്ക്ഡ് സ്കീമുകൾ ആരാണ്.
19. കെട്ടിടങ്ങൾ ഇല്ലാത്ത അംഗനവാടികൾക്ക് എത്രയും പെട്ടെന്ന് കെട്ടിടങ്ങളും സ്ഥലങ്ങളില്ലാത്തവർക്ക് സ്ഥലവും എത്രയും പെട്ടെന്ന് ഉണ്ടാകാനുള്ള സംവിധാനമ നടപ്പിലാക്കുക.
20. നടുവത്ത് കവിത, തിരുവാലി സ്കൂൾ പടിയിലെ സഹൃദയ, തിരുവാലിയിലെ ലക്ഷ്മി എന്നീ മഹിളാ സമാജങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ അനുവദിക്കുക, വട്ടപ്പറമ്പ് അംഗനവാടിയിലേക്ക് വഴി സൗകര്യം ഉണ്ടാക്കുക.

## ക്ഷേമനിധികളെ സംബന്ധിച്ച്

നമ്മുടെ പഞ്ചായത്തിലെ തൊഴിലാളികൾ പല മേഖലകളിലായി ജോലി ചെയ്യുന്നു. എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയുടെ ആനുകൂല്യത്തിന് കീഴിൽ കൊണ്ടുവരേണ്ടതാണ്. ഇവരുടെ കുടുംബങ്ങളെ മുഴുവൻ ഗ്രൂപ്പ് ഇൻഷൂറൻസ് പരിധിയിൽ കൊണ്ടുവരണം. ക്ഷേമനിധിയിൽ അംഗങ്ങളാവുന്നവർക്ക് അനുവദിച്ച പെൻഷൻ പ്രായത്തിനുശേഷം ഇപ്പോൾ പെൻഷൻ ലഭിക്കുന്നില്ല. ക്ഷേമനിധിയുടെ നടത്തിപ്പിലും വളരെയധികം അപാകതകൾ നിലനിൽക്കുന്നു.

### കർഷകത്തൊഴിലാളി ക്ഷേമനിധി

നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളാണ്. എന്നാൽ മഴുവൻ പേരെയും ക്ഷേ

മനിധിയിൽ അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല. 800 ഓളം അംഗങ്ങളെ മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളൂ. ഈ പദ്ധതിയെപ്പറ്റിയുള്ള അറവില്ലായ്മ ഇതിനൊരു കാരണമാണ്.

### കർഷകതൊഴിലാളി ക്ഷേമനിധി

നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളാണ്. എന്നാൽ മുഴുവൻ പേരെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല. 800-ഓളം അംഗങ്ങൾ മാത്രമെ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളൂ. ഈ പദ്ധതിയെപ്പറ്റിയുള്ള അറിവില്ലായ്മ ഇതിനൊരു കാരണമാണ്.

### നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമനിധി

പഞ്ചായത്തിലെ തൊഴിലാളികൾ നിർമ്മാണ മേഖലയിലേക്ക് ഒരു കടന്നുകയറ്റം തനെവന ചെയ്തിട്ടുണ്ട്. ഇവരിൽ മുഴുവൻ പേരും, ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. എന്നാൽ 200-ഓളം പേർ ഇപ്പോൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾ അനുവദിച്ച പെൻഷൻ പ്രായത്തിന് മുമ്പെ തൊഴിലിൽനിന്ന് വിട്ടുനിൽക്കേണ്ടി വരുന്നു. അതിനാൽ പെൻഷൻ പ്രായം കുറക്കാനുള്ള സംവിധാനം വേണം.

### കൈതൊഴിലാളി വിദക്തതൊഴിലാളി ക്ഷേമനിധി

അസംഘടിത മേഖലകളെയും മറ്റു ഒരു ക്ഷേമിധിതി ആനുകുല്യത്തിലുംപെടാത്തവരുമായ കൈവേലക്കാരെ (തെങ്ങുകയറ്റം, കച്ചവടം, ബാർബർ, പത്രവിതരണക്കാർ, മത്സ്യവിതരണക്കാർ തുടങ്ങിയവർ) ഉദ്ധരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പ്രസ്തുത ക്ഷേമിധി എങ്കിലും- ഈ വിഭാഗത്തിലുള്ളവരെ മുഴുവൻ അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ 100-ൽ താഴെ മാത്രമേ അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

### നിർദേശം

1. എല്ലാ വിഭാഗം തൊഴിലാളികളെയും നിർബന്ധമായും ക്ഷേമനിധിയിൽ അംഗങ്ങളാക്കാനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ വേണം.
2. ഉടമ വിഹിതം നിർബന്ധമായും പിരിച്ചെടുക്കണം.
3. എല്ലാ വിഭാഗം തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ കൊണ്ടുവരണം.
4. ക്ഷേമനിധിയിൽ അംഗങ്ങളാവുന്ന കുടുംബാംഗങ്ങൾക്കുള്ള ധനസഹായം കാലതാമസം കൂടാതെ വിതരണം ചെയ്യുക.
5. പെൻഷൻ പ്രായം 55 ആക്കണം.
6. നിർമ്മാണ മേഖലയിലെ തൊഴിലാളികളിൽനിന്നും, ഒരു നിശ്ചിത തുക വർഷംതോറും തൊഴിൽ നികുതിയായി പഞ്ചായത്ത് പിരിച്ചെടുക്കുക.

## വിവിധ പെൻഷനുകൾ

നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായധനം, വിധവാ പെൻഷൻ, മിശ്രവിവാഹിതർക്കുള്ള സഹായം കർഷകതൊഴിലാളി പെൻഷൻ, വാർധക്യകാല പെൻഷൻ, അവശകലാ-സാഹിത്യകാരന്മാർക്കുള്ള പെൻഷൻ, ക്ഷയരോഗികൾക്കും കുഷ്ഠരോഗികൾക്കുമുള്ള പെൻഷൻ മുതലായവയാണ് നിലവിലുള്ള പെൻഷനുകൾ.

നിലവിലുള്ള സംവിധാനത്തിൽ പെൻഷൻ ലഭിക്കുവാൻ പല തടസ്സങ്ങളും കാലതാമസം അനുഭവപ്പെടുന്നുണ്ട്. അപേക്ഷ സമർപ്പിക്കുന്നത് മുതൽ, അർഹതപ്പെട്ടവർക്ക് മുഴുവൻ കിട്ടാനുള്ള സാധ്യതയിലും, കിട്ടുന്നർക്ക് തന്നെ കൃത്യമായി കിട്ടാതിരിക്കുകയും ഈ രംഗത്തെ പ്രശ്നങ്ങളാണ്.

ജീവിതം വഴിമുട്ടി നിൽക്കുന്ന നിരാശ്രയരായ നിരവധി പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. നിലവിലുള്ള പദ്ധതികളിലൂടെ സഹായം ലഭിക്കാത്തവരാണിവർ. കേൻസർ, കുഷ്ഠം, ക്ഷയം തുടങ്ങിയ രോഗങ്ങൾക്കുള്ള ചികിത്സാ ചെലവ് ഇടത്തരം സാമ്പത്തിക ശേഷിയുള്ളവർക്കുപോലും താങ്ങാൻ കഴിയാത്തത്ര ഭീമമാണ്. എയ്ഡ്സ് രോഗികൾ ഇന്നനുഭവിക്കുന്ന സാമൂഹ്യപ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതുണ്ട്.

### നിർദ്ദേശങ്ങൾ:

1) പഞ്ചായത്ത് തലത്തിൽ സമഗ്രമായ സർവ്വെ നടത്തി അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുക. നിലവിലുള്ള പദ്ധതിയിൽക്കൂടി അർഹരായവർക്ക് മുഴുവൻ ആനുകല്യങ്ങൾ ലഭിക്കാൻ സത്വര നടപടികൾ ഉണ്ടാവണം. അർഹതപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നും മുൻഗണാക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതും ശുപാർശ ചെയ്യേണ്ടതും പഞ്ചായത്ത് ഭരണസമിതിയുടെ ഉത്തരവാദിത്വത്തിലും നേതൃത്വത്തിലുമായിരിക്കണം. അനാവശ്യമായ കാലതാമസം ഇതുമൂലം ഒഴിവാക്കാൻ കഴിയുന്നതാണ്.

2) പെൻഷൻ പദ്ധതികളിലേക്ക് സർക്കാർ നീക്കിവെക്കുന്ന തുകയിൽ അവശ്യാധിഷ്ഠിതമായ വർധനവ് വരുത്തേണ്ടതാണ്. ഇന്ന് നൽകിവരുന്ന പെൻഷൻ തുകയിൽ കാര്യമായ വർധനവും ആവശ്യമാണ്.

3) വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ലഭിക്കാനുള്ള തടസ്സങ്ങൾ നിരവധിയാണ്. വിവാഹനിശ്ചയം കഴിഞ്ഞാലുടൻ തന്നെ നിബന്ധനകളൊന്നും കൂടാതെ തുക ലഭിക്കാനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്. നിലവിലുള്ള 1000/- രൂപ ചുരുങ്ങിയത് 2500/- രൂപയെങ്കിലുമാക്കി വർധിപ്പിക്കേണ്ടതാണ്.

4) മാറാരോഗം പിടിപെട്ടവർക്കും മാരകരോഗം പിടിപെട്ടവർക്കും ആവശ്യമായ ചികിത്സാ സഹായ പദ്ധതിക്ക് പഞ്ചായത്ത് രൂപം കൊടുക്കേണ്ടതാണ്.

5) കുടുംബനാഥൻെറ അകാല ചരമം മൂലം നിരാശ്രയരാവുന്ന കുടുംബങ്ങൾക്ക് കുട്ടികളുടെ വിദ്യാഭ്യാസച്ചെലവിനും മറ്റും ധനസഹായം അനുവദിക്കേണ്ടതാണ്.

6) വികലാംഗ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള സൗകര്യം ജില്ലയിൽ ജില്ലാ ആശുപത്രിയിൽ മാത്രമാണ് എന്നത് ഇന്നത്തെ ഒരു പ്രശ്നമാണ്. ഇതൊഴിവാക്കാൻ പഞ്ചായത്ത് തലത്തിൽ ആറുമാസത്തിലൊരിക്കൽ മെഡിക്കൽ ബോർഡ് സിറ്റിങ്ങ് സംവിധാനം ഉണ്ടാക്കണം. അർഹതക്കുള്ള അംഗവൈകല്യം 25 ശതമാനം ആയി നിജപ്പെടുത്തണം.

7) കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ നേട്ടമായി ഇന്ന് കുടുംബങ്ങൾ ന്യൂക്ലിയർ കുടുംബങ്ങളായി ചുരുങ്ങിയിരിക്കയാണ്. ഇതുമൂലം വാർധക്യകാലം ശാരീരികവും മാനസികവുമായ അനാഥത്വത്തിൽ ചെന്നെത്തിയിരിക്കുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ താലൂക്ക് തലത്തിൽ പഞ്ചായത്തുകളുടെ സംയുക്താഭിമുഖ്യത്തിൽ വൃദ്ധസദനങ്ങൾ എല്ലാ സൗകര്യങ്ങളോടും കൂടി ആരംഭിക്കേണ്ടതാണ്.

## പൊതുവിതരണം

പൊതുവിതരണ രംഗത്ത് 10 "പൊതുവിതരണ കേന്ദ്രങ്ങളാണ്" പഞ്ചായത്തിലുള്ളത്. മറ്റൊരു സ്ഥാപനവും രംഗത്തില്ല. ഓണക്കാലത്ത് തിരുവാലി സർവ്വീസ് സഹകരണ ബേങ്ക്, പുന്നപ്പാല സർവ്വീസ് സഹകരണ ബേങ്കും ഓണച്ചന്തകൾ നടത്താറുണ്ട്. ഇതിൻെറ പ്രയോജനം നാമമാത്രമാണ്. ഈ സംവിധാനം റംസാൻ, ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിലും പ്രയോജനകരങ്ങളായിരിക്കും.

പൊതുവിതരണ കേന്ദ്രങ്ങളെ (റേഷൻഷാപ്പ്) കുറിച്ച് വ്യാപകമായ പരാതികളാണ് ഗ്രാമസഭകളിൽ ഉയർന്നുവന്നത്. വില്പന നടത്തുന്ന അരിയുടെ തരംതിരിവും, വിലയും ഗുണഭോക്താക്കൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം ഒരൊറ്റ കടക്കാനും പാലിക്കുന്നില്ല. അതുകാരണം വ്യത്യസ്ത വിലയുള്ള അരി, പരമാവധി വിലക്ക് വിറ്റുവരുന്നതായി വിമർശനം വന്നത് ശരിയാണെന്നുള്ള നിഗമനത്തിലെത്താൻ പ്രേരിപ്പിക്കുന്നു. പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വില്പനയിലൂടെ കച്ചവടക്കാർ ഉപഭോക്താക്കളെ കബളിപ്പിക്കുന്നു.

### നിർദ്ദേശങ്ങൾ:

1. സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ ആഭിമുഖ്യത്തിൽ പഞ്ചായത്ത് തലത്തിൽ തിരുവാലിയിലും നടുവത്തും ഓരോ മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.

2. സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ സഹകരണത്തോടെ പലവ്യഞ്ജനങ്ങളും പഞ്ചായത്തിലെ തന്നെ കാർഷിക ഉല്പന്നങ്ങളും ശേഖരിച്ച് കൺസ്യൂമർ സ്റ്റോർ വഴി നിയന്ത്രിത വിലക്ക് സാധനങ്ങൾ വിൽക്കാവുന്നതാണ്. വില നിയന്ത്രണത്തിന് ഈ നടപടി സഹായകരമായിരിക്കും.

3. പൊതുവിതരണ കേന്ദ്രത്തിലെ ക്രമരഹിതമായ നടപടികൾ പരിശോധിക്കാനും നടപടികൾ സ്വീകരിക്കാനും പഞ്ചായത്ത് ഭരണസമിതികൾക്ക് അധികാരം ഉണ്ടായിരിക്കണം.

4. റേഷൻ കർഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഞ്ചായത്തുതലത്തിൽ പരിഹരിക്കാൻ സംവിധാനം ഉണ്ടാക്കണം. അതിനായി റേഷനിങ്ങ് ഇൻസ്പകടറുടെ സഹായം മുൻകുട്ടി നിശ്ചയിച്ച രീതികളിൽ മുൻകൂട്ടി പഞ്ചായത്തിൽ ലഭ്യമാക്കാവുന്നതാണ്.

5. ഏറെ അഴിമതി ആരോപണങ്ങൾക്ക് വിധേയമായിട്ടുള്ള സിവിൽ സപ്ലൈസ് ഓഫീസിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള ഭരണപരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. റേഷൻ കാർഡിൽ രേഖപ്പെടുത്തുന്ന വിവരങ്ങളിൽ വരുമാനം മുതലായവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.



# 4-8 സംസ്ക്കാരം

സാംസ്കാരിക നവോത്ഥാനരംഗത്ത് ഒരു നൂറ്റാണ്ടിൻെറ പാരമ്പര്യം തന്നെ ഈ പഞ്ചായത്തിന് അവകാശപ്പെടാൻ കഴിയും. പാതിരിശ്ശേരി മന കേന്ദ്രമാക്കി ശ്രീഃ പി.എൻ. നമ്പൂതിരിപ്പാടിൻെറ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവന്ന കലാസാംസ്കാരിക പ്രവർത്തനം പുന്നപ്പാല പ്രദേശത്തിൻെറയും തുടർന്ന് നടുവത്ത്, തിരുവാലി പ്രദേശങ്ങളുടെയും മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്.

നമ്പൂതിരി സമുദായങ്ങളിലെ അനാചാരങ്ങൾക്കെതിരെ അതേ സമുദായത്തിലെ ഉൽപതിഷ്ണുക്കളായ നമ്പൂതിരി ചെറുപ്പക്കാർ നടത്തിയ സാമൂഹ്യ പരിഷ്കരണ പ്രവർത്തനം നമ്മുടെ പ്രദേശത്തിൻെറ സാംസ്കാരിക ഉയർച്ചക്ക് സഹായകമായിട്ടുണ്ട്. വി.ടി.ഭട്ടതിരിപ്പാടിൻെറ "അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്," കേശവജിയുടെ "ഞങ്ങളും മനുഷ്യര്ന്ന്യാ" എന്നീ നാടകങ്ങൾ സാംസ്കാരിക പ്രവർത്തനത്തിനു മാത്രമല്ല സാമൂഹ്യപരിഷ്ക്കരണ പ്രവർത്തനത്തിനും ഉജ്ജ്വലമായ തുടക്കം കുറിച്ചു.

ഈ പഞ്ചായത്തിൽ വായനാശീലം വളർത്തുന്നതിന് തുടക്കം കുറിച്ചത് 1950ൽ പാതിരിശ്ശേരിമന മുറ്റത്താണ്. അതാണ് ഇന്ന് പൂളക്കൽ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ജനതാ ഗ്രന്ഥാലയം& വായനശാല എന്ന സ്ഥാപനമായി ഉയർന്നത്. ഈ വായനശാല കേന്ദ്രമാക്കി കലാ-സാംസക്കാരിക പ്രവർത്തനം പുന്നപ്പാലമേഖലയിൽ പരിപോഷിപ്പിക്കുന്നതിൽ യശഃ ശരീരരായ സർവ്വ ശ്രീ അപ്പുമാസ്റ്റർ, അപ്പുണ്ണിമാസ്റ്റർ, എന്നിവർ മുൻപന്തിയിൽ നിന്നിരുന്നു.

1960കളോടെ നടുവത്തും പത്തിരിയാലി എറിയാടും ബ്ളോക്കടിസ്ഥാനത്തിൽ മൂന്ന് വായനശാലകൾ കൂടി വന്നതോടെ നമ്മുടെ പഞ്ചായത്തിലെ കലാസാംസ്കാരിക പ്രവർത്തനം കൂടുതൽ സജീവമായി. പത്തിരിയാൽ പ്രദേശത്ത് വായനാശീലം വളർത്തുന്നതിന് കെ. നാരായണ പണിക്കരുടെ സേവനം വിലപ്പെട്ടതായിരുന്നു. അതുപോലെ നടുവത്ത് കേന്ദ്രീകരിച്ച് സാംസ്കാരിക പ്രവർത്തനം സംഘടിപ്പിക്കുന്നതിൽ സജീവപങ്കാളിത്തം വഹിച്ചവരാണ് ശ്രീഃ നീലകണ്ഠൻ നമ്പൂതിരിപ്പാട്, സി.കേശവൻ മാസ്റ്റർ, എൻ. വാസുദേവൻ മുതലായവർ.

ക്ഷേത്രങ്ങൾ കേന്ദ്രമാക്കി ഉത്സവങ്ങളും കഥകളി, കൂത്ത്, കൂടിയാട്ടം, ഓട്ടംതുള്ളൽ എന്നീ ദൃശ്യ കലകളും ഈ പ്രദേശങ്ങളിൽ അരങ്ങേറിയിരുന്നു. ചെറുപാറ കൃഷ്ണൻ നായർ എന്നൊരു കഥകളി നടൻ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു.

കാളീ ക്ഷേത്രം കേന്ദ്രമാക്കി തിരുവാലി പന്നിക്കോട്ട് അധികാരിയുടെ നേതൃത്വത്തിൽ പാറക്കൽ പാടത്ത് വെള്ളാട്ടും തറയും നടന്നിട്ടുള്ളത് ചരിത്രരേഖയാണ്. അതുപോലെ മറ്റൊരു വെള്ളാട്ടും തറയും തിരുവാലി കുന്നിക്കൽ കുമാരൻ എന്നയാളുടെ വകയായി അവരുടെ വീടിന് മുന്നിലുള്ള പാടത്ത് നടന്നിട്ടുണ്ട്. മുണ്ടമലക്കു മുകളിലുള്ള 3 ക്ഷേത്രങ്ങളിൽ താലപ്പൊലികളും നടന്നിരുന്നതായി പറയപ്പെടുന്നു. സ്വകാര്യ വ്യക്തികളുടെ ക്ഷേത്രങ്ങൾ കേന്ദ്രമാക്കി ഇന്നും പാട്ടുൽസവങ്ങളും (വേട്ടക്കൊരു മകൻ പാട്ട്, ഭഗവതിപ്പാട്ട്) താലപ്പൊലികളും നടന്നു വരുന്നു.

ഓണം, തിരുവാതിര എന്നീ വിശേഷ

ദിവസങ്ങളോടനുബന്ധിച്ച് കൈകൊട്ടിക്കളിയും തിരുവാതിരക്കളിയും നടന്നു വന്നിരുന്നത് കുറഞ്ഞുതുടങ്ങിയിട്ടുണ്ട്. ഓണാഘോഷത്തോടനുബന്ധിച്ച് വില്ലുകൊട്ടും ഓണത്തല്ലും നമ്മുടെ പഞ്ചായത്തിത്തിൽ ഉണ്ടായിരുന്നു. 'പാലും വെള്ളരി' എന്ന വഴിപാട് കർമ്മവും ഈ പ്രദേശത്ത് ഉണ്ടായിരുന്നു ഈ കലാരൂപങ്ങളിൽ പങ്കെടുക്കുന്ന ഒരു കോമരം തിരുവാലി ഹൈസ്കൂളിനടുത്തായി താമസിച്ചുവരുന്നു. തിരുവാതിരക്കളി പരിപോഷിപ്പിക്കുന്നതിന് നടുവത്ത് ശ്രീ നിലയം ദേവകി ടീച്ചർ വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്. തായംകോട് പ്രദേശത്ത് വസിച്ചിരുന്ന പുലിക്കോട്ട് ഹൈദർ സാഹിബ് മാപ്പിള കവി എന്ന നിലയിൽ വളരെ പ്രശസ്തനായിരുന്നു.കോൽക്കളി, ദഫ്മുട്ട് എന്നിവയും നമ്മുടെ പ്രദേശത്ത് പ്രചാരം സിദ്ധിച്ച കലാരൂപങ്ങളായിരുന്നു. തായംകോട് പ്രദേശത്ത് തലശ്ശിരിയൻ ആശാരി ഇപ്പോഴും പരിചമുട്ടുകളിയിൽ പരിശീലനം കൊടുക്കുന്നുണ്ട്. ഹരിജൻ വിഭാഗങ്ങൾ താമസിക്കുന്ന കോളനികളിൽ വൃശ്ചികമാസം ഒന്നാം തിയതി രാത്രി കാലങ്ങളിൽ ചവിട്ടുകളി കോൽക്കളി മുതലായവ അരങ്ങേറിയിരുന്നു. നടിയിൽ സമയത്ത് തൻെറ ജൻമിയെ പുകഴ്ത്തിക്കൊണ്ട് പാടിയിരുന്ന നാടൻ പാട്ടുകൾ അടിസ്ഥാന വർഗ്ഗത്തിൻെറ കാലത്തിൻെറ പ്രതികരണങ്ങൾ കുറിക്കുന്നവയാണ്.

സാംസ്കാരിക പ്രവർത്തനത്തിൻെറ ഭാഗമായി വെള്ളരി നാടകങ്ങൾ പുന്നപ്പാല, തിരുവാലി, നടുവത്ത് ഭാഗങ്ങളിൽ അരങ്ങേറിയിരുന്നു. പാണ സമുദായത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പാരമ്പര്യമായി ലഭിച്ച പാടാനുള്ള കഴിവ് നമ്മെ അത്ഭുതപ്പെടുത്തുന്നു. ആ വരസിദ്ധി പാരമ്പര്യമായി ലഭിക്കാനുള്ള കാരണത്തെ സംബന്ധിച്ച് പല ഐതിഹ്യങ്ങളും നിലവിൽ ഉണ്ട്. അനുഷ്ഠാന കലാരൂപങ്ങളായ പൂതംകളി, കാളകളി എന്നിവ ഇപ്പോഴും അങ്ങിങ്ങായി കണ്ടുവരുന്നു. മറ്റൊരു അനുഷ്ഠാന കലയായ നാഗത്താൻ പാട്ട് തിരുവാലിയിലെ പാറക്കോട്ട് തറവാട്ടിലും തട്ടാരുതൊടി തറവാട്ടിലും നടന്നുവരുന്നു. പഞ്ചായത്തിൻെറ പുറത്ത് നിന്ന് വരുന്ന പുള്ളുവസമുദായക്കാരായ കലാകാരൻമാർ തന്നെയാണ് മുൻകാലങ്ങളിൽ നാട്ടിൻപുറങ്ങളിലെ കുട്ടികൾക്ക് "നാവുറ്" പാടി ഉപജീവനം കഴിച്ചിരുന്നത്.

<u>നിലവിലുള്ള അവസ്ഥ</u>

നമ്മുടെ പഞ്ചായത്തിലെ ഗ്രാമീണ വിജ്ഞാന കേന്ദ്രങ്ങളായ നാലു വായനശാലകളുടെയും ആ രീതിയിലുള്ള പ്രവർത്തനം മന്ദീഭവിച്ചിട്ടുണ്ട്. അതേ സമയം കേരളാ ഗ്രന്ഥശാലസംഘത്തിൻെറ അഫലിയേഷനുള്ള പുന്നപ്പാല വായനശാലയും, നടുവത്ത് വായനശാലയും ഭേദപെട്ട രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഓണാഘോഷ പരിപാടികളും വാർഷികാഘോഷങ്ങളും ഇവ നടത്തിവരുന്നു. നെഹ്റു യുവക് കേന്ദ്രയിൽ അഫലിയേഷനുള്ള പത്തിരിയാൽ വായനശാല വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത് അതിൻെറ സ്വന്തം കെട്ടിടം ഉപയോഗ ശൂന്യമായിട്ട് വർഷങ്ങളായി. വായനശാലയുടെ സജീവമായ പ്രവർത്തനങ്ങളിൽ ടെലിവിഷൻ പോലുള്ള മാധ്യമങ്ങളുടെ കടന്നു കയറ്റം മൂലം ജന പങ്കാളിത്തം കുറഞ്ഞിട്ടുണ്ട്. എന്നാൽ ഈ മാധ്യമങ്ങൾ ഉപയോഗിച്ച് സജീവമായ പങ്കാളിത്തം ഉണ്ടാക്കുന്നതിന് വായനശാലകൾക്ക് സാമ്പത്തികശേഷിയും ഇല്ല. ഗ്രന്ഥശാലാസംഘത്തിൻെറ ഗ്രാൻറ് ഒഴികെ മറ്റു സാമ്പത്തിക സഹായമൊന്നും സർക്കാരിൻെറ ഏജൻസികളിൽ നിന്നും ലഭിച്ചുവരുന്നില്ല.സാമ്പത്തിക പ്രയാസംമൂലം ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ചയെപ്പറ്റിയുള്ള റഫറൻസ് ഗ്രന്ഥങ്ങളൊന്നും തന്നെ ലഭ്യമാക്കുവാൻ വായനശാലകൾക്ക് കഴിയുന്നില്ല. ചരിത്ര പഠനത്തിനാവശ്യമായ ഗ്രന്ഥങ്ങളും വായനശാലകളിൽ ലഭ്യമല്ല. വായനശാലകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

ജൻമിത്തം അവസാനിച്ചതോടുകൂടി ക്ഷേത്രങ്ങൾ കേന്ദ്രമാക്കിയുള്ള ഉത്സവങ്ങളും അതോടനുബന്ധിച്ചുള്ള ദൃശ്യകലാവിഷ്കാരങ്ങളും നിലച്ചുപോയിരിക്കുന്നു. ബദലായി ജനകീയ കമ്മറ്റികളുടെ ആഭിമുഖ്യത്തിൽ ഉൽസവങ്ങളും കലാരൂപങ്ങളും അവതരിക്കപ്പെടുന്നില്ല. അതേ സമയം തിരുവാലി കൈതയിൽ താലപ്പൊലി, കോഴിപ്പറമ്പ് സുബ്രമണ്യ കോവിലിലെ തേർപൂജ തുടങ്ങിയവ കഴിഞ്ഞ കാലങ്ങളെ പോലെ തന്നെ നടന്നുവരുന്നു.പുന്നപ്പാല പ്രദേശത്ത് ആശാൻ എന്ന പേരിൽ അറിയപ്പെടുന്ന രാവുണ്ണിനായരുടെ നേതൃത്വത്തിൽ അയ്യപ്പൻ വിളക്കും ആഘോഷിച്ചുവരുന്നു. ജനകീയ സമിതികളുടെ ആഭിമുഖ്യത്തിൽ കലാ സാമൂഹ്യ മൽസരങ്ങളോ രംഗാവിഷ്കാര കലകളോ

സംഘടിപ്പിച്ചുവരുന്നില്ല. അറിയപ്പെടുന്ന സാഹിത്യ കാരൻമാരാരും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. എന്നാൽ സംഗീതം നൽകുവാനും പാട്ടുപാടുവാനും നാടകരചനക്കും ചിത്രരചനക്കും കഴിവും താൽപര്യവുമുള്ള 60 വയസു പിന്നിട്ട ചില വ്യക്തികളും ക്ളാസിക്കൽ സംഗീതത്തിനോടും നൃത്തകലയോടും താൽപര്യമുള്ള യുവ തലമുറയും അങ്ങിങ്ങായി നമ്മുടെ പഞ്ചായത്തിലുണ്ട്. ക്ളാസിക്കൽ കലകൾ പോഷിപ്പിക്കുന്നതിനും കലാസാഹിത്യ രംഗങ്ങളിൽ അഭിരുചി വളർത്തുന്നതിനും ഉള്ള വേദികൾ പഞ്ചായത്തുതലത്തിലില്ല.

## പരിഹാര നിർദ്ദേശങ്ങൾ

പത്തിരിയാൽ വായനശാലക്ക് നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയണം. കൊളക്കാട്ടിരി കേന്ദ്രമായി പ്രവർത്തിക്കുന്ന നിലവിലുള്ള വായന ശാലയെ പഞ്ചായത്ത് ധനസഹായം ന ൽ കി ഒരു ഗ്രന്ഥാലയമാക്കി ഉയർത്തുക.

ഇന്ന് നിലവിലുള്ള വായനശാലകളിൽ സാംസ്കാരിക നിലയങ്ങൾ പണിയുകയും ആയതിന് ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക. ഇവയിൽ ലഭ്യമായ സ്ഥലസൗകര്യങ്ങൾ,വിഭവങ്ങൾ എന്നിവ ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്. ഇക്കാര്യത്തിൽ പൂന്നപ്പാല വായനശാലക്കും, പത്തിരിയാൽ വായന ശാലക്കും സാധ്യതയുണ്ട്.

ചാത്തക്കാട്, തായംകോട് പ്രദേശത്ത് ജനപങ്കാളിത്തത്തോടെ പഞ്ചായത്ത്‌വായനശാലകൾ സ്ഥാപിക്കണം. നിലവിലുള്ള വായനശാലാകെട്ടിടങ്ങളിലും ഫർണിച്ചർ സൗകര്യങ്ങൾ ലഭ്യമാക്കണം. ചരിത്ര പഠനത്തിനുപകരിക്കുന്ന ഗ്രന്ഥങ്ങളും ശാസ്ത്ര ഗ്രന്ഥങ്ങളും മറ്റു സ്വയം തൊഴിൽ പരിശീലനത്തിനുതകുന്ന ഗ്രന്ഥങ്ങളും വായനശാലകളിൽ ലഭ്യമാകണം. പത്രമാധ്യമങ്ങൾക്കുപുറമെ റേഡിയോ, ടെലിവിഷൻ എന്നീ ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലൂടെയും വായനശാലകൾ സജീവമാക്കണം.

തിരുവാലി പഞ്ചായത്തിൻെറ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന എ.കെ.ജി. സ്മാരക സാംസ്കാരിക നിലയം പരിപൂർണ്ണ സാംസ്കാരിക നിലയമാക്കി ഉയർത്താൻ അടിയന്തിര നടപടി വേണം. പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലുള്ള റഫറൻസ് ഗ്രന്ഥങ്ങളുടെ ഒരു ശേഖരം തന്നെ ലഭ്യമാക്കി സാംസ്കാരിക നിലയത്തെ ഒരു മികച്ച പഠനകേന്ദ്രമാക്കി മാറ്റണം.

സാംസ്കാരിക കേന്ദ്രങ്ങളുമായി ജനങ്ങളെ കൂടുതൽ ബന്ധിപ്പിച്ചുകൊണ്ട് ജനങ്ങളിലെ സാംസ്കാരിക നിലവാരം ഉയർത്താൻ ഉതകുന്ന തരത്തിലുള്ള പദ്ധതികൾ വായനശാലകൾ ആവിഷ്കരിക്കുകയും ഇതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും വേണം. ഇതിനായി ജന പ്രതിനിധികളെയും സാംസ്കാരിക നായകരെയും ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിക്കുകയുമാവാം.

നിലവിലുള്ള സാംസ്കാരിക നിലയത്തിന് ഒന്നാം നില നിർമ്മിച്ച് മുകളിലത്തെ നില ലൈബ്രറി ആക്കി മാറ്റാവുന്നതാണ്. തിരുവാലി പഞ്ചായത്തിൻെറ സമസ്ത മേഖലയിലുമുള്ള ചരിത്ര രേഖകൾ ശേഖരിച്ചു സൂക്ഷിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

ചെണ്ട, മദ്ദളം തുടങ്ങിയ അസുര ദേവ വാദ്യങ്ങളും മറ്റു സംഗീതോപകരണങ്ങളും അഭ്യസിക്കുന്നതിനായിപഞ്ചായത്തുതലത്തിൽ സൗകര്യമുണ്ടാക്കി കൊടുക്കേണ്ടതാണ്. ശാസ്ത്രീയ സംഗീതം, നൃത്തകലകൾ എന്നിവയുടെ തനതായ സംമ്പ്രദായം നിലനിർത്തിക്കൊണ്ടുതന്നെ അഭ്യസനം നൽകണം. ക്ഷേത്രോൽസവങ്ങൾ, പൂരങ്ങൾ, അനുഷ്ടാന കലകൾ, നാടകോൽസവങ്ങൾ എന്നിവ ജന പങ്കാളിത്തത്തോടെ സംഘടിപ്പിക്കണം. അന്ന്യം നിന്ന് പോയ്ക്കൊണ്ടിരിക്കുന്ന ഇത്തരം കലകളുടെ ഉയർച്ച ഭൂതകാലങ്ങളിലുണ്ടായിരുന്ന മികച്ച സാംസ്കാരിക പൈതൃകം നിലനിർത്താൻ സഹായിച്ചു.



# നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | ഗ്രന്ഥശാലാസംഘത്തിൽ അംഗത്വം ഉണ്ടോ? | സ്ഥാപിച്ച വർഷം | കെട്ടിടത്തിൻെറ വിവരം | നിലവിലുള്ള മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തക വിതരണം | സർക്കാർഗ്രാൻറ് ലഭിക്കുന്നുണ്ടോ | കീഴിൽപ്രവർത്തിക്കുന്നവയുടെ വിവരം | മറ്റഭിപ്രായം |
|---|---|---|---|---|---|---|---|---|---|---|
| 1. | ജനതാ വായനശാല പുന്നപ്പാല | ഉണ്ട് | 1950 | സ്വന്തം | 242 | 3025 | 700 | ഉണ്ട് | ഗ്രന്ഥാലയം,വായനശാല, വിഞ്ജാന വികസനകേന്ദ്രം ഇൻഫോർമേഷൻ സെൻറർ, സ്പോർട്സ് ആർട്സ് ക്ലബ്ബുകൾ. | സജീവം |
| 2. | പൊതുജന വായനശാല പത്തിരിയാൽ | ഉണ്ട് | | സ്വന്തം | | 2000 | | | ഗ്രന്ഥാലയം വായനശാല | നിർജീവ അവസ്ഥയിൽ |
| 3. | യുവജന കലാസമിതി നടുവത്ത് | ഉണ്ട് | 1957 | സ്വന്തം | | 3677 | | ഉണ്ട് | ഗ്രന്ഥാലയം വായനശാല | സജീവം |
| 4. | കുഞ്ഞാൻ മെമ്മോറിയൽ എറിയാട് | ഇല്ല | | സ്വന്തം | 150 | 800 | 300 | — | ഗ്രന്ഥാലയം വായനശാല | സജീവം |

# കായികരംഗം

തിരുവാലി പഞ്ചായത്തിൽ കായിക രംഗത്ത് നേട്ടങ്ങൾ കൈവരിച്ച ചരിത്ര പശ്ചാത്തലങ്ങളൊന്നും തന്നെയില്ല. സ്വാതന്ത്ര്യകാല ഘട്ടത്തിൽ നാട്ടിൻ പുറങ്ങളിൽ തലമ പന്തും കാരകളിയും ഉണ്ടായിരുന്നതായി പറയാം. ഇതിൽ കാരകളിച്ചിരുന്നവരിലതികവും പട്ടിക ജാതി വിഭാഗങ്ങളിൽ പെട്ടവരായിരുന്നു. ആ കാലഘട്ടത്തിൽ ഇടത്തരം ജൻമി കുടുംബങ്ങളിലെ കാള, പശു എന്നിവയെ പറമ്പിൽ മേക്കുന്നതിന് മേൽ വിഭാഗത്തിൽ പെട്ട കുട്ടികളെയാണ് ഉപയോഗിച്ചിരുന്നത്. അവർ കന്നുകളെ മേച്ചിരുന്ന പറമ്പിൽ പൊന്തക്കാടുകളെ അതിരായിക്കണ്ട് കാരകളി സംഘടിപ്പിച്ചിരുന്നു. നിലവിലുള്ള ഹോക്കികളിയുടെ പ്രാചീന രൂപം എന്നു പറയാം.

തലമ പന്ത് ക്രമേണ നാട്ടിൻ പുറങ്ങളിൽ നിന്ന് മാറി പകരം ഫുട്ബോൾ രംഗത്തുവന്നു. അമ്പല പറമ്പിലും മറ്റും പന്തുകളിക്കാൻ ഉപയോഗിച്ചിരുന്നത് വാഴയുടെ ഉണങ്ങിയ ഇലയും കീരത്തുണി എന്നിവ ഉപയോഗിച്ച് ഉണ്ടാക്കിയ കെട്ട് പന്തായിരുന്നു. ക്രമേണ റബർ പന്തും പിന്നീട് ഇന്ന് കാണുന്ന പന്തും ഉപയോഗിച്ചുവരുവാൻ തുടങ്ങി. പാണ്ടിക്കാട് പഞ്ചായത്തിലെ കൊടശ്ശേരിക്കാരും അമരംബലം പഞ്ചായത്തിലെ അമരമ്പലക്കാരും തായംക്കോട്ട് വന്ന് പകിട കളിച്ചതായി പറയപ്പെടുന്നു. ഈസ്ഥലം പകിടകളിപ്പറമ്പ് എന്നറിയപ്പെടുകയും പിന്നീടത് ലോപിച്ച് പടകളിപ്പറമ്പായി എന്നും പറയപ്പെടുന്നു. എന്നാൽ അരനൂറ്റാണ്ടിനിപ്പുറം പകിടകളി ഇവിടെ നടന്നതായി അറിയില്ല.

ഓണം പോലുള്ള വിശേഷ ദിവസങ്ങളിൽ ഓണത്തല്ല്, കമ്പവലി, ആട്ടക്കളം പിടിക്കുക, കബടി തുടങ്ങിയ കായിക വിനോദങ്ങളും സംഘടിപ്പിച്ചിരുന്നു. എന്നാൽ കമ്പവലി, കബഡി ഒഴികെ മറ്റു രണ്ട് കായിക പ്രകടനങ്ങളും നാട്ടിൻ പുറങ്ങളിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു.

സ്പോർട്സ് രംഗത്ത് സ്കൂളുകളിൽ മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ടെങ്കിലും, കലാമൽസരങ്ങൾ സംഘടിപ്പിക്കുന്നതിലുള്ള താൽപ്പര്യം സ്കൂൾ അധികൃതർക്കും രക്ഷാകർത്താക്കൾക്കും ഇല്ലെന്ന് തന്നെ പറയാം.

പഞ്ചായത്ത് കായിക മേളകൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുകയും വിജയികളെ ഉയർന്ന തലങ്ങളിലേക്ക് അയക്കുകയും ചെയ്യാറുണ്ടെങ്കിലും അതിലൊന്നും ആവേശകരമായ ജന പങ്കാളിത്തമില്ലെന്ന് പറയാം.

1986 ൽ കോട്ടയത്തു നടന്ന സംസ്ഥാന സ്കൂൾ മീറ്റിൽ തിരുവാലി ഹൈസ്കൂൾ ബോൾബാഡ്മിൻറൺ കപ്പ് നേടിയിട്ടുണ്ട്. ബോൾ ബാഡ്മിൻറണിൽ 1990 ലും ഈ ഹൈസ്കൂൾ കപ്പിന് അർഹമായി. ബാഡ്മിൻറൺ മൽസരത്തിൽ ആൺ കുട്ടികളും പങ്കെടുത്തിരുന്നു. ഇവരുടെയെല്ലാം പരിശീലനക്കളരി തിരുവാലി ഹൈസ്കൂൾ ഗ്രൗണ്ട് ആയിരുന്നു. പഞ്ചായത്തിൻെറ മറ്റു പ്രദേശങ്ങളിലൊന്നും ഗ്രൗണ്ടുകളും പരിശീലകരും ഒന്നും തന്നെ ഉണ്ടായിരുന്നില്ല. നാഷണൽ മീറ്റിൽ പങ്കെടുത്ത അബ്ദുറഹ്മാനും, കുമാരി ഗീത, രേഖ കുമാരി പി. ബിന്ദു, ഫൈബി ബിന്ദു എന്നിവർ നമ്മുടെ

പഞ്ചായത്തിൻെറ അഭിമാന ഭാജനങ്ങളാണ്.

തിരുവാലി പഞ്ചായത്തിൽ സ്പോട്സ് ആൻറ് ഗെയിംസിൽ അഭിമാനാർഹമായ നേട്ടങ്ങൾ ഉണ്ടാക്കിയതിൽ തിരുവാലി ഹൈസ്കൂളിൽ നിന്നും കഴിഞ്ഞ വർഷം റിട്ടയർ ചെയ്ത കായികാധ്യാപകൻ ശ്രീ. അബ്ദുള്ള മാസ്റ്ററുടെ ത്യാഗപൂർണ്ണമായ സേവനങ്ങൾ അഭിനന്ദനാർഹമാണ്.

## കായിക രംഗം ഇന്നത്തെ അവസ്ഥ

തിരുവാലി ഹൈസ്കൂൾ ഗ്രൗണ്ട് കേന്ദ്രീകരിച്ച് ഫുട്ബോൾ, ക്രിക്കറ്റ്, ഷട്ടിൽ ബാഡ്മിൻറൺ, ബോൾ ബാഡ്മിൻറൺ എന്നിവ പരിശീലിക്കുന്നു. ഓട്ടം, ഹൈജമ്പ്, ലോംഗ് ജംമ്പ്,ക്രിക്കറ്റ് എന്നിവയും പരിശീലിക്കുന്നു. ഇതിൻെറ ഉദ്ദേശം കായികരംഗത്തെ നേട്ടങ്ങൾ മാത്രം ലക്ഷ്യമാക്കിയല്ല. മറിച്ച് ഉന്നത വിദ്യാഭ്യാസത്തിനും ജോലിക്കും ഗ്രേയ്സ് മാർക്ക് ലഭിക്കുമെന്നതിനാലാണ്. പൊതുവെയുള്ള സാമ്പത്തിക പരാധീനതയും പരിശീലനം ലഭിക്കാനുള്ള സൗകര്യക്കുറവും കായിക രംഗത്തെ പ്രതികൂലമായി ബാധിക്കുന്നു.തിരുവാലി ഹൈസ്കൂൾ ഗ്രൗണ്ടിന് പുറമെ പത്തിരിയാലിലും, നടുവത്തും പഞ്ചായത്തുതല കളിസ്ഥലങ്ങൾ ഉണ്ട്. തായംകോട്, വേങ്ങാംപറ്റചോല,പൈങ്കുളങ്ങര എന്നിവിടങ്ങളിലുള്ള നിർദ്ദിഷ്ട കളിസ്ഥലങ്ങൾ പഞ്ചായത്ത് ഏറ്റെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കോഴിപ്പറമ്പിലും കുളക്കാട്ടിരിയിലും ഉള്ള കളിസ്ഥലങ്ങൾ സ്വകാര്യ വ്യക്തികളുടേതാണ്. ഇവിടങ്ങളിലെല്ലാം കാലാകാലങ്ങളിൽ ഫുട് ബോൾ മേളകൾ നടന്നുവരുന്നു. കായിക വിനോദത്തിനായി റജിസ്റ്റർ ചെയ്തതും, ചെയ്യാത്തതുമായ ത്ഴെ പറയും പട്ടികയിൽ ചേർത്ത ക്ലബ്ബുകൾ പ്രോൽസാഹനം നടത്തിവരുന്നു.

എങ്കിലും കളിസ്ഥലങ്ങളുടെ അപര്യാപ്തത, സാമ്പത്തിക പരാധീനത, സ്പോട്സ് ഉപകരണങ്ങളുടെ അപര്യാപ്തത, പരിശീലന ദൗർലഭ്യത ഇവയെല്ലാം അനുഭവപ്പെടുന്നു. ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ ജനപങ്കാളിത്തം ഇല്ലായ്മ മുഖ്യ പ്രശ്നമാണ്. ഫുട്ബോൾ അസോസിയേഷനോ സ്പോർട്സ് കൗൺസിലോ പഞ്ചായത്തിലില്ല. വർഷംതോറും പഞ്ചായത്തുമേള നടത്തുന്നതൊഴിച്ചാൽ യാതൊരു പ്രോൽസാഹനവും പഞ്ചായത്തുതലത്തിലില്ല.

## കായിക രംഗം പരിഹാര നിർദ്ദേശങ്ങൾ

I

1. പഞ്ചായത്തു തലത്തിൽ ഫുട്ബോൾ അസോസിയേഷനും, സ്പോർട്സ് കൗൺസിലും

   ജനകീയാടിസ്ഥാത്തിൽ രൂപീകരിക്കണം സ്പോർട്സ് ഗെയിംസ് എന്നിവയിൽ

   താൽപര്യമുള്ളവരെ ഉൾപ്പെടുത്തി ഉപദേശ സമിതി രൂപീകരിക്കണം.
2. അസോസിയേഷൻെറയും, കൗൺസിലിൻെറയയും ആഭിമുഖ്യത്തിൽ
   - a. താൽപര്യമുള്ള കായികപ്രതിഭകളെ തിരഞ്ഞെടുക്കണം.
   - b. കായികശേഷി വർദ്ധിപ്പിക്കുന്നതിന് തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് സൗജന്യ പോഷകാഹാരം നൽകണം.
   - c. ഉപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കണം.
3. ഗെയിംസിനും സ്പോർട്സിനും പ്രത്യേകം പരിശീലകരെ നിയമിക്കണം.

II

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ ക്ലബ്ബുകളും പഞ്ചായത്തുതലത്തിലുള്ള അസോസിയേഷനിലും കൗൺസിലിലും അഫിലിയേറ്റ് ചെയ്യണം.
2. ക്ലബ്ബുകളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കണം.
3. ഓരോക്ലബ്ബിനും പ്രവർത്തിക്കുവാൻ സൗകര്യപ്രദമായ സ്ഥലസൗകര്യം ഉണ്ടായിരിക്കണം.
4. ക്ലബബ്ബുകൾ അതാതുപ്രദേശത്തെ കായിക പ്രതിഭകളെ കണ്ടെത്താനുള്ള ഉത്തരവാതിത്വം ഏറ്റെടുക്കണം.

...ായത്തടിസ്ഥാനത്തിൽ പരിശീലനം ലഭിക്കേണ്ട ...ട്ടികളെ തെരഞ്ഞെടുക്കാൻ കൗൺസിലുകളെ ...ഹായിക്കണം.

...എല്ലാ യു. പി, ഹൈസ്കൂൾ തലത്തിലും ...കളിസ്ഥലങ്ങൾ നിർബന്ധമാക്കണം.

...ഞ്ചായത്തടിസ്ഥാനത്തിൽ സ്ഥിരമായ ...പരിശീലന കേന്ദ്രങ്ങൾ രൂപപ്പെടുത്തണം.

...ഒഴിവുകാല 'പരിശീലന ക്യാമ്പുകൾ റിട്ടയർ ചെയ്ത ...കായികാദ്ധ്യാപകരുടെ സഹകരണത്തോടെ സംഘടി...പ്പിക്കണം.

...എല്ലാ സൗകര്യങ്ങളുമുള്ള തരത്തിൽ തിരുവാലി ...ഹൈസ്കൂൾ ഗ്രൗണ്ട് പുനർ നിർമ്മാണം നടത്തണം.

...സ്വകാര്യ മേഖലയിലുള്ള കോഴിപ്പറമ്പ്, ...കളക്കാട്ടിരി, പിന്നപപ്പാല കളിസ്ഥലങ്ങൾ ...പഞ്ചായത്ത് ...ഏറ്റെടുത്ത് സൗകര്യ പ്രദങ്ങളായ മിനി ...സ്റ്റേഡിയങ്ങളാക്കി മാറ്റണം. ജനങ്ങളുടെ ...സഹായസഹകരണങ്ങൾ ...ഇതിനുവേണ്ടി സമാഹരിക്കാവുന്നതാണ്. ഇതിൽ ...ക്ലബ്ബുകളുടെ സഹായവും ഉപയോഗപ്പെടുത്തണം.

IV. ഫുട്ബോൾ കായികമേളയിൽ നിന്ന് സ്വരൂപിക്കുന്ന വിനോദ നികുതിയും പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കുന്ന ഗ്രാൻറും പഞ്ചായത്തു തലത്തിനു വേണ്ടി നീക്കി വെക്കേണ്ടതാണ്.

V. തിരുവാലിയിൽ ഇൻഡോർ സ്റ്റേഡിയം സ്ഥാപിക്കണം. ആയതിനുള്ളസ്ഥലം തിരുവാലി ഹൈസ്കൂളിൻെ താായി ഗ്രൗണ്ടിനോട് ചേർന്നുണ്ട്. ഇൻഡോർ സ്റ്റേഡിയം സ്ഥാപിക്കാനാവശ്യമായ ധനസഹായം സർക്കരിൽ നിന്ന് ലഭ്യമാക്കണം. ഈ നിർദ്ധിഷ്ട ഇൻഡോർ സ്റ്റേഡിയത്തിൽ ഷട്ടിൽ ബാറ്റ്മിൻറൺ, ടേബിൾടെന്നീസ് എന്നിവ നടത്താനുള്ള സൗകര്യം ഉണ്ടാക്കണം.

ഇൻഡോർ സ്റ്റേഡിയത്തിന് സമീപമായി വോളീബോൾ, ബാസ്ക്കറ്റ് ബോൾ എന്നിവക്കുള്ള സൗകര്യവും ഉണ്ടാക്കണം.

VI. സർക്കർ വക മിച്ച ഭൂമികളായ വട്ടക്കളരി,പൈക്കുളങ്ങര, വേങ്ങാം പറ്റചോല എന്നീ കളിസ്ഥലങ്ങൾ പഞ്ചായത്തിൻെറ അധീനതയിലാക്കണം.

| ക്രമ നമ്പർ | വാർഡ് | ക്ലബ്ബിൻെറപേര് | സ്ഥലം |
|---|---|---|---|
| 1 | I | SAAT തിരുവാലി | തിരുവാലി സ്കൂൾപടി |
| 2 | I | കലാരശ്മി | പൂന്തോട്ടം |
| 3 | I | ക്ലാസിക് ക്രിക്കറ്റ് ക്ലബ് തിരുവാലി | തിരുവാലി |
| 4 | II | റിക്രിയേഷൻ ക്ലബ്ബ് | തിരുവാലി |
| 5 | II | ഗ്രാമ പോഷിണി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | കൊളക്കാട്ടിരി |
| 6 | III | ഉദയാ കലാസമിതി | വട്ടപറമ്പ് മേലങ്ങാടി |
| 7 | V | പാസ്കൊ | പുന്നപ്പാല |
| 8 | V | ഐശ്വര്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | എടക്കുന്ന് |
| 9 | V | സോഷ്യലിസ്റ്റ് യൂത്ത് സെൻറർ | കോഴിപ്പറമ്പ് |
| 10 | V | എസ്. സി. പി. ടി. | തിരുവാലി |
| 11 | VI | ആർട്സ് സ്പോർട്സ് ക്ലബ്ബ് ജനതാ വായനശാല | പൂളക്കൽ |
| 12 | VI | അനശ്വര ആർട്സ് & സ്പോർട്സ് ക്ലബ്ബ് | സത്യൻപടി |
| 13 | VII | നവധാര ആർട്സ് & സ്പോർട്സ് ക്ലബ്ബ് | തിരുനെല്ലി |
| 14 | VII | കെ.ടി.എം. കുഞ്ഞാൻ മെമ്മോറിയൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | എറിയാട് |
| 15 | VIII&IX | തായം കോട് ആർട്സ് & സ്പോർട്സ് ക്ലബ്ബ് | തായംകോട് |
| 16 | IX | റിക്രിയേഷൻ ക്ലബ്ബ് | പാടാളിപ്പറമ്പ് |
| 17 | IX | യുവജന കലാസമിതി സ്പോർട്സ് വിംഗ് | നടുവത്ത് |
| 18 | X | സംസ്കാരിക ഐക്യവേദി | നടുവത്ത് |

# പഞ്ചായത്തിലെ കളി സ്ഥലങ്ങളുടെ സ്ഥിതി വിവരങ്ങൾ

| കളി സ്ഥലത്തിന്റെ പേരും സ്ഥലവും | സ്ഥല വിസ്തീർണ്ണം എ. സെ | ഉടമസ്ഥ സ്വഭാവം | ഉടമസ്ഥ സ്വഭാവം മാറ്റാനുള്ള നിർദേശം | കളിസ്ഥലത്തിന്റെ ഇന്നത്തെ അവസ്ഥ | അടിയന്തരമായി ചെയ്യേണ്ടുന്ന വികസന പ്രവർത്തനം | പൊതു നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|
| 1. പത്തിരിയാൽ | 1. 95 | പഞ്ചായത്ത് | | തെക്കുഭാഗം സൈഡ് കെട്ടിക്കൊണ്ടിരിക്കുന്നു. കിഴക്കു ഭാഗവും പടിഞ്ഞാറു ഭാഗവും കെട്ടിഉയർത്തുന്നു. | കെട്ടിഉയർത്തി പൂർത്തീകരണം പുല്ല് വെച്ചു പിടിപ്പിക്കണം | കരിങ്കല്ലുകൊണ്ട് കെട്ടിപൊക്കുന്നതിന് സമീപ പ്രദേശത്തെ ക്വാറികളിൽ നിന്നും കല്ല് സൗജന്യമായി ലഭ്യമാക്കാം. ലോഡിങ്, ഇറക്കുകൂലി, ലോറികൂലി, സിമൻറു വില, പഞ്ചായത്ത് നൽകണം. മനുഷ്യാധ്വാനത്തിന്റെ 50% തദേശവാസികൾ നൽകും |
| 2. തിരുവാലി സ്കൂൾ ഗ്രൗണ്ട് | | സർക്കാർ | | ചരൽകല്ല് നിറയുന്നു പുല്ല് തീരെയില്ല വടക്കുഭാഗത്ത് ജംബിങ്ങ് പിറ്റ് ഉണ്ട്. | പുല്ല് വെച്ചു പിടിപ്പിക്കണം പടിഞ്ഞാറു ഭാഗത്തും നിന്ന് മണ്ണ് ഒലിച്ചുവരുന്നത് തടയണം | |
| 3. കെ.പി മെമ്മോറിയൽ പൊതു കളിസ്ഥലം നടുവത്ത് | | പഞ്ചായത്ത് | | തെക്ക് ഭാഗം, പടിഞ്ഞാറു ഭാഗങ്ങളിലായി കല്ലുകൾ ഉണ്ട് | കല്ലുകൾ നീക്കം ചെയ്ത് മണ്ണ് നിറക്കണം പുല്ലുകൾ വെച്ചു പിടിപ്പിക്കണം. മൃഗങ്ങൾ കേറാതിരിക്കാൻ കിഴക്കു 1 1/2 അടിയും വടക്കു ഭാഗം 3/4 അടിയും പടിത്തുയർത്തണം. | |
| 4. വട്ടകളരി ഗ്രൗണ്ട് തായംകോട് | | സർക്കാർ മിച്ച ഭൂമി | സൗജന്യമായി ലഭ്യമാക്കണം . | തെക്കു ഭാഗത്തേക്ക് ചരിഞ്ഞു കിടക്കുന്ന ചരൽകല്ല് ഉണ്ട് | വടക്കു ഭാഗത്തെ അതിർത്തിക്കുസമമായിതെക്കു ഭാഗത്തുനിന്ന് പടുത്തുയർത്തികൊണ്ട് വരണം. കാലികൾ കയറാതിരിക്കാൻ വടക്ക് പടിഞ്ഞാറ് കിഴക്ക് ഉയരം കുറഞ്ഞ സ്ഥലം പടുത്തുർത്തണം ചരൽ മാറ്റി പകരംമണ്ണ് നിരത്തി പുല്ല് പിടിപ്പിക്കണം | |

# പഞ്ചായത്തിലെ കളി സ്ഥലങ്ങളുടെ സ്ഥിതി വിവരങ്ങൾ -തുടർച്ച

| കളി സ്ഥലത്തിന്റെ പേരും സ്ഥലവും | സ്ഥല വിസ്തീർണ്ണം ഏ. സെ | ഉടമസ്ഥ സ്വഭാവം | ഉടമസ്ഥ സ്വഭാവം മാറ്റാനുള്ള നിർദേശം | കളിസ്ഥലത്തിന്റെ ഇന്നത്തെ അവസ്ഥ | അടിയന്തരമായി ചെയ്യേണ്ടുന്ന വികസന പ്രവർത്തനം | പൊതു നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|
| 5. വേങ്ങാം പാറ ച്ചോല ഗ്രൗണ്ട് കാഞ്ഞിരത്തും കള്ളി | | സർക്കാർ വക മിച്ചഭൂമി | സൗജന്യമാക്കണം | കിഴക്കു പടിഞ്ഞാറായി കിടക്കുന്നു . പടിഞ്ഞാറോട് മണ്ണൊലിപ്പുണ്ട് | പടിഞ്ഞാറ്, വടക്കുഭാഗം കെട്ടിയുർത്തണം. തെക്ക് കിഴക്കുഭാഗത്തു നിന്നുള്ള മാണ്ണൊലിപ്പ് തടയണം | |
| 6. കോഴി പറമ്പ് | | സ്വകാര്യം | പഞ്ചായത്തിന്റെ താ-ക്കാൻ ശ്രമിക്കണം | നാലു ഭാഗത്തേക്കും മണ്ണൊലിപ്പ് കിഴക്ക് പടിഞ്ഞാറായിട്ട് കിടക്കുന്നു | നാലു ഭാഗവും കോട്ടിഉയ-ർത്താനുംചരൽ കല്ലുകളും സമീപമുള്ളചെങ്കലുകളും നീക്കം ചെയ്ത് പുല്ല് പിടിപ്പിക്കണം. | |
| 7. പുന്നപാല സ്കൂൾ ഗ്രൗണ്ട് പുന്നപാല | | സ്വകാര്യ സ്കൂൾ വക | - | കിഴക്കു ഭാഗത്തേക്കു മണ്ണൊലിപ്പ് | പടിഞ്ഞാറ് ഭാഗത്തുനിന്ന് കിളച്ച് കിഴക്കു ഭാഗത്തേക്ക് മണ്ണ് മാറ്റുകയും കിഴ-ഭാഗം കെട്ടി പടുക്കുകയും വേണം | |
| 8. പൈകുളങ്ങര | | സർക്കാർ വക മിച്ചഭൂമി | സൗജന്യമായി ലഭ്യമാക്കണം | തെക്കോട്ട് ചരിവായി കിടക്കുന്നു | തെക്കുഭാഗം കെട്ടി ഉയർ-ത്തി വടക്ക് കിഴക്ക് പടിഞ്ഞാറ് ഭാഗങ്ങളിൽ നിന്നുള്ള മണ്ണൊലിപ്പ് തടയണം. | |
| 9. കൊളക്കാട്ടിരി | | സ്വകാര്യം | പഞ്ചായത്തിന്റെ താക്കാൻ ശ്രമിക്കണം | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് തടയാൻ കെട്ടി പൊക്കണം | |



# 4-9 വനിതാക്ഷേമം

സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനരംഗത്ത് മഹത്തായ പ്രവർത്തന പാരമ്പര്യം തിരുവാലിയിലെ വനിതകൾക്കായി അവകാശപ്പെടാനുണ്ട്. സ്വാതന്ത്ര്യ സമരകാലഘട്ടങ്ങളിൽ കലാസാംസ്ക്കാരിക പ്രവർത്തനങ്ങളിലൂടെയും, സന്നദ്ധപ്രവർത്തനങ്ങളിലൂടെയും സാമൂഹ്യരംഗത്ത് പ്രവർത്തിച്ചിരുന്ന വനിതകൾ നമ്മുടെ പഞ്ചായത്തിൽ ഇന്നും ജീവിച്ചിരിപ്പുണ്ട്. രണ്ടാം ലോകമഹായുദ്ധക്കാലത്ത് കൈകൊട്ടി ക്കളിപാട്ടിലൂടെ സാമ്രാജ്യത്വശക്തികൾക്കെതിരായി വനിതകൾക്ക് നേതൃത്വം നൽകിയത് പുന്നപ്പാലയിലുള്ള പാതിരിശ്ശേരി മനയിലെ പി. എൻ. നമ്പൂതിരിപ്പാടായിരുന്നു. സപ്തതി കഴിഞ്ഞമാമ്പയിൽ കല്യാണിയമ്മ, പടവെട്ടി കല്യാണിയമ്മ, വി. ടി. ഉമാദേവിഅന്തർജ്ജനം എന്നിവർ സാമൂഹ്യപരിഷ്ക്കരണ നടപടികൾക്ക് നേതൃത്വം നൽകിയവരിൽ പ്രമുഖരാണ്.

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി തുടങ്ങിയ വിദ്യാഭ്യാസസ്ഥാപനം പെൺകുട്ടികൾക്ക് വേണ്ടിയുള്ളതായിരുന്നു. തോടായം പ്രദേശത്ത് 1908 ൽ ആരംഭിച്ച വനിതാവിദ്യാഭ്യാസ സ്ഥാപനം ഒരു ചരിത്രരേഖ കൂടിയാണ്. ഇതിൽനിന്നുതന്നെ നമ്മുടെ പഞ്ചായത്തിൽ വനിതാവിദ്യാഭ്യാസത്തിന് ശ്രദ്ധ പതിപ്പിച്ചിരുന്നുവെന്ന് വ്യക്തമാണ്. ഈ സ്ക്കൂൾ പിന്നീട് തിരുവാലി എൽ.പി. സ്ക്കൂൾ ആയി മാറുകയാണുണ്ടായത്. തൊഴിൽ മേഖലയിലും വനിതകൾക്ക് വ്യക്തമായ പരിഗണന ലഭിച്ചിരുന്നു. പുന്നപ്പാല പ്രദേശത്ത് നെല്ലുകുത്ത് വനിതാ സഹകരണസംഘം നിലനിന്നിരുന്നു. എന്നാൽ സാമൂഹിക രാഷ്ട്രീയരംഗത്ത് പാരമ്പര്യമായി ഉണ്ടായിരുന്ന താല്പര്യം ഇന്നത്തെ തലമുറ നിലനിർത്തുന്നില്ല എന്നു മാത്രമല്ല മേൽ പറഞ്ഞ മേഖലകളിൽനിന്നും വളരെയേറെ പിറകോട്ടു പോവുകകൂടിചെയ്തു.

1991ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിൽ 10357 സ്ത്രീകളാണ് ഉള്ളത്. പുരുഷജനസംഖ്യയേക്കാൾ 777 എണ്ണം കൂടുതലാണ്. ഇതിൽനിന്നും സ്ത്രീവിഭാഗത്തെ അവഗണിച്ചുകൊണ്ട് സാമൂഹ്യരംഗത്ത് പുരോഗതിനേടാൻ കഴിയില്ല എന്നത് വ്യക്തമാണല്ലോ.

എന്നാൽ വനിതാരംഗത്ത് പൊതുവെ നിലനിൽക്കുന്ന എല്ലാ പ്രശ്നങ്ങളും ഏറിയും കുറഞ്ഞും നമ്മുടെ പഞ്ചായത്തിലും കാണപ്പെടുന്നു. സമൂഹത്തിലെ നേർപകുതിയിലധികം വരുന്ന വനിതകളുടെ ക്ഷേമത്തിനുവേണ്ടിവളരെയേറെ പ്രവർത്തനങ്ങൾ ഇവിടെ നടത്തേണ്ടതുണ്ട്. കുടുംബത്തിന്റെയും അതുവഴി സമൂഹത്തിന്റെയും ഉന്നമനം കൈവരിക്കാവുന്നത് സ്ത്രീകളുടെ രംഗത്തെ ശക്തമായ ഇടപെടലുകൾ വഴിയാണല്ലോ. സമൂഹത്തിൽ പൊതുവായി ലഭ്യമാവുന്ന സർക്കാർ സഹായസംവിധാനങ്ങളെ മാത്രം ആശ്രയിച്ചാണ് തിരുവാലി പഞ്ചായത്തിലെ വനിതാ ക്ഷേമ പ്രവർത്തനങ്ങൾ ഇന്നു നടക്കുന്നത്. പ്രസ്തുത മേഖലയിലെ നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ വിലയിരുത്തി ഫലപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. സാമ്പത്തികമായും, വിദ്യഭ്യാസപരമായും അത്രയൊന്നും മുന്നിലല്ലാത്ത ഒരു ഗ്രാമീണ മേഖലയാണ് നമ്മുടെ പ്രദേശം. അതുകൊണ്ട് തന്നെ ഗ്രാമീണവനിതകൾ അഭിമുഖീകരിക്കുന്ന നിരവധിപ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പരിഹരിച്ചെങ്കിൽ മാത്രമെ വികസന രംഗത്ത് നിലനിൽക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾക്ക് അറുതിവരുത്താനുതകുന്ന മാർഗ്ഗങ്ങൾ കണ്ടെത്താൻ

സാധിക്കുകയുള്ളു.

## നിലവിലുള്ള അവസ്ഥ

കേരളീയ സമൂഹത്തിൻെറ പ്രധാന പ്രശ്നങ്ങളായ തൊഴിലില്ലായ്മ തന്നെയാണ് വനിതാ രംഗത്തെയും കാര്യമായി ബാധിക്കുന്നത്. ഉയർന്ന വിദ്യാഭ്യാസം സിദ്ധിക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിച്ചിട്ടില്ലാത്ത അനേകം വനിതകൾ പഞ്ചായത്തിൽ ഉണ്ട്. സ്ത്രീപ്രശ്നങ്ങളുടെ ബോധവൽക്കരണ രംഗത്തും മറ്റും ഇത് ദോഷകരമായി ബാധിക്കുന്നു. സർക്കാർ, അർദ്ധസർക്കാർ മേഖലയിൽ ജോലിയെടുക്കുന്ന സ്ത്രീകൾ വളരെ കുറവാണ്. കാർഷികമേഖലിയിലാകട്ടെ തൊഴിലെടുക്കുന്ന സ്ത്രീൾക്ക് കിട്ടുന്ന വേതനത്തിൽ പുരുഷൻമാരെ അപേഷിച്ചു വലിയ അന്തരം നിലനിൽക്കുന്നു. വിദ്യാഭ്യാസത്തിൻെറ അഭാവം തൊഴില്ലായ്മക്കും കുടുംബപശ്ചാത്തലത്തിൽ പുരുഷമേധാവിത്വം നിലനില്ക്കുന്നതിനും. പ്രധാനകാരണമാണ്. സ്ത്രീ വിദ്യാഭ്യാസത്തോടുള്ള ഗ്രാമീണ സമൂഹത്തിൻെറ സമീപനം പ്രോൽസാഹജനകമല്ല. വിവിധ കാരണങ്ങളാൽ സർക്കാർ തൊഴിൽ മേഖലയിൽ എത്തിച്ചേരുവാൻ കഴിയാതെ വരുന്നവർക്ക് സ്വയം തൊഴിൽ രംഗങ്ങളിൽ ഏർപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളില്ല.

പരിശീലന സൗകര്യങ്ങളുടെ അപര്യാപ്തതയും സാമ്പത്തിക ബുദ്ധിമുട്ടുകളും സ്വന്തമായി പദ്ധതികൾ ആരംഭിക്കുന്നതിൽ നിന്ന് വനിതകളെ വിലക്കുന്നു. സ്വയം തൊഴിൽ മേഖലയിൽ കാര്യമായ പങ്കുവഹിക്കാൻ കഴിയുന്ന സഹകരണ രംഗങ്ങളൊന്നും തന്നെ ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നതാണ് സത്യം. നേതൃ രംഗങ്ങളിൽ വനിതകളുടെ പ്രാതിനിധ്യക്കുറവ് ഇന്നും നിലനിൽക്കുന്നു. ഇത് സജീവ പരിഗണനയർഹിക്കേണ്ട സ്ത്രീ പ്രശ്നങ്ങൾ സമൂഹത്തിൽ ചർച്ചാവിഷയമാകുന്നതിൽ വിഘാതമായി നിൽക്കുന്നു. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്ക് വളരെക്കുറവാണ്. കുടുംബ ഭാരം പേറുന്ന വനിതകളും വിധവകളും, വിദ്യർത്ഥിനികളും പലതരത്തിലുള്ള അനീതികൾക്ക് ഇരയാകുന്നു. കുടുംബത്തിൻെറ ആരോഗ്യ കാര്യങ്ങൾ ശ്രദ്ധിക്കേണ്ട സ്ത്രീകൾ ഈരംഗത്ത് വേണ്ടത്ര ബോധവതികളല്ല. പോഷക ദൗർലഭ്യം മൂലമുള്ള രോഗങ്ങൾക്ക് കൂടുതൽ ഇരയാകുന്നത് വിവിധകാരണങ്ങളാൽ സ്ത്രീകളും കുട്ടികളുമാണ്. പുരുഷൻെറ മദ്യപാനശീലം മൂലം നിരവധി പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഗർഭിണികൾക്കും കുട്ടികൾക്കും വേണ്ടത്ര ചികിൽസാ സൗകര്യങ്ങൾ ലഭ്യമല്ല. നിർധന കുടുംബങ്ങളിൽ വിവാഹത്തിനും മറ്റും വേണ്ടത്ര ധനസ്ഥിതി നിലവിലില്ല. ശൈശവ വിവാഹം ഇപ്പോഴും പലയിടത്തും നടക്കുന്നു. വിവാഹ മോചനങ്ങളും തുടർന്നുള്ള പ്രശ്നങ്ങളും സാമൂഹ്യ സുസ്ഥിരതക്ക് പ്രതിബന്ധങ്ങളാകുന്നു. സ്ത്രീധന പീഢന കേസുകളും, കൊലപാതകേസുകളും റിപ്പോർട്ട് ചെയ്യ പെട്ടിട്ടുണ്ട്. സ്ത്രീപുരുഷ സമത്വം ഏട്ടിലെ പശു മാത്രമാണ്.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്നു.
2. അഭ്യസ്ത വിദ്യരായ സ്ത്രീകൾ തൊഴിലില്ലായ്മയെ അഭിമുഖീകരിക്കുന്നു.
3. സാമ്പത്തിക പരാധീനതകൾ കാരണം വേണ്ടത്ര സ്വയം തൊഴിൽ സംവിധാനങ്ങളില്ല.
4. സാമൂഹ്യ സേവന നേതൃ രംഗങ്ങളിൽ സ്ത്രീകൾ കടന്നു വരുന്നില്ല. വിദ്യാ സമ്പന്നർ , വിമുഖതകാട്ടുന്നു.
5. ആരോഗ്യ കാര്യങ്ങളിലുള്ള അറിവില്ലായ്മയും, ചികിൽസാ സംവിധാനങ്ങളുടെ അഭാവവും നിലനിൽക്കുന്നു.
6. കലാസാംസ്കാരിക രംഗങ്ങളിൽ ഉള്ള പിന്നോക്കാവസ്ഥ.
7. സർക്കാർ സഹായ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.
8. ഉന്നത വിദ്യാഭ്യാസം ലഭിച്ചവരിൽ പോലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിൽക്കുന്നു.
9. സ്ത്രീകളിൽ ഐക്യ ബോധം ഉളവാക്കുന്ന മഹിളാ സമാജം പോലുള്ള പ്രസ്ഥാനങ്ങളുടെ അഭാവവും ഉള്ളവ യുടെ തന്നെ നിഷ്ക്രിയത്വവും.
10. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന അംഗനവാടികൾ പഞ്ചായത്തിൽ വേണ്ടത്ര ഇല്ല. ഉള്ളവയിൽ തന്നെ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. അംഗൻവാടി വർക്കർമാരുടെ സേവന വേതനവ്യവസ്ഥകളും വളരെ അപര്യാപ്തമാണ്.
11. പുരുഷവനിതാതൊഴിലാളികൾ തമ്മിലുള്ള വേതന അന്തരം വനിതകളെ അന്തർമുഖരാക്കുന്നതിനുള്ള ഒരു കാരണമാണ്.
12. മദ്യപാനംമൂലം ഉണ്ടാകുന്ന കുടുംബപ്രശ്നങ്ങൾ

കുട്ടികളുടെ വിദ്യാഭ്യാസത്തെയും മറ്റും പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം സാമൂഹ്യസുസ്ഥിരതയേയും ബാധിക്കുന്നു.

13. വിധവകളും കുടംബഭാരം പേറുന്ന വനിതകളും അനുഭവിക്കന്ന പ്രശ്നങ്ങൾ നിരവധിയാണ്.

14. കലാകായികരംഗങ്ങളിൽ മികവ് പുലർത്തുന്നവർക്ക് പരിശീലനവും പ്രോൽസാഹനവും നൽകുന്ന കേന്ദ്രങ്ങളുടെ അഭാവം കായികരംഗത്തെ വളർച്ച മുരടിപ്പിക്കുന്നു.

15. സ്ത്രീപീഢനം, അതിക്രമങ്ങൾ തുടങ്ങിയവ നിലനിൽക്കുകയും സുരക്ഷിതത്വവും സമത്വബോധവും കുറയുക്യും ചെയ്യുന്ന അവസ്ഥയിൽ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് വനിതകൾക്ക് കടന്നുവരുന്നതിന് ശക്തവും പ്രേരണാത്മകവുമായ ബോധവൽക്കരണം ആവശ്യമാണ്. ഈസുശക്തബോധവൽക്കരണത്തിൻെറ അഭാവമാണ് വനിതാപങ്കാളിത്തം, വളർച്ച, നേതൃത്വശേഷിയുടെ അഭാവം തുടങ്ങിയവയുടെ കാരണം.

16. സമ്പാദ്യശീലം മിതവ്യയശീലം തുടങ്ങിയവ ഉണ്ടാക്കുന്നതിനുള്ള നടപടികൾ വളരെ അത്യാവശ്യമാണ്. കാരണം പുരുഷൻ നന്നായാൽ വ്യക്തി നന്നാവുന്നു. സ്ത്രീ നന്നായാൽ കുടുംബവും തദ്വാരാ സമൂഹവും പുരോഗമിക്കുന്നു. സ്വകാര്യ പണമിടപാടു നടത്തി ദരിദ്രകുടുംബങ്ങളിലെ സ്ത്രീകളെ ചൂഷണം ചെയ്തു കൊണ്ടിരിക്കുന്നവരെ തടയാൻ സി.ബി.എൻ.പി.പോലുള്ള പ്രസ്ഥാനങ്ങളുടെ പ്രവർത്തനം സർവ്വവ്യാപിയാക്കണം.

## വനിതാക്ഷേമം സാധ്യതകളും പരിഹാരമാർഗ്ഗങ്ങളും

1. സ്ത്രീകളുടെ വിദ്യാഭ്യാസ പിന്നോക്കവസ്ഥ പരിഹരിക്കുന്നതിന് തുടർ വിദ്യാഭ്യാസ പരിപാടികളും സ്വയംപഠനവും പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്. ജനവിദ്യാകേന്ദ്രങ്ങൾ സാർവ്വത്രികമാക്കണം. സ്കൂളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് തടയാൻ മാതൃസംഗമം പോലെയുള്ള പ്രസ്ഥാനങ്ങൾ ശക്തമാക്കുകയും പ്രോൽസാഹിപ്പിക്കുകയും വേണം. വിദ്യാഭ്യാസത്തിലൂടെയേ മോചനം സാധ്യമാകൂഎന്ന് ബോധ്യപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തങ്ങളുടെ കുട്ടികളുടെ വിദ്യഭ്യാസത്തിൽ ശ്രദ്ധിക്കുവാൻ മാതാപിതാക്കളെ പ്രാപ്തരാക്കുന്നു.

2. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവിധസ്വയം പരിശീലനപരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുകയും പദ്ധതിക്കാവശ്യമായ മൂലധനം എളുപ്പത്തിൽ ലഭ്യമാക്കുകയും വേണം. വനിതാസഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. സ്വയം തൊഴിൽ പദ്ധതികളുടെ വിജയം പ്രധാനമായും കൂട്ടായ്മ, സഹകരണം, താല്പര്യം, നിശ്ചയദാർഢ്യം, വിപണനം തുടങ്ങിയവയെ ആശ്രയിച്ചിരിക്കുന്നതിനാൽ പ്രസ്ഥാന സംരംഭകർക്ക് പരിശീലനകളരികളും, ശില്പശാലകളും പഞ്ചായത്ത്തലത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

3. സാമൂഹ്യസേവന നേതൃരംഗങ്ങളിൽ സ്ത്രീകൾ കടന്നുവരുന്നതിന് ബോധപൂർവ്വവും നിർബന്ധപൂർവ്വവുമായ പ്രവർത്തനം പുരുഷൻമാരുടെ ഭാഗത്തുനിന്ന് ആവശ്യമാണ്. അംഗൻവാടി, മാതൃസംഗമം, മഹിളാസമാജം തുടങ്ങിയവയിൽ സ്ത്രീപങ്കാളിത്തം പൂർണ്ണമാക്കുകയും കുടുംബസദസ്സുകൾ, അയൽകൂട്ടങ്ങൾ തുടങ്ങിയവ രൂപീകരിച്ച് സ്ത്രീകളെ സാമൂഹ്യപ്രശ്നങ്ങളോട് താല്പര്യമുള്ളവരാക്കുകയും വേണം.

സ്ത്രീകളുടേത് മാത്രമായ സംഘടനകൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുകയും മേൽപറഞ്ഞസംഘടനകളിൽനിന്നും നേതൃത്വശേഷി, പ്രവർത്തനശേഷി തുടങ്ങിയവയുള്ള ആളുകളെ തിരഞ്ഞെടുത്ത് സ്ക്വാഡുകളാക്കി വനിതാപങ്കാളിത്ത പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്താം. ഇത്തരത്തിലുള്ള സ്ക്വാഡുകൾക്ക് ഫാമിലി കൗൺസലിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നേതൃത്വം നൽകാനും സ്ത്രീകളെബാധിക്കുന്ന പലസാമൂഹ്യ പ്രശ്നങ്ങൾക്കും പരിഹാരം കാണുവാനും സർക്കാരിൻെറ വിവിധ പദ്ധതികളെക്കുറിച്ച് പ്രചരണം നടത്താനും കഴിയും.

4. കലാകായികരംഗത്ത് മികവ് പ്രകടിപ്പിക്കുന്നവരെ പ്രോൽസാഹിപ്പിക്കുന്നതിനായി പഞ്ചായത്തിലെ ഹൈസ്ക്കൂൾ കേന്ദ്രീകരിച്ച് പരിശീലനപരിപാടികൾ, സ്പോർട്സ് ഉപകരണങ്ങൾ നൽകുന്ന പദ്ധതി തുടങ്ങിയവ ആരംഭിക്കാവുന്നതുമാണ്. ഇതിൻെറ വിജയത്തിനു വേണ്ടി സർവ്വീസിൽ നിന്നും വിരമിച്ച വിദഗ്ധരുടെയും അഭ്യസ്തവിദ്യരുടെയും സേവനം ഉപയോഗപ്പെടുത്തണം. ഇതിന് ഗ്രാമപഞ്ചായത്ത് നേതൃത്വം നൽകണം.

5. കുടുംബപുരോഗതിക്ക് അത്യന്താപേക്ഷിതമായ

സമ്പാദ്യശീലം, മിതവ്യയശീലം ശുചിത്വബോധം എന്നിവ വളർത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുക, സി.ബി.എൻ.പീ.യെ പ്രോൽസാഹിപ്പിക്കുകയും എല്ലാ കുടുംബങ്ങളെയും ഇതിൽ അംഗങ്ങളാക്കുകയും ചെയ്യുക. തൊഴിലാളി സ്ത്രീകളിൽ തങ്ങളുടെ വരുമാനത്തിൻെറ ചെറിയൊരു ഭാഗം മിച്ചം വെക്കുന്നതിനും സ്വകാര്യ പണമിടപാടു നടത്തി ഇവരെ ചൂഷണം ചെയ്യുന്ന വ്യക്തികളിൽ നിന്നും രക്ഷിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ കർമ്മ പരിപാടികൾ ആവിഷ്കരിക്കണം.

6. ഓരോവീട്ടിലും അടുക്കള തോട്ടം നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി വേണം.

7. മഹിളാസമാജങ്ങളുടെ രജിസ്ട്രേഷൻ പഞ്ചായത്ത് തലത്തിൽ ആക്കുക, പൊതുവിതരണകേന്ദ്രങ്ങളിൽ നിന്ന് സാധനങ്ങൾ കൃത്യമായ അളവിൽ ലഭ്യമാക്കുക, ബിൽ നൽകുക പെൺകുട്ടികളുടെ വിവാഹം 18 വയസ്സിന് മുൻപ് നടക്കില്ലെന്ന് ഉറപ്പാക്കുക. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തുക, ഗവൺമെൻറിൻെറ വിവിധ പദ്ധതികൾ തൃപ്തികരമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

8. പഞ്ചായത്തിലെ അനാഥരും നിരാശ്രയരും അംഗവൈകല്യം സംഭവിച്ചവരുമായ വനിതകൾക്ക് ഒരു അഗതി മന്ദിരം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക

9 ക്ഷീരോൽപാദകമേഖലയിൽ തൊഴിൽലവസരങ്ങൾ സൃഷ്ട്ടിക്കുക.

10 നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക

11 വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് തിരുവാലി, നടുവത്ത് തുടങ്ങിയ സ്ഥലങ്ങളിൽ മാവേലി സ്റ്റോർ സ്ഥാപിക്കുന്നതിന് അടിയന്തിരമായി പഞ്ചായത്ത് ഭരണസമിതി നടപടികൾ സ്വീകരിക്കുക

12 ചാരായം, വിദേശ മദ്യം, മയക്കുമരുന്ന്, ചാരായവാറ്റ് എന്നിവ പൂർണ്ണമായും നിരോധിക്കുക.വ്യാജ ചാരായത്തിനെതിരെ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച കമ്മറ്റി പ്രവർത്തനം കാര്യക്ഷമമാക്കുകയും വാർഡ് തലത്തിൽ കമ്മറ്റി രൂപീകരിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

13 തിരുവാലിയിലെ ക്ഷീരസഹകരണസംഘങ്ങൾ വഴി ശേഖരിക്കുന്ന പാൽ ഇവിടെ തന്നെ സംസ്ക്കരിച്ച അവയിൽ നിന്ന് സ്വീറ്റ്സ്,ഐസ്ക്രീം മുതലായവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കുക.

14 പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വനിതാ ബാങ്ക് രൂപീകരിക്കണം.



ഗ്രാമസഭകളിൽ നിന്നും നിർദ്ദേശിക്കപ്പെടുന്ന

വനിതാ യൂണിറ്റുകളും സ്ഥലവും

| ക്രമ നമ്പർ | യൂണിറ്റ് | നിർദ്ദേശിക്കപെടുന്ന സ്ഥലങ്ങൾ |
|---|---|---|
| 1 | ടൈലറിംഗ് റെഡിമെയ്ഡ് എംബ്രോയ്ഡറി | തിരുവാലി, സ്കൂൾപടി,നടുവത്ത്,ചക്കരക്കാട്ടുക്കുന്ന ആക്കലക്കുന്ന്, കോഴിപറമ്പ്, പാമ്പാടിക്കുന്ന്, പുളക്കൽ. |
| 2 | വാഴനാര് ഉൽപന്നങ്ങൾ, കയർ ഉൽപന്നങ്ങൾ പായ നെയ്ത്ത് | കോഴിപറമ്പ്, പാമ്പാടിക്കുന്ന്,തങ്കായം,തിരുവാലി സ്കൂൾപടി. തൃക്കേപറ്റ ഹരിജൻ കോളനി |
| 3 | കറിപൗഡർ, അച്ചാർ, കുത്തരിപായ്ക്കറ്റ്, സ്ക്വാഷ്, ജാം, ചക്കഉല്പന്നങ്ങൾ. | തിരുവാലി സ്കൂൾപടി, ഇല്ലത്തകുന്ന്, ഏലിയാക്കോട്, കൂരിയാടൻ പൊയിൽ |
| 4 | സോപ്പ്. | വട്ടർപറമ്പ്, മേലങ്ങാടി, ക്ഷാരത്തക്കുന്ന് പുന്നപ്പാല സോപ്പ് യൂണിറ്റിന് വൈദ്യുതി, വെള്ളം, എന്നീ സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുക |
| 5 | ചെരിപ്പ് | തിരുവാലി സ്കൂൾ പടി, നടുവത്ത് പടകാളി പറമ്പ്, എറിയാട് പള്ളി പ്പടി |
| 6 | കൂൺ കൃഷി | പാമ്പാടികുന്ന്, ചേരിക്കുന്ന്, പുന്നപ്പാല, കോഴിപറമ്പ്, പന്തക്കളം, ചേന്തംക്കുളങ്ങര. |
| 7 | കോഴിവളർത്തൽ | തിരുവാലി സ്കൂൾ പടിയിലും എല്ലാ വാർഡ് തോറും |
| 8. | ആടു വളർത്തൽ | തായംകോട്, കട്ടേക്കാട്, മാടശ്ശേരി,ചക്കുംകണ്ടി, ആനപ്പാറ, എറിയാട്. |
| 9. | പുഷ്പകൃഷി, ഔഷധസസ്യകൃഷി. | പൂളക്കൽ, പുന്നപ്പാല, ചേരിക്കുന്ന്. |
| 10 | STD ബൂത്ത് | പത്തിരിയാൽ, തിരുവാലി,കുളക്കാട്ടിരി, നടുവത്ത് തിരുവാലി, സ്കൂൾപടി എറിയാട്. |
| 11 | പ്ളാസ്ററിക്ക് ഉൽപന്നങ്ങൾ | വാർഡ്തോറും നടപ്പിലാക്കുക. |
| 12 | നെയ്ത്ത്, നൂൽനൂൽപ്പ് | പത്തിരിയാൽ സ്പിന്നിങ്ങ് മിൽ ചാത്തക്കാട്, വാളോർങ്ങൽ |
| 13 | പേപ്പർ കവർ യൂണിറ്റ് | മണ്ണൂർക്കര നൂൽനൂൽപ്പ് കേന്ദ്രത്തിന്ന് സമീപം. |
| 14 | സഹകരണ പ്രിൻറിങ്ങ് പ്രസ്സ് | തിരുവാലിടൗൺ. |
| 15 | പപ്പടയൂണിറ്റ് | കോഴിപറമ്പ്, നടുവത്ത് പുത്തൻപൊയൽ |



# 4- 10 സഹകരണം

ഏഴു പതിറ്റാണ്ടിൻെറ ചരിത്രമാണ് സഹകരണ പ്രസ്ഥാനത്തിന് തിരുവാലി പഞ്ചായത്തിനുള്ളത്. വനിതാ സഹകരണ പ്രസ്ഥാനത്തിൻെറ ചരിത്രവും കൂടി തിരുവാലി പഞ്ചായത്തിന്നുണ്ടെന്നുള്ളത് അഭിമാനിക്കാവുന്ന നേട്ടങ്ങളാണ്.

തിരുവാലി, പുന്നപ്പാല എന്നീ രണ്ടംശങ്ങൾ കൂടിച്ചേന്നതാണ് ഇന്നത്തെ തിരുവാലി വില്ലേജ്. മേൽപറഞ്ഞ രണ്ടംശങ്ങളിൽ കർഷകരെ കാർഷികോൽപാദന ചിലവിന് സഹായിക്കാനായി തുടങ്ങിയ രണ്ടു ഐക്യ നാണയ സഹകരണ സംഘങ്ങളാണ് രണ്ടു സർവ്വീസ് സഹകരണ ബേങ്കായി ഉയർന്നത്.

തിരുവാലി പഞ്ചായത്തിൽ രണ്ടു സഹകരണ ബാങ്കുകൾ സ്ഥാപിതമാകാനുള്ള കാരണം രണ്ടു വില്ലേജുകളിലായി രണ്ടു ഐക്യ നാണയ സഹകരണ സംഘങ്ങൾ ആരംഭിച്ചതാണ്. 8 - 6 - 1928ന് നടുവത്ത് ആസ്ഥാനമായി തുടങ്ങിയ ഐക്യനാണയ സഹകരണ സംഘം 3 - 1 -1974 ൽ പുന്നപ്പാല സർവ്വീസ് സഹകരണ ബേങ്കായും, 22 - 8 - 1949 ൽ തിരുവാലി ആസ്ഥാനമായി തുടങ്ങിയ ഐക്യ നാണയ സഹകരണ സംഘം 1- 7- 1965 ൽ തിരുവാലി സർവീസ് സഹകരണ ബാങ്കായും പ്രവർത്തനം ആരംഭിച്ചു.

വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി കോഴിപറമ്പിൽ 1955- 56 വർഷത്തിൽ വനിതകളുടെ നേതൃത്ത്വത്തിൽ നെല്ലുകുത്ത് സഹകരണ സംഘവും പ്രവർത്തനമാരംഭിച്ചു. എന്നാൽ ക്രമേണ ഇതിൻെറ പ്രവർത്തനം നിലക്കുകയാണ് ഉണ്ടായത്.

പുന്നപ്പാല ഐക്യനാണയ സംഘം സ്ഥാപിക്കുന്നതിന് പി. കരുണാകരൻ നായർ, പി.പി.ഹൈദ്രു, മുതുക്കാട്ട് ശങ്കരൻ നായർ, രാമൻ നായർ എന്നിവരാണ് നേതൃത്വം നൽകിയത്. പുന്നപ്പാല സർവീസ് സഹകരണ ബാങ്കിൻെറ ആദ്യത്തെ ഭരണ സമിതി അംഗങ്ങൾ മച്ചിങ്ങൽ കുഞ്ഞിമുഹമ്മദ്, പി.പി. വീരാൻകുട്ടി, എം. ഗോവിന്ദൻ, പി. അബ്ദുറഹ്മാൻ, ഇ. അയ്യപ്പൻ, പി. കുമാരൻനായർ, സി. അബ്ദുൾ വഹാബ് എന്നിവരായിരുന്നു.

തിരുവാലി ഐക്യ നാണയ സഹകരണ സംഘം സ്ഥാപിക്കുന്നതിന് പന്നിക്കോട്ട് കരുണാകരമേനോൻ,പാറയ്ക്കൽ അപ്പുനായർ എന്ന കണ്ടരുനായർ, പി. വി. ശേഖരവാരിയർ, പി. വി. ഗോവിന്ദവാരിയർ, പി. കുമാരമേനോൻ എന്നിവരാണ് നേതൃത്വം നൽകിയത്. 1965 ൽ സർവ്വീസ് ബാങ്കായി മാറിയപ്പോഴുള്ള ഭരണ സമിതി അംഗങ്ങൾ പി. വേലായുധൻ നായർ, പി. കുട്ട്യസ്സൻ, മാനവിക്രമരാജ,

കെ. ഉണ്ണിപണപോക്കർ, പി. മാധവൻനായർ എന്നിവരായിരുന്നു.

തിരുവാലി പഞ്ചായത്തിലെ വോട്ടവകാശമുള്ളവരിൽ 75 %വും രണ്ടു സംഘങ്ങളിലുമായി മെമ്പർമാരാണ്. ഇത് സഹകരണ പ്രസ്ഥാനത്തിൽ ജനങ്ങൾക്കുള്ള താൽപ്പര്യവും ആവേശവുമാണ് കാണിക്കുന്നത്. 1965 ൽ തിരുവാലി ഐക്യനാണയ സഹകരണസംഘം തിരുവാലി സർവീസ് സഹകരണ ബാങ്കായി മാറിയപ്പോൾ 1974 ലാണ് പുന്നപ്പാല ഐക്യ നാണയ സഹകരണ സംഘം പുന്നപ്പാല സർവീസ് സഹകരണ ബാങ്കായി മാറിയിട്ടുള്ളത്.

നെല്ലുൽപാദനം മാത്രം വയലിൽ കാർഷികവൃത്തി ആയിരുന്ന കാലത്ത് പാട്ടം, മിച്ചവാരം എന്നിവയിൽ കൂടെ കർഷകരെ ചൂഷണം ചെയ്തിരുന്ന ജൻമിമാർ നെല്ലുൽപ്പാദന ചിലവിലേക്ക് വിത്തായും പണമായും നൽകിവന്നിരുന്ന സാമ്പത്തിക സഹായത്തിലും ചൂഷണം നടത്തിയിരുന്നു. ഉൽപാദന ചിലവിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനാണ് 68 വർഷം മുമ്പ് നടുവത്തും 47 വർഷം മുൻപ് തിരുവാലിയിലും ഓരോ സഹകരണ സംഘങ്ങൾ രൂപീകൃതമായത്. സംഘങ്ങളുടെ സാമ്പത്തിക ശേഷി വളരെ പരിമിതമായിരുന്നെങ്കിലും, ഒരു പരിധിവരെ കൃഷിക്കാരെ സഹായിക്കാൻ മേൽപ്പറഞ്ഞ രണ്ട് സഹകരണ സംഘങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്.

പട്ടിക ജാതി വിഭാഗത്തിൻെറ മാത്രം സാമ്പത്തി വളർച്ച ലക്ഷ്യമാക്കിക്കൊണ്ട് 1985 ൽ തിരുവാലിയിൽ പട്ടിക ജാതി സർവീസ് സഹകരണ ബാങ്ക് സ്ഥാപിതമായി.

1987 ൽ തായംകോടും, 1992 - 93 എന്നീ വർഷങ്ങളിലായി പുന്നപ്പാല, തിരുവാലി, പത്തരിയാൽ എന്നിവിടങ്ങളിലായി 4 ക്ഷീരോൽപാദക സഹകരണ സംഘങ്ങളും രൂപീകൃതമായി. കറവ പശു വളർത്തൽ കുടുംബനാഥൻെറ സഹകരണത്തോടെ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാൻ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും അഭിവൃദ്ധിക്കായി 1987 - 1991 കാലഘട്ടത്തിലെ സാമൂഹ്യക്ഷേമവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ടി. ശിവദാസ മേനോൻ കൊണ്ടുവന്ന പ്രത്യേക പദ്ധതി DWCRA മലപ്പുറം ജില്ലയിൽ നടപ്പാക്കിയതാണ് ഈ സംരംഭത്തിന് ആക്കം കൂട്ടുവാൻ ഇടയാക്കിയത്. DWCRA യൂണിറ്റടിസ്ഥാനത്തിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രൂപീകരിക്കപ്പെടുന്ന സംഘത്തിലെ അംഗങ്ങളിൽ പട്ടികജാതിവിഭാഗങ്ങളിൽ പെടുന്നവർക്ക് 50% വും, മറ്റു വിഭാഗങ്ങളിൽ പ്പെടുന്നവർക്ക് 1/3 സബ്സിഡിയും നൽകിവരുന്നു.കൂടാതെ സീസണിൽ കാലിക്കീറ്റ ശേഖരിക്കുന്നതിനായി പലിശയെല്ലാതെ റോളിംങ് റിസോഴ്സ് ഫണ്ട് 10,000 രൂപ വരെ നൽകി വരുന്നു ഈ ആനുകൂല്യങ്ങൾ കറവപ്പശുക്കളെ വളർത്തുന്ന കൃഷിയിലേക്ക് സ്ത്രീകളെ ആകർഷിക്കുവാനും കാരണമായി.

നടുവത്ത് ആസ്ഥാനമായി വ്യവസായ വകുപ്പിൻെറ കീഴിൽ ഒരു കൈത്തറി നെയ്ത്ത് സഹകരണ സംഘവും, ഖാദിബോർഡിൻെറ കീഴിൽ സഹകരണ വേഖലയിൽ ഒരു ഓട്ടു കമ്പനിയും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിൽ കൈത്തറി നെയ്ത്ത് സഹകരണ വ്യവസായ സ്ഥാപനങ്ങത്തിൽ വർഷംതോറും 15 വനിതകൾക്ക് സ്റ്റൈപ്പൻേറാട് കൂടി തൊഴിൽ പരിശീലനവും നൽകിവരുന്നു.

<u>സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ</u>

പുന്നപ്പാല സർവീസ് ബാങ്ക്

പുന്നപ്പാല സർവീസ് സഹകരണ ബാങ്കിൻെറ പ്രവർത്തന മേഖല തിരുവാലി വില്ലേജിൻെറ ഭാഗമായിരുന്ന പഴയ പുന്നപ്പാല അംശമാണ്. തിരുവാലി പഞ്ചായത്തിൻെറ 5,6,7,8,9,10 വാർഡുകൾ ഉൾപ്പെടുന്നതാണ് ഈ പ്രദേശം. 3,225 അംഗങ്ങളുള്ള ഈ ബാങ്കിൻെറ പിരിഞ്ഞു കിട്ടിയ മൂലധനം 4,94,617 രൂപയാണ്. ഓഹരി ഒന്നിന് 5ക വിലയുള്ള ഈ സ്ഥാപനത്തിൻെറ അംഗീകൃത ഓഹരി മൂലധനം 6,55,000-- രൂപയാണ്. പുന്നപ്പാല ഐക്യനാണയ സഹകരണ സംഘം 1928 ൽ സ്ഥാപിക്കുമ്പോൾ 1 ക ആയിരുന്നു ഓഹരി വില. സർക്കാർ വക ഓഹരി ഒന്നും തന്നെ ഈ ബാങ്കിന് ലഭിച്ചിട്ടില്ല. ഓണക്കാലത്ത് വില നിലവാരം പിടിച്ചു നിർത്തുന്നതുന് അരി. പഞ്ചസാര, പച്ചക്കറി മുതലായവ കോഴിപ്പറമ്പ്, പൂളക്കൽ, നടുവത്ത് എന്നീസ്ഥലങ്ങളിലായി ജനപങ്കാളിത്തത്തോടെ കച്ചവടം ചെയ്ത് വരാറുണ്ട്. ആൾ ജാമ്യത്തിൻമേൽ2000കയും സ്വത്ത് ജാമ്യത്തിന് മേൽ 25000 കയും അംഗങ്ങൾക്ക് വായ്പ നൽകിവരുന്നു. നിക്ഷേപം, വായ്പ എന്നിവയുടെ സ്ഥിതിവിവരക്കണക്കുകൾ പട്ടികയായി ചേർത്തിട്ടുണ്ട്.

ബാങ്കിന് സ്വന്തമായി നടുവത്ത് അങ്ങാടിയിൽ 15 സെൻറിൻേറയും, 5 സെൻറിൻേറയും 2 പ്ളോട്ടുകൾ ഉണ്ടെങ്കിലും സ്വന്തമായി കെട്ടിടമില്ല. നടുവത്ത്

അങ്ങാടിയിൽ 700 ചതുരശ്ര അടിവിസ്ഥീർണ്ണമുള്ള ഒരു വാടകക്കെട്ടിടത്തിലാണ്. പ്രവർത്തിച്ചുവരുന്നത്. നാല് ജീവനക്കാരുള്ള ബാങ്കിൻെറ പ്രവർത്തനച്ചിലവ് ഒരുവർഷം 3,17,900/ രൂപയാണ്. ഏഴംഗ ഭരണ സമിതിയാണ് ബാങ്കിൻെറ ബൈലൊ പ്രകാരം നിലവിലുള്ളത്. സ്ഥല സൗകര്യമില്ലായ്മ ഇടപാടുകാർക്ക് പ്രയാസങ്ങൾ ഉണ്ടാക്കുന്നതോടൊപ്പം ബാങ്ക് റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും മറ്റും പ്രയാസം അനുഭവപ്പെടുന്നു. ജീവനക്കാരുടെ എണ്ണത്തിലെ കുറവും പ്രയാസങ്ങൾ ഉണ്ടാക്കുന്നു.

## തിരുവാലി സർവീസ് സഹകരണ ബങ്ക്

തിരുവാലി അങ്ങടിയിൽ തന്നെ സ്വന്തമായിട്ടുള്ള കെട്ടിടത്തിലാണ് ബാങ്ക് പ്രവർത്തിച്ചു വരുന്നത്. ഇരുനിലക്കെട്ടിടത്തിൻെറ മുകളിലെ ഭാഗം ഒരു ഹാളായി ഉപയോഗിക്കാമെന്നുള്ളതുകൊണ്ട് ഔദ്യോഗികവും അനൗദ്യോഗികവുമായ പല സമ്മേളനങ്ങളും ഈ ഹാളിൽ വെച്ച് നടക്കുന്നു. ഓഹരി ഒന്നിന് 5 രൂപ വിലയുള്ള ബാങ്കിലെ മെമ്പർമാർ 5049-ഉം പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 8,89,310 രൂപയുമാണ്. ബാങ്കിൻെറ അംഗീകൃത മൂലധനം 9,00,000 രൂപയാണ്. വളം, കീടനാശിനി എന്നിവ കൃഷിക്കർക്കായി കൊടുക്കുന്നതിന് ബാങ്കിൻെറ ആഭിമുഖ്യത്തിൽ മൂന്ന് രാസവള ഡിപ്പോ പ്രവർത്തിക്കുന്നു. അതിൽ ഒന്ന് ബാങ്കിൻെറ കോമ്പൗണ്ടിൽ തന്നെ സ്ഥിതി ചെയ്യുന്ന മറ്റൊരു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു തുണി വിൽപ്പന ശാല ബാങ്കിൻെറ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും 1988 ൽ നടന്ന ഒരു കവർച്ചയെ തുടർന്ന് അതിൻെറ പ്രവർത്തനം നിലച്ചു. ഇന്നും പ്രസ്തുത കവർച്ചാ കേസ് കോടതിയിൽ നടന്നു വരികയാണ്. അതുപോലെതന്നെ തുടർച്ചയായുള്ള നഷ്ടം വന്നത് കൊണ്ട് പത്തിരിയാലിൽ പ്രവർത്തിച്ചുവന്നിരുന്ന കൺസ്യൂമർ സ്റ്റോറിൻെറ പ്രവർത്തനവും ബാങ്ക് അവസാനിപ്പിച്ചു. ഒമ്പതംഗ ഭരണ സമിതിയിലുള്ള ഈ ബാങ്കിൽ 10 ജീവനക്കാരുണ്ട്. ബാങ്കിൻെറ ഒരു വർഷത്തെ പ്രവർത്തന ചിലവ് 8,60,000 രൂപ വരും. ബാങ്കിൻെറ നിക്ഷേപവും വായ്പയും സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ പട്ടികയായി ചേർത്തിട്ടുണ്ട്. (പട്ടിക 1 നോക്കുക)

1,00,000 സർക്കാർ ഓഹരിയുള്ള ഈ ബാങ്ക് രണ്ടാൾ ജാമ്യത്തിന്മേൽ 5000/കയും,വസ്തു പണയത്തിന്മേൽ 50,000/-കയും വായ്പയായി നൽകി വരുന്നു.-

കാർഷിക മേഖലയിലെ ഉത്പാദന വർദ്ധനവിന് വേണ്ടത്ര സഹായം നൽകാൻ രണ്ടു സഹകരണ ബാങ്കുകൾക്കും കഴിയുന്നില്ലെന്ന് പട്ടിക നോക്കിയാൽ മനസ്സിലാക്കാവുന്നതാണ്. നേന്ത്രവാഴകൃഷിയ്ക്ക് മാത്രമാണ് രണ്ടു സഹകരണ ബാങ്കുകളും വായ്പ നൽകിയിട്ടുള്ളത്. ഇതിനുള്ള കാരണം ഏക്കർ ഒന്നിന് മറ്റു കാർഷിക വിളകൾക്കു കിട്ടുന്നതിനേക്കാൾ കൂടുതൽ സംഖ്യ നേന്ത്രവാഴ കൃഷിക്ക് ലഭിക്കുന്നു എന്നുള്ളതാണ്. രണ്ടു സർവീസ് സഹകരണ ബാങ്കുകളും ജില്ലാ ബാങ്കിൽ നിന്നും ലഭിക്കുന്ന കാർഷിക കടം മാത്രമെ കൃഷിക്കാർക്ക് വായ്പയായി നൽക്കുന്നുള്ളൂ. സ്വന്തം നിഷേപങ്ങൾ കൂടിയ പലിശ നിരക്കിന് സ്വർണ്ണപണയത്തിനുമേലും മറ്റു വായ്പകൾക്കുമാണ് ഉപയോഗിക്കുന്നത്. പുന്നപ്പാല സർവീസ് സഹകരണ ബാങ്ക് വിതരണം ചെയ്ത കാർഷിക കടത്തിൻെറ 10% അവധിതെറ്റികിടക്കുമ്പോൾ 20% മാണ് തിരുവാലി സർവീസ് സഹകരണ ബാങ്ക് നൽകിയ വായ്പയിൽ അവധി തെറ്റി കിടക്കുന്നത്. ( പട്ടിക നോക്കുക)

ചെറുകിട വ്യവസായങ്ങൾക്ക് വായ്പ നൽകുന്ന പദ്ധതിയൊന്നും തന്നെ രണ്ടു സഹകരണ ബാങ്കുകളിലും നിലവിലില്ല.

പ്രവർത്തനചിലവ വഹിക്കുന്നതിനനുസരിച്ചുള്ള വായ്പ നൽകുന്നതിനായുള്ള നിക്ഷേപം ബാങ്കുകൾക്ക് ഇല്ലാത്തതുകൊണ്ട് രണ്ടു ബാങ്കുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സമ്പന്നരുടെ ഇടയിലെ ഒരു വിഭാഗം ആൾക്കാർ സഹകരണ ബാങ്കിൽ നിക്ഷേപം സുരക്ഷിതമല്ലെന്ന് വിശ്വസിക്കുന്നു. പൊതുവെ ജനങ്ങളുടെ സഹകരണം നിക്ഷേപങ്ങളിൽ ലഭിച്ചുവരുന്നുണ്ട്.

കാർഷിക മേഖലയിലേക്ക് വേണ്ടത്ര വായ്പ കൊടുക്കുവാൻ തുക ഇല്ലാത്തതുകൊണ്ട് തിരുവാലി പഞ്ചായത്തിലെ ഒരു വിഭാഗം കൃഷിക്കാർ, സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൻെറ പത്തിരിയാൽ ശാഖയേയും, തിരുവാലി പഞ്ചായത്തിൻെറ അടുത്ത പ്രദേശമായ വണ്ടൂരിലുള്ള കാനറാ ബാങ്ക് ശാഖയേയും എറനാട്ട് കാർഷിക വികസന ബാങ്കിനേയും ആശ്രയിച്ചുവരുന്നു . കാർഷികേതരവും ചെറുകിട

വ്യവസായങ്ങൾക്കും വേണ്ടിയുള്ള വായ്പയ്ക്കും മേൽ പറഞ്ഞ ബാങ്കുകളെയാണ് ആശ്രയിക്കുന്നത്.

സ്വത്തു പണയമായി വായ്പ നൽകുമ്പോൾ പണയമായി കൊടുക്കുന്ന വസ്തു ബാങ്കിന് പണയാധാരം രജിസ്റ്റർ ചെയ്തു കൊടുക്കണമെന്നുള്ളതു കൊണ്ട് കൃഷിക്കാരെ സംബന്ധിച്ചു പ്രയാസങ്ങൾ അനുഭവപ്പെടുന്നു. ആൾ ജാമ്യത്തിൻ മേൽ വായ്പ വാങ്ങുമാകണുമെങ്കിൽ രണ്ടു പേർ ജാമ്യം നിൽക്കണമെന്ന വ്യവസ്ഥ വായ്പ വാങ്ങുന്നവരേയും ജാമ്യം നിൽക്കുന്നവരേയും ഒരു പൊലെ വിഷമിപ്പിക്കുന്നു

സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പാസൗകര്യം ബാങ്കുകളിൽ ലഭ്യമല്ല. ഐ.ആർ.ഡി. പി പദ്ധതിയിൽ തന്നെ കടം അനുവദിക്കുന്നതിൽ ബാങ്കുകൾക്ക് താല്പര്യകുറവുണ്ട്. സ്വന്തമായി സ്ഥലമില്ലാത്തവർ സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയുന്നതിന് വായ്പ ലഭിക്കന്നതിന് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.

## പട്ടികജാതി സർവ്വീസ് സഹകരണ ബാങ്ക്

പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് തൊഴിൽ വർദ്ധിപ്പിക്കുന്നതിനായി പ്രവർത്തനം ആരംഭിച്ച ഈ ബാങ്കിൻെറ ഇന്നത്തെ പ്രവർത്തനം, പൊതു ചടങ്ങുകൾക്കാവശ്യമായ തുണി പന്തൽ, കസേര, മേശ, പാത്രങ്ങൾ, സ്പ്രേയർ മുതലായവ വാടകയ്ക്ക് കൊടുക്കുന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

## ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

പത്തിരിയാൽ, തിരുവാലി, പുന്നപ്പാല, തായംകോട്, എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന 4 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങളില്ല. പുന്നപ്പാല സംഘവും തായംകോട് സംഘവും കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം വാങ്ങിയിട്ടുണ്ട്. സംഘങ്ങൾ കെട്ടിട നിർമ്മാണ ഫണ്ടായി ഉറുപ്പികയ്ക്ക് രണ്ടു പൈസാ തോതിൽ അംഗങ്ങളിൽ നിന്നും ശേഖരിച്ചു വരുന്നുണ്ട്. സംഘങ്ങളുടെ രൂപികരണവും പ്രവർത്തനവും സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ സഹായകമാകുന്നു.

ഉല്പന്നത്തിൻെറ വിലയും, ഉൽപ്പാദന ചിലവും താരതമ്യം ചെയ്യുമ്പോൾ കറവ പശുക്കളെ വളർത്തുന്ന കൃഷി നിലച്ചു പോകാൻ സാധ്യതയുണ്ട്. പുല്ലിൻെറ ക്ഷാമം വയ്ക്കോൽ കിട്ടായ്യകയും വില കൂടുതലും കടലപിണ്ണാക്കിൻെറയും മറ്റു കാലിത്തീറ്റകളുടേയും ദിനം പ്രതിയുള്ള വിലക്കയറ്റവും കറവപശുക്കളെ വളർത്തുന്നവരെ വളരെ വിഷമിപ്പിക്കുന്നു.

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ മിൽമയുടെ കാലിത്തീറ്റ ചില അവസരങ്ങളിൽ വിറ്റു വരുന്നുണ്ട് മഴക്കാലത്ത് പഞ്ചായത്ത് റോഡിലൂടെയുള്ള വാഹന ഗതാഗതം അസാധ്യമാകുമ്പോൾ പുന്നപ്പാല,താഴംകോട് എന്നീ സംഘങ്ങളിൽ ശേഖരിക്കുന്ന പാൽ വിറ്റഴിക്കപ്പെടുവൻ പ്രയാസം നേരിടുന്നുണ്ട്.

സംഘത്തിൻെറ സ്വന്തം ചിലവിൽ പാൽ മിൽമ ശേഖരിക്കുന്ന സ്ഥലതെത്തിക്കേണ്ടി വരുന്നു. വാഹന ബന്ദ് ദിവസങ്ങളിൽ സംഘം ശേഖരിക്കുന്ന പാൽ വിറ്റഴിക്കപെടാതെ ബുദ്ധിമുട്ടുന്ന അവസരങ്ങളും ഉണ്ട് .സംഘങ്ങൾ കേന്ദ്രമാക്കി കൃഷിക്കാർക്ക് ബോധവൽകരണ ക്ളാസുകൾ നടത്തിവരുന്നുണ്ട്. ഇതിനായി ഡയറി ഡിപ്പാർട്ടുമെൻറ്റിൻെറ സഹായം ലഭ്യമാണ്.(സംഘങ്ങളെ സംബന്ധിച്ചുള്ള വിവരണ പട്ടിക നോക്കുക)

## പരിഹാര നിർദ്ദേശങ്ങൾ :- സഹകരണബാങ്കുകൾ

1. പ്രഥമിക സഹകരണ സംഘങ്ങൾക്ക് ജില്ലാ [illegible]25% കാർഷിക മേഖലയിലേക്ക് തിരിച്ചുവിടണം. പഞ്ചായത്ത്, കൃഷി ഭവൻ എന്നവയുമായി യോജിചച് കാർഷിക മേഖലയിൽ ഉത്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സാഹായകരമാംവിധം പ്രവർത്തിക്കണം കാർഷിക ഉല്പാദനത്തിനായി തങ്ങൾ നൽകുന്ന വായ്പ ആവശ്യപ്പെട്ട മേഖലയിൽ തന്നെയാണ് വിനിയോഗിക്കുന്നതെന്ന് ഉറപ്പുവെരുത്തണം

2. രാസവളങ്ങൾ, കീടനാശിനി എന്നിവ ലഭ്യമാക്കുന്നതിന് കൃഷിഭവനുമായി യോജിച്ചുകൊണ്ട് വിതരണ, വിൽപ്ന മേഖലകൾ (ഡിപ്പോകൾ) തുറക്കണം

3. സ്വന്തമായി ഭൂമിയില്ലാത്തവർ പാട്ടത്തിനായി ഏറ്റെടുക്കുന്ന സ്ഥലത്ത് കൃഷി ചെയ്യുന്നതിന് വായ്പ നൽകാൻ സന്നദ്ധത കാണിക്കണം.

4. വസ്തു പണയത്തിൻമേൽ വായ്പ അനുവദിക്കുന്നതിന് പണയ വസ്തു സംഘത്തിന് രജിസ്റ്റർ ചെയ്തു നൽകണമെന്ന വ്യവസ്ഥ മാറ്റി ദേശസാൽകൃത ബാങ്കുകളുടെ സമ്പ്രദായം നടപ്പിലാക്കണം ( Equitable Mortgage - Titile Deed Deposit)

5. തങ്ങളുടെ നിഷേപത്തിൻെറ 25% ചെറുകിട വ്യവസായങ്ങൾക്കും സ്വയം തൊഴിൽ പദ്ധതിക്കുമായി ദീർഘകാല വായ്പകൾ നൽകണം. അല്ലെങ്കിൽ ക്യാഷ് ക്രെഡിറ്റ് സമ്പ്രദായം നടപ്പിലാക്കണം.

6. ബാങ്കുകൾ 25% ഫ്ളൂയിഡ് റിസോഴ്സ് ഫണ്ടു സമ്പ്രദായം ക്രത്യമായി പാലിക്കണം.

7. തങ്ങളുടെ നിഷേപത്തിൻെറ 25% കാർഷിക വ്യാവസായികേതര വായ്പകൾക്കായി വിനിയോഗിക്കണം. ഇത്തരത്തിലുള്ള വായ്പകളിൽ വീട്ടുപകരണങ്ങൾക്കുള്ള വായ്പയൊഴിച്ചുള്ളവ ഹ്രസ്വകാല വായ്പയാക്കണം.(12 മാസം)

8. ബാങ്ക് നൽകുന്ന കാർഷികവായ്പക്ക് കൃഷിഭവൻ മുഖേനയും വ്യാവസായിക വായ്പക്ക് ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറ് മുഖേനയും ഇൻഷുറൻസ് സമ്പ്രദായം നടപ്പിലാക്കണം.

9. ബാങ്കിൻെറ പ്രവർത്തന ചിലവു വരുന്ന മുറക്കനുസരിച്ച് വരുമാനം കൂട്ടുന്നതിന് നിഷേപം വർദ്ധിപ്പിക്കണം.

10. കാർഷിക സെമിനാറുകളിലും വ്യവസായിക സെമിനാറുകളിലും സഹകരണ പ്രസ്ഥാനത്തിൻെറ പ്രസക്തിയെകുറിച്ചുള്ള ബോധവൽക്കരണ ക്ളാസുകൾ നടത്തുക.

## പട്ടിക ജാതി സഹകരണ ബാങ്ക്

പ്രവർത്തന മൂലധനം സ്വരൂപിച്ചു കൊണ്ടുള്ള പരമ്പരാഗതമായ വ്യവസായങ്ങളിലൂടെ (കുട്ടനെയ്ത്ത്, പായ നെയ്ത്ത്, മണ്ണ് പാത്രനിർമ്മാണം മുതലായവ) പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനാവശ്യമായ വായ്പ നൽകണം.

## ക്ഷീരോദ്പാദക സഹകരണ സംഘങ്ങൾ

സംഘങ്ങൾ പാൽ അളന്ന് ശേഖരിക്കുന്നതിനും ഓഫീസ് മുറിയായി ഉപയോഗിക്കുന്നതിനും, പിണ്ണാക്ക്, കാലിതീറ്റ എന്നിവ വിൽക്കുന്നതിനും സൗകര്യമുള്ള രീതിയിൽ സ്വന്തമായി കെട്ടിടംനിർമ്മിക്കണം. കെട്ടിടത്തിനാവശ്യമായ സ്ഥലം ജനപങ്കാളിത്തത്തോടെ ലഭ്യമാക്കുകയും കെട്ടിടനിർമ്മിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിൻെറയും പഞ്ചായത്തിൻെറയും സഹായം തേടുകയും വേണം. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കറവ പശുക്കളെ വളർത്തുന്നതിന് മൃഗസംരഷണ വകുപ്പുമായും ഡയറി ഡിപ്പാർട്ട്മെൻറ്മായും ബന്ധപ്പെട്ട സംഘത്തിൻെറ പ്രവർത്തന മേഖലയിലെ കൃഷിക്കാരെ പ്രേരിപ്പിക്കുക. കന്നുകാലി തീറ്റ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് പാൽ ഉൽപാദകരെ സഹായിക്കണം.കൃഷി വകുപ്പിൻെറ സഹായത്തോടെ ജൈവ വള പ്രയോഗത്തിന് മറ്റു മേഖലകളിലെ കൃഷിക്കാരെ പ്രേരിപ്പിക്കണം. നെൽ വയലുകൾ നികുത്തുന്നവർക്കെതിരെ നടപടി സീകരിക്കുവാൻ കൃഷി ഭവനിലും പഞ്ചായത്തിലും സർക്കാരിലും സമ്മർദ്ദം ചെലുത്തുക. പാൽ ഉത്പാദകരിൽ നിന്നും പാല് വീടുകളിൽ പോയി ശേഖരിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാക്കണം.

സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും വേണ്ട സഹായങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനം നടത്തണം. മൃഗ സംരക്ഷണ വകുപ്പിൻെറ സഹായത്തോടെ കന്നുകുട്ടി പരിപാലനത്തിനും രോഗപ്രതിരോധ നടപടികൽക്കും നേതൃത്വം നൽകണം.

സംഘത്തിൻെറ ഭരണസമിതിയിലെ അംഗങ്ങളും കൃഷി, മൃഗസംരക്ഷണം, ഡയറി എന്നീ വകുപ്പുകളുടെ പ്രതിനിധികളും,കർക്ഷക. സംഘടനകളുടെ പ്രതിനിധികളും എന്നിവ ചേർന്ന് ഒരോ സംഘത്തിനും പഞ്ചായത്തിൻെറ സഹകരണത്തോടെ ഉപദേശ സമിതി രൂപീകരിക്കുക.

നിലവിലുള്ള നാലു സംഘങ്ങളും ചേർന്ന് തിരുവാലി പഞ്ചായത്തിലേക്കാവശ്യമായ കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഫാക്ടറി സ്ഥാപ്പിക്കണം. ഇങ്ങനെ സ്ഥാപ്പിക്കുന്ന ഫാക്ടറിയുടെ ഓഹരി ഉടമകൾ സംഘങ്ങളിലെ

മെംബർമാർ മാത്രമായിരുക്കുകയും വേണം

സീസണിൽ പുല്ല്, വൈക്കോൽയെന്നിവ ശേഖരിക്കുന്നതിന് സംഘങ്ങൾ പലിശ രഹിത സഹായം നൽകണം. അടുത്ത സീസൺ വരുമ്പോഴേക്കും ധനസഹായം തിരിച്ചുപിടിച്ചു പൂർത്തിയാക്കണം.

ഒരോ സംഘങ്ങളും കേന്ദ്രമാക്കി മാസത്തിൽ ഒരിക്കൽ മൃഗ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മൃഗങ്ങളുടെ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുക. ആരോഗ്യ പരിപാലനത്തിനുള്ള മരുന്നുകൾ മൃഗാസ്പത്രികളിൽ സൗജന്യമായി ലഭ്യമാകണമെന്ന് ഉറപ്പുവരുത്തണം.

പ്രതിദിനം 500 ലിറ്റർ പാലെങ്കിലും ക്രയവിക്രയ നടത്തുന്നതിന് ഒരോ സംഘവും പ്രാപ്തരാകണം

## ഓട്, കൈത്തറി നെയ്ത്ത് സഹകരണ സംഘം

ഇവയെ സംബന്ധിച്ച് വ്യവസായ മേഖലയിൽ പരാമർശിക്കുന്നതുകൊണ്ട് ഇവിടെ പരാമർശിക്കുന്നില്ല.

പ്രാഥമിക മേഖലയെ സംപുഷ്ടമാക്കുന്നതിന് സഹകരണ മേഖല വർദ്ധിച്ച ജനപങ്കാളിത്തതോടെ ശക്തമാക്കണം. ആയതിന് സഹകരണ വകുപ്പിന്റെ സഹകരണവും ഉറപ്പാക്കണം.

## തൊഴിൽ സാധ്യതകൾ

ക്ഷീരോൽപാദക സംഘങ്ങൾ പാലിന്റെ ബൈപ്രോഡക്ട്സ് നിർമ്മാണ യുണിറ്റുകൾ തുടങ്ങി തിരുവാലി, നടുവത്ത് മേഖലയിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കണം.

വനിതകളുടെ സഹകരണസംഘം രൂപീകരിച്ച് പാലട, ചക്കവരട്ടിയത്, ചക്കവറവ്, കണ്ണിമാങ്ങ, ചെത്തിമാങ്ങ നെല്ലിക്കാ അച്ചാർ നിർമ്മാണവും വിപണനവും നടത്തണം. മേൽ പറഞ്ഞവയുടെ നിർമ്മാണം DWCRA യൂണിറ്റ് അടിസ്ഥാനത്തിലും നടത്തണം.

സാധ്യതകളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വനിതാ ക്ഷേമ മേഖലയിലും വ്യവസായ മേഖലയിലും പ്രതിപാതച്ചിട്ടുള്ളതിനാൽ സഹകരമമേഖലയിൽ പ്രതിപാദിക്കുന്നില്ല.



## പ്രാഥമിക സഹകരണ സംഘങ്ങളുടെ നിക്ഷേപ വായ്പാ വിതരണ പട്ടിക.

| വിവരങ്ങൾ | പുന്നപ്പാല സർവ്വീസ് സഹകരണ ബാങ്ക് നടുവത്ത് | തിരുവാലി സർവ്വീസ് സഹകരണ ബാങ്ക് തിരുവാലി | തിരുവാലി പട്ടികജാതി സർവ്വീസ് സഹകരണ ബാങ്ക് തിരുവാലി |
|---|---|---|---|
| സ്ഥാപിതം | 1928 | 1949 | 1985 |
| അംഗങ്ങളുടെ എണ്ണം. | 3225 | 5049 | 514 |
| ഓഹരി മൂലധനം | 6,55,000.00 | 9,00,000.00 | 3,00,000.00 |
| പിരിഞ്ഞുകിട്ടിയ മൂലധനം | 4,94,617.00 | 8,89,310.00 | 5,890.00 |
| സർക്കാർ ഓഹരി | ......... | 1,00,000.00 | 20,000.00 |
| സ്ഥിര നിക്ഷേപം | 4,985,893.55 | 12,361,014.00 | |
| ഹ്രസ്വകാല നിക്ഷേപം | 2,187,685.00 | 4,855,211.00 | |
| <u>മലപ്പുറം ജില്ലാ ബാങ്കിൽ നിന്നുള്ള വായ്പ</u> | | | |
| കാർഷിക കടം | 1,178,070.00 | 2,561,400.00 | |
| ദീർഘകാല കടം | 86,639.00 | 389,931.00 | |
| ഐ.ആർ.ഡി.പി. | 93,579.00 | 75,384.00 | |
| സ്വർണ്ണ പണയ കടം | 5,00000.00 | 2,600,000.00 | |
| ഡയറി | 7,447.00 | | |
| <u>വായ്പാ വിതരണം</u> | | | |
| കാർഷികവായ്പ | 1,201,275.00 | 2,178,386.00 | 50,201.00 |
| ഡയറി വായ്പ | 16,231.00 | 278,025.00 | |
| പമ്പ് സെറ്റ് | 59,953.00 | 107,570.00 | |
| റബ്ബർ | 5,560.00 | | |
| ഐ. ആർ. ഡി. പി | 32,576.00 | 79,591.00 | |
| ഹൗസിംഗ് ലോൺ | 4,500.00 | 1,471.00 | |
| സ്വർണ്ണ പണ്ടവായ്പ | 2,655,307.00 | 5,947,908.00 | |
| ഓൺഫണ്ട് വായ്പ | 2,295,276.00 | 4,844,279.00 | |
| ജീവനക്കാരുടെ എണ്ണം | 4.00 | 10.00 | 1.00 |
| ചിലവ് | 317,922.00 | 859,550.00 | 29,516.00 |
| <u>ബാങ്കിലേക്കുള്ള വായ്പ</u> | | | |
| കാർഷികവായ്പ | 110,381.00 | 414,155.00 | 33,068.00 |
| കാർഷികേതര വായ്പ | 180,230.00 | 456,933.00 | |
| സ്വർണ്ണപണ്ട പണയം | 82,735.00 | 220,180.00 | |
| ദീർഘകാല കടം | 18,426.00 | 10,816.00 | |
| ഐ. ആർ.ഡി. പി | 14,680.00 | | |

അവലംബം ദ്വിതീയ വിവര ശേഖരണം.

## ക്ഷീര സഹകരണ സംഘങ്ങളുടെ വിവിരപട്ടിക

| | പത്തിരിയാൽ ക്ഷീരോദ്പാദക സഹകരണ സംഘം | കരിഞ്ചീരിയാൽ ക്ഷീരോദ്പാദക സഹകരണ സംഘം | പുന്നപ്പാല ക്ഷീരോദ്പാദക സഹകരണ സംഘം | തായംകോട് ക്ഷീരോദ്പാദക സഹകരണസംഘം |
|---|---|---|---|---|
| സ്ഥാപിതം | 1992 | 1992 | 1993 | 1987 |
| അംഗങ്ങളുടെ എണ്ണം | 128 | 230 | 124 | 176 |
| ഓഹരി മൂലധനം | 10000.00 | 10000.00 | 10000.00 | 10000.00 |
| പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | 1280 | 2300 | 1440 | 1770 |
| ഒരുദിവസത്തെ ശരാശരി പാൽശേഖരണം | 98 ലിറ്റർ | 259 ലിറ്റർ | 210 ലിറ്റർ | 225 ലിറ്റർ |
| ഒരു ദിവസത്തെ ശരാശരിവിൽപ്പന | 3 ലിറ്റർ | 13 ലിറ്റർ | 10 ലിറ്റർ | 2 ലിറ്റർ |
| ഒരുദിവസംശരാശരി മിൽമക്ക് കൊടുക്കുന്നത് | 95 ലിറ്റർ | 246 ലിറ്റർ | 200 ലിറ്റർ | 223 ലിറ്റർ |

അവലംബം ദ്വിതീയ വിവര ശേഖരണം

# വ്യവസായ സഹകരണ സംഘങ്ങളുടെ വിവരണ പട്ടിക

| വിവരങ്ങൾ | കൈത്തറി നെയ്ത്ത് സഹകരണ സംഘം നടുവത്ത് | വണ്ടൂർ ടൈൽസ് വർക്സ്, നടുവത്ത് |
|---|---|---|
| സ്ഥാപിതം | 1977 | 1978 |
| അംഗങ്ങളുടെ എണ്ണം | 293 | 130 |
| ഓഹരി മൂലധനം | 15,50,000.00 | 200000.00 |
| പിരിഞ്ഞുകിട്ടിയ മൂലധനം | 1,26,225 | 76,700.00 |
| ഖാദി ബോർഡ് വായ്പ | | 560,110.00 |
| ജില്ലാ ബാങ്ക് ക്യാഷ്ക്രഡിറ്റ് | 110476.00 | |
| സർക്കാർ വായ്പ | 216 667.00 | |
| ജീവനക്കാർ | 4 | 4 |
| തൊഴിലാളികൾ | 60 | 38 |
| വിറ്റുവരവ് | 674020.35 | 1218598.00 |
| ശരാശരി ഉൽപ്പാദനം | | 1248 ഓട് |
| ഉൽപ്പാദന കപ്പാസിറ്റി | പരമാവധിഉൽപ്പാദനം | 1500 ഓട് |
| സർക്കർ ഗ്രാൻറ് | 21208.43 | |
| സർക്കാർ ഓഹരി | 561000.00 | 17500.00 |

അവലംബം ദ്വിതീയ വിവര ശേഖരണം.



## 4.11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ചരിത്രപരമായ കാരണങ്ങളാൽ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ഇന്നും കോളനികൾ കേന്ദ്രീകരിച്ചാണ് ജീവിച്ച് പോരുന്നത്. പഴയ ജൻമി കുടുംബങ്ങൾ അവരുടെ കൃഷി സ്ഥലങ്ങളിൽ ജോലി ചെയ്യുന്നതിനായി കൊണ്ടുവന്ന ഹരിജൻ കുടുംബങ്ങളെ താമസിപ്പിക്കുന്നതിനായി കൊടുത്ത ഭൂമി മാത്രമേ ഇപ്പോഴും കോളനി നിവാസികൾക്കുള്ളൂ. കോളനികളിലെ ജന സാന്ദ്രത കൂടുന്നതിനനുസരിച്ച് ഭൂമി താവഴിക്കായി വിതരണത്തിനില്ല. ഉള്ളവ തന്നെ കാര്യക്ഷമമായി നിയമാനുസൃതമായി ഭാഗിക്കുന്നുമില്ല. അതുകൊണ്ട് മാത്രമല്ല ഭൂരിപക്ഷം വീടിനും അതിരുകളും സ്വന്തമായി പ്രത്യേക വഴികളുമില്ല. കൈവശത്തിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം മറ്റൊരാളുടേതാകാം. കോളനികളിൽ ജനസാന്ദ്രത കൂടുന്നതിനനുസരിച്ച് സാമൂഹ്യ പ്രശ്നങ്ങൾ കൂടിവരുന്നു. ഭൂപരിഷ്കരണ നടപടികൾ 1970ൽ പ്രാബല്യത്തിൽ വന്നപ്പോൾ മിച്ചഭൂമി ചില പട്ടിക ജാതിക്കാർക്ക് ലഭിച്ചിരുന്നു. എന്നാൽ അതിൽ 90%വും വിറ്റു ദുരുപയോഗം ചെയ്യുകയാണുണ്ടായത്. കൂട്ടമായി താമസിക്കുന്ന അവസ്ഥ വിട്ട് ഒറ്റക്കായി താമസിക്കുന്നതിനുള്ള മാനസികാവസ്ഥ പട്ടികജാതി വിഭാഗത്തിൽ പെട്ടവരിൽ ഭൂരിഭാഗത്തിനും ഉണ്ടായിട്ടില്ല.

ഈ വിഭാഗത്തിന് സാമ്പത്തികരംഗത്ത് ചെറിയ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും പാരമ്പര്യമായി തുടർന്നുവരുന്ന മദ്യപാനശീലവും, അന്ധവിശ്വാസവും കാരണം ജീവിതനിലവാരത്തിൽ മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടില്ല. രക്ഷിതാക്കൾക്കും തൊഴിലിന് പോകാനുള്ള സൗകര്യത്തിന് വേണ്ടി തങ്ങളുടെ കുട്ടികളെ തൊട്ടടുത്തുള്ള അംഗനവാടികളിലേക്കും പ്രൈമറി സ്കൂളുകളിലേക്കും പറഞ്ഞയക്കുന്നുണ്ടെങ്കിലും വളരുന്ന തലമുറക്ക് വിദ്യാഭ്യാസം അത്യാവശ്യമാണെന്ന ബോധം ഇവരുടെ ഇടയിൽ വളർന്നു വരുന്നില്ല. പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള പ്രത്യേക സഹായപദ്ധതിയെകുറിച്ചുള്ള അറിവില്ലായ്മ ആനുകൂല്യങ്ങൾ പ്രയോജന പ്പെടുത്താൻ സാധിക്കാത്ത അവസ്ഥ സൃഷ്ടിക്കുന്നു. യുവ തലമുറയിൽ പോലും ഒരു പരിധി വരെ നിലനിൽക്കുന്ന അപകർഷതാബോധം ഇവരുടെ സാമൂഹ്യ രംഗത്തുള്ള പുരോഗതിക്കു തടസ്സം നിൽക്കുന്നു.

കലാകായിക രംഗത്ത് ഈ വിഭാഗത്തിൻെറ ഉയർച്ച ഒട്ടും ആശാവഹമല്ല. കായിക രംഗത്ത് ചെറിയ ഒരു ശതമാനം ഭാഗഭാക്കാവുന്നുണ്ടെങ്കിലും കലാകായിക രംഗത്തെ പ്രകടനം നിരാശാജനകം തന്നെയാകുന്നു. കലാ സാഹിത്യ രംഗത്തെ സർഗ്ഗവാസന പ്രോൽസാഹിപ്പിക്കുന്നതിനായി യാതൊരു സംവിധാനവും പട്ടികജാതി വിഭാഗങ്ങൾക്കായി ഇന്നില്ല. അതുപോലെതന്നെ ശാസ്ത്രീയ കലകളും നാടൻ കലകളും ഈ വിഭാഗത്തിന് അന്യമാണ്. അതേ സമയത്തുതന്നെ അവരുടെ ഇടയിലുള്ള മൊത്തം ജനങ്ങൾക്ക് ആവേശമായിരുന്ന നാടൻ ശീലുകൾ കൈവിട്ടു പോവുകയും ചെയ്തു.

വർഷങ്ങളായി അടിമത്വത്തിൽ ഊന്നിയുള്ള ജീവിത സാഹചര്യങ്ങളിൽ നിന്നും മോചനം ലഭിച്ചിട്ടുണ്ടെങ്കിലും ശീലിച്ചു പോന്ന ജീവിത സമ്പ്രദായത്തിൽനിന്നും മാറ്റം വരുത്താൻ ഈ മേഖലയിൽ ബോധപൂർവ്വമായ ശ്രമം നടത്തേണ്ടതാണ് വർത്തമാനകാലത്തെ അടിയന്തിര പ്രാധാന്യം അർഹിക്കുന്ന കാര്യങ്ങളിൽ ഒന്നാകുന്നു

ഇന്ത്യൻ ഭരണഘടനയുടെ 341-342 ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങൾ യഥാക്രമം പട്ടികജാതിക്കാരെന്നും പട്ടികവർഗ്ഗക്കാരെന്നും അറിയപ്പെടുന്നു സാമൂഹികവും സാമ്പത്തികവും വിദ്യാഭാസപരവുമായി സമൂഹത്തിൻെറ ഏറ്റവും പിന്നിൽ നിൽക്കുന്ന ഈ വിഭാഗത്തിൻെറ പരിരക്ഷക്ക് ബഹു മുഖ വികസന പരിപാടികൾ നടപ്പാക്കി വരുന്നണ്ടെങ്കിലും ഉദ്ധേശിച്ച ലക്ഷ്യങ്ങളെ ഉന്നമാക്കിയുള്ള പുരോഗതിയിലേക്ക് ഇവർക്ക് എത്തിചേരാൻ കഴിഞ്ഞിട്ടില്ല. സമൂഹത്തിലെ വലിയൊരു ശതമാനം വരുന്ന ഈ വിഭാഗക്കാരെ വളർച്ചയുടേയും വികസനത്തിൻെറയും പാതയിൽ എത്തിക്കാത്തിടത്തോളം കാലം ഭാരതത്തിൻെറ വികസനം ഒരു മരീചികയായി നിൽക്കുകയേയുള്ളു.

33.83 ച.കീ.മീറ്റർ വിസ്തീർണ്ണമുള്ള തിരുവാലി പഞ്ചായത്തിലെ ജനസംഖ്യയുടെ 22.33% പട്ടിക വിഭാഗക്കാരാണ്. 1991ലെ സെൻസസ് പ്രകാരം പട്ടികജാതി ജനസംഖ്യ 4453 ആണ് എന്നാൽ ഇന്ന് പഞ്ചായത്തിലുള്ള 45 സങ്കേതങ്ങളിലെ 933 കുടുംബങ്ങളിലും ലക്ഷം വീട്, 4 സെൻറ് സങ്കേതങ്ങൾ എന്നിവിടങ്ങളിലെ 151 കുടുബങ്ങളിലുമായി 4516 അംഗങ്ങൾ താമസിക്കുന്നു. ഇട കലർന്ന് താമസിക്കുന്നവരുടെ എണ്ണം ലഭ്യമായിട്ടില്ല.

വിദ്യാഭാസ - സാമൂഹ്യ മേഖലകളിൽ കുറച്ചു പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്തും ഈ വിഭാഗം ഇന്നും പിന്നോക്കമാണ് നൂറ്റാണ്ടുകളായി ചൂഷണത്തിനും അടിച്ചമർത്തലുകൾക്കു വിധേയമായിരുന്ന ഇവർക്ക് കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയും ഭരണഘടനാ പരിരക്ഷയും ഒരു പരിധി വരെ സാമൂഹിക പുരോഗതി നേടാൻ സഹായിച്ചു. പൊതു പരിപാടികളിലും, വിഭിന്ന ജാതി മതസ്തരുടെ ചടങ്ങുകളിലും ഇന്ന് പ്രവേശനവും പരിഗണനയും ലഭിക്കുന്നതിനാൽ ഉച്ച നീചത്വങ്ങളിൽ നിന്നും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് പറയാമെങ്കിലും അപകർഷതാബോധവും മാനസികാടിമത്വവും നില നിൽക്കുന്നു.

## സാമൂഹികം

ജൻമിത്വത്തിൻെറയും അധീശത്വത്തിൻെറയും ഫലമായി ഉയർന്നുവന്ന ചേരികളും, കോളനികളും നിലനിർത്തുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള പ്രവണത ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഗവ: നടപ്പാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങളുടേയും ആനുകൂല്യങ്ങളുടേയും ഫലമായി ഭാഗികമായ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പദ്ധതികളെ കുറിച്ചും ആനുകൂല്യങ്ങളെ കുറിച്ചുമുള്ള അറിവില്ലായ്മ അവ ഉപയോഗപ്പെടുത്തുന്നതിനുള്ള വിമുഖതയും നിയമ നിബന്ധനങ്ങൾ മൂലമുള്ള വൈഷമ്യവും ഇന്നും പുരോഗതിയെ തടയുന്നു. പെൻഷൻ പോലുള്ള സാമൂഹ്യക്ഷേമപദ്ധതികൾ ധാരാളം ഉണ്ടെങ്കിലും അവ ലഭിക്കുന്നവറ വിരളമാണ് മാത്രമല്ല ലഭിക്കുന്നതിനുള്ള കാലതാമസവും, കടമ്പകളും അവയോടുള്ള ആഭിമുഖ്യം കുറയ്ക്കുന്നു. സങ്കേതങ്ങൾ കേന്ദ്രീകരിച്ച ഭവന നിർമ്മാണം പോലുള്ള പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ടെങ്കിലും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നു. കോളനികളുടെ വിവരം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു (കോളനികളിൽ ഉൾപ്പെടാത്ത ഒററപ്പെട്ട കുടുംബങ്ങളുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ല.)

## പാർപ്പിടം

45 പട്ടിക ജാതി സങ്കേതങ്ങളിലായി (39 അംഗീകൃത സങ്കേതങ്ങൾ, 6 -അംഗീകൃതമായിട്ടില്ല ) 933 കുടുംബങ്ങൾ. ഇവയിൽ 502 കുടുംബങ്ങൾക്ക് മാത്രമേ ഓടിട്ട വീടുള്ളു. ഇതിൽ തന്നെ പലതും റിപ്പെയർ ചെയ്യേണ്ട അവസ്ഥയിലാണ്. 281 കുടുബങ്ങൾ ഓല/പുല്ല് മേഞ്ഞ കുടിലുകളിൽ പാർക്കുന്നു 150 കുടുബങ്ങൾക്ക് സ്വന്തമായി വീടേയില്ല. മാതാപിതാക്കളുടേയും സഹോദരങ്ങളുടേയും ഒപ്പമാണ് ഇവർ.

താമസിക്കുന്നത്. ഓടിട്ട വീടുള്ളവർ പലരും തങ്ങളുടെ ഭവനങ്ങളിനോ അവശ്യം വേണ്ട അറ്റകുറ്റ പണികൾ ചെയ്യുന്നതിനോ, ചിതലിൻെറ ആക്രമണം തടയുന്നതി നോ പോലും ശ്രദ്ധിക്കാറില്ല. സങ്കേതങ്ങളിൽ അല്ലാതെ താമസിക്കുന്ന ധാരാളം കുടുംബങ്ങൾ സ്ഥിരവാസ യോഗ്യമായ വീടില്ലാത്തവരാണ് ഭവന നിർമ്മാണത്തിന് വിവിധ ഏജൻസികളിൽ നിന്ന് വായ്പ എടുത്ത് തിരിച്ചടക്കാൻ കഴിയാതെ കടകെണിയിൽ പെട്ടുഴലുന്നവരാണ്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തമൂലവും, സ്വപ്രയത്നശേഷി വിനിയോഗിക്കുന്നതിനുള്ള വിമുഖത മൂലവും പല വീടുകളും പണി പൂർത്തിയാക്കാതെ കിടക്കുന്നുണ്ട്. വീട് വെക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലവും ഭവന നിർമ്മാണസഹായവും പുനരധിവാസ പദ്ധതി പ്രകാരം നൽകിയാൽ മാത്രമേ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ.

പല വീടുകൾക്കും കക്കൂസ് നിലവിലില്ല. കോളനികൾ ഒന്നുകിൽ കുന്നിൽ ചെരുവുകളിൽ അല്ലെങ്കിൽ ഉയർന്ന സമതലങ്ങളിൽ ആണ് സ്ഥിതി ചെയ്യുന്നത്. ഇത് പരിസരമലിനീകരണ പ്രശ്നം രൂക്ഷമാക്കുന്നു. 502 ഓടിട്ട വീടികളിൽ 139 വീടുകൾക്ക് മാത്രമാണ് സാനിറ്ററി കക്കൂസ് ഉള്ളത്. പലരും കക്കൂസുകൾ ശരിയായി രീതിയിൽ പരിപാലിക്കുന്നില്ല. ഓരോ വീടിനും ഓരോ കക്കൂസ് അനുവദിച്ച് കൊടുത്ത് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. അധ:സ്ഥിത വർഗ്ഗങ്ങളുടെ പുരോഗതിക്ക് വിഘാതം സൃഷ്ടിക്കുന്ന കോളനി സമ്പ്രദായം അവസാനിപ്പിക്കുന്നതിനായി പഞ്ചായത്ത് ശ്രദ്ധവെക്കേണ്ടതാണ്. ദുർബല വിഭാഗങ്ങൾക്ക് ഭൂമി അനുവദിക്കുന്നതും മറ്റും മറ്റു ജനവിഭാഗങ്ങളുമായി സമ്പർക്കത്തിന് സാധ്യത വരത്തക്കരീതിയിൽ ക്രമീകരിക്കേണ്ടതാണ്.

## കുടിവെള്ളം

പഞ്ചായത്തിലെ 14 സങ്കേതങ്ങളിൽ കുടിവെള്ള സൗകര്യമില്ല. പൊതു കിണറുള്ള സങ്കേതങ്ങളിൽ തന്നെ വർഷം മുഴുവനും ശുദ്ധജലം കിണറുകളിൽ വിരളമാണ്. പൈപ് ലൈൻ സൗകര്യം ഒരിടത്തുമില്ല. അടിയന്തിരമായി കുടിവെള്ളം എത്തിക്കേണ്ടത് അനിവാര്യമാണ്.

## വിദ്യാഭ്യാസം

1991 ലെ സെൻസസ് പ്രകാരം 5441 നിരക്ഷരരാണ് പഞ്ചായത്തിലുള്ളത്. ഇവരിൽ ഭൂരിഭാഗവും പട്ടിക വിഭാഗക്കാരാണ്. അവരുടെ ഇടയിൽ നിന്നും ഒരു പിടി ആളുകൾ പുതിയ സാമൂഹ്യ ക്രമത്തിൻെറ ധാരയിലേക്ക് വന്നെത്തിയെങ്കിലും ബഹു ഭൂരിപക്ഷവും ഇന്നും ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വെള്ളി വെളിച്ചം പ്രദാനം ചെയ്ത ജീവിത സൗകര്യങ്ങൾ അറിയാത്തവരും അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, പുലർത്തുന്നവരും അനാരോഗ്യ കരമായ ജീവിത ചുറ്റുപാടുള്ളവരും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിയാത്തവ രുമാണ്.

വിദ്യാഭ്യാസമില്ലാത്ത രക്ഷാകർത്താക്കൾക്ക് തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതിൻെറ ആവശ്യകതയെ പറ്റിയും, വിദ്യാഭ്യാസ സൗകര്യങ്ങളെ പറ്റിയും അറിവില്ലാത്തതിനാൽ ഈ വിഭാഗത്തിലെ മുതിർന്ന നിരക്ഷരരെ സാക്ഷരരാക്കാനുള്ള സമയ ബന്ധിത പരിപാടികൾ ആസൂത്രണം ചെയ്ത് യുദ്ധ കാലാടിസ്ഥാനത്തിൽ നടപ്പാക്കുകയും തൊഴിൽ ചെയ്യുന്നതിനുള്ള നൈപുണ്യം നൽകി ഉല്പാദനക്ഷമത വളർത്തി വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുകയും വേണം.

രക്ഷാകർത്താക്കൾ പണിക്കു പോകുമ്പോൾ കൊച്ചുകുട്ടികളെ നോക്കാൻ മുതിർന്ന കുട്ടികളെ നിയോഗിക്കുന്ന പ്രവണത ഒരു പരിധി വരെ കുറഞ്ഞി ട്ടുണ്ടെങ്കിലും ഈ പ്രവണത മുതിർന്ന കുട്ടികളുടെ വിദ്യാഭ്യാസം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ ഇന്നും പരിഗണനയർഹിക്കുന്നതു തന്നെയാണ്. ഫാക്ടറീസ് നിയമം അനുസരിച്ച് തൊഴിലാളികളുടെ പിഞ്ചുകുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് തൊഴിൽ ശാലയോടനുബന്ധിച്ച് ചൈൽഡ് കെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതുപോലെ അസംഘടിതരായ പട്ടിക വിഭാഗക്കാരുടെ മക്കൾക്ക് വേണ്ടി ബേബി കെയർ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.

സ്കൂളിൽ പോകുന്ന കുട്ടികളിൽ നല്ലൊരു ഭാഗവും പ്രാഥമിക വിദ്യാഭ്യാസം പോലും പൂർത്തിയാക്കും മുമ്പ് കൊഴിഞ്ഞു പോകുന്നു. ഭക്ഷണക്കുറവ്, വസ്ത്രത്തിൻെറ അപര്യാപ്തത, പഠന സാമഗ്രികൾ വാങ്ങാൻ പണം ഇല്ലായ്മ, കുടുംബശൈഥില്യം തുടങ്ങിയവയാണ്. അനിയന്ത്രിതമായ ഈ കൊഴിഞ്ഞു പോകലിൻെറ കാരണങ്ങളെന്ന് ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു. അതിനാൽ എല്ലാകുട്ടികൾക്കും ആഹാരവും,വസ്ത്രവും പഠനോപകരണങ്ങളും സൗജന്യമായി നൽകി കൊഴിഞ്ഞുപോക്ക് തടയണം.

തോൽവിമൂലം പഠനം ഉപേക്ഷിക്കുന്നവർ ധാരാളമാണ്. വീട്ടിൽ വിദ്യാഭ്യാസം ഇല്ലാത്തതിനാലും ട്യൂഷൻ സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലും, പാഠഭാഗങ്ങൾ പഠിക്കാത്തതിനാലും മനസ്സിലാകാത്തതിനാലും ആണ് ഇങ്ങനെ സംഭവിക്കുന്നത്. പത്താം ക്ലാസ് തോൽക്കുന്നതോടെ പഠനത്തോട് വിടപറയാതിരിക്കാൻ തുടർന്ന് പഠിച്ച് പരീക്ഷ എഴുതുന്നതിന് മാർക്ക് നിബന്ധന ബാധകമാക്കാതെ ട്യൂട്ടോറിയൽ സഹായവും, വീണ്ടും സ്കൂളിൽ ചേർന്ന് പഠിക്കാനുള്ള അവസരങ്ങളും സാമ്പത്തിക സഹായവും നൽകണം.

വിദ്യാലയങ്ങളുടെ ശോച്യാവസ്ഥ, കെട്ടിടങ്ങളുടെ അഭാവം, ഫർണ്ണിച്ചറുകളുടെ പോരായ്മ, അദ്ധ്യാപകരുടെ അഭാവം, സെഷണൽ സമ്പ്രദായം, ജീവിത ഗന്ധിയല്ലാത്ത പാഠഭാഗങ്ങൾ മുതലായവ പരിഹരിക്കേണ്ടതും അദ്ധ്യാപകരുടെയും, ഉദ്യോഗസ്ഥരുടെയും, രക്ഷാകർത്താക്കളുടെയും മനോഭാവത്തിൽ മാറ്റം വരുത്തേണ്ടതുമാണ്.

പട്ടിക വിഭാഗത്തിനായുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. തിരുവാലി പഞ്ചായത്തിലെ ഏക ഹോസ്റ്റലിൽ 30 കുട്ടികൾക്ക് താമസിച്ച് പഠിക്കാൻ സൗകര്യം ഉണ്ടെങ്കിലും ഈ വർഷം അതുപയോഗിക്കുന്ന കുട്ടികൾ 22 മാത്രമേ ഉള്ളൂ. (പഞ്ചായത്തിലെ കുട്ടികളുടെ SC പട്ടിക നോക്കുക). പ്രീ മെട്രിക് ഹോസ്റ്റലിൽ ആരോഗ്യവകുപ്പിൻെറ പോഷകാഹാര-ആരോഗ്യ വിദ്യാഭ്യാസ- മെഡിക്കൽ പരിശോധന എന്ന ഒരു പദ്ധതിഎല്ലാ വർഷവും ഒന്ന് എന്ന നിലയിൽ നിലവിൽ നടന്നു വരുന്നുണ്ട്. കുട്ടികളുടെ ആരോഗ്യ വിദ്യാഭ്യാസ ഉന്നമനത്തിന് വളരെയധികം പ്രയോജനപ്രദമായ ഈ പരിപാടി വർഷത്തിൽ 3 പ്രാവശ്യമെങ്കിലും നടപ്പിലാക്കാനുള്ള നടപടികൾ പഞ്ചായത്ത്, ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാക്കണം. അഭ്യസ്ത വിദ്യരുടെ ഇടയിൽ പോലുമുള്ള അപകർഷതാബോധം അടിമത്വ മനോഭാവം തുടങ്ങിയവ ഇല്ലാതാക്കുന്നതിന് നേതൃത്വ പരിശീലന കളരികൾ, കരിയർ ഗൈഡൻസ് ക്യാമ്പുകൾ തദ്ദേശിയരെയും, വിദ്യാസമ്പന്നരെയും വിദഗ്ധരെയും ഉൾപ്പെടുത്തി മത്സര പരീക്ഷകൾക്ക് പരിശീലനം നൽകൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കണം. അതുപോലെ എല്ലാ കോളനികളിലും ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതും വളരെ അത്യാവശ്യമാണ്.

**<u>തൊഴിൽ</u>**

പട്ടികവിഭാഗക്കാർ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ജീവിക്കുന്നവരാണ്. എന്നാൽ കാർഷികരംഗത്തെ മുരടിപ്പ് പലരെയും ഇതര മേഖലകളിലേക്ക് -പ്രധാനമായും നിർമ്മാണ മേഖലയിലേക്ക് ചേക്കേറുവാൻ പ്രേരിപ്പിച്ചു. തൻമൂലം കാർഷിക മേഖലയിലെ ജോലികൾക്ക് തൊഴിലാളികളെ ലഭിക്കുന്നനതിന് - പ്രധാനമായും നെൽകൃഷി- വിഷമകരമായി മാറിയിരിക്കുന്നു. എന്നാൽ ഭക്ഷ്യധാന്യ ഉല്പാദന വർദ്ധനവിൻെറ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ അനിവാര്യമാണ്.

പരമ്പരാഗത തൊഴിൽ ചെയ്തിരുന്ന പലരും അസംസ്കൃത സാധനങ്ങളുടെ അഭാവവും, ആപര്യാപ്തതയും വിപണന രംഗത്തെ പ്രശ്നങ്ങളും, വിലക്കുറവും മൂലം അതുപേക്ഷിച്ച മട്ടാണ്. ( കുട്ട, വട്ടി, മൺപാത്രം ) വിപണന സാദ്ധ്യത വർദ്ധിപ്പിക്കുകയും നല്ല വില ലഭ്യമാകുമെന്ന് ഉറപ്പാക്കുകയും ചെയ്താൽ വളരെ തൊഴിൽ സാദ്ധ്യതയുള്ള മേഖലയാണിത്.

പട്ടിക II

# തിരുവാലി പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ കുട്ടികളുടെ പട്ടിക

| | സ്കൂളിൻെറ പേര് | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1 | ജി.എൽ.പി സ്കൂൾ, ചടങ്ങാംകുളം (നടുവത്ത്) | 49 | 27 | 76 |
| 2 | എ.എൽ.പി സ്കൂൾ, പുന്നപ്പാല | 61 | 70 | 131 |
| 3. | എ.യു.പി. സ്കുൾ എറിയാട് | 72 | 65 | 137 |
| 4. | എ.എം.എൽ.പി സ്കുൾ, തിരുവാലി | 37 | 28 | 65 |
| 5 | ജി.എൽ.പി സ്കുൾ തിരുവാലി | 73 | 79 | 152 |
| 6. | ജി.എച്.എസ്. തിരുവാലി | 239 | 225 | 464 |
| | ആകെ | 531 | 494 | 1025 |

വിദഗ്ധ തൊഴിലാളികളുടെ (കല്ലുവെട്ടൽ, നെയ്ത്, കയർഉല്പന്ന നിർമ്മാണം, പ്ലാസ്റ്റിക് വർക്സ്, ടൈലറിംഗ് മുതലായവ ) സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ഏകോപിപ്പിക്കുന്നത് വിപണനവും തൊഴിൽസാദ്ധ്യതയും വർദ്ധിപ്പിക്കും. അഭ്യസ്ത വിദ്യരും, സാങ്കേതികജ്ഞാനവുമുള്ള തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ സംരംഭങ്ങളാരംഭിക്കുന്നതിന് പരിശീലനവും ധന സഹായവും ബാങ്കു വായ്പകളും ലഭ്യമാക്കുന്നതിന് നടപടികൾ ആവശ്യമാണ്. ഇവരുടെ ഇടയിൽ സമ്പാദ്യശീലം വളർത്തിയെടുക്കേണ്ടത് ഒരു ആവശ്യമായി നിലനിൽക്കുന്നു.

സ്വന്തമായി ഭൂമിയുള്ള പട്ടികവിഭാഗക്കാർ പോലും കൂലിക്ക് ജോലി ചെയ്യുകയല്ലാതെ സ്വന്തം ഭൂമിയിൽ അദ്ധ്വാനിക്കുന്ന പതിവില്ല. ഇതിന് മാറ്റം വരുത്തുകയും സ്വന്തം ഭൂമിയിൽ വീട്ടാവശ്യത്തിനുള്ള പച്ചക്കറിയെങ്കിലും കൃഷി ചെയ്യാൻ ഇവരെ പ്രേരിപ്പിക്കുകയും അതിനുള്ള വളം, വിത്ത് മുതലായവ നൽകുകയും വേണം.

പട്ടികജാതി- വർഗ്ഗ ക്ഷേമങ്ങളുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങളും പദ്ധതികളും എന്തൊക്കെയാണെന്നും ഏതൊക്കെ ഓഫീസുകളും കേന്ദ്രങ്ങളുമായി ബന്ധപ്പെടണമെന്നും അറിയുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു പഞ്ചായത്ത് ഇൻഫർമേഷൻ സെൻറർ ആരംഭിക്കേണ്ടതാണ്.

## വൈദ്യുതി

പഞ്ചായത്തിലെ 7 സങ്കേതങ്ങളിൽ മാത്രമാണ് ഭാഗികമായിട്ടെങ്കിലും വൈദ്യുതി എത്തിയിട്ടുള്ളത്. വീടുകൾ വയറിംഗ് നടത്തി വൈദ്യുതി ലഭിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിന് പലർക്കും സാമ്പത്തിക വിഷമതകൾ മൂലം കഴിയുന്നില്ല. ഇങ്ങനെയുള്ളവർക്ക് വീട് വയറിംഗ് ചെയ്യുന്നതിനായി ധന സഹായം നൽകാവുന്നതും വൈദ്യുതീകരണ നടപടികൾ ഗ്രാമതലത്തിലുള്ള സ്ക്വാഡുകളെ ഏർപ്പെടുത്തി പൂർത്തിയാക്കാവുന്നതുമാണ്. വൈദ്യുതിയെത്താത്ത സങ്കേതങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണം.

## പ്രത്യേക ഘടക പദ്ധതി

പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി പ്രത്യേക ഘടക പദ്ധതി പ്രകാരം നീക്കിവെച്ചിട്ടുള്ള ഫണ്ട് ദുരുപയോഗപ്പെടുത്തുന്ന പ്രവണത വ്യാപകമാണ്. ഇത് തടയേണ്ടതും പ്രത്യേക ഘടക പദ്ധതി പ്രകാരം ഓരോ ഡിപ്പാർട്ടുമെൻറിനും നീക്കിവെച്ചിട്ടുള്ള തുക പട്ടികജാതിക്കാരുടെ ക്ഷേമത്തിനുവേണ്ടി മാത്രം ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. സങ്കേതങ്ങളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു. തോൽവി മൂലവും പഠനം ഉപേക്ഷിക്കുന്നു.

2. കായിക,പരമ്പരാഗത മേഖലകളിൽ തൊഴിൽ കുറഞ്ഞുവരുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവെയ്ക്കാൻ സ്ഥലവും പണവുമില്ല. ഭവന നിർമ്മാണ ധനസഹായം വീടുപണി പൂർത്തിയാക്കാൻ തികയുന്നില്ല. ഉദാസീനത നിമിത്തം ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല. വീടുകൾക്ക് റിപ്പയർ ആവശ്യമാണ്.

4. കുടിവെള്ള പ്രശ്നം രൂക്ഷമാണ്. വൈദ്യുതി ഇല്ല.

5. വിദഗ്ധ തൊഴിലാളികൾക്ക് പോലും സ്വയം തൊഴിൽ സംരംഭങ്ങൾ വിജയകരമായി നടത്താൻ കഴിയുന്നില്ല.

6. റേഷൻ കാർഡില്ലാത്തവരുണ്ട്. പെൻഷൻ പോലുള്ള ആനുകൂല്യങ്ങൾ അർഹതപ്പെട്ട എല്ലാവർക്കും ലഭിക്കുന്നില്ല.

7. ഗതാഗതസൗകര്യങ്ങളുടെ പോരായ്മ, സങ്കേതങ്ങളിലേക്കുള്ള റോഡുകളുടെ ശോചനീയ സ്ഥിതി.

8. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

9. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ അഭാവം.

10. ഗുരുതരമായ രോഗം ബാധിച്ചവരുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധന സഹായം ലഭിക്കുന്നില്ല.

11. സാങ്കേതിക സ്ഥാപനങ്ങളോ തൊഴിൽ പരിശീലന കേന്ദ്രങ്ങളോ ഇല്ല.

പട്ടിക ജാതി- പട്ടിക വർഗ്ഗ ക്ഷേമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ പരിഹാര സാദ്ധ്യതകളും പരിഹാര മാർഗ്ഗങ്ങളും ഇതിലെ ഓരോ വിഷയവുമായി ബന്ധപ്പെട്ട് കൊടുത്തിട്ടുണ്ട്.



| ക്രമ നമ്പർ | കോളനിയുടെ പേര് | വാർഡ് | സ്ത്രീ | പുരുഷൻ | വീടുകളുടെ എണ്ണം | ഓട്മേഞ്ഞ വീട് | പുൽ വീട് | വീടില്ലാത്തവർ | കക്കൂസ് ഉള്ളവർ | കക്കൂസ് ആവശ്യമുള്ളവർ | പൊതു കിണർ | വൈദ്യുതി ഉണ്ട്/ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ക്ഷാരത്ത് അംബേദ്കർഗ്രാമം | 1 | 122 | 110 | 48 | 33 | 15 | - | 28 | 5 | 1 | ഉണ്ട് |
| 2. | ഏലിയക്കോട് | 1 | 37 | 32 | 13 | 7 | 6 | - | | 7 | 1 | ഇല്ല |
| 3. | പന്നിക്കോട് | 1 | 22 | 28 | 8 | 2 | 6 | - | | 8 | - | ഇല്ല |
| 4. | ഇല്ലത്ത്കുന്ന് | 2 | 82 | 80 | 25 | 15 | 10 | - | 4 | 21 | 1 | ഇല്ല |
| 5. | ആനക്കോട്ട്കുന്ന് | 2 | 24 | 22 | 8 | 8 | | - | 2 | 6 | - | ഇല്ല |
| 6. | വെള്ളിമുറ്റം | 2 | 32 | 37 | 13 | 11 | 1 | - | 5 | 6 | 1 | ഉണ്ട് |
| 7. | നെല്ലിക്കാട്തൊടി | 2 | 30 | 21 | 8 | 8 | | - | 5 | 3 | - | ഉണ്ട് |
| 8. | കൊളക്കാട്ടിരി | 2 | 25 | 30 | 19 | 14 | 5 | - | 5 | 14 | 1 | ഇല്ല |
| 9. | കാർങ്ങല്ലൂർ | 2 | 40 | 36 | 17 | 14 | 3 | - | 4 | 11 | 2 | ഉണ്ട് |
| 10. | തൃക്കെപ്പറ്റ | 2 | 53 | 52 | 17 | 14 | 3 | - | | 17 | 2 | ഇല്ല |
| 11. | മാടശ്ശേരി | 3 | 56 | 62 | 15 | | | - | 4 | 11 | | ഇല്ല |
| 12. | വാണിയംപൊയിൽ | 3 | 22 | 20 | 6 | 1 | 5 | - | 6 | | | ഇല്ല |
| 13. | കട്ടെക്കാട് | 3 | 48 | 39 | 18 | 14 | 4 | - | | | 1 | ഇല്ല |
| 14. | ചക്കരക്കാട്കുന്ന് | 3 | 28 | 18 | 11 | | | - | 2 | 9 | | ഇല്ല |
| 15. | ചക്കുംകണ്ടിയിൽ | 3 | 28 | 30 | 9 | 7 | 2 | - | | 4 | 3 | ഇല്ല |
| 16. | പന്നിക്കുഴിയിൽ | 3 | 26 | 32 | 9 | 6 | 3 | - | 6 | 3 | | ഇല്ല |
| 17. | തങ്കായം | 4 | 70 | 63 | 29 | 28 | 1 | - | | | 2 | ഇല്ല |
| 18. | കരിഞ്ചീരിക്കുന്ന് | 4 | 25 | 18 | 10 | 9 | 1 | - | 5 | 5 | | ഉണ്ട് |
| 19. | കുന്നത്ത് | 4 | 55 | 39 | 19 | 18 | 1 | | 12 | 7 | 1 | ഉണ്ട് |
| 20. | കൈതയിൽ | 5 | 33 | 33 | 16 | 13 | 3 | - | 4 | 9 | 1 | ഇല്ല |
| 21. | ചാത്തക്കാട് | 5 | 125 | 110 | 39 | 33 | 6 | - | 6 | 33 | 1 | ഇല്ല |
| 22. | പാമ്പാടികുന്ന് | 5 | 45 | 34 | 18 | 16 | 2 | - | 5 | 13 | 1 | ഇല്ല |
| 23. | എളേടത്ത്കുന്ന് | 5 | 74 | 48 | 26 | 24 | 2 | - | 4 | 22 | 1 | ഇല്ല |
| 24. | കുന്നക്കാട് | 5 | 75 | 78 | 17 | 7 | 10 | - | 2 | 15 | 1 | ഇല്ല |
| 25. | കൊട്ടകുന്ന് | 5 | 45 | 36 | 15 | 6 | 9 | - | 0 | 17 | | ഇല്ല |
| 26. | കാരക്കുന്ന് | 5 | 38 | 30 | 7 | | 7 | - | | 7 | | ഇല്ല |
| 27. | മീമ്പാട്കുന്ന് | 6 | 28 | 24 | 13 | 2 | 11 | - | | 13 | | ഇല്ല |
| 28. | ചേരികുന്ന് | 6 | 82 | 82 | 28 | 24 | 4 | - | 10 | 18 | 2 | 4 |
| 29. | പാലക്കോട് | 6 | 57 | 55 | 18 | 8 | 10 | - | 2 | 16 | 1 | ഇല്ല |
| 30. | പൂപത്തക്കൽ | 6 | 36 | 32 | 9 | 7 | 2 | - | 1 | 8 | 1 | ഇല്ല |
| 31. | അത്താണിക്കൽ | 6 | 30 | 20 | 9 | 6 | 3 | - | | 7 | 1 | ഉണ്ട് |
| 32. | പൈങ്കുളങ്ങര | 6 | 27 | 25 | 10 | 6 | 4 | - | 2 | 8 | 1 | ഇല്ല |
| 33. | മടത്തിലൂരി | 6 | 29 | 22 | 8 | 2 | 6 | - | 8 | 1 | 1 | ഇല്ല |
| 34. | കാരക്കുന്ന് | 7 | 59 | 59 | 23 | 8 | 15 | - | 2 | 21 | | ഇല്ല |
| 35. | കരിമ്പന്നൂരി | 7 | 43 | 119 | 16 | 7 | 9 | - | 4 | 12 | 2 | ഇല്ല |
| 36. | കള്ളൻകുഴി | 7 | 32 | 29 | 13 | 3 | 10 | - | | 13 | 1 | ഇല്ല |
| 37. | എറിയാട് | 7 | 47 | 34 | 16 | 14 | 2 | - | 8 | 8 | 1 | ഇല്ല |
| 38. | പൂന്തിരുത്തി | 7 | 27 | 27 | 10 | 3 | 7 | - | | 10 | | ഇല്ല |
| 39. | കോട്ടോല | 7 | 71 | 56 | 18 | 15 | 3 | - | 5 | 13 | | ഇല്ല |
| 40. | താഴംകോട്-IHDP | 7 | 53 | 48 | 17 | 12 | 5 | - | 4 | 13 | 1 | ഇല്ല |
| 41. | കണക്കൻകുന്ന് | 9 | 47 | 52 | 22 | 10 | 12 | - | 2 | 20 | 1 | ഉണ്ട് |
| 42. | ചേന്ദംകുളങ്ങര | 9 | 37 | 49 | 32 | 22 | 10 | - | 10 | 22 | | ഉണ്ട് |
| 43. | പടകളിപറമ്പ് | 9 | 72 | 53 | 16 | 9 | 7 | - | 2 | 14 | 1 | ഇല്ല |
| 44. | പന്തക്കളം | 10 | 51 | 44 | 20 | 16 | 1 | 3 | 3 | 17 | 1 | ഇല്ല |
| 45. | കാടായിക്കോട് | 10 | 41 | 40 | 18 | 16 | 2 | - | 8 | 8 | | ഇല്ല |

## മറ്റ് കോളനികൾ

| | | ആകെ വീട് | ആകെ കുടുംബം | വാർഡ് നമ്പർ |
|---|---|---|---|---|
| 1 | ലക്ഷം വീട് കോളനികൾ | | | |
| | a. നടുവത്ത് | 6 | 12 | 10 |
| | b. കോഴിപറമ്പ് | 11 | 22 | 5 |
| | c. തരികുളം | 2 | 14 | 4 |
| 2 | 4 സെൻറ് കോളനികൾ | | | |
| | a. ചാത്തക്കാട് | 18 | 18 | 4 |
| | b. കൂളിക്കുന്ന് | 9 | 9 | 5 |
| | c. നടുവത്ത് | 50 | 50 | 10 |
| 3 | 10 സെൻറ് കോളനി | | | |
| | a. എ.കെ.ജി.നഗർ | 80 | 80 | 10 |



# 4-12 വിഭവസമാഹരണം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ നേരിടുന്ന പ്രതിസന്ധികൾ ഒരു മേഖലയിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. കാർഷിക വ്യവസായിക തൊഴിൽ മേഖലകൾ ഇനിയും പുരോഗതി കൈവരിക്കേണ്ടിയിരിക്കന്നു. വനിതകളുടെയും പിന്നോക്ക വർഗ്ഗക്കാരുടെയും ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്. കാര്യമായ യാതൊരു വ്യവസായ സ്ഥാപനവും നമ്മുടെ പഞ്ചായത്തലില്ല അതുകൊണ്ട് തന്നെ തൊഴിൽ മേഖല സ്തംഭനാവസ്ഥയിലാണ്. ചെറുകിട വ്യവസായരംഗത്തുപോലും നമ്മുടെ പഞ്ചായത്ത് വളരെയധികം പിന്നിലാണ്.വ്യവസായം, കൃഷി, തൊഴിൽ, വനിതാക്ഷേമം, പട്ടികജാതി വികസനം എന്നീരംഗങ്ങളിലെല്ലാം കാര്യമായ മാറ്റങ്ങൾനടത്തി ക്കൊണ്ടുമാത്രമേ വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയൂ.

വിശേഷാൽ ഗ്രാമസഭകളിൽ വെച്ചുനടന്ന ചർച്ചകളിൽ കുടിൽ വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയിൽ കഴിവും താല്പര്യവുമുള്ള ധാരാളം ആളുകൾ പങ്കെടുത്തു. വ്യവസായങ്ങൾ ആരംഭിക്കാനുള്ള അസംസ്കൃതസാധനങ്ങൾ ധാരാളമു ണ്ടെങ്കിലും മുതൽ മൂടക്കാൻ കഴിവില്ലായ്മയും,ബാങ്കുകൾ ലോണുകൾ നൽകുന്നതിവുള്ള വിമുഖതയും വൈദ്യുതികണക്ഷനുകൾ ലഭിക്കാനുള്ള ബുദ്ധിമുട്ടും വോൾട്ടേജ് ക്ഷാമവും ഉൽപ്പന്നങ്ങൾക്ക് വിപണികണ്ടെ ത്താനുള്ള പ്രയാസവും ഈ രംഗം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളാണ്. ലോണുകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കിയും സഹകരണ മേഖല ശക്തിപ്പെടുത്തിയും വ്യവസായിക രംഗത്തേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാൻ കഴിയണം. വ്യവസായിക ഉൽപ ന്നങ്ങൾക്ക് ന്യായ വില ലഭിക്കുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. "സുബ്ബറാവുപൈ" മെമ്മേറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൈനോറിറ്റി കമ്യൂണിറ്റീസ് പോലുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടെ പഞ്ചായത്തിലെ വിദഗ്ധരായ ആളുകളെ ഉപയോഗിച്ചുകൊണ്ട് ഈരംഗത്ത് കൂടുതൽ മുന്നേറ്റങ്ങൾ നടത്താവുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കർഷകരോ കർഷകതൊഴിലാളികളോ ആണ്. പക്ഷെ നമ്മുടെ പഞ്ചായത്തിലെ കൃഷിരംഗം മുരടിച്ചുകൊ ണ്ടിരിക്കുകയാണ്. കൃഷിസ്ഥലങ്ങൾ പാർപ്പിടസ്ഥല ങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ നെൽവയലുകൾ നാണ്യവിളകൾക്ക് വഴിമാറിക്കൊണ്ടിരി ക്കുകയാണ്. കർഷകരുടെ കാർഷികവിളകൾക്ക് വേണ്ടത്ര വിപണനസൗകര്യം ലഭ്യമല്ല. കാർഷികവിളകൾക്ക് വേണ്ടത്ര ആദായം ലഭിച്ചാൽ മാത്രമേ ഈ അവസ്ഥക്ക് മാറ്റം വരികയുള്ളൂ.സഹകരണസംഘങ്ങളുടെ സഹായത്തോടെ കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. രാസവളത്തിൻെറ ഉപയോഗം കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങൾ ഒഴിവാക്കാൻ ജൈവ വളം ഉപയോഗിക്കാനുള്ള മനോഭാവം കർഷകരിൽ വളർത്തിയെടുക്കണം. കൃഷിഭവൻെറ പ്രവർത്തനം കർഷകരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നാൽ തന്നെ കാർഷികരംഗത്ത് ഫലപ്രദമായ മാറ്റങ്ങൾ പ്രതീക്ഷിക്കാം. ഇപ്പോൾ നമ്മുടെ പഞ്ചായത്തിലുള്ള കൃഷിഭവൻെറ സ്ഥാനം കർഷകർക്ക് ബന്ധപ്പെടാൻ അസൗകര്യം ഉണ്ടാക്കുന്നു. ഈ സ്ഥാപനം തിരുവാലി സെൻററിലേക്ക് മാറ്റിയാൽ കൂടുതൽ ഉപകാരപ്രദമായിരിക്കും. നമ്മുടെ പഞ്ചായത്തിൻെറ കീഴിലുള്ള പുറംമ്പോക്ക് ഭൂമികൾ വേണ്ടത്ര രീതിയിൽ കൃഷിക്ക് ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കണം. പഞ്ചായത്തിൽ ജൈവ വള സംഭരണശാല സ്ഥാപിക്കണം.അതിനാവശ്യമായ അസംസ്കൃതവസ്തുക്കൾ പഞ്ചായത്തിൽ ലഭ്യമാണ്. സ്വകാര്യ ഉടമസ്ഥതയിലും പൊതു ഉടമസ്ഥതയിലും ഉള്ള ജലസ്രോത ണികൾ കുളങ്ങൾ കൃഷിക്ക് ഉപയോഗപ്പെടുത്തണം. ഉദാ: (പുത്തൻകുളം,കണ്ണൻ കുളം,പാപ്പാരി കുളം, ചോലക്കുളം, വലിയകുളം) നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്ന കൃഷി ഉൽപ്പന്നങ്ങൾ അസംസ്കൃത വസ്തുക്കളാക്കി പല ചെറുകിട വ്യവസായങ്ങളും ആരംഭി ക്കാവുന്നതാണ്. ഉദാ: കപ്പ,നേന്ത്രവാഴ, ചക്കരക്കിഴങ്ങ് ഇവ ഉപയേഗിച്ചുള്ള ചിപ്സ് നിർമ്മാണം.

നമ്മുടെ പഞ്ചായത്തിൽ വിദേശത്തുപോയി ...ചെയ്യുന്നവർ ധാരാളമുണ്ട്. അവരുടെ എണ്ണം ...ടിസ്ഥാനത്തിൽ കൊടുക്കുന്നു.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 47 | 96 | 53 | 71 | 67 | 77 | | 34 | 47 |

...ഫ് മേഖലയിൽ ജോലിചെയ്യുന്നവരുടെ വരുമാനം ...തിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ... വിളിച്ചു ചേർത്ത് ചെറുകിട വ്യവസായങ്ങൾ ...ിക്കാനുള്ള പ്രോത്സാഹനം കൊടുത്താൽ നമ്മുടെ ...ായത്തിന് വലിയൊരു നേട്ടമായിരിക്കും. ഇത് ...ണാടിസ്ഥാനത്തിലും ആരംഭിക്കാവുന്നതാണ്.

## ...ാറികൾ

...ടെ പഞ്ചായത്തിൽ എല്ലാവാർഡുകളിലും കരിങ്കല്ല്, ...കല്ല് ക്വാറികൾ നിലനിൽക്കുന്നുണ്ട്. ഇതിന് ...റിയതോതിലുള്ള നികുതി ഏർപ്പെടുത്താവുന്നതാണ്. ...ാറികളിൽ വന്നുപോകുന്ന വാഹനങ്ങളിൽ നിന്നും ടോൾ ...ത്തിലും പിരിക്കാവുന്നതുമാണ്. മാത്രമല്ല ...ചായത്തിൻെറ പുറമ്പോക്കു സ്ഥലങ്ങളിൽ ഇത്തരം ...ാറികൾക്ക് സാദ്ധ്യതയുണ്ടോ എന്നന്വേഷിക്കുകയും ...ച്ചഭൂമിയായി കിടക്കുന്ന കൂറ്റൻപാറ പഞ്ചായത്തുടമ ...തയിലാക്കുകയും ചെയ്യേണ്ടതാണ്.

## ...ലസൻസ്ഫീസ്

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ...ലസൻസ് ഫീസായി കഴിഞ്ഞവർഷം 10644 രൂപ ...സൂലാക്കിയിട്ടുണ്ട് പക്ഷേ മുഴുവൻ കച്ചവടക്കാരെയും ...കുതിദായകരാക്കാൻ കഴിഞ്ഞിട്ടില്ല. കാർഷികവും ...ല്ലാത്തതുമായ കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് ...ങ്ങളിൽ മറ്റൊരു വിഭാഗം. നിലവിലുള്ള നികുതികൾ ...ക്തിസഹമാക്കുകയും വികസന പ്രവർത്തനങ്ങളിൽ ...ങ്ങളുടെതായ പങ്കുനിർവഹിക്കലുമാണ് നികുതി ...കൊടുക്കൽവഴി ചെയ്യുന്നത് എന്ന് ജനങ്ങളെ ...ബോധവാൻമാരാക്കുകയും അതുവഴി പഞ്ചായത്തിൻെറ ...രുമാനം വർദ്ധിപ്പിക്കാൻ കഴിയുകയും ചെയ്യും. ...ഞ്ചായത്തിൽ നിലവിൽ വന്നിരിക്കുന്ന വാർഡ് വികസന ...സമിതികളും വാർഡ് പ്രതിനിധികളും കൂട്ടായി ...രിശ്രമിച്ചുകൊണ്ട് നികുതി കൊടുക്കേണ്ടവരെല്ലാം ...നികുതി കൊടുക്കുന്ന ആദ്യത്തെ പഞ്ചായത്താകാൻ നമുക്ക ...കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ വളരെ ...പ്പെട്ട രീതിയിൽ മുന്നേറും. കണക്കുകൾ കൃത്യമായി ...ക്ഷിക്കുവാനും അതുവഴി ജനങ്ങളെ ബോധ്യപ്പെ ...ത്താനുമുള്ള സംവിധാനം പഞ്ചായത്താഫീസുകളിൽ ...ം.

## കെട്ടിടനികുതി

കെട്ടിടനികുതി കൂടുതൽ ശാസ്ത്രീയമാക്കുവാൻ ശ്രദ്ധിക്കണം നികുതി ചുമത്തുമ്പോൾ തറ വിസ്തീർണം മാത്രമല്ല ആഡംബരത്ത്വവും വില കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും എ.സി, ഫ്രിഡ്ജ് മുതലായവ മാനദണ്ഡമാക്കണം. വീട് അസസ്സ് ചെയ്തത് എങ്ങനെയാണെന്ന് ഓരോവീട്ടുടമസ്ഥനെയും ബോധ്യപ്പെടുത്താൻ തയ്യാറാകണം. ഒരു അസസ്സ്മെൻറ് കമ്മറ്റി രൂപീകരിക്കുന്നത് ഉചിതമായിരിക്കും. വാടകയ്ക്ക് കൊടുക്കുന്ന കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നത് ഉചിതമായിരിക്കും.

## തൊഴിൽ നികുതി

പഞ്ചായത്തിലുള്ള മുഴുവൻ തൊഴിലാളികളിൽ നിന്നും നികുതി വാങ്ങുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. തൊഴിലാളികളെ മുഴുവൻ പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൻെറ കീഴിൽ കൊണ്ടുവരുകയും അംഗത്വമുള്ളവരിൽ നിന്ന് തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. കച്ചവടക്കാർക്കും ഇത് ബാധകമാക്കാവുന്നതാണ്. ഉദ്യോഗസ്ഥൻമാർ അവർ ജോലി ചെയ്യുന്ന പഞ്ചായത്തിൽ തൊഴിൽ നികുതി അടക്കുന്നതിനു പകരം അവർ താമസിക്കുന്ന പഞ്ചായത്തിൽ തൊഴിൽ നികുതി അടക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. കെട്ടിടത്തിൻെറ നിർമ്മാണ ചിലവിൻെറ അടിസ്ഥാനത്തിൽ ഇന്ന് റവന്യു ഡിപ്പാർട്ട്മെൻറ് പിരിച്ചുകൊണ്ടിരിക്കുന്ന ബിൽഡിംഗ് ടാക്സ് പിരിക്കാനുള്ള അവകാശം പഞ്ചായത്തിന് ലഭിക്കേണ്ടതാണ്.

പഞ്ചായത്തിൽ രൂപീകൃതമാകേണ്ട ഹൗസിംഗ് സൊസൈറ്റി മുഖേനയുള്ള വീടുനിർമ്മണം, കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ശുദ്ധജല പദ്ധതികൾ നിലവിലുള്ള പഞ്ചായത്തു റോഡുകൾ, മെറ്റലിങ്ങും ടാറിങ്ങും പൂർത്തിയാക്കൽ എന്നിവക്ക് ആവശ്യമായ ഫണ്ടുകൾ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും ഏറ്റവും ചുരുങ്ങിയ പലിശക്ക് ദീർഘകാലവായ്പ്പയായി പഞ്ചായത്തിലേക്ക് ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

ഭൂമി ക്രയവിക്രയം നടത്തുമ്പോൾ ഈടാക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടിയുടെ 75% രജിസ്റ്റർ ആഫീസുകളിൽ നിന്നും അതാതു പഞ്ചായത്തിലേക്ക് കാലതാമസം കൂടാതെയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## മറ്റു ധനാഗമ മാർഗ്ഗങ്ങൾ

പഞ്ചായത്തിലെ രണ്ടാം വാർഡിൽ കുളക്കാട്ടിരിയിൽ 85 സെൻേറാളം മിച്ചഭൂമിയുണ്ട്. ഇത് കൃഷിക്ക് ഉപയോഗപ്പെടുത്തണം .ടിപ്പു സുൽത്താൻ റോഡിൻെറ ഭാഗം ആഴ്ച ചന്ത നടത്താനും വിവാഹമണ്ഡപം നിർമ്മിക്കാനും സൗകര്യപ്രദമാണ്. ധാരാളം സ്വകാര്യ വ്യക്തികൾ

(കാർങ്ങല്ലൂർ, കുന്നുംപുറം,) തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വേണ്ടി സ്ഥലവും മനുഷ്യാദ്ധ്വാനവും നൽകാൻ തയ്യാറാണെന്ന് സൂചിപ്പിച്ചിട്ടുണ്ട് . തിരുവാലി പ്രാഥമികാരോഗ്യ കേന്ദ്രം പൂളക്കലിൽ സ്ഥിതി ചെയ്യുന്നു . ഈ ആശുപത്രിക്ക് വികസനം അത്യാവശ്യമാണ്. രോഗികളെ കിടത്തി ചികിത്സിക്കാവുന്ന തരത്തിലുള്ള ആശുപത്രിയായി ഇതിനെ ഉയർത്താം. ഇതിനുവേണ്ട സ്ഥല വിഭാഗം പ്രാഥമികരോഗ്യ കേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ തന്നെയുണ്ട് പൂതുകലുള്ള ജനതാ വായനശാലയോടനുബന്ധിച്ച് ഒരുകമ്യൂണിറ്റിഹാൾ നിർമ്മിക്കാനുള്ള സൗകര്യമുണ്ട്. പത്തിരിയാൽ പൊതു ജന വായന ശാലയുടെ കീഴിലുള്ള 30 സെന്റ് സ്ഥലം പ്രയോജനപ്പെടുത്തി ഷോപ്പിംഗ് കോപ്ളെസ്സും കമ്മ്യൂണിറ്റിഹാൾ നിർമ്മിച്ചു വാടകക്കു നൽകാവുന്നതാണ്. ഇത് നിർമ്മിച്ചാൽ അതിൽ നിന്നുള്ള വരുമാനത്തിന്റെ ഒരു ഭാഗം പഞ്ചായത്തിനുപയോഗിക്കാം.

പഞ്ചായത്തിന്റെ പുറമ്പോക്കു ഭൂമിയിൽ ധാരാളം മരങ്ങൾ കേടു വന്നുപോകുന്നു. അത് ലേലം ചെയ്യുകയാണെങ്കിൽ പഞ്ചായത്തിന് വരുമാനം ആകും. അവുടെ പുതിയ മരങ്ങൾ വച്ചു പിടിപ്പികുകയും ആവാം. നമ്മുടെ പഞ്ചായത്തിലെ മൂണ്ടാല, ചെറുകുന്ന്, കല്ലുമല ഇവ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കാൻ പറ്റിയ സ്ഥലങ്ങളാണ്. കല്ലുമല നല്ല കാറ്റുകിട്ടുന്ന സ്ഥലമാണ് . ഇവിടെ കാറ്റിൽ നിന്നും വൈദ്യുതി ഉണ്ടാക്കാനുള്ള സംവിദാന മേർപ്പെടുത്താൻ പറ്റും. പഞ്ചായത്തു കേന്ദ്രങ്ങളിൽ പൊതു മൂത്രപ്പുരകളും കക്കൂസുകളും കളി സ്ഥലങ്ങളും നിർമ്മിച്ച് ഫീസ് പിരിക്കാം. അതേ പോലെതന്നെ ശുദ്ധജല വതകരണ പദ്ധതി എർപ്പെടുത്തി ഫീസ് പിരിക്കാം. സാമ്പത്തിക സഹായം എത്തിക്കുന്നതിനു വേണ്ടി വാർഡിലെ എല്ലാ വീടുകളിലേയും ഒരു സ്ത്രീയെങ്കിലും ചേർന്ന് ഒരു ഗ്രാമ സഞ്ചയികാ പദ്ധതിയും ഒരു ചിട്ടിയും ആരംഭിക്കുക. നേഴ്സറി ഫാം പഞ്ചായത്തിന്റെ ഉടമസ്ഥയിൽ ആരംഭിക്കാം ഇതിന് പഞ്ചായത്തിന്റെ പുറംമ്പോക്കു ഭൂമി ലഭ്യമാക്കാം. ഷോപ്പിംഗ് കോപ്ളക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കാം. ലൈൻ വീടുകൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കാം. ഉദാ (തിരുവാലി പത്തിരിയാൽ നടുവത്ത്, പുളക്കൽ ) പൊതുജലാശയങ്ങളിൽ മത്സ്യം വളർത്തൽ ആരംഭിക്കാം. പൊതു അറവുശാല, മത്സ്യ മാർക്കറ്റ് ഇവ ആരംഭിക്കാവുന്നതാണ്. തൊഴിൽരഹിതരെ വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് രജിസ്റ്റർ ചെയ്ത് തൊഴിലാളികളുടെ സേവനം ആവശ്യങ്ങൾക്കനുസരിച്ച് ലഭ്യമാക്കുക. കലാ വാണിജ്യവ്യവസായ പ്രദർശനം നടത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം. വേങ്ങമ്പറ്റചോല അമ്പലക്കാട്, പൈങ്കുളങ്ങര, തായംകോട്, കോഴിപറമ്പ് എന്നിവടങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കാം. രണ്ട് ഹെക്ടറിൽ കൂടതലുള്ള തോട്ട ഉടമകളിൽ നിന്ന് പ്രത്യേക നികുതി ഏർപ്പെടുത്താം. സഹകരണാടിസ്ഥാനത്തിൽ ക്രെഡിറ്റ് സൊസയിറ്റികൾ സ്ഥാപിച്ച് (ഉദാ പുന്നപ്പാല സർവീസ് സഹകാരണ ബാങ്കിന്റെ ശാഖ സ്ഥാപിച്ച് ലഘുനിക്ഷേപ സഹകാരണ യൂണിറ്റുകൾ നിത്യനിക്ഷേപം വഴി സ്വരൂപിക്കാവുന്നതും) ആദായകരമായ മാർഗ്ഗങ്ങളിലേക്ക് തിരിച്ച് വി... പുറമ്പോക്കു ഭൂമി കാർഷികാവശ്യത്തിന് പാട്ടത്തിനു കൊടു... തൊഴിൽ യൂനിറ്റുകൾ വിവിധമേഖലകളിൽ സ്ഥാപിക്കാം. ഉദാ, ചിപ്സ്, കയർ, ജാം, സ്ക്വാഷ്, അച്ചാർ, പ്രസ്സ്, മുട്ട, നെയ്... ബാഗ്, റെഡിമെയ്ഡ്, മസാല (കറിപൗഡർ) പഴം, പച്ചക്കറി പെയ്ൻറിംഗ്. പഞ്ചായത്തിലെ കാർഷിക വിഭവങ്ങൾ സംഭരിച്ചുകൊണ്ട് വ്യവസായ മേഖലയിലേക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളാക്കി മാറ്റാനുള്ള നടപടി സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

വളർത്തുമൃഗങ്ങൾക്ക് നികുതി ഏർപ്പെടുത്താം. പൊതുശ്മശാനം ഏർപ്പെടുത്തി ഫീസ ഏർപ്പെടുത്താം. പരിസര മലിനീകരണവും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്ന ഫാക്ടറികളിൽ നിന്നും വിറ്റുവരവിന്റെ 5% എങ്കിലും അഡീഷണൽ നികുതിയായി പിരിച്ചെടുക്കാം. തോടുകളിൽനിന്നും മണൽ വാരുന്നതിന് പ്രത്യേക നികുതി എർപ്പെടുത്താം

നമ്മുടെ പഞ്ചായിത്തിന്റെ ഫണ്ട് എറ്റവും കൂടുതൽ വിനിയോഗിച്ച ഒരു മേഖല പോതുമരാമത്താണ്. റോഡുകളുടെ റിപ്പെയറിനായിരുന്നു കൂടുതൽ തുകയും ചിലവഴിച്ചിട്ടുള്ളത്. റിപ്പെയർ വർക്കുകൾ ഏതാണ്ട് എല്ലാ വാർഡിലും നടത്തിയിട്ടുണ്ട്. പഴയ റോഡിന് ഇട്ട മണ്ണ് മഴക്കാലത്ത് ഒലിച്ചു പോകുന്ന സ്ഥിതിയാണ് ഇന്നുള്ളത് ഇത്തരത്തിലുള്ള താൽക്കാലിക റിപ്പെയർ വർക്കുകൾ ഒരു ഗുണവും ചെയ്യുന്നില്ല. പഞ്ചായത്തിലെ റോഡുകൾ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം ആ റോഡുകൾക്കിരുവശമുള്ള ആൾക്കൂട്ടങ്ങൾക്കായിരിക്കണം.

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിന് അധ്യാപികാ രക്ഷാകർതൃ സംഘടനകൾക്കും വിദ്യാസമ്പന്നരായ പൊതു പ്രവർത്തകർക്കും നല്ലൊരു പങ്കുവഹിക്കാൻ കഴിയും. പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇവയുടെ പ്രവർത്തനം നാമമാത്രമെയുള്ളു ഇക്കാര്യത്തിൽ നമ്മുടെ സത്വര ശ്രദ്ധഅത്യാവശ്യമാണ്.

നമ്മുടെ പഞ്ചായത്തിലെ എറ്റവും പ്രധാനമായ വിഭവം മനുഷ്യവിഭവം തന്നെയാണ് എല്ലാ ഗ്രാമ സഭാ റിപ്പോർട്ടുകളിലും മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ബഹുജന സംഘടനകളുടേയും തദ്ദേശവാസികളുടേയും സഹായങ്ങൾ നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടായിരിക്കും

## വാണിജ്യമേള

തിരുവാലി സെൻററിൽ വിപുലമായ വാണിജ്യമേള നടത്തിയാൽ പഞ്ചായത്തിൽ സാമ്പത്തികമായ നേട്ടമുണ്ടാക്കാൻ കഴിയും. പ്രാദേശിക തലത്തിൽ ജനകീയ പങ്കാളിത്തത്തോടെ ഇന്ന് നടന്നു വരുന്ന കൈതയിൽ താലപ്പൊലി മഹോത്സവത്തോടനുബന്ധിച്ച് ഒരാഴ്ച നീണ്ടു നിൽക്കുന്ന വാണിജ്യമേള സംഘടിപ്പിച്ച് ഇത് നമ്മുടെ ദേശീയോത്സവമാക്കി മാറ്റാവുന്നതാണ്.

## തിരുവാലി ഗ്രാമ പഞ്ചായത്ത് 95-96

### പട്ടിക 1 വരുമാനം

| ഇനം | |
|---|---|
| തനത് വരുമാനം | 4,30,722 |
| കെട്ടിട നികുതി | 1,42,803 |
| വിനോദനികുതി<br>അധിക വിനോദനികുതി | 8,199 |
| തൊഴിൽ നികുതി | 52,101 |
| ഉപാധിരഹിത ഫണ്ട് | 3,28,500 |
| എസ്.സി.പി | 1,14,500 |
| ജനറൽ | 2,14,000 |
| ജെ.ആർ.വൈ | 5,93,783 |
| ഗ്രാൻറുകൾ സംഭാവനകൾ | 1,83,740 |
| സ്റ്റാമ്പ് ഡ്യൂട്ടി 25% | 50,000 |
| ആകെ വരവ് | 10,16,783.15 |
| ചെലവ് എസറ്റാബ്ളിഷ്മെൻറ് | 2,61,643 |



# വികസനരേഖ തയ്യാറാക്കിയ വിദഗ്ധ സമിതി

ചെയർമാൻ എം.കെ. പ്രഭാകരൻ മാസ്റ്റർ

കൺവീനർ കെ.പി. ചന്ദ്രാംഗദൻ

<u>കൃഷി,ജലസേചനം.</u>

1. പി.വിശ്വനാഥൻ മാസ്റ്റർ.
2. കെ.പി.ഭാസ്കരൻ.
3. പി.രാമവാരിയർ.
4. കെ. രാമചന്ദ്രൻ.
5. കെജി.കെ.കുറുപ്പ് മാസ്റ്റർ.
6. ഗിരീഷ്.

<u>മൃഗസംരക്ഷണം.</u>

1. ഡോ.ആനന്ദ്.
2. കെ.എം.എബ്രഹാം.
3. വി. നാരായണൻ.
4. പി.ശോഭന.

<u>വ്യവസായം.</u>

1. എം.മോഹൻദാസ്.
2. എം ഭാസ്കരൻ.
3. എൽ.സുരേന്ദ്രൻ.
4. വർഗ്ഗീസ് എബ്രഹാം.
5. കെ.പി.വിജയകുമാർ.
6. എം.അപ്പു.

<u>ഊർജ്ജം, ഗതാഗതം, മാർക്കറ്റ്, വാർത്താവിനിമയം.</u>

1. അയ്യപ്പൻകുട്ടി.
2. പി. രഘു.
3. എൻ.കെ.പ്രമോദ്.
4. എം.സി.വാസു.
5. എം.അപ്പു.
6. പി.അബ്ദുള്ള.

<u>ആരോഗ്യം,കുടിവെള്ളം.</u>

1. വി.രാമചന്ദ്രൻ.
2. ഇ.പി.മുരളീധരൻ.
3. രാമൻകുട്ടി. കെ.

<u>വിദ്യാഭ്യാസം.</u>

1. കേശവൻ മൂസ്സത് മാസ്റ്റർ.
2. എബ്രഹാം മാസ്റ്റർ.
3. സതി ടീച്ചർ
4. പി.എസ്. മുരളീധരൻ

<u>പട്ടികജാതി പട്ടികവർഗ്ഗക്ഷേമം</u>

1. സി.ശോഭന( ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)
2. ദിവാകരൻ
3. പി.കൊറ്റൻ
4. മിനി.

<u>വനിതാക്ഷേമം.</u>

1. പി.ശാരദ (പഞ്ചായത്ത് വൈ.പ്രസിഡൻറ്)
2. പി. മുരളീധരൻ.
3. പ്രഭാവതി.
4. ജയാ ശശിധരൻ.
5. ഇന്ദിരാവതി.

<u>സാമൂഹ്യക്ഷേമം, പാർപ്പിടം.</u>

1. ടി നാരായണി( പഞ്ചായത്ത് മെമ്പർ)
2. കൃഷ്ണകുമാർ V.E.O
3. ശാന്താ വിശ്വം.
4. ജലീൽ.എ.
5. പ്രഭി.കെ.കരങ്ങാട്.

<u>സഹകരണം</u>

1. കെ.സുകുമാരൻ (ചെയർമാൻ, സ്റ്റാൻറിംഗ് കമ്മറ്റി)
2. കോമളവല്ലി.എ.( മെമ്പർ, ഗ്രാമപഞ്ചായത്ത്)
3. കെ.പി. ചന്ദ്രാംഗദൻ.
4. എം. കുഞ്ഞിമുഹമ്മദ്.

<u>സംസ്കാരം-കായികം.</u>

1. രാജ്മോഹൻ.
2. അബ്ദുള്ള മാസ്റ്റർ.
3. വേണുഗോപാലൻ.
4. മധു.കെ.പി.

<u>വിഭവസമാഹരണം.</u>

1. കെ.രവികുമാർ.
2. കെ.എ.വിനോദ്.
3. എ.കെ.മനോജ്.

<u>സാമൂഹ്യ ചരിത്ര പശ്ചാത്തലം.</u>

1. എം.കെ.പ്രഭാകരൻമാസ്റ്റർ.
2. കെ.പി. കേശവൻ നമ്പൂതിരി.
3. പി.വിശ്വനാഥൻമാസ്റ്റർ.
4. കെ.പി.ചന്ദ്രാംഗദൻ.
5. എൻ.വാസുദേവൻ.
6. ശ്രീകുമാർ. വി.എം.

# ഉപസംഹാരം

9-ാം പദ്ധതി ജനകീയപദ്ധതിയെന്ന ലക്ഷ്യം നിലവിലുള്ള വികസനസമീപനത്തെത്തന്നെ മാറ്റിമറിക്കുന്നു. കേവലം റോഡും പാലവുമായാൽ വിസനമായിയെന്ന നമ്മിൽ രൂഢമൂലമായാ സങ്കൽപത്തിന് മാറ്റം വരുത്തി, കാർഷിക-വ്യവാസായിക മേഖലകളിൽ ഉൽപാദനവും ഉൽപാദനക്ഷമതയും പരമാവധി വർദ്ധിപ്പിച്ച് സമൂഹത്തിൻെറ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കലാണ് യഥാർത്ഥ വികസനം ലക്ഷ്യമാക്കുന്നതെന്ന് തെളിയിക്കാൻ പോകുന്ന പദ്ധതിയാണ് ജനകീയാസൂത്രണം.

ഇതുവരെയുള്ള നമ്മുടെ അനുഭവമെന്താണ്? വികസനം ഡിപ്പാർട്ടുമെൻറലിസത്തിൻെറ നിക്ഷിപ്ത താൽപര്യങ്ങളിൽ കുരുങ്ങിക്കിടക്കുകയായിരുന്നു. സാർവ്വത്രികമായ അഴിമതി ഈ സമ്പ്രദായത്തിൻെറ കൂടപ്പിറപ്പായിരുന്നു. ഇതിനൊരു മോചനമുണ്ടാവണമെങ്കിൽ ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടിവളർത്തി വികസനപ്രക്രിയു ഊർജസ്വലമാക്കുകയാണ് മാർഗം.

വികസനമെന്ന ആശയം യാഥാർത്ഥ്യമാകുവാൻ പണം വേണം. വിഭവസമാഹരണം എങ്ങനെയെന്ന് ചിന്തിക്കണം. പഞ്ചായത്തിൻെറ പരിമിതികൾക്കുള്ളിൽ ഒതുങ്ങിക്കൂടിനിന്ന് കഴിയുന്നേടത്തോളം ചെയ്യാം. കൂടാതെ സർക്കാരേതര ഏജൻസികളെ ധനകാര്യസ്ഥാപനങ്ങളെ കണ്ടെത്തി യോജിച്ച പദ്ധതികളൾക്ക് രൂപംകൊടുത്ത് ഫണ്ട് ശേഖരിക്കാൻ വിഷമമില്ല. വസ്തുനിഷ്ഠസാഹചര്യങ്ങൾ കണക്കിലെടുത്ത് വേണം പദ്ധതികൾക്ക് രൂപംകൊടുക്കാൻ. ഈ രംഗത്ത് സ്വാഭാവികമായും വന്നുചേരാവുന്ന സാമൂഹിക രാഷ്ട്രീയരംഗത്തുള്ള മിക്ക അഭിപ്രായഭിന്നതകൾക്കും കാരണം പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്താത്തതാണ്. അതുകൊണ്ട് യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനം ഇത്തരം ഭിന്നതകൾ ഇല്ലാതാക്കും. ഐക്യം ഊട്ടിവളർത്താനും സാധിക്കും.

പദ്ധതികളുടെ മുൻഗണനാക്രമം നിർണ്ണയിക്കുന്നതിൽ ബാഹ്യപ്രേരണകൾ തൊട്ടുതീണ്ടുകപോലുമരുത്. ജനകിയവും കാര്യക്ഷമവുമായ സമീപനമാവണം ഇക്കാര്യത്തിൽ കൈക്കോള്ളേണ്ടത്.

നമ്മുടെ പദ്ധതികൾക്ക് രൂപംകൊടുക്കുമ്പോൾ ഓർക്കാനുള്ള മറ്റൊരു കാര്യം പ്രകൃതിവിഭവങ്ങളും മനുഷ്യാധ്വാനവും എത്രത്തോളം പ്രയോജനപ്രദമാക്കാൻ കഴിയാണമെന്നുള്ളതാണ്. നാം തെരഞ്ഞെടുക്കുന്ന വിദഗ്ദ്ധസമിതികൾ ഗ്രൂപ്പ് ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന വിഷയത്തിൽ സ്കീമുകളും പദ്ധതികളുമായി മാറ്റുന്ന സർക്കാരേതര ഏജൻസികളിൽനിന്നും ധനകാര്യസ്ഥാപനങ്ങളിൽനിന്നും പരമാവധി ഫണ്ട് ശേഖരിക്കാനുള്ള ജാഗ്രത പാലിക്കണം. അവരുടെ നിബന്ധനകൾ അനുസരിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് അതാത് വിഷയങ്ങളിൽ വിദഗ്ദ്ധസമിതികൾ സ്ഥിരമായി പ്രവർത്തിക്കണം.

സർക്കാർ തരുന്ന 40% തന്നെ കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് വലിയ നേട്ടമാണ് ഏറ്റവും ചുരുങ്ങിയത് 25% ജനവിഹിതമെന്ന് കണക്കാക്കിയാൽ പ്രതിവർഷം പഞ്ചായത്തിന് ഏതാണ്ട് 75 ലക്ഷത്തിൻെറ ആസ്തിയാണുണ്ടാവുന്നത്. അത്ര നിസ്സാരമാണോ ഈ തുക?

മുൻകാലത്തേതിൽനിന്നും വ്യത്യസ്ഥമായി വികസനം അടിത്തട്ടിൽ നിന്നും മേൽപോട്ട് എന്ന ജനാധിപത്യവീക്ഷണമാണ് ഈ മുന്നേറ്റത്തിനടിസ്ഥാനം. ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്നതോടൊപ്പം ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കാനുള്ള ഉപാധിയും കൂടിയാണ്.

അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ ഈ വികസനരേഖ ചർച്ചകളി[illegible]ഷ്ടമാക്കി കാര്യം സമ്പൂർണമായി ന[illegible] പ്രതിബദ്ധത നാം നിലനിർത്തേണ്ടതു[illegible]ട്രീയത്തിനതീതമായി എല്ലാ ഭിന്നതകളും [illegible]ക്കെട്ടായി ഒറ്റ ജനത എന്ന ബോധത്തോടെ [illegible]തിയൊരു വികസനസംസ്കാരം നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉടലെടുക്കട്ടെ. അങ്ങനെ ഗ്രാമവികസനത്തിൻെറ ഒരു മുന്നേറ്റം നടത്താൻ നമുക്ക് കഴിയണം. ഈ പ്രത്യാശയോടെ ഈ റിപ്പോർട്ട് ഇവിടെ നിർത്തട്ടെ.

സുലോചന
പ്രസിഡണ്ട്
തിരുവാലി ഗ്രാമപഞ്ചായത്ത്

## നന്ദി

നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ വികസനരേഖ തയ്യാറാക്കുന്നതിൽ പങ്കുവഹിച്ച എല്ലാ മാന്യവ്യക്തികൾക്കും അച്ചടി നടത്തിയ ദേശാഭിമാനി പ്രസ്, കോഴിക്കോട് സ്റ്റാഫിനും മാനേജ്മെൻറിനും പഞ്ചായത്തിൻെറ പേരിൽ നന്ദി രേഖപ്പെടുത്തുന്നു.

സുലോചന
പ്രസിഡണ്ട്
ഗ്രാമപഞ്ചായത്ത്
തിരുവാലി


അധികാരം
ജനങ്ങളിലേക്ക്



അധികാരം ജനങ്ങളിലേക്ക്

